Newspaper for malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 17/ Pages32
19
നവംബർ 2025
ബുധനാഴ്ച
1201 തുലാം 26

www.vachakam.com
news@vachakam.com



02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World






ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

Newspaper for malayalees Worldwide ◆ Estd.2020

വാചകം
VACHAKAM

CHICAGO
Vol.5 / Issue 17/ Pages 32
19
നവംബർ 2025
ബുധനാഴ്ച
1201 തുലാം 26

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



# വർധിച്ച ജീവിത ചെലവും അധികാര ദുർവിനിയോഗവും!

# ട്രംപ് പ്രതിസന്ധികളുടെ ചക്രവ്യൂഹത്തിലോ?

അമേരിക്കയുടെ രാഷ്ട്രീയ ചരിത്രത്തിൽ തന്നെ അപൂർവമായി മാത്രം സംഭവിക്കുന്ന ഒരു നിർണ്ണായക പ്രതിസന്ധിയിലാണ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ രണ്ടാം പ്രസിഡൻസി എന്നാണ് രാഷ്ട്രീയ നിരീക്ഷകർ വ്യക്തമാക്കുന്നത്. എതിർശബ്ദങ്ങളെയും കോൺഗ്രസിന്റെ അധികാരത്തെയും സ്വന്തം നിലപാടിൽ ഉറപ്പിച്ച് നിർത്താൻ കെൽപ്പുള്ള ട്രംപിന്, ഇപ്പോൾ സ്വന്തം പാർട്ടിക്കുള്ളിൽ നിന്നും ജനങ്ങളിൽ നിന്നും ഒരേസമയം വെല്ലുവിളികൾ നേരിടേണ്ട ഒരു അവസ്ഥയാണ്. അമിതമായ രാഷ്ട്രീയ ആധിപത്യം അനുഭവിച്ച

ശേഷം പേജ് 8ൽ

## ഉക്രെയ്ൻ സമാധാനത്തിന് പുതിയ പാക്കേജ്:

# നിർണ്ണായക ചർച്ചകളുമായി അമേരിക്കയും റഷ്യയും



വാഷിംഗ്ടൺ: ഉക്രെയ്ൻ യുദ്ധത്തിന് അന്ത്യം കുറിക്കാൻ ലക്ഷ്യമിട്ട് അമേരിക്കയും റഷ്യയും ചേർന്ന് പുതിയൊരു സമാധാന പാക്കേജിന് രൂപം നൽകിയതായി റിപ്പോർട്ടുകൾ. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രത്യേക പ്രതിനിധിയും റഷ്യൻ ഉദ്യോഗസ്ഥരും ചേർന്ന് രഹസ്യമായി തയ്യാറാക്കിയ 28 ഇന പദ്ധതിയാണിതെന്നാണ് സൂചന. എന്നാൽ, ഈ നിർദ്ദേശം അംഗീകരിക്കുകയാണെങ്കിൽ ഉക്രെയ്ൻ തങ്ങളുടെ കൈവശമുള്ള പല പ്രദേശങ്ങളും വിട്ടുകൊടുക്കേണ്ടി വരും. അതോടൊപ്പം സൈനിക ശക്തിയിൽ വലിയ കുറവ് വരുത്തേണ്ടിയും വരും.ഇരു രാജ്യങ്ങളിലെയും ഉദ്യോഗസ്ഥർ ചേർന്ന് തയ്യാറാക്കിയ പുതിയ സമാധാന പാക്കേജ് സംബന്ധിച്ച് അമേരിക്കൻ ഭരണകൂടം ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമായി ചർച്ച നടത്തി. ഫിനാൻഷ്യൽ ടൈംസ്, റോയിട്ടേഴ്സ് തുടങ്ങിയ പ്രമുഖ മാധ്യമങ്ങളാണ് ഇതുസംബന്ധിച്ച വാർത്തകൾ പുറത്തുവിട്ടത്.പുതിയ നിർദ്ദേശമനുസരിച്ച്, നിലവിൽ ഉക്രെയ്ന്റെ നിയന്ത്രണത്തിലുള്ള ഡോൺബാസ് മേഖലയിലെ ചില ഭാഗങ്ങൾ റഷ്യയ്ക്ക് വിട്ടുകൊടുക്കേണ്ടിവരും. അതായത്, ഡോൺബാസിലെ റഷ്യയുടെ നിയന്ത്രണം അംഗീകരിക്കണം. നിലവിൽ കീവിന്റെ കൈവശമുള്ള ഈ പ്രദേശം സൈനിക

ശേഷം പേജ് 8ൽ

ബീഹാറിൽ കോൺഗ്രസ്സിന് ഇനി തിരിച്ചുവരാൻ കഴിയുമോ?
(എൻ.പി. ചെക്കുട്ടി എഴുതുന്നു) ............. പേജ് 06

കടക്കെണി മുറിക്കാൻ വായ്ത്താരി പോരാ ......................... പേജ് 15

ഇത് ജയിക്കാനുള്ള യുദ്ധം, ഏവർക്കും ! ......................................... പേജ് 16

പുതിയൊരു അന്വേഷണത്തിന്റെ ആരംഭം .................................................. പേജ് 17

വാർഡ് മാറ്റലും വോട്ട് വെട്ടലും – സംസ്ഥാന സർക്കാർ വക, മൊത്തം വോട്ടർമാരെ തന്നെ 'ശൂന്യ്, ശൂന്യ്' ആക്കി ഇലക്ഷൻ കമ്മീഷനും! .................. പേജ് 24

ഷെയ്ഖ് ഹസീനയുടെ വധശിക്ഷ നടപ്പാക്കാൻ കഴിയുമോ? ............ പേജ് 25

# താരിഫ് ആഘാതം: ഇറക്കുമതി ഇടിഞ്ഞതോടെ യു.എസ്. ട്രേഡ് ഡെഫിസിറ്റിൽ വലിയ ഇടിവ്

പ്രസിഡന്റ് ഡോണാൾഡ് ട്രംപ് ആഗോള തലത്തിൽ ഏർപ്പെടുത്തിയ വ്യാപകമായ താരിഫുകൾ ഇറക്കുമതി കുറഞ്ഞതോടെ, അമേരിക്കയുടെ വ്യാപാര അസന്തുലനം ഓഗസ്റ്റിൽ ഏകദേശം 24% കുറഞ്ഞതായി റിപ്പോർട്ട്. സർക്കാർ ഷട്ട്ഡൗൺ മൂലം ഏഴ് ആഴ്ച വൈകിയ്ക്കാണ് കൊമേഴ്സ് വകുപ്പ് ബുധനാഴ്ച ഈ റിപ്പോർട്ട് പുറത്തുവിട്ടത്.

അതേസമയം അമേരിക്ക മറ്റു രാജ്യങ്ങളിൽ നിന്ന് വാങ്ങുന്നതും അവയ്ക്ക് കയറ്റുമതി ചെയ്യുന്നതുമിടയിലെ വ്യത്യാസം ജൂലായിലെ $78.2 ബില്യൺൽ നിന്ന് ഓഗസ്റ്റിൽ $59.6 ബില്യണായി കുറഞ്ഞു എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്.

അമേരിക്കയിലെ കമ്പനികൾ താരിഫുകൾ പൂർണമായി നടപ്പിലാകുന്നതിനു മുമ്പ് ജൂലായിൽ വലിയളവിൽ വിദേശ ഉൽപ്പന്നങ്ങൾ സംഭരിച്ചിരുന്നു. ഓഗസ്റ്റ് 7 മുതൽ എല്ലാ രാജ്യങ്ങളിലെയും ഉൽപ്പന്നങ്ങൾക്ക് പുതിയ നികുതികൾ പ്രാബല്യത്തിൽ വന്നു.

ഓഗസ്റ്റിൽ ഇറക്കുമതി: $340.4 ബില്യൺ (ജൂലായിൽ നിന്ന് 5% കുറവ്)

ഓഗസ്റ്റിൽ കയറ്റുമതി: $280.8 ബില്യൺ (0.1% വർധന)



അതേസമയം ട്രംപ്, അമേരിക്കയുടെ ദീർഘകാല വ്യാപാര അസന്തുലനം മറ്റു രാജ്യങ്ങൾ അമേരിക്കയെ ചൂഷണം ചെയ്തതാണെന്ന് ആരോപിച്ചു. അതിന് മറുപടി ആയി, ഇരട്ട അക്ക താരിഫുകൾ ഉൾപ്പെടെ സ്റ്റീൽ, കോപ്പർ, ഓട്ടോമൊബൈൽസ് മുതലായ മേഖലകളിൽ ശക്തമായ നയമാറ്റങ്ങൾ നടപ്പിലാക്കി.

കോമെറിക്ക ബാങ്ക് ചീഫ് ഇക്കണോമിസ്റ്റ് ബിൽ ആഡംസിന്റെ വിലയിരുത്തൽ അനുസരിച്ച് 'ഓഗസ്റ്റിലെ കുറഞ്ഞ വ്യാപാര അസന്തുലനം മൂന്നാം ക്വാർട്ടറിൽ ജി.ഡി.പി വളർച്ചയ്ക്ക് പിന്തുണയായിരിക്കും.'

ട്രംപ് പറയുന്നത് അനുസരിച്ച് താരിഫുകൾ അമേരിക്കൻ വ്യവസായത്തെ സംരക്ഷിക്കുകയും ഉൽപ്പാദനം നാട്ടിലേക്കു കൊണ്ടുവരികയും ചെയ്യും എന്നാണ്. എന്നാൽ താരിഫുകൾ അടയ്ക്കുന്നത് ഇറക്കുമതിക്കാർ ആണ്. അവർ സാധാരണയായി ഈ ചെലവ് ഉപഭോക്താക്കൾക്കാണ് പകർന്നു കൊടുക്കുന്നത്.

അതുമൂലം ചില സാമ്പത്തിക വിദഗ്ധർ പറയുന്നത്: താരിഫുകൾ യു എസിലെ ഉയർന്ന പണപ്പെരുപ്പത്തിന് ഒരു പ്രധാന കാരണം ആകും എന്നാണ്. നവംബർ 4 തിരഞ്ഞെടുപ്പിൽ ഉയർന്ന ജീവിത ചിലവ് ജനപ്രതിഷേധത്തിന് കാരണമായപ്പോൾ ബീഫ്, കാപ്പി, ടീ, ജ്യൂസ്, കൊക്കോ, മസാലകൾ, വാഴ, ഓറഞ്ച്, തക്കാളി, വളങ്ങൾ തുടങ്ങി നിരവധി ഇറക്കുമതികളിലുള്ള താരിഫ് ട്രംപ് പിൻവലിച്ചു.

# American Diary — 40 years Ago

## The First Reagan-Gorbachev Summit



The Geneva Summit of 1985 was the first meeting between President Reagan and Soviet General Secretary Gorbachev to talk about the arms race, particularly the Strategic Defense Initiative, and to establish personal relations between the leaders of the world's superpowers. Held November 19, 1985 at a chateau owned by the Aga Khan, the first meeting went over schedule by half an hour. It was a promising start, and Gorbachev accepted Reagan's invitation to visit the U.S. within the year.

The summit helped transform U.S. relations with the Soviet Union. But as with all such major diplomatic events, a vast amount of preparation took place behind the scenes before the first words were spoken by the heads of state.

Ronald D. Flack served as the Deputy Permanent Representative in Geneva from 1984-1987, and in his interview with Charles Stuart Kennedy in 1998, he discusses the excitement of preparing for the summit, along with some challenges and successes during the months of planning.

November 19, 1985

# എപ്സ്റ്റീൻ ഫയലുകൾ പുറത്ത് വിടാനുള്ള ബില്ലിൽ ഒപ്പിട്ട് ട്രംപ്

വാഷിംഗ്ടൺ: കുപ്രസിദ്ധ ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീനുമായി ബന്ധപ്പെട്ട അന്വേഷണ ഫയലുകൾ പുറത്തുവിടാനുള്ള ബില്ലിൽ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പിട്ടു. 30 ദിവസത്തിനകം ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് ഫയലുകൾ പുറത്തുവിടും. യു എസ് കോൺഗ്രസിന്റെ ഇരുസഭകളും



ബില്ലിന് നേരത്തെ അംഗീകാരം നൽകിയിരുന്നു. റിപ്പബ്ലിക്കൻ അംഗം ക്ലേഹിഗ്ഗിൻസ് മാത്രമാണ് എതിർത്ത് വോട്ട് ചെയ്തത്.

ലൈംഗിക കടത്ത്, പ്രായപൂർത്തിയാകാത്ത നൂറുകണക്കിന് പെൺകുട്ടികളെ ദുരുപയോഗം ചെയ്തു തുടങ്ങിയ കുറ്റങ്ങൾ ചുമത്തപ്പെട്ടയാളാണ് ജെഫ്രി എപ്സ്റ്റീൻ. സമ്പന്നനും ധനകാര്യ വിദഗ്ദ്ധനുമായ എപ്സ്റ്റീനെ വിചാരണ കാത്തിരിക്കുന്നതിനിടെ, 2019ൽ ജയിലിൽ ദുരൂഹ സാഹചര്യത്തിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തുകയായിരുന്നു.

ട്രംപ് മുതൽ ശതകോടീശ്വരൻ ഇലോൺ മസ്ക് വരെ ഒട്ടനവധി പ്രമുഖരുടെ പേരുകൾ ഫയലുകളിൽ പരാമർശിക്കുന്നുണ്ടെന്നാണ് വാദം. തന്റെ പേര് പരാമർശിക്കുന്ന റിപ്പോർട്ടിലെ ഭാഗങ്ങൾ എന്ന പേരിൽ മാധ്യമങ്ങളിലൂടെ പുറത്തുവന്ന വിവരങ്ങളെ ഡെമോക്രാറ്റുകളുടെ എപ്സ്റ്റീൻ തട്ടിപ്പ് എന്നാണ് ട്രംപ് വിശേഷിപ്പിച്ചിരിക്കുന്നത്.

റിപ്പബ്ലിക്കൻ പാർട്ടിയുടെ മഹത്തായ വിജയത്തെ അപമാനിക്കാൻ ഇടത് മൗലിക വാദികൾ പ്രചാരണം നടത്തുന്നുവെന്നും ട്രംപ് ആരോപിക്കുന്നു.

# ട്രംപും മംദാനിയും കൂടിക്കാഴ്ചയ്ക്ക്! ഉറ്റുനോക്കി ലോക രാജ്യങ്ങൾ



വാഷിംഗ്ടൺ: ന്യൂയോർക്ക് മേയറായി തിരഞ്ഞെടുക്കപ്പെട്ട മംദാനി പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി വെള്ളിയാഴ്ച വൈറ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തും. മംദാനി ഒരു കൂടിക്കാഴ്ചയ്ക്ക് അപേക്ഷിച്ചിരുന്നുവെന്നും ഈ വെള്ളിയാഴ്ച ഓവൽ ഓഫീസിൽ വെച്ച് കൂടിക്കാഴ്ച നടക്കുമെന്നും ട്രംപ് ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ എഴുതി.

പ്രസിഡന്റും മേയറും തമ്മിലുള്ള ഈ കൂടിക്കാഴ്ചയുടെ പ്രധാന ലക്ഷ്യം ന്യൂയോർക്ക് സിറ്റിക്ക് ആവശ്യമായ ഫെഡറൽ ഫണ്ടിങ് ഉറപ്പാക്കുക എന്നതാണ്. സിറ്റിയുടെ ബജറ്റിന്റെ വലിയൊരു ഭാഗം ഫെഡറൽ സഹായത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ട്രംപിന്റെ കുടിയേറ്റ വിരുദ്ധ അജണ്ടകളെ എതിർക്കുന്ന മംദാനിക്ക് പോലും നഗരത്തിന്റെ താത്പര്യങ്ങൾക്കായി സഹകരിക്കേണ്ടത് അത്യാവശ്യമാണ്.

കൂടാതെ ഇരുവരുടെയും സഹകരണം യുഎസിലെ ഇന്ത്യൻ സമൂഹത്തെ മൊത്തത്തിൽ ഗുണകരമായി ബാധിക്കും. ചുരുക്കത്തിൽ, ട്രംപ് -മംദാനി കൂടിക്കാഴ്ച അമേരിക്കൻ ഇന്ത്യൻ പ്രവാസികളുടെ രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെയും പ്രാദേശിക സാമ്പത്തിക സുരക്ഷയുടെയും കാര്യത്തിൽ കൂടുതൽ സ്വാധീനമുണ്ടാക്കും.

ഇന്ത്യൻ ചലച്ചിത്ര സംവിധായിക മീരാ നായരുടെയും ഉഗാണ്ടൻ അക്കാദമിഷ്യൻ മഹ്മൂദ് മംദാനിയുടെയും മകനായ സോഹ്റാൻ, ന്യൂയോർക്ക് സിറ്റിയുടെ മേയറാകുന്ന ആദ്യത്തെ മുസ്ലീമാണ്. മംദാനിയെ മുൻപ് 'കമ്മ്യൂണിസ്റ്റ്' എന്ന് വിളിക്കുകയും ന്യൂയോർക്കിന് ഫെഡറൽ ഫണ്ടിങ് നിഷേധിക്കുമെന്ന് ട്രംപ് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors: C. Radhakrishnan, Dr. Sebastian Paul, N.P. Chekutty, Sergey Antony, Antony Chadayammury, Babu Kadalikad

1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## നൽകിയത് 42.9 ബില്യൺ ഡോളർ!

# യുഎസ് സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായി വദേശ വിദ്യാർത്ഥികൾ

വാഷിംഗ്ടൺ: അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായി വിദേശ വിദ്യാർത്ഥികൾ. 2024-25 അധ്യയന വർഷത്തിൽ യുഎസ് കോളേജുകളിലെയും സർവകലാശാലകളിലെയും അന്താരാഷ്ട്ര വിദ്യാർത്ഥികൾ യുഎസ് സമ്പദ്വ്യവസ്ഥയ്ക്ക് 42.9 ബില്യൺ ഡോളർ ആണ് സംഭാവന നൽകിയത്.

355,000ത്തിലധികം അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തുവെന്നും നാഫ്സ: അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ എഡ്യൂക്കേറ്റേഴ്സ് പുറത്തിറക്കിയ റിപ്പോർട്ട് പറയുന്നു.

തിങ്കളാഴ്ച പുറത്തിറക്കിയ 'ഓപ്പൺ ഡോർസ് 2025 റിപ്പോർട്ട്' പ്രകാരം, 2024-25 അധ്യയന വർഷത്തിൽ യുഎസ് കാമ്പസുകളിൽ 1.2 ദശലക്ഷം (1,177,766) അന്താരാഷ്ട്ര വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 5 ശതമാനം വർധനവാണ്.

അന്താരാഷ്ട്ര വിദ്യാർത്ഥികൾ യുഎസിലേക്ക് വരുന്നത് അവരുടെ വിദ്യാഭ്യാസം മുന്നോട്ട് കൊണ്ടുപോകുന്നതിനും യുഎസ് കോളേജുകൾക്കും സമൂഹത്തിനും സംഭാവന നൽകുന്നതിനുമാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ എജ്യുക്കേഷൻ പ്രസിഡന്റും സിഇഒയുമായ ജേസൺ സിസ് പറഞ്ഞു.

202425 അധ്യയന വർഷത്തിൽ യുഎസിലെ 363,000ലധികം വിദ്യാർത്ഥികൾ ഇന്ത്യയിൽ നിന്നുള്ളവരായിരുന്നു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 10 ശതമാനം വർദ്ധനവാണ്. ചൈന ഏകദേശം 266,000 വിദ്യാർത്ഥികളുമായി തൊട്ടുപിന്നിലുണ്ട്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 4 ശതമാനം കുറവാണ്.

## റീ...പോളിംഗ്




രാഷ്ട്രീയ പോരിന് അന്വേഷണ ഏജൻസികളെ ഉപയോഗിക്കരുതെന്ന് സുപ്രീം കോടതി.



# ഷിക്കാഗോ എക്യൂമെനിക്കൽ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് 2025 നവംബർ 22 ശനിയാഴ്ച

ഷിക്കാഗോ: എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബാസ്കറ്റ്ബോൾ ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ഭാരവാഹികൾ അറിയിക്കുന്നു.

2025, നവംബർ 22 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 5.30വരെ Glen Ellen ACKERMAN സ്പോർട്സ് കോംപ്ലക്സിൽ വച്ച് ചിട്ടയോടും സംയമനത്തോടും നടത്തപ്പെടുന്ന ഈ ടൂർണമെനിന്റെ നേതൃത്വം നൽകുന്നത് റവറന്റ് ബിജു യോഹന്നാനും കൺവീനറായി റോഡ്നി സൈമൺ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയാണ്.

ഏകദേശം 10 ടീമുകൾ വിവിധ ഇടവകകളിൽ നിന്നായി പങ്കെടുക്കുന്നു. ഷിക്കാഗോയിലെ യുവജനങ്ങൾക്ക് ഒത്തുചേരുവാനും കൗൺസിലിന്റെ ഭാഗമായി പ്രവർത്തിക്കുവാനും 2007 ആരംഭിച്ച സ്പോർട്സ് മിനിസ്റ്ററിയുടെ ഭാഗമാണ് ഈ ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റ്. വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഉണ്ടെങ്കിലും ക്രിസ്തുദേവന്റെ സ്നേഹം നമ്മളിൽ വസിക്കുവാൻ ഇടയാകട്ടെ എന്ന് മനസ്സിലാക്കുവാനും പ്രവർത്തിക്കുവാനും ഈ വീഥികൾ സഹായം ആകുന്നു.

ഇതിനുവേണ്ടി നിങ്ങളുടെ കുടുംബസമേതമായ സഹകരണം പ്രതീക്ഷിക്കുന്നു. കൂടുതൽ ഒരു വിവരങ്ങൾക്ക് റവ. ബിജു യോഹന്നാൻ 224-304-9311, റോഡ്നി സൈമൺ 630-730-8218, അച്ചൻകുഞ്ഞ് മാത്യു 847-912-2578,

◗ *സാം തേക്കനാൽ, ജോൺസൻ വള്ളിയിൽ*

# ബിഷപ്പ് ജേക്കബ് അങ്ങാടിയത്തിന് മിഷൻ ലീഗിന്റെ ആദരം

ഷിക്കാഗോ: മെത്രാഭിഷേകത്തിന്റെ രജത ജൂബിലി നിറവിലായിരിക്കുന്ന സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ മുൻ അധ്യക്ഷനായിരുന്ന ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന് ചെറുപുഷ്പ മിഷൻ ലീഗ് രൂപത സമിതി ആദരവുകൾ അർപ്പിച്ചു.

രൂപതാ വാർഷികത്തിനോടനുബന്ധിച്ചു ബിഷപ്പ് മാർ ജോയ് ആലപ്പാട്ടും മിഷൻ ലീഗ് രൂപതാ ഭാരവാഹികളും ചേർന്ന് ജേക്കബ് അങ്ങാടിയത്ത് പിതാവിനെ പൊന്നാട അണിയിച്ചു. മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളിൽ ബിഷപ്പ് അങ്ങാടിയത്തിന് പൂച്ചെണ്ട് നൽകി മിഷൻ ലീഗ് കുടുംബത്തിന്റെ സ്നേഹവും ആദരവും അറിയിച്ചു. മിഷൻ ലീഗ് രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് ദാനവേലിൽ, രൂപതാ ജനറൽ സെക്രട്ടറി ടിസൺ തോമസ്, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്. എം.ഐ., അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, എക്സിക്യൂട്ടീവ് അംഗം ആൻ റ്റോമി എന്നിവർ സന്നിഹിതരായിരുന്നു.

ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയെ വളരെയധികം സ്നേഹിക്കുകയും പ്രോത്സാഹിക്കുകയും ചെയ്ത ബിഷപ്പ് അങ്ങാടിയത്ത്, വടക്കേ അമേരിക്കയിൽ സംഘടനയുടെ ചിട്ടയായ പ്രവത്തനങ്ങൾക്കു തുടക്കം കുറിക്കുന്നതിന് നിർണായകമായ നേതൃത്വം നൽകി.

# ട്രംപിന്റെ സെമികണ്ടക്ടർ താരിഫ് പദ്ധതി വൈകാൻ സാധ്യത

വാഷിംഗ്ടൺ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സാമ്പത്തിക അജണ്ടയുടെ ഒരു പ്രധാന ഭാഗമായ സെമികണ്ടക്ടർ താരിഫുകൾ ഉടൻ ഈടാക്കില്ലെന്ന് യുഎസ് ഉദ്യോഗസ്ഥർ. ഇക്കാര്യം സ്വകാര്യ വ്യവസായങ്ങളിലെ പങ്കാളികൾക്ക് ഉദ്യോഗസ്ഥർ കൈമാറിയതായി, ഈ വിഷയത്തെക്കുറിച്ച് നേരിട്ട് അറിവുള്ള രണ്ട് പേരർ വ്യക്തമാക്കി. ചൈനയെ പ്രകോപിപ്പിക്കാതിരിക്കാൻ ഭരണകൂടം കൂടുതൽ ജാഗ്രത പുലർത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അതേസമയം മുമ്പ് ചർച്ചകൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

വ്യാപാര പ്രശ്നങ്ങളിൽ ചൈനയുമായുള്ള വിള്ളൽ ഒഴിവാക്കാനാണ് ട്രംപിന്റെ സഹായികൾ പ്രവർത്തിക്കുന്നത്. ഇത് ഒരു ടൈറ്റ്ടുടാറ്റ് വ്യാപാരയുദ്ധത്തിലേക്ക് മടങ്ങാനും നിർണായകമായ അപൂർവ ഭൂമി ധാതുക്കളുടെ ഒഴുക്ക് തടസ്സപ്പെടുത്താനും സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. ഭരണകൂടം ഒപ്പുവെക്കുന്നതുവരെ ഒരു തീരുമാനവും അന്തിമമല്ലെന്ന് അവർ മുന്നറിയിപ്പ് നൽകി. കൂടാതെ എപ്പോൾ വേണമെങ്കിലും മൂന്നക്ക താരിഫുകൾ ചുമത്താമെന്നും അവർ പറഞ്ഞു.

ഓഗസ്റ്റിൽ അമേരിക്ക സെമികണ്ടക്ടറുകളുടെ ഇറക്കുമതിക്ക് ഏകദേശം 100% താരിഫ് ചുമത്തുമെന്ന് ട്രംപ് പറഞ്ഞിരുന്നു, എന്നാൽ യുഎസിൽ ഉൽപ്പാദനം നടത്തുതോ അങ്ങനെ ചെയ്യാൻ പ്രതിജ്ഞാബദ്ധരായതോ ആയ കമ്പനികളെ അതിൽ നിന്നും ഒഴിവാക്കിയിരുന്നു. കഴിഞ്ഞ കുറച്ച് മാസങ്ങളായി യു.എസ് ഭരണകൂടം ഉടൻ താരിഫ് നടപ്പാക്കുമെന്ന് ആളുകളോട് പറഞ്ഞിരുന്നു. സമയക്രമീകരണവും മറ്റ് വിശദാംശങ്ങളും ഭരണകൂടം ചർച്ച ചെയ്യുന്നത് തുടരുന്നതിനാൽ ആ മാർഗ്ഗനിർദ്ദേശം ഇപ്പോൾ മാറിയിരിക്കുന്നു.

# മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ സിൽവർ ജൂബിലി നവംബർ 23ന് ഷിക്കാഗോയിൽ




ഷിക്കാഗോ: അമേരിക്കൻ മലയാളി റേഡിയോളജി പ്രൊഫഷണലുകളുടെ സംഘടനയായ മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷന്റെ (എം.ആർ.എ) രജതജൂബിലി ആഘോഷം 2025 നവംബർ 23ന് വൈകുന്നേരം അഞ്ച് മണിയ്ക്ക് നോർത്ത് ബ്രൂക്കിലെ സെഞ്ചുറിയൻ ബാങ്ക്വറ്റ് ഹാളിൽ (3315 Milwaukee Ave, Northbrook, IL 60062) വച്ച് നടത്തപ്പെടുന്നു.

25 വർഷങ്ങൾക്ക് മുമ്പ് ജോർജ് നെല്ലാമറ്റത്തിന്റെ നേതൃത്വത്തിൽ ഷിക്കാഗോയിൽ രൂപംകൊണ്ട ഈ സംഘടന ഇന്ന് അമേരിക്കൻ മലയാളി റേഡിയോളജി രംഗത്ത് ശക്തമായ സാന്നിദ്ധ്യമായി വളർന്നിരിക്കുകയാണ്. നൂറുകണക്കിന് അംഗങ്ങളുള്ള ഈ സംഘടന എക്സറേ, എംആർഐ, സിടി, അൾട്രാസൗണ്ട്, ന്യൂക്ലിയർ മെഡിസിൻ, റേഡിയേഷൻ തെറാപ്പി, റെഡിയോഷൻ ഫിസിക്സ്, ഡയഗ്നോസ്റ്റിക് റേഡിയോളജി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന അനവധി മലയാളി പ്രൊഫഷണലുകളെ പ്രതിനിധീകരിക്കുന്നു.

എം.ആർ.എയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഗംഭീരമാക്കുവാൻ പ്രസിഡന്റ് സോണി പോൾ, സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട്, ട്രഷറർ റിച്ചിൻ തോമസ്, വൈസ് പ്രസിഡന്റ് ജോണി ജേക്കബ്, ജോയിന്റ് സെക്രട്ടറി റോമി നെടുംചിറ, പിആർഒ ജിതേഷ് ചുങ്കത്ത് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

അമേരിക്കൻ മലയാളികളുടെ അഭിമാനവും മുൻ റേഡിയോളജി പ്രൊഫഷണലുമായ മിസ്സോറി സിറ്റി (ടെക്സസ്) മേയർ റോബിൻ ഏലക്കാട്ട് മുഖ്യാതിഥിയായിരിക്കും. ഷിക്കാഗോയിലെ ആതുരസേവനരംഗത്തെ പ്രതിനിധീകരിച്ച് വിവിധ അസോസിയേഷനുകളുടെ പ്രതിനിധികളും പ്രസ്തുത ആഘോഷങ്ങളിൽ പങ്കുചേരും.

ഈ സംഘടനയ്ക്ക് നേതൃത്വം നൽകിയ മുൻ പ്രസിഡന്റുമാരായ ജോർജ് നെല്ലാമറ്റം, ബിജി സി. മാണി, ചാക്കോ തോമസ് മറ്റത്തിപ്പറമ്പിൽ, ജോർജ് തോട്ടപ്പുറം, ജോസഫ് വിരുത്തികുളങ്ങര (തമ്പി), ജിതേഷ് ചുങ്കത്ത്, ടിനു പറഞ്ഞാട്ട്, പോൾസൺ കുളങ്ങര, രാജു എബ്രഹാം, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, സോണി പോൾ എന്നിവരെയും റേഡിയോളജി രംഗത്ത് നിസ്തുലമായ സേവനം അനുഷ്ഠിച്ച് വിരമിച്ചവരെയും പ്രത്യേകമായി ആദരിക്കുന്നതാണ്.


വിവിധ കലാപരിപാടികൾ, ഗാനമേള, ബാങ്ക്വറ്റ് ഡിന്നർ എന്നിവ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് നിറംപകരും.? റേഡിയോളജി രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും കുടുംബസമേതം എം.ആർ.എയുടെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരാൻ സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്കായി: പ്രസിഡന്റ് സോണി പോൾ 224-766-6050, സെക്രട്ടറി ജ്യോതിഷ് തെങ്ങനാട്ട് 847-922-6306, ട്രഷറർ റിച്ചിൻ പി. തോമസ് 312-206-7103, വൈസ് പ്രസിഡന്റ് ജോണി ജേക്കബ് തൊട്ടപ്ലാക്കൽ 630-656-8454, ജോയിന്റ് സെക്രട്ടറി റോമി നെടുംചിറ 773-344-2021.



# സിൽവർ ജൂബിലി നിറവിൽ ഷിക്കാഗോ സിറോ മലബാർ രൂപത !

ഷിക്കാഗോ: അനന്തമായ ദൈവ പരിപാലനയിൽ, വിശ്വാസ വളർച്ചയുടെ ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കുന്ന ഷിക്കാഗോ സീറോ മലബാർ രൂപത സിൽവർ ജൂബിലി നിറവിൽ !! ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9–12 തീയതികളിൽ ഷിക്കാഗോയിൽവച്ചു നടക്കുന്ന കൺവെൻഷന് വിശ്വാസികളിൽ നിന്നും ആവേശകരമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.



ഇന്ത്യക്കുപുറത്തു സ്ഥാപിതമായ ആദ്യ സിറോമലബാർ രൂപതയായ ഷിക്കാഗോ രൂപത, പ്രഥമ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റേയും തുടർന്ന് മാർ ജോയ് ആലപ്പാട്ടിന്റെയും ആത്മീയ നേതൃത്വത്തിൽ കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾക്കൊണ്ടു അമേരിക്കയിലുടനീളം, മാർത്തോമാ നസ്രാണി പാരമ്പര്യത്തിൽ നിലനിന്നുകൊണ്ട്, ആത്മീയവും ഭൗതികവുമായ വലിയ വളർച്ചയാണ് നേടിയിട്ടുള്ളത്.

നിലവിൽ അമ്പത്തിനാലു ഇടവകകളും, മുപ്പത്തിഅഞ്ചോളും മിഷനുകളുമുള്ള ഷിക്കാഗോ രൂപതയിൽ എഴുപതിൽപ്പരം വൈദികർ ഏതാണ്ട് ഒരു ലക്ഷത്തോളും വരുന്ന വിശ്വാസികൾക്കായി സേവനം ചെയ്തുവരുന്നു. കൂടാതെ, ഇരുപതോളും വൈദികർ പാർട്ട്ടൈമായും സേവനം ചെയ്യുന്നു. രൂപതയുടെ ആരംഭം മുതൽ എല്ലാ പള്ളികളിലും മികച്ച രീതിയിൽ മതബോധന ക്ലാസുകൾ നടത്തിവരുന്നു. ഇപ്പോൾ പതിനായിരത്തിലധികം കുട്ടികൾ വിവിധ ഇടവകളിലായി മതബോധന ക്ലാസുകളിൽ പഠിക്കുന്നു. ഇവർക്കായി രണ്ടായിരത്തി അഞ്ഞൂറോളും അദ്ധ്യാപകർ രൂപതയുടെ കീഴിലുള്ള 'വിശ്വാസ രൂപീകരണ' മിനിസ്ട്രിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ആത്മീയതയിൽ അടിയുറച്ച ഈ വിശ്വാസപരിശീലനം തന്നെയാണ്, രൂപതയിലുടനീളം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവവിളികൾ എന്നത് സിൽവർ ജൂബിലി ആഘോഷവേളയിൽ എടുത്തുപറയേണ്ടതാണ്. എട്ടിൽപ്പരം തദ്ദേശ്യരായ വൈദികർ ഇതിനോടകം രൂപതയിൽ സേവനം ചെയ്തുവരുന്നു. അതോടൊപ്പം, പത്തിലധികം വൈദികവിദ്യാർത്ഥികൾ വിവിധ സെമിനാരികളിലായി നിലവിൽ പഠിക്കുന്നു എന്നതും ശ്രദ്ധേയമാണ്.

കൂടാതെ, രൂപതയുടെ കീഴിൽ ചെറുപുഷ്പ മിഷൻ ലീഗ്, യൂത്ത് അപ്പസ്തോലേറ്റ്, ഫാമിലി അപ്പസ്തോലേറ്റ്, എസ്.എം.സി.സി, സിറോ മലബാർ വിമൻസ് ഫോറം, വിൻസെന്റ് ഡീപോൾ സൊസൈറ്റി, ഫോർ ലൈഫ്, ഫെയ്ത് ഫോർമേഷൻ, സീനിയർസ് ഫോറം തുടങ്ങി നിരവധി മിനിസ്ട്രികൾ ശക്തമായി പ്രവർത്തിച്ചുവരുന്നു. എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി, വളരെ ഉർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന ഒരു 'കൂരിയായും' രൂപതക്കുണ്ട്. സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, രൂപതയ്ക്കു സ്വന്തമായി ഒരു സെമിനാരി എന്നതുൾപ്പെടെ, വളർച്ചയുടെ അടുത്ത പടവുകളിലേക്കും ഷിക്കാഗോ രൂപത ശ്രദ്ധ വെക്കുന്നു.

സിൽവർജൂബിലിയുടെ ഭാഗമായി, അമേരിക്കയിൽ സേവനം ചെയ്യുന്ന സിറോ മലബാർ വൈദികരുടെ സമ്മേളനം ഈ മാസം 18,19 തീയതികളിൽ മയാമിയിൽ വച്ചും, സന്യസ്തരുടെ സമ്മേളനം 2026 ഏപ്രിൽ 17,18 തീയതികളിൽ ഷിക്കാഗോയിൽ വച്ചും നടത്തപ്പെടുന്നു.

2026 ജൂലൈ 9, 10,11,12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലാണ് സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള സിറോ മലബാർ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു.

അനന്തമായ ദൈവ പരിപാലനയിൽ, വിശ്വാസ വളർച്ചയുടെ ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ അവസരത്തിൽ, സിറോ മലബാർ സഭാ തലവൻ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനോടും, രൂപത അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പിതാവിനോടും, രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനോടും, സഭയിലെ വിവിധ വൈദികരോടും, സന്യസ്തരോടും, അൽമായരോടൊപ്പവും ഒരേ കൂടാരത്തിൻ കീഴിൽ ഒരുമിച്ചിരുന്നു ദൈവത്തിനു നന്ദി പറയുന്നതിനും, പ്രാർഥിക്കുന്നതിനും, വചനം ശ്രവിക്കുന്നതിനും, അപ്പം മുറിക്കുന്നതിനും, ആശയ വിനിമയും നടത്തുന്നതിനുമുള്ള നാല് ദിനങ്ങൾ സന്തോഷപ്രദമായിരിക്കും!!

മഹത്തായ ഈ ആത്മീയ, സാംസ്കാരിക, പൈതൃക സംഗമത്തിൽ, സകുടുംബം പങ്കെടുക്കുവാൻ എല്ലാ വിശ്വാസികളേയും രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടും, ജൂബിലി കമ്മിറ്റി ജനറൽ കൺവീനർ ഫാ. ജോൺ മേലേപ്പുറവും ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാലയും ക്ഷണിക്കുന്നു.

കൺവൻഷന്റെ മുന്നോടിയായി രൂപതയിലെ വിവിധ പള്ളികളിൽ കൺവൻഷൻ കിക്കോഫുകൾ പുരോഗമിക്കുന്നു. മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ബുക്കിങ് നിരക്കിൽ പ്രത്യേക ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈ അവസരം എല്ലാവരും ഉപയോഗിക്കണമെന്ന് കൺവൻഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫാ. തോമസ് കടുകപ്പള്ളി, ചെയർമാൻ ബിജി സി. മാണി എന്നിവർ അഭ്യർഥിച്ചു.

കൺവൻഷനെ കുറിച്ചു കൂടുതൽ അറിയുവാനും, രജിസ്റ്റർ ചെയ്യുവാനും താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക www.syroconvention.org

*ഷോളി കുമ്പിളുവേലി*

# സീറോ മലബാർ കൺവെൻഷൻ കിക്കോഫിന് ന്യൂജേഴ്സി സോമർസെറ്റ് പള്ളിയിൽ ഉജ്ജ്വല പ്രതികരണം

ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപത 25 വർഷം പിന്നിടുന്ന സുപ്രധാനമായ നാഴികക്കല്ലിൽ എത്തിനിൽക്കുന്ന അവസരത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾ തുടരുകയാണ്. 2026 ജൂലൈ 9 മുതൽ 12 വരെ നടത്തപ്പെടുന്ന കൺവെൻഷനോടുകൂടിയാണ് ഈ ആഘോഷങ്ങൾക്ക് തിരശ്ശീല വീഴുക. അമേരിക്കയിലെ എല്ലാ ഇടവകകളിലും ജൂബിലിയുടെ സന്ദേശവും, കൺവെൻഷൻ വിവരങ്ങളും നേരിട്ട് നൽകുവാനായി കൺവെൻഷൻ പ്രതിനിധികൾ സന്ദർശനം നടത്തിവരുന്നു. കൺവെൻഷൻ രജിസ്ട്രേഷൻ കിക്കോഫിനായി ന്യൂജേഴ്സിയിലെ സോമർസെറ്റ് സെന്റ് തോമസ് ഫൊറോന പള്ളിയിൽ എത്തിയ കൺവെൻഷൻ കൺവീനറും ഈ പള്ളിയിലെ തന്നെ മുൻ വികാരിയുമായിരുന്ന ഫാ. തോമസ് കടുകപ്പിള്ളിക്കും കൺവെൻഷൻ ടീമിനും ഇടവക വികാരി ഫാദർ ജോണിക്കുട്ടി പുലിശ്ശേരിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദയപൂർവ്വമായ വരവേൽപ്പ് നൽകി.



ഫാ. തോമസ് കടുകപ്പിള്ളിൽ ഏവരെയും കൺവെൻഷനിൽ പങ്കുചേരുവാനായി ക്ഷണിക്കുകയുണ്ടായി. ജൂബിലി ചെയർമാൻ ജോസഫ് ചാമക്കാല രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പരിപാടികളുടെ വിവരങ്ങൾ നൽകി. കൺവെൻഷൻ ചെയർമാൻ ബിജി സി. മാണി കൺവെൻഷന്റെ വിവിധ വശങ്ങളെ കുറിച്ച് പ്രതിപാദിച്ചു.

ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസ് രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ് അവസരങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ നൽകി. സ്പെഷ്യൽ ഇവന്റ്സ് കോർഡിനേറ്ററായ ജോമോൻ ചിറയിലും ടീമിനോട് ചേർന്ന് വിവരങ്ങൾ പങ്കുവെച്ചു. കൺവെൻഷന്റെ ഇടവകയിൽ നിന്നുള്ള പ്രതിനിധികളായ ടോം പെരുമ്പായിൽ, സെബാസ്റ്റ്യൻ തോട്ടത്തിൽ, ജോജിമോൾ കല്ലറക്കൽ മിനി റോയ്, മെലിസ പുത്തൻപുര എന്നിവരോടൊപ്പം റോബിൻ ജോർജ്, ബോബി വർഗീസ്, ജോയ് ലാസർ, സുനിൽ ജോസ് എന്നീ ട്രസ്റ്റിമാരും കിക്കോഫ് അതിമനോഹരം ആക്കുവാൻ നേതൃത്വം നൽകി.

അമ്പതിൽപരം രജിസ്ട്രേഷൻ തദവസരത്തിൽ തന്നെ കൺവെൻഷൻ ടീമിന് കൈമാറാൻ ആയത് ഇടവകാംഗങ്ങളുടെ താൽപര്യത്തെയും സഹകരണത്തെയും സൂചിപ്പിക്കുന്നതായും കൂടുതൽ രജിസ്ട്രേഷനുകൾ പ്രതീക്ഷിക്കുന്നുവെന്നും ഇടവക വികാരിയും കൺവെൻഷൻ പ്രതിനിധികളും സന്തോഷപൂർവ്വം അറിയിച്ചു. കൺവെൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരിയച്ചൻ ഉറപ്പുനൽകി.

സോമർസെറ്റ് ഇടവകയിലെ വികാരിയച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*



നാഴികമണി 16

# ബീഹാറിൽ കോൺഗ്രസ്സിന് ഇനി തിരിച്ചുവരാൻ കഴിയുമോ?


എൻ.പി. ചെക്കുട്ടി

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പു ഫലം രാജ്യത്തെ മുഖ്യ പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ്സിനെ സംബന്ധിച്ച് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. തോൽവിയുടെ ആഘാതം ബിഹാറിൽ മാത്രം ഒതുങ്ങിനിൽക്കാനിടയില്ല. കാരണം ഇത് സംഖ്യാപരമായ ഒരു പരാജയം മാത്രമല്ല, മറിച്ചു ബി.ജെ.പിയും സഖ്യകക്ഷികളും നയിക്കുന്ന രാഷ്ട്രീയത്തെ നേരിടുന്നതിൽ കോൺഗ്രസ്സ് സ്വീകരിക്കുന്ന നയങ്ങൾ പരാജയപ്പെടുന്നതിന്റെ ലക്ഷണം കൂടിയാണ് ഈ ഫലങ്ങൾ എന്നതുതന്നെ.




2005ലെ നിയമസഭാ തെരഞ്ഞെടുപ്പിലാണ് ബിഹാറിൽ ബി.ജെ.പിയും ജനതാദൾ നേതാവ് നിതീഷ് കുമാറും ചേർന്ന് ആദ്യമായി ഒരു സഖ്യസർക്കാർ രൂപീകരിച്ചത്. നേരത്തെ ബീഹാർ ഭരിച്ച ജനതാദൾ നേതാവ് ലാലു പ്രസാദ് യാദവിന്റെ ഭരണകാലത്തു പിന്നാക്കമുസ്ലിം ഐക്യം എന്ന ശക്തമായ അടിത്തറയിലാണ് കാര്യങ്ങൾ നടന്നത്. ബിഹാറിനെ സംബന്ധിച്ച് അതൊരു വമ്പിച്ച മുന്നേറ്റവുമായിരുന്നു. എന്നാൽ കാലം കഴിഞ്ഞപ്പോൾ ലാലുവിന്റെ ഭരണം അഴിമതിയിലും സ്വജനപക്ഷപാതത്തിലും ആണ്ടുമുങ്ങി. പുറമെ, യാദവിന്റെ അനുയായികൾ നാടെങ്ങും അതിക്രമങ്ങൾ നടത്തുന്നതായി ആരോപണമുണ്ടായി. കാട്ടുഭരണം എന്നാണ് പലരും അന്നത്തെ ഭരണത്തെ വിശേഷിപ്പിച്ചത്.

നേരത്തെ ലാലുവും നിതീഷും അടക്കമുള്ള സോഷ്യലിസ്റ്റ് രാഷ്ട്രീയക്കാർ ഒന്നിച്ചു നിന്ന നാടാണ് ബീഹാർ. യഥാർത്ഥത്തിൽ ഇന്ത്യയിൽ കോൺഗ്രസ്സ് വിരുദ്ധ രാഷ്ട്രീയത്തിനു ഒരു വലിയ പരീക്ഷണശാലയായി പ്രവർത്തിച്ച സംസ്ഥാനവുമാണ് ബിഹാർ. അവിടെയാണ് എഴുപതുകളിൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ജനകീയ മുന്നേറ്റം നടന്നത്. ബീഹാറിൽ ആരംഭിച്ച പ്രക്ഷോഭമാണ് അന്ന് രാജ്യമെങ്ങും ആളിപ്പടർന്നത്. അതാണ് ഇന്ദിരാഗാന്ധി രാജ്യമാകെ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചത്. അതാണ് രാജ്യമെങ്ങും കോൺഗ്രസ്സിന്റെ തകർച്ചയ്ക്ക് ആരംഭം കുറിച്ച സംഭവവികാസവും.

ബീഹാറിൽ ആരംഭിച്ച കോൺഗ്രസ്സ് വിരുദ്ധ രാഷ്ട്രീയം പിന്നീട് ഇന്ത്യയിലെ സോഷ്യലിസ്റ്റ് അഥവാ സമാജ്വാദി പ്രസ്ഥാനത്തെ ദുർബലമാക്കി ഭിന്നിപ്പിച്ചു. അവരിൽ ഒരു വിഭാഗം ആർ.എസ്.എസ് സംഘപരിവാർ ശക്തികളുമായി യോജിച്ചുനീങ്ങാൻ തുടങ്ങി. മറുവിഭാഗം കോൺഗ്രസ്സുമായി യോജിച്ചു പോകാമെന്ന നിലപാടിലും എത്തിച്ചേർന്നു.

ബീഹാർ രാഷ്ട്രീയത്തിൽ ലാലുപ്രസാദ് യാദവും നിതിഷ് കുമാറുമാണ് ഈ രണ്ടു ഭിന്ന ധാരകളുടെ നേതാക്കളും വക്താക്കളുമായി പ്രവർത്തിച്ചത്. ലാലു ആദ്യകാലത്തു വലിയ നേട്ടങ്ങൾ കൈവരിച്ചു. അദ്ദേഹം കോൺഗ്രസ്സുമായി ചേർന്ന് ബീഹാറിൽ മാത്രമല്ല, കേന്ദ്ര സർക്കാരിലും മുഖ്യകാർമികനായിമാറി. കോൺഗ്രസ്സ് നേതൃത്വത്തിൽ യു.പി.എ സർക്കാരുകൾ വന്നപ്പോൾ അതിന്റെ മുഖ്യ പങ്കാളികളിൽ ഒന്ന് ലാലുവിന്റെ ആർ.ജെ.ഡി ആയിരുന്നു. ഭരണം പൊടിപൊടിച്ചു. അനുയായികൾ നാടാകെ ആഘോഷം കേമമാക്കി. ലാലുവും കുടുംബവും നിലവിട്ടു പെരുമാറാൻ തുടങ്ങി. കാലിത്തീറ്റയിൽ നിന്നു പോലും കാശ് കൊയ്തെടുക്കുന്ന വിദ്യ അവർ സ്വായത്തമാക്കി. വൈകാതെ മുഖ്യമന്ത്രി ലാലു ജയിലിലായി. ഭാര്യ റാബ്രിദേവിയെ ഭരണം ഏല്പിച്ചു അദ്ദേഹം ജയിൽവാസത്തിനു യാത്രയായി.

മറുവശത്തു നിതീഷും അനുയായികളും പ്രതിപക്ഷത്തെ ബി.ജെ.പിയുമായി ദേശീയതലത്തിൽ കൂട്ടുകെട്ടുണ്ടാക്കി. വാജ്‌പേയിയുടെ മന്ത്രിസഭയിൽ പ്രവർത്തിക്കുന്ന കാലത്തും സംഘപരിവാരത്തിന്റെ ഹിന്ദുത്വ വർഗീയതയെ പുറമെയെങ്കിലും എതിർക്കുന്ന രീതി അവർ ചടങ്ങിനെങ്കിലും ആവർത്തിക്കുകയും ചെയ്തു. എന്നിരുന്നാലും വർഗീയ വിരോധത്തെക്കാൾ അവരിൽ മുന്തിനിന്ന വികാരം കടുത്ത കോൺഗ്രസ്സ് വിരോധത്തിന്റേതായിരുന്നു. അതിനാൽ ബീഹാറിലും കേന്ദ്രത്തിലും നിതീഷും പാർട്ടിയും ബി.ജെ.പിയുടെ വിശ്വസ്ത സഖ്യകക്ഷിയായി തുടർന്നു. അങ്ങനെയാണ് ബീഹാറിലും ബി.ജെ.പി -ജെ.ഡി.യു സഖ്യം അധികാരത്തിൽ വന്നത്. കഴിഞ്ഞ നാലുതവണയും നിതീഷ് മുഖ്യമന്ത്രിയായി വാഴുകയും ചെയ്തു.

അതിനിടയിൽ ഒരു അവസരത്തിൽ മാത്രമാണ് ഇരുകക്ഷികളും തമ്മിലുള്ള ബന്ധത്തിൽ ചില വിള്ളലുകൾ വീണത്. നരേന്ദ്രമോദി ഗുജറാത്തിൽ ഉയർന്നുവന്നത് 2000ത്തിനു ശേഷമാണ്. 2002ൽ അവിടെ നടന്ന മുസ്ലിംവേട്ടയിൽ രണ്ടായിരമോ മൂവ്വായിരമോ മുസ്ലിംകൾക്കു ജീവൻ നഷ്ടപ്പെട്ടു. പല അന്വേഷണകമ്മീഷനുകളും വന്നു. പല കോടതികളും കേസുകൾ കേട്ടു. എന്നാൽ മോദി പരിക്കൊന്നും ഏൽക്കാതെ രക്ഷപ്പെട്ടു. എന്നല്ല അദ്ദേഹം ഉത്തരോത്തരം മുന്നേറി. പിന്നീട് രാജ്യം കാണുന്നത് 2014ലെ പൊതുതെരഞ്ഞടുപ്പിൽ അദ്ദേഹം പ്രധാനമന്ത്രിയായി അധികാരത്തിലേക്കു കയറുന്നതാണ്.

മോദിയുടെ ഗുജറാത്ത് മോഡൽ സോഷ്യൽ എൻജിനീയറിങ്ങിനോടു തനിക്കുള്ള വിയോജിപ്പ് അക്കാലത്തു നിതീഷ് പരസ്യമായി പ്രകടിപ്പിച്ചു. ബീഹാറിൽ 2010ൽ ബി.ജെ.പി -ജെ.ഡി.യു സഖ്യം വീണ്ടും തെരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ മോദിയുമായി വേദി പങ്കിടാൻ പോലും അദ്ദേഹം വിസമ്മതിച്ചു. ഏതായാലും അന്നത്തെ തെരഞ്ഞെടുപ്പിൽ വമ്പിച്ച വിജയമാണ് സഖ്യം നേടിയത്. അതോടെ നിതീഷിനെ ചോദ്യം ചെയ്യാൻ ബീഹാറിൽ ആരുമില്ല എന്ന നിലവന്നു. അദ്ദേഹം അജയ്യനായി തുടർന്നുള്ള രണ്ടു തെരഞ്ഞെടുപ്പുകളിലും വിജയം വരിച്ചു.

ഇത്തവണ അഞ്ചാമത്തെ മത്സരത്തിൽ ബി.ജെ.പി -ജെ.ഡി.യു സഖ്യത്തെ തോൽപ്പിക്കും എന്നു പ്രഖ്യാപിച്ചു കൊണ്ടാണ് ആർ.ജെ.ഡി നേതാവ് തേജസ്വി യാദവും കോൺഗ്രസ്സിന്റെ രാഹുൽ ഗാന്ധിയും രംഗത്ത് ഇറങ്ങിയത്. നിതീഷ് പ്രായം കൊണ്ടും മോശം ആരോഗ്യം കാരണവും അവശനിലയിൽ. ബി.ജെ.പിയാകട്ടെ അദ്ദേഹത്തെ പിന്നിൽ നിന്നു കുത്താൻ തുടങ്ങുകയും ചെയ്തു. അതിനാൽ ഇത്തവണ നിതീഷ് ബി.ജെ.പി സഖ്യത്തെ പൊട്ടിക്കും എന്ന പ്രതീക്ഷ പലരും പങ്കുവെച്ചു.

മാത്രമല്ല, തെരഞ്ഞെടുപ്പ് കമ്മിഷൻ നടപ്പാക്കിയ തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിലെ പ്രശ്നങ്ങൾ ദേശീയപ്രശ്നമായി ഉയർന്നുവരികയും ചെയ്തു. രാഹുൽഗാന്ധി നടത്തിയ മൂന്നുമാധ്യമ സമ്മേളനങ്ങളിൽ പരിഷ്കരണത്തിലെ പ്രശ്നങ്ങൾ അക്കമിട്ടു ചൂണ്ടിക്കാട്ടി. അതൊരു ദേശീയ വിഷയമായി നാടെങ്ങും ഉയർന്നുവന്നു. മറുവശത്തു ബി.ജെ.പിയും കൂട്ടരും കാൽനൂറ്റാണ്ടു മുമ്പത്തെ ലാലുവിന്റെ ഭരണത്തിലെ കാട്ടുനീതിയെപ്പറ്റി തന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്.

എന്നിട്ടും വിജയിച്ചത് നിതീഷും സഖ്യവും തന്നെ. ഒറ്റനോട്ടത്തിൽ ആരെയും അത്ഭുതപ്പെടുത്തുന്ന ഫലമാണിത്. 2010ലെ വമ്പൻ വിജയത്തെ കവച്ചുവെക്കുന്ന വിജയം. അതിനാൽ വോട്ടെടുപ്പിൽ കൃത്രിമം നടന്നു എന്ന ആരോപണവും സ്വാഭാവികം.

എന്നാൽ ഒരു സത്യം ബാക്കി നിൽക്കുന്നു. ബീഹാർ വലിയൊരു സംസ്ഥാനമാണ്. ഡൽഹിയിലിരിക്കുന്ന തെരഞ്ഞെടുപ്പ് കമ്മീഷനും ഉദ്യോഗസ്ഥരും ഒത്തൊരുമിച്ചു പ്രവർത്തിച്ചാലും അങ്ങനെയൊരു സ്ഥലത്തു ഇങ്ങനെ അത്യന്തം വിപുലമായ ഒരു അട്ടിമറി സംഘടിപ്പിക്കാൻ സാധ്യമാവില്ല. കാരണം ജനങ്ങളും പാർട്ടികളും ഇത്തവണ അങ്ങേയറ്റം ജാഗരൂകരായിരുന്നു. മാധ്യമങ്ങൾ കണ്ണിൽ മഷിയിട്ടു നോക്കിക്കൊണ്ടാണ് ഓരോ ദിവസവും തള്ളിനീക്കിയത്. അതിനാൽ അട്ടിമറിയാണ് തങ്ങളുടെ തോൽവിക്ക് കാരണം എന്ന കോൺഗ്രസ്സ് നേതൃത്വത്തിന്റെ ആഖ്യാനം വസ്തുതകൾക്കു നിരക്കുന്നതല്ല.

പിന്നെ എന്താണ് സംഭവിച്ചത്? വോട്ടർമാർക്ക്, പ്രത്യേകിച്ച് സ്ത്രീ വോട്ടർമാർക്ക്, ഇത്തവണ വാരിക്കോരി കൊടുത്ത ആനുകൂല്യങ്ങൾ നിതീഷിനെ തുണച്ചു എന്നുവേണം മനസ്സിലാക്കാൻ. കാരണം തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു തൊട്ടു മുമ്പാണ് ബീഹാറിൽ സ്ത്രീകൾക്ക് നേരിട്ട് ബാങ്ക് വഴി പതിനായിരം രൂപ വീതം നൽകുന്ന പരിപാടി പ്രഖ്യാപിച്ചു നടപ്പിലാക്കിയത്. അതൊരു അഴിമതിയായി വേണമെങ്കിൽ കണക്കാക്കാം. എന്നാൽ അതിൽ ഇടപെടേണ്ട തെരഞ്ഞെടുപ്പ് കമ്മീഷൻ അതു തടഞ്ഞില്ല. നേരത്തെ കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാനിൽ അശോക് ഗെഹ്ലോട്ട് ഇങ്ങനെയൊരു പരിപാടി നടപ്പാക്കാൻ നോക്കിയപ്പോൾ ഇതേ കമ്മീഷൻ തടയുകയുമുണ്ടായി.

എന്നാൽ അതൊന്നും കോൺഗ്രസ്സ് പരാജയത്തെ മറച്ചു വെക്കുന്നില്ല. ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങളിൽ നിന്നും അകന്നുപോയ പ്രചാരണമാണ് പ്രതിപക്ഷം നടത്തിയത് എന്ന അഭിപായം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. വോട്ടുചോരി പ്രധാനം തന്നെ. എന്നാൽ അന്നന്നത്തെ അപ്പവും തൊഴിലും പാവപ്പെട്ട നാട്ടുകാർക്ക് അത്രമേൽ പ്രധാനമാണ്. അതിനാൽ അപ്പവും അതിനു എരിവുകൂടാൻ അല്പം കാശും കയ്യിൽ വന്നപ്പോൾ നാട്ടുകാർ നിതീഷ് അപ്പൂപ്പനെ തന്നെ പുൽകി എന്നാണ് കേൾക്കുന്നത്. ഇനി കോൺഗ്രസ്സ് ഒരു തിരിച്ചുവരവിനുള്ള ശേഷി വീണ്ടും കൈവരിക്കുമോ അതോ ബീഹാറിലെ രാഷ്ട്രീയരംഗത്തു നിന്നും പൂർണമായി അപ്രത്യക്ഷമാവുമോ എന്ന കാര്യം കാത്തിരുന്നു കാണാം.

> **ബീഹാറിൽ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങളിൽ നിന്നും അകന്നുപോയ പ്രചാരണമാണ് പ്രതിപക്ഷം നടത്തിയത് എന്ന അഭിപായം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. വോട്ടുചോരി പ്രധാനം തന്നെ. എന്നാൽ അന്നന്നത്തെ അപ്പവും തൊഴിലും പാവപ്പെട്ട നാട്ടുകാർക്ക് അത്രമേൽ പ്രധാനമാണ്. അതിനാൽ അപ്പവും അതിനു എരിവുകൂടാൻ അല്പം കാശും കയ്യിൽ വന്നപ്പോൾ നാട്ടുകാർ നിതീഷ് അപ്പൂപ്പനെ തന്നെ അധികാരം ഏൽപ്പിച്ചു.**



# ഷിക്കാഗോ കെ.സി.എസ് ക്നാനായ നൈറ്റ് 2025 പ്രൗഢ ഗംഭീരമായി!!



ഷിക്കാഗോ: ഗ്ലെൻ എലനിലെ കോളേജ് ഓഫ് ഡ്യൂപേജിൽ വച്ച് നടന്ന ക്നാനായ നൈറ്റ് 2025 പ്രൗഢ ഗംഭീരമായി. 170ൽ പരം കുട്ടികളെ കോർത്തിണക്കിക്കൊണ്ട് കിഡ്സ് ക്ലബ് കോഡിനേറ്റേഴ്സ് കൃത്യം 5 മണിക്ക് തന്നെ കിഡ്സ് ക്ലബ് പ്രോഗ്രാമുകൾ തുടങ്ങുവാനായത് ക്നാനായ നൈറ്റിന് നല്ലൊരു തുടക്കമായി. കിഡ്സ് ക്ലബ്ബിന്റെ പ്രോഗ്രാമിനെ തുടർന്ന് കെ.സി.ജെ.എൽ, ഗോൾഡീസ്, സീനിയർ സിറ്റിസൺസ്, കെ.സി.വൈ.എൽ., യുവജനവേദി എന്നിവരുടെ പ്രകടനങ്ങൾ പരിപാടികൾക്ക് കൂടുതൽ മിഴിവേകി. അതിനുശേഷം നടന്ന വിമൻസ് ഫോറത്തിന്റെ വൈവിധ്യമാർന്ന കലാപ്രകടനങ്ങൾ ക്നാനായ നൈറ്റിന് കൂടുതൽ നിറച്ചാർത്തായി.

പരിപാടികളുടെ മധ്യത്തിൽ കെ.സി.സി.എൻ.എയുടെ 16–ാമത് കൺവെൻഷൻ കിക്കോഫും നടത്തപ്പെടുകയുണ്ടായി. രജിസ്ട്രേഷൻ ഓപ്പണായതിനു ശേഷം രണ്ട് ആഴ്ചയ്ക്കുള്ളിൽ തന്നെ ഏതാണ്ട് 500ന് അടുത്ത് ഫാമിലികൾ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് റെക്കോർഡ് ഏർലി രജിസ്ട്രേഷനാണെന്ന് കെ.സി.സി.എൻ.എ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ കിക്ക് ഓഫ് മധ്യത്തിൽ പ്രഖ്യാപിക്കുകയുണ്ടായി.

അതിനുശേഷം കെ.സി.എസിന്റെ സെൻസസ് ഫോം ഫിൽ ചെയ്തവരുടെ റാഫിൾ ഡ്രോയിങ് നടത്തപ്പെടുകയുണ്ടായി. റാഫിൾ ഡ്രോയിംഗിൽ സമ്മാനാർഹരായ ടോണി ആൻഡ് സൗമിക്ക് മലബാർ ഗോൾഡിന്റെ 750 ഡോളർ ഡയമണ്ട് വൗച്ചർ സമ്മാനിക്കുകയുണ്ടായി.

പരിപാടുകൾ അനൗൺസ് ചെയ്തിരുന്നതിനേക്കാൾ 15 മിനിറ്റ് നേരത്തെ സമാപിക്കാനായതിന് എല്ലാ സബ് ഓർഗനൈസേഷൻ കോഡിനേറ്റർമാരെയും, എംസിമാരെയും പ്രസിഡന്റ് ജോസ് ആനമല പ്രശംസിക്കുകയുണ്ടായി. വെന്യൂ തിരഞ്ഞെടുത്തതിലും, പരിപാടികളുടെ ഗുണനിലവാരത്തിലും, സമയക്രമം പാലിച്ചതിലും പങ്കെടുത്തവർ അത്യാന്തം സംതൃപ്തി പ്രകടിപ്പിക്കുകയും സംഘാടകരെ അഭിനന്ദിക്കുകയും ചെയ്തു.

# 16–ാമത് കെ.സി.സി.എൻ.എ. കൺവൻഷന്റെ ഷിക്കാഗോ കിക്ക് ഓഫ് ആവേശഭരിതമായി



ഷിക്കാഗോ: ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലെ ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിൽ, 2026 ആഗസ്റ്റ് 6 മുതൽ 10 വരെ നടക്കുന്ന 16–ാമത് കെ.സി.സി.എൻ.എ നാഷണൽ കൺവെൻഷന്റെ ഷിക്കാഗോ കിക്ക് ഓഫ് കെ.സി.എസ് ക്നാനായ നൈറ്റിനോട് അനുബന്ധിച്ചു നടന്നു. ഷിക്കാഗോ ക്നാനായ സമൂഹം എല്ലാക്കാലവും ആവേശത്തോടെ ഏറ്റെടുക്കുന്ന ക്നാനായ കൺവെൻഷന് ഇത്തവണയും അതിഗംഭീരമായ സപ്പോർട്ടാണ് ലഭിച്ചത്. കെ.സി.സി.എൻ.എ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സിജു ചെരുവൻകാലായിൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, ഷിക്കാഗോ ആർ.വി.പി ബാബു തൈപ്പറമ്പിൽ, കൺവെൻഷൻ രജിസ്ട്രേഷൻ ചെയർ രഞ്ജൻ വട്ടാടികുന്നേൽ, കോ ചെയർ സനിഷ് അറക്കപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു. കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമലയുടെ നേതൃത്ത്വത്തിലുള്ള കെ.സി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി പരിപാടികൾക്കു നേതൃത്വം നൽകി.

രജിസ്ട്രേഷൻ ഓപ്പൺ ചെയ്ത് 22 ദിവസത്തിലേക്കെത്തിയപ്പോൾ നാനൂറിലപ്പറം രജിസ്ട്രേഷനിലേക്കെത്തുകയാണെന്നു ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽഅറിയിച്ചു.കെ.സി.സി.എൻ.എയുടെ ഏറ്റവും വലിയ യൂണിറ്റുകളിലൊന്നായ ഷിക്കാഗോ കെ.സി.എസ്ൽ നിന്നും ഏതാണ്ട് 166 ഫാമിലി രജിസ്ട്രേഷൻ പൂർത്തിയായി വരുന്നതായി ജനറൽ സെക്രട്ടറി അറിയിച്ചു.

**ഗോൾഡ് സ്പോൺസർസ് (15K)**: ബിനു & ജിഷ പൂത്തറയിൽ, ജോയ് & ഫിൻസി നെടിയകാലയിൽ.

**സിൽവർ സ്പോൺസർ (10K)**: ബിനോയ് & ജിജോ പൂത്തറയിൽ, രാജു & സിബി പിണർക്കിയിൽ, ഷാജി & പ്രിയ പിണർക്കിയിൽ, ജോൺസൺ & ജിഞ്ചു വാഴപ്പള്ളിയിൽ, മുത്ത് & റിനി കല്ലിടുക്കിൽ, സഞ്ചു & സിന്ധു പുളിക്കത്തൊട്ടിയിൽ, സിറിയക് & സിജു കൂവക്കാട്ടിൽ.

**മെഗാ സ്പോൺസർസ് (7)**: സിറിൽ & ജിഷ പെരിങ്ങേലിൽ, ബിനു & ടോസ്മി കൈതക്കത്തൊട്ടിയിൽ, ജിബിറ്റ് & മരിയ കിഴക്കേക്കുറ്റ്.

ഇവരെ കൂടാതെ 36 ഗ്രാൻഡ് സ്പോൺസേർസും (4K) 166 ഫാമിലി സ്പോൺസേർസും ഷിക്കാഗോയിൽ നിന്നും കെ.സി.സി.എൻ.എ കൺവൻഷനെ സപ്പോർട്ട് ചെയ്യുവാൻ കടന്നുവന്നിരിക്കുന്നു. 16–ാമത് കെ.സി.സി.എൻ.എ നാഷണൽ കൺവൻഷനെ നെഞ്ചിലേറ്റിയിരിക്കുന്ന ഷിക്കാഗോ കെ.സി.എസ് ക്നാനായ സമൂഹത്തിനോടും അതിനു നേതൃത്വം കൊടുക്കുന്ന കെ.സി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിക്കും കെ.സി.സി.എൻ.എ എക്സിക്യൂട്ടീവിന്റെ പേരിലും കൺവൻഷൻ സ്റ്റിയറിംഗ് കമ്മറ്റിയുടെ പേരിലുമുള്ള നന്ദി കെ.സി.സി.എൻ.എ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കലും, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സിജു ചെരുവൻകാലായിലും, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കലും, ഷിക്കാഗോ ആർ.വി.പി ബാബു തൈപ്പറമ്പിലും അറിയിച്ചു. ടാമ്പ കെ.സി.സി.സി.എഫും മയാമി യൂണിറ്റും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന കൺവെൻഷന്റെ ചെയപേഴ്സൺ ജോബി ഊരാളിലാണ്. ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) പ്രസിഡന്റ്, സിജു ചെരുവൻകാലായിൽ (ന്യൂയോർക്ക്) എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, വിപിൻ ചാലുങ്കൽ (ഷിക്കാഗോ) ജനറൽ സെക്രട്ടറി, സൂസൻ തെങ്ങുംതറയിൽ (സാൻ ഹൊസെ) ജോയിന്റ് സെക്രട്ടറി, ജോജോ തറയിൽ (ഹൂസ്റ്റൺ) ട്രഷറർ, ജേക്കബ് കുസുമാലയം(ന്യൂയോർക്ക്) വൈസ് പ്രസിഡന്റ്, ജെസ്നി കൊട്ടിയാനിക്കൽ (അറ്റലാന്റ) ജോയിന്റ് ട്രഷറർ എന്നിവരാണ് കെ.സി.സി.എൻ.എ യ്ക്ക് നേതൃത്വം നൽകുന്നത്. ഇവരെ കൂടാതെ റീജിയണൽ വൈസ് പ്രസിഡന്റുമാരായ ഫിലിപ്സ് മാത്യു മാപ്പളശ്ശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക്ക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ഷിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരക്കൽ (മിനസോട്ട), ടോമി ജോസഫ് തെക്കനാട്ട് (വാഷിംഗ്ടൺ), ജോബിൻ മാനുവൽ മരങ്ങാട്ടിൽ (സാക്രമെന്റോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ), മിന്നു എബ്രഹാം കൊടുന്നിനാംകുന്നേൽ (കാനഡ), വിമൻസ് ഫോറം നാഷണൽ പ്രസിഡന്റ് ഡാനി പല്ലാട്ടുമഠം (ഡാളസ്), കെ.സി.വൈ.എൽ പ്രസിഡന്റ് ആൽവിൻ പിണർക്കയിൽ (ഷിക്കാഗോ), യുവജനവേദി നാഷണൽ പ്രസിഡന്റ് പുന്നൂസ് വഞ്ചിപുരക്കൽ (ടാമ്പ), സ്പിരിച്ച്യുൽ ഡയറക്ടർ റവ. ഫാ ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) എന്നിവരടങ്ങിയതാണ് കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മറ്റി.

*ബൈജു ആലപ്പാട്ട്*

# ശരണഘോഷമുഖരിതമായ അന്തരീക്ഷത്തിൽ ഷിക്കാഗോ ഗീതാമണ്ഡലം മണ്ഡലമകരവിളക്ക് പൂജകൾ



ഈ വർഷത്തെ മണ്ഡലമകരവിളക്ക് സമാരംഭ മഹോത്സവത്തിൽ പങ്കെടുക്കുവാനും, കലിയുഗ വരദനായ അയ്യപ്പ സ്വാമിയെ കണ്ട് തൊഴുവാനും, ശനിദോഷം അകറ്റി സർവ്വൈശ്വര്യസിദ്ധിക്കുമായി അനേകം അയ്യപ്പ ഭക്തരാണ് ഗീതാമണ്ഡലം തറവാട്ടിലേക്ക് എത്തിയത്. ശ്രീമഹാഗണപതിക്ക് വിശേഷാൽ പൂജകൾ നടത്തിയശേഷമാണ് ഈ വർഷത്തെ മണ്ഡല പൂജകൾ ആരംഭിച്ചത്.

ശബരിമല സന്നിധാനം തുറന്ന ശുഭമുഹൂർത്തത്തിൽ, ശരണാഘോഷങ്ങളാലും, വേദമന്ത്രധ്വനികളാലും ഭക്തി സാന്ദ്രമായ നിമിഷങ്ങളിൽ ഭസ്മവിഭൂഷിതനായ കലിയുഗവരദന്റെ തിരുസന്നിധാനം, മേൽശാന്തി കൃഷ്ണൻ സ്വാമികൾനട തുറന്നു. തുടർന്ന് നടന്ന കലശപൂജയ്ക്ക് ശേഷം അഷ്ടദ്രവ്യകലശാഭിഷേകവും, നെയ്യ് അഭിഷേകവും, ഭസ്മാഭിഷേകവും, കളഭാഭിഷേകവും, പുഷ്പാഭിഷേകവും നടത്തി. തുടർന്ന് അത്താഴപൂജയ്ക്ക് ശേഷം അഷ്ടോത്തര അർച്ചനയും, ദീപാരാധനയും, നമസ്കാരമന്ത്രവും, മംഗള ആരതിയും നടത്തിയശേഷം ഹരിവരാസനം പാടി നട അടച്ചു. ഈ വർഷത്തെ മണ്ഡല കൊടിയേറ്റ് പൂജകൾക്ക് മേൽശാന്തി കൃഷ്ണൻ ചെങ്ങണാംപറമ്പിൽ സ്വാമികൾ നേതൃത്വം നൽകി. രവി ദിവാകരൻ പരികർമിത്വം വഹിച്ചു. ഈ വർഷത്തെ അയ്യപ്പ പൂജയോടൊപ്പം നടന്ന ഭജനകൾക്ക് ഗീതാമണ്ഡലം ഭജനമണ്ഡലി നേതൃത്വം നല്കി. ഗീതാമണ്ഡലം പ്രസിഡന്റ് അപ്പുക്കുട്ടൻ ശേഖരനും കുടുംബവുമാണ് ആണ് മണ്ഡലകാല കൊടിയേറ്റ് പൂജ എല്ലാ സത്ജനങ്ങൾക്കുമായി സമർപ്പിച്ചത്.

ഭാരതീയ ദർശനങ്ങൾ പറയുന്നത്, ഈ പ്രപഞ്ച പ്രഹേളികയെ നാമറിയുന്നത് പതിനെട്ടു തത്വങ്ങളായിട്ടാണ് എന്നാണ്. ഈ പതിനെട്ട് തത്വങ്ങളെയും അനുഭവിച്ച്, നമ്മിലെ ശരിയായ ഉണ്മയെ തിരിച്ചറിയുവാനുള്ള മഹത്തായ പുണ്യകാലം ആണ് മണ്ഡലമകരവിളക്ക് കാലം എന്ന് ഗീതാമണ്ഡലം പ്രസിഡന്റ് അപ്പുകുട്ടൻ ശേഖരൻ പറഞ്ഞു. അതി രാവിലെ ഉണർന്ന് ബ്രഹ്മചര്യനിഷ്ഠയോടെ വ്രതമെടുത്ത് മനസിനെയും ശരീരത്തേയും ഈശ്വരചിന്തയിൽ അർപ്പിച്ച്, ഭഗവാനിൽ അഭയംപ്രാപിക്കുന്ന ഒരാളുടെ മനസ്സും ശരീരവും ശുദ്ധീകരിക്കപ്പെടുകയും, ആത്മീയമായ ഉയർച്ച നേടുകയും ചെയ്യുന്നു.

കുടുംബത്തിൽ ഒരാളെങ്കിലും സ്വാമി മുദ്ര ധരിച്ചു കഴിഞ്ഞാൽ ആ കുടുംബത്തിന് തന്നെ പോസിറ്റീവ് ആയ പല മാറ്റങ്ങൾ സംഭവിക്കും എന്ന് ജോയിന്റ് വൈസ് പ്രസിഡന്റ് ഡോക്ടർ വിശ്വനാഥൻ തദവസരത്തിൽ പറഞ്ഞു.

*ആനന്ദ് പ്രഭാകർ*

# ഫോമാ ടീം പ്രോമിസ് – ഫ്ളോറിഡ പ്രചാരണയാത്രക്ക് നവംബർ 21ന് മയാമിയിൽ തുടക്കം

വിശ്വസ്തത-സത്യസന്ധത-പ്രതിബദ്ധത-സുതാര്യത മുഖമുദ്രയാക്കി സംഘടനയുടെ യശസ്സ് കാത്തുസൂക്ഷിച്ചു പ്രവർത്തിക്കുമെന്ന പ്രഖ്യാപനവുമായി ഫോമാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന മാത്യു വർഗീസ് നേതൃത്വം നൽകുന്ന ടീം പ്രോമിസിന്റെ ഫ്ളോറിഡ പ്രചാരണയാത്രക്ക് നവംബർ 21 വെള്ളിയാഴ്ച്ച മയാമിയിൽ തുടക്കം കുറിക്കും.

മാത്യു വർഗീസ് പ്രസിഡന്റ്, അനു സ്കറിയ സെക്രട്ടറി, ബിനോയ് തോമസ് ട്രഷറർ, ജോൺസൺ ജോസഫ് വൈസ് പ്രസിഡന്റ്, രേഷ്മ രഞ്ജൻ ജോയിന്റ് സെക്രട്ടറി, ടിറ്റോ ജോൺ ജോയിന്റ് ട്രഷറർ എന്നിവരാണ് ടീം പ്രോമിസ് സ്ഥാനാർത്ഥികൾ.



നവംബർ 21 വെള്ളിയാഴ്ച വൈകീട്ട് 5.30 മണിക്ക് ഡേവിയിലുള്ള ഗാന്ധി സ്ക്വയറിലെത്തി സ്ഥാനാർത്ഥികൾ പുഷ്പാർച്ചന നടത്തും. തുടർന്ന് രാത്രി 7 മണിക്ക് സൺറൈസ് KHSF ഹാളിൽ (Address: 6501, Sunset tSrip, Sunrise,FL 33313) പ്രചാരണസമ്മേളനം നടക്കും.

സൗത്ത് ഫ്ളോറിഡയിലെ വിവിധ സാമൂഹിക- സാംസ്കാരിക സംഘടനകൾ യോഗത്തിൽ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

നവംബർ 22 ശനിയാഴ്ച രാത്രി 7 മണിക്ക് ഒർലാണ്ടോയിലും (Address :6087 Lake Melrose Dr., Orlando, FL 32829), 23 ഞായറാഴ്ച്ച വൈകീട്ട് 5 മണിക്ക് ടാമ്പാ കറി ലീവ്സ് റെസ്റ്റോറന്റിൽ (Adress: 204 Westshore Plaza, Tampa, FL 33609) വെച്ചും പ്രചാരണയോഗങ്ങൾ നടക്കും.

# ട്രംപ് പ്രതിസന്ധികളുടെ ചക്രവ്യൂഹത്തിലോ?

(ഒന്നാം പേജ് തുടർച്ച)

ഒരു നേതാവിന്, ചരിത്രത്തിലാദ്യമായി സ്വന്തം പാർട്ടിക്കുള്ളിൽ നിന്നും ഒരു 'വിമത പ്രവാഹം' നേരിടേണ്ടി വരുന്നു എന്നതും, സാധാരണക്കാരുടെ ജീവിതച്ചെലവിനെക്കുറിച്ചുള്ള അടിസ്ഥാനപരമായ ആശങ്കകൾക്ക് മുന്നിൽ ട്രംപിന്റെ സാമ്പത്തിക അജണ്ട ഉലയുന്നു എന്നതും ഈയൊരു പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടുന്നു. 2030 ൽ അധികാരം ഒഴിയേണ്ടി വരുന്ന ഒരു പ്രസിഡന്റ് എന്ന നിലയിൽ, ട്രംപിന്റെവാക്കുകൾക്കും പിന്തുണയ്ക്കും ഉണ്ടാകാവുന്ന ഭാവിയിലെ സ്വാധീനം പോലും ചോദ്യം ചെയ്യപ്പെടുന്ന, ഒരു അത്യപൂർവമായ രാഷ്ട്രീയ 'കൊടുങ്കാറ്റ്' ആയാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ പോലും ഈ അവസ്ഥയെ നോക്കിക്കാണുന്നത്.

### പ്രധാന വെല്ലുവിളികൾ

അടുത്ത വർഷം നടക്കാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിന് മുന്നോടിയായി, ട്രംപിന് ഭീഷണിയായി നിരവധി വെല്ലുവിളികളാണ് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നത്. ആദ്യത്തേത് സാധാരണക്കാരുടെ ജീവിതച്ചെലവിനെക്കുറിച്ചുള്ള വർധിച്ച ആശങ്കകളാണെങ്കിൽ, രണ്ടാമത്തേത് ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീൻ കേസിലെ രഹസ്യരേഖകൾ പുറത്തുവിടാനുള്ള റിപ്പബ്ലിക്കൻ വിമതരുടെ സമ്മർദ്ദമാണ്. ഈ പ്രതിസന്ധികൾ, സമീപകാല തിരഞ്ഞെടുപ്പുകളിൽ ഡെമോക്രാറ്റുകൾ നേടിയ വിജയങ്ങൾക്ക് പിന്നാലെ, ട്രംപിനും റിപ്പബ്ലിക്കൻ പാർട്ടിക്കും അവശേഷിക്കുന്ന ജനസമ്മിതിയെക്കുറിച്ച് ഒരു കണക്കെടുപ്പ് നടത്തേണ്ട അനിവാര്യതയിലേക്ക് കൂടിയാണ് വിരൽ ചൂണ്ടുന്നത്.

### സാമ്പത്തിക ആശങ്ക

രാജ്യം ഇപ്പോൾ നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും മുൻപന്തിയിലുള്ളത് സാമ്പത്തിക ആശങ്കകൾ തന്നെയാണ്. രാജ്യത്തിന്റെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള വോട്ടർമാരുടെ അതൃപ്തി ട്രംപിന് വലിയ തലവേദനയാണ് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. മുൻപ്രസിഡന്റ് ജോ ബൈഡന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ പണപ്പെരുപ്പമായിട്ടും, സാധാരണക്കാർക്ക് താങ്ങാനാവുന്ന വിലയ്ക്ക് സാധനങ്ങൾ ലഭിക്കുന്നില്ല എന്ന വികാരം ആളുകൾക്കിടയിൽ ശക്തമാണ്. ഉയർന്ന ജീവിതച്ചെലവ് ട്രംപിന്റെ മറ്റ് രാഷ്ട്രീയ അജണ്ടകളെ പിന്നോട്ട് വലിക്കുന്ന നിർണ്ണായക സാഹചര്യമാണ് നിലവിലുള്ളത്. പണപ്പെരുപ്പം സാധാരണ നിലയിലാക്കിയെന്ന് അവകാശപ്പെടുമ്പോഴും, ഉപഭോക്തൃ ചെലവുകൾ ഉയർന്ന നിലയിലാണ് എന്ന് ട്രംപ് തന്നെ സമ്മതിച്ച കാര്യമാണ്. ഈ സാമ്പത്തിക സമ്മർദ്ദത്തെ നേരിടാൻ, തന്റെ പ്രധാന സാമ്പത്തിക നയങ്ങളിലൊന്നായ ഇറക്കുമതി തീരുവകളിൽ നിന്നും ട്രംപ് ഭാഗികമായി പിന്നോട്ട് പോയി. കാപ്പി, മാംസം, ഉഷ്ണമേഖലാ പഴങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ തീരുവ കുറക്കാൻ ട്രംപ് നിർബന്ധിതമായത്, തീരുവകൾ ജനങ്ങൾക്ക് ചെലവേറിയതായി മാറി എന്നതിന്റെ സൂചനയായി കണക്കാക്കാം. കൂടാതെ, ധനികരല്ലാത്ത എല്ലാ അമേരിക്കക്കാർക്കും തീരുവ വരുമാനത്തിൽ നിന്ന് 2,000 ഡോളറിന്റെ ഡിവിഡന്റ് നൽകാനുള്ള നിർദ്ദേശവും ട്രംപ് മുന്നോട്ട് വെച്ചിട്ടുണ്ട്. ജനങ്ങളുടെ അതൃപ്തി തിരെഞ്ഞെടുപ്പിൽ പ്രതിഫലിക്കാതിരിക്കാനുള്ള മുൻകരുതലായി ഇതിനെ കാണാമെങ്കിലും, വർധിച്ചു വരുന്ന കേന്ദ്ര കടം കണക്കിലെടുക്കുമ്പോൾ ഈ ആശയം കോൺഗ്രസ് അംഗീകരിക്കുമോ എന്ന കാര്യത്തിൽ ഇതുവരെ വ്യക്തതയില്ല. അതേപോലെ ന്യൂജേഴ്സിയിലും വിർജീനിയയിലും ഡെമോക്രാറ്റുകൾ നേടിയ വൻ വിജയങ്ങൾ, ട്രംപിന്റെ സാമ്പത്തിക കൈകാര്യം ചെയ്യലിലുള്ള ജനങ്ങളുടെ അതൃപ്തിയുടെ വ്യക്തമായ സൂചനയായാണ് രാഷ്ട്രീയ നിരീക്ഷകരും വിലയിരുത്തുന്നത്. വില കുറയുന്നു എന്ന് രാഷ്ട്രീയക്കാർ പറഞ്ഞാൽ മാത്രം പോരാ, സാധാരണക്കാർക്ക് അത് നേരിട്ട് അനുഭവപ്പെടണം എന്ന് റിപ്പബ്ലിക്കൻ പോൾസ്റ്റർ നീൽ ന്യൂഹൗസ് നൽകിയ മുന്നറിയിപ്പും ഇതുമായി കൂട്ടിച്ചേർത്ത് വായിക്കാവുന്നതാണ്.

### ജെഫ്രി എപ്സ്റ്റീൻ കേസ്

ട്രംപ് അകപ്പെട്ടിരിക്കുന്ന മറ്റൊരു ഊരാക്കുടുക്കാണ് ലൈംഗിക കുറ്റവാളിയായ ജെഫ്രി എപ്സ്റ്റീൻ കേസ്. എപ്സ്റ്റീൻ ഫയലുകൾ പുറത്തുവിടാനുള്ള ആവശ്യം ട്രംപിന് കോൺഗ്രസിനുള്ളിൽ നിന്ന് നേരിടേണ്ടി വരുന്ന അപൂർവ വെല്ലുവിളിയാണ്. കെന്റക്കി റിപ്പബ്ലിക്കൻ പ്രതിനിധി തോമസ് മാസ്സിയാണ് ഈ വിഷയത്തിൽ വിമത ശബ്ദമുയർത്തിയ ഒരേയൊരു വ്യക്തി. ബില്ലിനെ ശക്തമായി എതിർത്ത ട്രംപ്, കടുത്ത സമ്മർദ്ദത്തെ തുടർന്ന് നിലപാട് മാറ്റുകയായിരുന്നുവെന്നാണ് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നത്. പെട്ടെന്ന് നിലപാട് മാറ്റി ഫയലുകൾ പുറത്തുവിടാനുള്ള ഉത്തരവിൽ ഒപ്പിടുകയായിരുന്നു. ഇത് കോൺഗ്രസിൽ, പ്രത്യേകിച്ച് റിപ്പബ്ലിക്കൻ നിയന്ത്രിത സഭയിൽ, ട്രംപിന് നേരിടേണ്ടി വന്ന ഒരു അപൂർവ പരാജയമായാണ് വിലയിരുത്തപ്പെടുന്നതെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

### മറ്റൊരു കാരണം കുടിയേറ്റ നയം

പ്രസിഡന്റ് ട്രംപിന്റെ കർശനമായ കുടിയേറ്റ നയവും അദ്ദേഹത്തിന്റെ ജനപ്രീതി പിന്നോട്ട് വലിച്ചെന്നാണ് വിലയിരുത്തൽ. കാരണം അമേരിക്കയിലെ കുടിയേറ്റക്കാരുടെ എണ്ണം 15 ലക്ഷത്തോളമാണ് ഇക്കാലയളവിൽ കുറഞ്ഞത്. പ്യൂ റിസർച്ചിന്റെ കണക്കനുസരിച്ച് ഇത് തൊഴിൽ വിപണിയെ ബാധിക്കുകയും 7.5 ലക്ഷം തൊഴിലാളികളെ കുറയ്ക്കുകയും ചെയ്തു. പതിറ്റാണ്ടുകൾക്ക് ശേഷം ആദ്യമായാണ് അമേരിക്കയിലെ കുടിയേറ്റ ജനസംഖ്യയിൽ ഇടിവ് നേരിടുന്നത്. ഇതിന് പ്രധാന കാരണം ട്രംപിന്റെ കർശനമായ കുടിയേറ്റ നയങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. അതിൽ വലിയ തോതിലുള്ള നാടുകടത്തൽ, അറസ്റ്റ്, നിയമപരമായ പ്രവേശനത്തിന് കർശനമായ നിയന്ത്രണങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഈ നയങ്ങൾ കുടിയേറ്റക്കാരുടെ എണ്ണം കുറയ്ക്കുക മാത്രമല്ല, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായി കണക്കാക്കപ്പെടുന്ന തൊഴിൽ വിപണിയിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നാണ് വിലയിരുത്തൽ. പ്യൂ റിസർച്ച് സെന്ററിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച്, 2025 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ കുടിയേറ്റ ജനസംഖ്യയിൽ ഏകദേശം 1.5 ദശലക്ഷം (15 ലക്ഷം) കുറവുണ്ടായി. വർഷത്തിന്റെ തുടക്കത്തിൽ യുഎസിലെ കുടിയേറ്റക്കാരുടെ എണ്ണം 53.3 ദശലക്ഷമായിരുന്നെങ്കിൽ, ജൂൺ ആയപ്പോഴേക്കും അത് 51.9 ദശലക്ഷമായി കുറഞ്ഞു. ഈ മാറ്റം നാടകീയമാണെന്നും കുടിയേറ്റ ചരിത്രത്തിൽ അസാധാരണമായി കണക്കാക്കുമെന്നും പ്യൂവിന്റെ മുതിർന്ന ജനസംഖ്യാശാസ്ത്രജ്ഞൻ ജെഫ്രി പാസൽ പറഞ്ഞു. കുടിയേറ്റ ജനസംഖ്യയിലെ കുറവ് തൊഴിലിനെ നേരിട്ട് ബാധിച്ചിട്ടുണ്ട്. തൊഴിൽ ശക്തിയിൽ 7.5 ലക്ഷത്തിലധികം ജീവനക്കാരുടെ കുറവുണ്ടെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. അമേരിക്കൻ ജനസംഖ്യയിൽ ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരുടെ എണ്ണം നിശ്ചലമായതായി പാസൽ വിശ്വസിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ, തൊഴിൽ ശക്തി വർദ്ധിപ്പിക്കുന്നതിനുള്ള ഏക മാർഗം പുതിയ കുടിയേറ്റക്കാരുടെ വരവാണ്. തൊഴിൽ ശക്തി വർദ്ധിക്കുന്നില്ലെങ്കിൽ, സമ്പദ്‌വ്യവസ്ഥയിൽ സമ്മർദ്ദം വർദ്ധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

### ലക്ഷ്യം അധികാരം നിലനിർത്തുക

നിയമപരമായി വീണ്ടും മത്സരിക്കാൻ കഴിയില്ല എന്നതിനാൽ, അധികാരം നിലനിർത്തുന്നതിന് വേണ്ടിയുള്ള പോരാട്ടത്തിലാണ് നിലവിൽ ട്രംപുള്ളത്. അതിന്റെ ഭാഗമായി തന്നെ കോൺഗ്രസിന്റെ നിയന്ത്രണം നഷ്ടപ്പെടാതിരിക്കാൻ തീവ്രമായി ശ്രമിക്കുകയാണ് ട്രംപ്. അടുത്ത വർഷത്തെ ഇടക്കാല തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നിലനിർത്താൻ, സംസ്ഥാന നേതാക്കളോട് കോൺഗ്രസ് ഡിസ്ട്രിക്ടുകൾ പുനക്രമീകരിക്കാൻ ട്രംപ് സമ്മർദ്ദം ചെലുത്തുന്നതായും റിപ്പോർട്ടുകളുണ്ട്. എന്ത് വിലകൊടുത്തും ഭൂരിപക്ഷം നിലനിർത്തണം എന്ന ട്രംപിന്റെ സാമൂഹിക മാധ്യമങ്ങളിലെ കുറിപ്പ് പോലും അതാണ് സൂചിപ്പിക്കുന്നതെന്നാണ് വിലയിരുത്തൽ. പുനക്രമീകരണത്തെ പിന്തുണയ്ക്കാത്ത നിയമനിർമ്മാതാക്കൾക്കെതിരെ എതിർ സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുമെന്നുള്ള ഭീഷണിയും നിലനില്പിനെക്കുറിച്ചോർത്ത് ട്രംപ് എത്രമാത്രം ആകുലപ്പെടുന്നുണ്ട് എന്നത് വ്യക്തമാക്കുന്നു. ട്രംപിന്റെ ഏറ്റവും അടുത്ത അനുയായി ആയിരുന്ന മാർജോറി ടെയ്‌ലർ ഗ്രീനുമായുള്ള പരസ്യമായ അഭിപ്രായ വ്യത്യാസം പോലുള്ള സംഭവങ്ങളും, സ്വന്തം പാർട്ടിക്കുള്ളിൽപ്പോലും ട്രംപിന്റെ അധികാരം ചോദ്യം ചെയ്യപ്പെടുന്നു എന്നതിന്റെ കൃത്യമായ സൂചനയാണ് നൽകുന്നത്.

### ആധിപത്യം സ്ഥാപിക്കാൻ കടുത്ത വെല്ലുവിളി

ട്രംപിന്റെ തീവ്രമായ ഭരണശൈലി രണ്ടാം ടേമിലും ആധിപത്യം സ്ഥാപിക്കാൻ സഹായകമായെങ്കിലും സാമ്പത്തിക യാഥാർത്ഥ്യങ്ങളും രാഷ്ട്രീയ വിമതരും അദ്ദേഹത്തിന് കടുത്ത വെല്ലുവിളികളാണ് ഉയർത്തുന്നത്. പണപ്പെരുപ്പവും, എപ്സ്റ്റീൻ ഫയലുകൾ പുറത്തുവിടാനുള്ള സമ്മർദ്ദവും, റിപ്പബ്ലിക്കൻ പാർട്ടിക്കുള്ളിൽ ഒരു പ്രതിരോധം ട്രംപിനെതിരെ വളർന്നുവരുന്നു എന്നതിന്റെ സൂചനയാണ്. കോൺഗ്രസിന്റെ നിയന്ത്രണം റിപ്പബ്ലിക്കന്മാർക്ക് നഷ്ടപ്പെട്ടാൽ, അത് ട്രംപിന്റെ അജണ്ടയെ തടസ്സപ്പെടുത്തുകയും ഭരണകൂടത്തിനെതിരെ കൂടുതൽ അന്വേഷണങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. എപ്സ്റ്റീൻ ഫയലുകൾ പുറത്തുവന്നാലും സ്ഥിതി മറിച്ചാകില്ല എന്നാണ് സൂചന. തന്റെ മുൻഗാമികൾ കാണിക്കാത്ത രീതിയിൽ അധികാരം പ്രയോഗിച്ച് ഫെഡറൽ ഭരണകൂടത്തെ അഴിച്ചുപണിത അദ്ദേഹം, ഇപ്പോൾ നേരിടുന്നത് കേവലം രാഷ്ട്രീയ എതിരാളികളെ മാത്രമല്ല. വിലക്കയറ്റവും സ്വന്തം പാർട്ടിക്കുള്ളിലെ ധാർമ്മിക ചോദ്യങ്ങളും ട്രംപിന്റെ രാഷ്ട്രീയ സ്വാധീനത്തെ തന്നെ ചോദ്യം ചെയ്യുകയാണെന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. അടുത്ത വർഷത്തെ ഇടക്കാല തിരഞ്ഞെടുപ്പുകൾ ട്രംപിന്റെ ബാക്കിയുള്ള ഭരണകാലത്തിന്റെ ഗതി നിർണ്ണയിക്കുമെന്നാണ് വിലയിരുത്തൽ.

എന്തായാലും ട്രംപിന്റെ രണ്ടാം ടേം ഉയർന്നുവരുന്ന ആഭ്യന്തര വിമത ശബ്ദങ്ങൾക്കും ജനങ്ങളുടെ സാമ്പത്തിക പ്രതിഷേധങ്ങൾക്കും മുന്നിൽ ട്രംപ് നടത്തുന്ന നിലനിൽപ്പിനായുള്ള പോരാട്ടത്തിന്റെ ചിത്രമാണ് നൽകുന്നത്. അടുത്ത വോട്ടെടുപ്പ് ഫലങ്ങൾ, ഈ കൊടുങ്കാറ്റിൽ ട്രംപിന് എത്രത്തോളം പിടിച്ചുനിൽക്കാൻ കഴിയും എന്ന് തെളിയിക്കുന്നതായിരിക്കും.

# ഉക്രെയ്ൻ സമാധാനത്തിന് പുതിയ പാക്കേജ്

(ഒന്നാം പേജ് തുടർച്ച)

രഹിത മേഖലയായി പ്രഖ്യാപിക്കുമെന്നും പാക്കേജിൽ പറയുന്നു. കൂടാതെ, കെർസണിലെയും സപോരിഷിയയിലെയും നിലവിലെ നിയന്ത്രണ രേഖകൾ മിക്കവാറും മരവിപ്പിക്കപ്പെടും. ഇതിനർത്ഥം, യുദ്ധം അവസാനിപ്പിക്കാനായി ഉക്രെയ്ൻ ചില പ്രധാന വിട്ടുവീഴ്ചകൾക്ക് തയ്യാറാവേണ്ടിവരുമെന്നാണ്. ഉക്രെയ്ൻ സൈന്യത്തിന്റെ ശേഷി പകുതിയായി കുറയ്ക്കുന്നതും ദീർഘദൂര പാശ്ചാത്യ ആയുധങ്ങൾ കൈവശം വെക്കുന്നത് ഉപേക്ഷിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. ഈ റിപ്പോർട്ടുകൾ പുറത്തുവന്നതിന് പിന്നാലെ, യുഎസ് ആർമി സെക്രട്ടറി ഡാൻ ഡ്രിസ്കോളിന്റെ നേതൃത്വത്തിലുള്ള പ്രതിരോധ ഉദ്യോഗസ്ഥരുടെ ഉന്നതതല സംഘം കീവിൽ എത്തിയിട്ടുണ്ട്. സമാധാന ചർച്ചകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സൈനിക സാങ്കേതിക വിദ്യകൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് ഈ സന്ദർശനം. സെലെൻസ്കിയുമായി ഡ്രിസ്കോൾ ചർച്ച നടത്തുമെന്നും സൂചനയുണ്ട്. നേരത്തെ, തുർക്കി പ്രസിഡന്റ് തയ്യിപ് എർദോഗനുമായി കൂടിക്കാഴ്ച നടത്തിയ ശേഷം സെലെൻസ്കി ഉക്രെയ്നിലേക്ക് മടങ്ങിയെത്തിയതിന് പിന്നാലെയാണ് അമേരിക്കൻ സംഘത്തിന്റെ ഈ നിർണ്ണായക നീക്കം. അതേസമയം, സമാധാന പാക്കേജിനെക്കുറിച്ച് റഷ്യയോ അമേരിക്കയോ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. ഈ നിർദ്ദേശങ്ങൾ റഷ്യക്ക് അനുകൂലമാണെന്നും ഉക്രെയ്ന്റെ പരമാധികാരം ഇല്ലാതാക്കുന്നതിന് തുല്യമാണെന്നും ചില ഉക്രേനിയൻ ഉദ്യോഗസ്ഥർ പ്രതികരിച്ചതായും റിപ്പോർട്ടുകളുണ്ട്.





**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#092425

**SEEKING BRIDEGROOM**

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#100825

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#110525

**ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847 – 648 – 3300**

#100125

**ബേബി സിറ്ററെ ആവശ്യമുണ്ട്**


**ഡസ്‌പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773 – 679 – 5526,**
**ആൽബി 773 – 396 – 0535**

#091725


## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ജസ്റ്റിൻ**

#051125


**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786 – 868 – 7192, 786 – 825 – 5748**

#110525

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773 – 888 – 2242
1 773 – 842 – 9149
1 773 – 888 – 2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


## ഫാദർ ഗീവറുഗീസ് ജേക്കബ് ചാലശ്ശേരി വൈദീക സെക്രട്ടറി



വിർജീനിയ: നോർത്ത് അമേരിക്കൻ മലങ്കര അതിഭദ്രാസന വൈദീക അസോസിയേഷൻ സെക്രട്ടറിയായി റവ. ഫാദർ ഗീവറുഗീസ് ജേക്കബ് ചാലിശ്ശേരി തിരഞ്ഞെടുക്കപ്പെട്ടു. യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 36ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് വിർജീനിയയിൽ വച്ച് നടന്ന വൈദീക യോഗത്തിൽ വച്ചാണ് അച്ചനെ തിരഞ്ഞെടുത്തത്. ന്യൂജേഴ്സി, വാണാക്യൂ സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് പള്ളി വികാരി കൂടിയാണ് അദ്ദേഹം. അമേരിക്കൻ അതിഭദ്രാസന സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, കൗൺസിൽ അംഗം എന്നീ നിലകളിൽ അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്.അച്ചന് ലഭിച്ച പുതിയ നിയോഗം ആണ് വൈദീക സെക്രട്ടറി പദവി. വന്ദ്യ ഗീവറുഗീസ് ചട്ടത്തിൽ കോറെപ്പിസ്കോപ്പ, റവ. ഫാദർ ആകാശ് പോൾ, റവ. ഫാദർ എബി മാത്യു, റവ. ഫാദർ ഷെറിൽ മത്തായി, റവ. ഫാ. മാർട്ടിൻ ബാബു എന്നിവരാണ് പുതിയ വൈദീക കൗൺസിൽ അംഗങ്ങൾ.

തൃശ്ശൂർ ഭദ്രാസനത്തിലെ ചാലിശ്ശേരി പള്ളി ഇടവാംഗമായ ഗീവറുഗീസ് അച്ചൻ ബാഹ്യ കേരള ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി അമേരിക്കൻ ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്തു വരുന്നു. തൃശൂർ ഭദ്രാസനത്തിലെ സീനിയർ വൈദീകനായ വന്ദ്യ ജേക്കബ് ചാലിശ്ശേരിൽ കോറെപ്പിസ്കോപ്പ അച്ചന്റ പുത്രനാണ് ഗീവറുഗീസ് അച്ചൻ. അച്ചന്റെ ബസ്കിയാമ്മ ഷീജ ഗീവറുഗീസ്, അങ്കമാലി ഭദ്രാസനത്തിലെ ദിവംഗതനായ കൈപ്രമ്പാട്ട് വന്ദ്യ ഏലിയാസ് കോറെപ്പിസ്കോപ്പായുടെ പുത്രിയാണ്. അബിൻ, അജിൻ, ആരൺ എന്നിവർ മക്കളാണ്.

◗ *വർഗീസ് പാലമലയിൽ*

## മാപ്പ് തെരഞ്ഞെടുപ്പ് 2025 ഡിസംബർ 7 ഞായറാഴ്ച



ഫിലഡൽഫിയ: മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലഡൽഫിയായുടെ (MAP) 2026 ലെ ഭരണ സമിതിക്കുവേണ്ടിയുള്ള തിരഞ്ഞെടുപ്പ്, 2025 ഡിസംബർ 7 ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകിട്ട് 5മണി വരെ കാസ്റ്റർ അവന്യുവിലുള്ള മാപ്പ് ബിൽഡിംഗിൽവച്ച് നടത്തപ്പെടുന്നു. (7733 Castor Ave #3615, Philadelphia, PA 19152)

ലൈഫ് ലോംഗ് മെമ്പർഷിപ്പ് നേടിയിട്ടുള്ള ആജീവനാന്ത അംഗങ്ങൾക്കും, അസോസിയേഷനുമായി ബന്ധപ്പെട്ട കുടിശ്ശികകൾ അടച്ചു തീർത്ത സ്ഥിര അംഗങ്ങൾക്കും മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. മാപ്പിൽ അംഗത്വം നേടിയിട്ടുള്ളവർ, അവരുടെ അംഗത്വ പുതുക്കലുകൾ 2025 നവംബർ 22ന് മുമ്പായി ചെയ്തു തീർക്കേണ്ടതാണ്. 2024ൽ സജീവ അംഗത്വം നേടിയ അംഗങ്ങൾക്ക് മാത്രമേ 2025ലേക്ക് അംഗത്വം പുതുക്കാനുള്ള അർഹതയുണ്ടായിരിക്കുകയുള്ളു എന്നത് പ്രത്യേകം ഓർപ്പിക്കുന്നു.

വിവിധ പൊസിഷനിലേക്കുള്ള നാമനിദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 22, 2025 ശനിയാഴ്ച വൈകിട്ട് 5:00 മണി വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

നോമിനേഷനുകൾ പിൻവലിക്കാനുള്ള അവസാന തീയതി: ഡിസംബർ 4, 2025 വൈകിട്ട് 5മണി. എല്ലാ നാമനിദ്ദേശങ്ങളും തിരഞ്ഞെടുപ്പ് ഓഫീസർ ബിനു ജോസഫ് 267-235-4345, അസിസ്റ്റന്റ് ഇലക്ഷൻ ഓഫീസർമാരായ അനു സ്കറിയ 267-496-2423, തോമസ് ചാണ്ടി 201-446-5027 ഇവരിൽ ആരുടെയെങ്കിലും പക്കൽ സമർപ്പിക്കേണ്ടതാണ് എന്ന് മാപ്പ് പ്രസിഡന്റ് ബെൻസൺ വർഗീസ് പണിക്കർ, സെക്രട്ടറി ലിജോ പി ജോർജ്ജ്, ട്രഷറർ ജോസഫ് കുരുവിള (സാജൻ) എന്നിവർ അറിയിച്ചു.

◗ *റോജീഷ് സാം സാമുവൽ*



# ഡിട്രോയിറ്റിൽ സീറോ മലബാർ കൺവെൻഷൻ കിക്കോഫ് വിജയകരം

ഷിക്കഗോ: 2026 ജൂലൈ 9 മുതൽ 12 വരെ ഷിക്കഗോയിലെ ചരിത്രപ്രശസ്തമായ മക്കോർമിക് പ്ലേസിൽ നടക്കുന്ന സീറോ മലബാർ കൺവെൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഡിട്രോയിറ്റിലെ സെന്റ് തോമസ് പള്ളിയിൽ നവംബർ 16ന് നടത്തുകയുണ്ടായി. കൺവെൻഷൻ രജിസ്ട്രേഷൻ കിക്കോഫിനായി കത്തീഡ്രൽ ഇടവക അസിസ്റ്റന്റ് വികാരി ഫാ: യൂജിൻ ജോസഫിനോടൊപ്പം പബ്ലിസിറ്റി & മാർക്കറ്റിംഗ് ചെയർ സജി വർഗീസ്, കോർഡിനേറ്റർമാരായ സന്തോഷ് കാട്ടൂക്കാരൻ, ജിതേഷ് ചുങ്കത്ത്, റോമിയോ കാട്ടൂക്കാരൻ, ബിജോയ് തോമസ്, എന്നിവരും എത്തിയിരുന്നു. ഫാ: യൂജിൻ ഏവരെയും കൺവെൻഷനിൽ പങ്കുചേരുവാനായി ക്ഷണിച്ചു.

കൺവെൻഷന്റെ ഇടവകയിൽ നിന്നുള്ള പ്രതിനിധികളായ ബൈജി ജോസഫ്, കുഞ്ഞച്ചൻ മണലേൽ, സൈജൻ കണിയോടിക്കൽ, ബ്രിജിഡ് ജേക്കബ്, ആൻ മസ്കരേനാസ്, ട്രസ്റ്റിമാരായ ജോസ് ഫിലിപ്പ്, ജയ്മോൻ ജേക്കബ്, ക്രിസ് മൂഴയിൽ എന്നിവർ എന്നിവർ കിക്കോഫ് മനോഹരം ആക്കുവാൻ നേതൃത്വം നൽകി. സജി വർഗീസ് കൺവെൻഷന്റെ വിവിധ വശങ്ങളെ കുറിച്ച് പ്രതിപാദിച്ചു. കൺവെൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരി ഫാ. വിൽസൺ കണ്ടങ്കരി ഉറപ്പുനൽകി.

കൺവെൻഷനൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. നാല് ദിവസങ്ങളിലായി നടത്തുന്ന ഈ കൺവെൻഷനിൽ ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ധർ നയിക്കുന്ന ക്ലാസുകളും, ബിസിനസ് മീറ്റുകളും വിവിധ സംഘടനകളുടെ കൂട്ടായ്മകളും.

നാളിതുവരെ ഇടവകയെ നയിച്ചവർക്കുള്ള ആദരവും, വൈവിധ്യമാർന്ന കലാപരിപാടികളും യുവജനങ്ങൾക്കുള്ള പ്രത്യേക പരിപാടികളും ഒരുക്കിയിരിക്കുന്നു.

ഡിട്രോയിറ്റ് ഇടവകയിലെ വികാരിയച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. ഇരുപതിൽപരം രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവെൻഷൻ ടീമിനു കൈമാറി.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

*ബീനാ വള്ളിക്കളം*

# ഖഷോഗി വധം: മുഹമ്മദ് ബിൻ സൽമാന് ട്രംപിന്റെ ക്ലീൻ ചിറ്റ്



വാഷിംഗ്ടൺ ഡി സി: സൗദി-യു.എസ് ബന്ധം വഷളാക്കിയ ഖഷോഗി വധത്തെക്കുറിച്ച് സൗദി ഭരണാധികാരി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരന് ഒന്നുമറിയില്ലായിരുന്നുവെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനം. മുഹമ്മദ് ബിൻ സൽമാന് വൈറ്റ്ഹൗസിൽ ഊഷ്മള സ്വീകരണം നൽകി കൂടിക്കാഴ്ച നടത്തിയശേഷം സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ട്രംപ്. ഖഷോഗിവധം വേദനാജനകമായ സംഭവമായിരുന്നുവെന്നു മുഹമ്മദ് ബിൻ സൽമാൻ പറഞ്ഞു. പക്ഷേ വിഷയത്തിൽ സൗദി സർക്കാർ ശരിയായ നടപടികളെല്ലാം ചെയ്തു. അങ്ങനെയൊരു സംഭവം ആവർത്തിക്കാതിരിക്കാനായായി സൗദിയിലെ സംവിധാനങ്ങൾ പരിഷ്കരിച്ചു. ഖഷോഗി സംഭവം വേദനയുളവാക്കുന്ന വലിയ തെറ്റായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സൗദി ഭരണകൂടത്തിന്റെ നിശിത വിമർശകനായിരുന്ന ജമാൽ ഖഷോഗി 2018ൽ തുർക്കിയിലെ ഇസ്താംബൂളിലുള്ള സൗദി കോൺസുലേറ്റിൽ കൊല്ലപ്പെടുകയായിരുന്നു. സൗദിയിൽനിന്നെത്തിയ സംഘമാണു കൊല നടത്തിയത്. മൃതദേഹം കണ്ടെത്താനാവാത്തവിധം നശിപ്പിച്ചു കളഞ്ഞതായാണ് നിഗമനം.

മുഹമ്മദ് ബിൻ സൽമാന്റെ ഉത്തരവു പ്രകാരമാണ് ഖഷോഗിവധം നടന്നതെന്ന് യു.എസ് ഇന്റലിജൻസ് ഏജൻസികൾ കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് മുൻ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനും മറ്റു പാശ്ചാത്യ ശക്തികളും മുഹമ്മദ് ബിൻ സൽമാനെ ഒറ്റപ്പെടുത്തുകയും ചെയ്തിരുന്നു.

# ചൈനയിൽനിന്ന് ഏറ്റവും കൂടുതൽ വായ്പ സ്വീകരിക്കുന്ന രാജ്യമായി അമേരിക്ക



വാഷിംഗ്ടൺ ഡിസി: കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ആഗോളതലത്തിൽ ചൈനയിൽനിന്ന് ഏറ്റവും കൂടുതൽ വായ്പ സ്വീകരിക്കുന്ന രാജ്യങ്ങളിലൊന്നായി അമേരിക്ക. ചൈനയിൽ നിന്ന് 2000–2023 കാലയളവിൽ 20,000 കോടി ഡോളറിലേറെ (18 ലക്ഷം കോടിയോളം രൂപ) വായ്പ സ്വീകരിച്ചതായാണ് റിപ്പോർട്ട്. ഇക്കാലയളവിൽ 2.2 ലക്ഷം കോടി ഡോളറിന്റെ വായ്പയാണ് ചൈന ലോകമാകമാനം നൽകിയത്.

ചൈനയിൽ നിന്ന് വായ്പയെടുക്കുന്നതിൽ മറ്റുരാജ്യങ്ങളെ വിലക്കുന്ന അമേരിക്കയുടെ ഇരട്ടത്താപ്പാണ് റിപ്പോർട്ടിലൂടെ വ്യക്തമാകുന്നതെന്ന് വിദഗ്ധർ പറയുന്നു. യു.എസിലെ വില്യം ആൻഡ് മേരി സർവകലാശാലയിലെ ഗവേഷണ ലാബായ എയ്ഡ്ഡേറ്റ പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. ടെക്സസിലെയും ലൂയിസിയാനയിലെയും എൽ.എൻ.ജി പദ്ധതികൾ, വിവിധ വിമാനത്താവളങ്ങളുടെ വികസനം തുടങ്ങിയവയ്ക്കെല്ലാം ചൈനീസ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നാണ് അമേരിക്കൻ സ്ഥാപനങ്ങൾ വായ്പയെടുത്തതായി റിപ്പോർട്ടിൽ പറയുന്നത്.

2000 നും 2023 നും ഇടയിൽ 200 ലധികം രാജ്യങ്ങളിലായി 2.2 ട്രില്യൺ ഡോളറിന്റെ സഹായം ചൈന നൽകി. ചൈനീസ് ധനസഹായം വികസ്വര രാജ്യങ്ങളിലേക്ക് ഒഴുകിയെത്തിയിട്ടുണ്ടെന്ന പൊതു അനുമാനത്തിന് വിരുദ്ധമാണ് റിപ്പോർട്ട്.

# 'ബുദ്ധിമാന്മാരായ ആളുകളുടെ ഒഴികെയുള്ള അംഗീകാര റേറ്റിംഗുകൾ തനിക്ക് കുറഞ്ഞു': ഡൊണാൾഡ് ട്രംപ്

വാഷിംഗ്ടൺ: തന്റെ അംഗീകാര റേറ്റിംഗുകൾ കുറഞ്ഞെന്ന് സമ്മതിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഉയർന്ന ജീവിതച്ചെലവ് കൈകാര്യം ചെയ്യുന്നതിലും, ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീനെക്കുറിച്ചുള്ള അന്വേഷണത്തിലും സമ്മർദ്ദത്തിലായ ട്രംപ്, സൗദി അറേബ്യയിലെ ബിസിനസ്സ് നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും മുമ്പാകെ നടത്തിയ പ്രസംഗത്തിൽ തന്റെ രാഷ്ട്രീയ അടിത്തറയിലെ ബുദ്ധിമുട്ടുകളെക്കുറിച്ച് സൂചിപ്പിച്ചിരുന്നു.

അദ്ദേഹത്തിന്റെ അംഗീകാര റേറ്റിംഗ് 38% ആയി കുറഞ്ഞു, അദ്ദേഹം അധികാരത്തിൽ തിരിച്ചെത്തിയതിന് ശേഷമുള്ള ഏറ്റവും താഴ്ന്ന നിലയിലാണെന്ന് റോയിട്ടേഴ്സും ഇപ്സോസും ചേർന്ന് നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ കണ്ടെത്തിയിരുന്നു.

'അപ്പോൾ വോട്ടെടുപ്പിൽ എന്നെ അനുകൂലിക്കുന്നവരുടെ എണ്ണം കുറഞ്ഞു, പക്ഷേ ബുദ്ധിമാനായ ആളുകളുമായി തട്ടിച്ച് നോക്കുമ്പോൾ എണ്ണം വളരെയധികം ഉയർന്നു നിൽക്കുന്നു,' എന്നായിരുന്നു അദ്ദേഹം വാഷിംഗ്ടണിൽ പറഞ്ഞത്.

ട്രംപിന്റെ പ്രസ്താവനയിൽ, നിർണായക വ്യവസായങ്ങൾ ആഭ്യന്തരമായി വികസിപ്പിക്കാൻ സഹായിക്കുന്നതിന് ചില വൈദഗ്ധ്യമുള്ള വിദേശ തൊഴിലാളികൾ ആവശ്യമായി വരുമെന്ന അദ്ദേഹത്തിന്റെ വീക്ഷണത്തോട് ചില യാഥാസ്ഥിതിക സഖ്യകക്ഷികളിൽ നിന്ന് വിയോജിപ്പ് ഉണ്ടായത് അദ്ദേഹത്തിന് തിരിച്ചടിയായി എന്നാണ്.

ചില യാഥാസ്ഥിതികർ കുടിയേറ്റം യുഎസ് പൗരന്മാരിൽ നിന്ന് ജോലികൾ എടുത്തുകളയുന്നതിനും, അവരുടെ വേതനം അടിച്ചമർത്തുന്നതിനും, നൂതന ഉൽപ്പാദനം ഉൾപ്പെടെയുള്ള അതിവേഗം വളരുന്ന വ്യവസായങ്ങളിൽ മത്സരിക്കാനുള്ള കഴിവ് അമേരിക്കക്കാർക്ക് നിഷേധിക്കുന്നതിനും കാരണമാകുന്നു എന്ന് കുറ്റപ്പെടുത്തുന്നു.

പൊതുവെ ഇമിഗ്രേഷൻ കടുത്ത നിലപാടുള്ള ട്രംപ്, വിദേശ തൊഴിലാളികൾ അമേരിക്കൻ തൊഴിലാളികളെ ആ വ്യവസായങ്ങളിലെ ജോലികൾക്കായി പരിശീലിപ്പിക്കാൻ സഹായിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.



# സൗദി ഇനി സഖ്യകക്ഷി, അമേരിക്കയുടെ സുപ്രധാന പ്രഖ്യാപനം അറിയാം



സൗദി കിരീടവകാശി മുഹമ്മദ് ബിൻ സൽമാന്റെ അമേരിക്കൻ സന്ദർശനത്തിനിടെ സുപ്രധാന പ്രഖ്യാപനം നടത്തിയിരിക്കുകയാണ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഗംഭീര ചടങ്ങിനൊപ്പം അത്താഴ വിരുന്നും ട്രംപ് സംഘടിപ്പിച്ചിരുന്നു. സൗദി അറേബ്യയെ പ്രധാന നാറ്റോ ഇതര സഖ്യകക്ഷിയായി പ്രഖ്യാപിച്ചിരിക്കുകയാണ് അമേരിക്ക.

അമേരിക്ക നാറ്റോ ഇതര സഖ്യകക്ഷിയായി പ്രഖ്യാപിച്ച രാജ്യങ്ങൾ 19 എണ്ണമാണ്. ഇപ്പോൾ സൗദി അറേബ്യ 20ാം രാജ്യമായി മാറിയിരിക്കുകയാണ്. ഈ ഗണത്തിൽ അമേരിക്ക ഉൾപ്പെടുത്തുന്ന രാജ്യങ്ങൾക്ക് ഒട്ടേറെ ഇളവുകൾ ലഭിക്കും. പ്രധാനമായും സാമ്പത്തിക, സൈനിക, ഗവേഷണ രംഗങ്ങളിലാണ് ഇളവുകൾ നൽകുക. കോടികളുടെ കരാറാണ് സൗദി കിരീടവകാശിയുമായി അമേരിക്ക ഒപ്പുവച്ചത്. സൗദിയെ പ്രധാന നാറ്റോ ഇതര സഖ്യകക്ഷിയായി പ്രഖ്യാപിക്കുകയാണ് എന്ന് ട്രംപ് അത്താഴ വിരുന്നിനിടെയാണ് പറഞ്ഞത്. അമേരിക്കയുടെ അത്യാധുനിക സൈനിക ഉപകരണങ്ങൾ വാങ്ങാൻ ഇനി സൗദി അറേബ്യയ്ക്ക് മറ്റ് തടസങ്ങളുണ്ടാകില്ല. ഇരുരാജ്യങ്ങളും വിവിധമേഖലകളിൽ സംയുക്ത ഗവേഷണം നടത്തുമെന്നാണ് വിവരം.

### മറ്റു രാജ്യങ്ങളെ അറിയാം

നാറ്റോ ഇതര സഖ്യരാജ്യമായി അമേരിക്ക നേരത്തെ ഗൾഫ് മേഖലയിൽ നിന്ന് മൂന്ന് രാജ്യങ്ങളെയാണ് പ്രഖ്യാപിച്ചിരുന്നത്. ഖത്തർ, ബഹ്റൈൻ, കുവൈറ്റ് എന്നി രാജ്യങ്ങളാണത്. ഇപ്പോൾ സൗദി അറേബ്യ കൂടി ഈ ഗണത്തിലേക്ക് വരികയാണ്. ഇസ്രായേൽ, അർജന്റീന, ഓസ്ട്രേലിയ, ബ്രസീൽ, ഈജിപ്റ്റ്, ജപ്പാൻ, ജോർദാൻ, കെനിയ, മൊറോക്കോ, ന്യൂസിലാന്റ്, പാകിസ്ഥാൻ, ഫിലിപ്പീൻസ്, ദക്ഷിണ കൊറിയ, തായ്‌ലാന്റ്, ടുണീഷ്യ എന്നീ രാജ്യങ്ങൾക്കും അമേരിക്ക ഈ പദവി നൽകിയിട്ടുണ്ട്. പരിപാടിയിൽ ഇലോൺ മസ്ക്, ക്രിസ്റ്റിയാനോ റൊണാൾഡോ, ആപ്പിൽ സിഇഒ ടിം കുക്ക്, ഫിഫ പ്രസിഡന്റ് ഗിയന്നി ഇൻഫാന്റിനോ തുടങ്ങിയവരെല്ലാം സംബന്ധിച്ചു. സിറ്റി ഗ്രൂപ്പിന്റെ ജെയ്ൻ ഫ്രാസർ, എൻവിഡിയയുടെ ജെൻസൺ ഹുവാങ്, ബിൻ അക്മാൻ തുടങ്ങിയ പ്രമുഖരും ഉണ്ടായിരുന്നു.

### എഫ്–35 യുദ്ധ വിമാനം നൽകും

സൗദിയ്ക്ക് എഫ്35 യുദ്ധ വിമാനം വിൽക്കാൻ അമേരിക്ക തയ്യാറായിട്ടുണ്ട്. പശ്ചിമേഷ്യയിൽ ഇസ്രായേലിനും ഈ യുദ്ധവിമാനം അമേരിക്ക കൈമാറിയിരുന്നു. സൗദി അറേബ്യയ്ക്ക് എഫ്–35 നൽകുന്നതിൽ ഇസ്രായേലിന് എതിർപ്പുണ്ട്. ഇസ്രായേൽ സൈന്യം ഇക്കാര്യം പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. സൗദിയുടെ ആണവ പദ്ധതിക്ക് അമേരിക്ക സഹായം നൽകിയേക്കും. അടുത്തിടെ സൗദി അറേബ്യ പാകിസ്ഥാനുമായി സൈനിക കരാർ ഉണ്ടാക്കിയിരുന്നു. ഇരുരാജ്യങ്ങളെയും മൂന്നാമതൊരു രാജ്യം ആക്രമിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെയായിരുന്നു കരാർ. ഏതെങ്കിലും ഒരു രാജ്യത്തെ ആക്രമിച്ചാൽ ഇരു രാജ്യങ്ങളെയും ആക്രമിച്ചതായി കണക്കാക്കി ഇടപെടാമെന്നും കരാർ വ്യക്തമാക്കുന്നു. ഖത്തറിൽ ഇസ്രായേൽ സൈന്യം ആക്രമണം നടത്തിയവേളയിലാണ് സൗദിയും പാകിസ്ഥാനും കരാർ ഒപ്പുവച്ചത്. അതിന് പുറമെയാണ് അമേരിക്ക നാറ്റോ ഇതര സഖ്യരാജ്യമായി സൗദിയെ തിരഞ്ഞെടുത്തിരിക്കുന്നത്.

### അർദ്ധ സഖ്യകക്ഷികൾ

ഒരു സഖ്യകക്ഷി എന്നത് ഒരു രാഷ്ട്രം ഉടമ്പടിയിലൂടെയോ അല്ലെങ്കിൽലോകമഹായുദ്ധങ്ങളിലെ സഖ്യശക്തികളെപ്പോലെ ഒരു യുദ്ധത്തിൽ അവർക്കൊപ്പം പോരാടുന്ന ഒന്നിലൂടെയോ പ്രതിരോധിക്കാൻ ഔപചാരിക പ്രതിരോധ പ്രതിബദ്ധത പുലർത്തുന്ന ഒരു രാഷ്ട്രമാണ്. ഈ നിർവചനം അനുസരിച്ച്, ലോകത്തിലെ നാലിലൊന്നിൽ കൂടുതൽ രാജ്യങ്ങളുമായി യുണൈറ്റഡ് സ്റ്റേറ്റ്സ് സഖ്യത്തിലാണ്. യുദ്ധങ്ങൾ നടത്താൻ ഉപയോഗിക്കുന്ന താൽക്കാലിക സഖ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഇത്രയധികം സഖ്യകക്ഷികൾ ഉള്ളതിൽ, പ്രത്യേകിച്ച് സ്ഥിരമായ സഖ്യങ്ങൾ നിലനിർത്തുന്നതിൽ ചില പ്രശ്നങ്ങളും ഉണ്ട്. 'അർദ്ധ സഖ്യകക്ഷികൾ' എന്ന് വിളിക്കുന്ന അവ്യക്തമായ അവസ്ഥയിലേക്ക് സംസ്ഥാനങ്ങളെ മാറ്റുന്നത്അമേരിക്കയ്ക്കുംആ സംസ്ഥാനങ്ങൾക്കും അപകടകരമാണ്. യുഎസ് നേതാക്കൾക്ക് ഔദ്യോഗിക പ്രതിബദ്ധതയോ ഉദ്ദേശ്യമോ ഇല്ലാത്ത അതിലും പ്രധാനമായി, പ്രതിരോധിക്കുന്നതിൽ നിർണായക താൽപ്പര്യമില്ലാത്ത സംസ്ഥാനങ്ങളെ അവർ പ്രതിരോധിച്ചേക്കാം എന്ന് അറിയിക്കുന്നതിലൂടെ, അനാവശ്യമായ ചിലവും അപകടസാധ്യതയും ഏറ്റെടുത്ത്, അർത്ഥശൂന്യമായ യുദ്ധങ്ങൾപോലും നടത്താൻ യുഎസ് അർധസഖ്യകക്ഷികൾക്ക് സാധ്യതയുണ്ട്. സഖ്യകക്ഷികളും അവരുടെ അനിശ്ചിതാവസ്ഥ കാരണം കഷ്ടപ്പെട്ടേക്കാം അവർ കുഴപ്പത്തിൽ അകപ്പെട്ടാൽ അമേരിക്ക തങ്ങളെ രക്ഷിക്കുമെന്ന് അവർ കരുതുന്നതിനാൽ അവർ തങ്ങളുടെ അപകട സാധ്യത കുറച്ചുകാണും. യുഎസ് പിന്തുണയെ തെറ്റായി ആശ്രയിക്കുന്നതിന്റെ മറ്റൊരു അനന്തരഫലം പ്രതിരോധത്തിൽ നിക്ഷേപം കുറയ്ക്കുക എന്നതായിരിക്കാം.

### യുഎസ് സഖ്യകക്ഷികളും അർദ്ധ സഖ്യകക്ഷികളും ആരാണ്?

ഇന്ന് സജീവമായി നിലനിൽക്കുന്ന ഏഴ് പ്രതിരോധ ഉടമ്പടികളിൽ അമേരിക്ക ഒപ്പുവെക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്: റിയോ ഉടമ്പടി (1947), നാറ്റോ (1949), ഓസ്ട്രേലിയ, ന്യൂസിലൻഡ് (1951), ഫിലിപ്പീൻസ് (1951), കൊറിയ (1953), ജപ്പാൻ (1960) എന്നിവയുമായുള്ള ഉഭയകക്ഷി പ്രതിരോധ പ്രതിബദ്ധതകൾ. 2 ഈ പ്രതിബദ്ധതകളിൽ ചിലത് മറ്റുള്ളവയേക്കാൾ അർത്ഥവത്തായതാണ്. റിയോ ഉടമ്പടി ഒരുപക്ഷേ നിർജീവമായി മാറിയിരിക്കുകയാണ്. അഫ്ഗാനിസ്ഥാനിൽ നിന്ന് യുഎസ് പുറത്തുകടക്കുകയും ഇറാഖിലും സിറിയയിലും ഐസ് വിരുദ്ധപോരാട്ടം അടിസ്ഥാനപരമായി അവസാനിക്കുകയും ചെയ്തതോടെ, ഈ വിഭാഗം സഖ്യകക്ഷി ഇപ്പോൾ ശൂന്യമാണെന്ന് തന്നെ പറയാം.

## കേസിൽ ജയിച്ചിട്ടും പണം തിരികെ ലഭിക്കില്ല;

# യുവാവ് വീടിന്റെ ഗാരേജിൽ ഒളിപ്പിച്ച പണം ഇനി സർക്കാരിനെന്ന് കോടതി



2009 ഡിസംബർ 1ന്, ഒന്റാറിയോയിലെ തണ്ടർ ബേയിൽ ഒരു വീട്ടിൽ നിയമവിരുദ്ധമായ .22 കാലിബർ തോക്ക് കണ്ടെത്താനായി പോലീസ് റെയ്ഡ് നടത്തി. എന്നാൽ തോക്കിന് പകരം അവർ കണ്ടെത്തിയത് വീട്ടിന്റെ വിവിധ ഇടങ്ങളിൽ ഒളിപ്പിച്ച് വെച്ച നിലയിലുള്ള പണമായിരുന്നു. ലിവിംഗ് റൂമിലെ വെന്റിലേഷൻ പൈപ്പിൽ 15,000 കാനഡൻ ഡോളർ, ഗാരേജിലെ സ്യൂട്ട്കേസിൽ 9,750 ഡോളർ, കൂടാതെ ഗാരേജിന്റെ മണ്ണിനടിയിൽ മൂടിയിരുന്ന റബർ ടബിൽ 1.2 മില്യൺ ഡോളർ എന്നിങ്ങനെ ആണ് അവർ പണം ഒളിപ്പിച്ച രീതിയിൽ കണ്ടെത്തിയത്.

മാർസൽ ബ്രെറ്റൺ എന്ന ആൾ ആയിരുന്നു ഈ വീട് വാടകയ്ക്കെടുത്ത് താമസിച്ചിരുന്നത്. അയാൾക്ക് നേരെ ക്രിമിനൽ പ്രോസീഡ്സ് കൈവശം വച്ചത് ഉൾപ്പെടെ ഉള്ള നിരവധി കുറ്റങ്ങൾക്ക് കുറ്റപത്രം ചുമത്തി. എന്നാൽ, പണം പിടിച്ചെടുത്തത് അനധികൃത വാറന്റിന്റെ അടിസ്ഥാനത്തിലാണെന്ന് അയാളുടെ അഭിഭാഷകർ കോടതിയിൽ തെളിയിക്കുകയും തുടർന്ന് അയാൾ കേസ് ജയിക്കുകയും ചെയ്തു.

എന്നാൽ അതിനുശേഷം വലിയ ചോദ്യമുണ്ടായി, ഈ പണം തിരികെ അവനു നൽകണോ? അല്ലെങ്കിൽ സർക്കാർ പിടിച്ചുവെക്കണോ? തിങ്കളാഴ്ച, ഒന്റാറിയോ അപ്പീൽ കോടതി കീഴ് കോടതിയുടെ വിധി ശരിവെച്ചു. എന്നാൽ ബ്രെറ്റൺ കുറ്റവിമുക്തനായാലും, ഈ പണം നിയമപരമായി അവന്റേതല്ലെന്ന് തെളിയിക്കപ്പെട്ടതിനാൽ സർക്കാറിന് പിടിച്ചുവയ്ക്കാമെന്ന് കോടതി വ്യക്തമാക്കി.

'സാധാരണ ആളുകൾക്ക് ഇത്രയും വലിയ തോതിൽ പണം ഗാരേജിന് താഴെ ടബിൽ അടിച്ചുമൂടി വെക്കുന്നത് അസാധാരണമാണ്' എന്നാണ് 2023ൽ വിചാരണ നിർവഹിച്ച ജഡ്ജി കോടതിയിൽ പറഞ്ഞത്. ബ്രെറ്റൺ 2001 മുതൽ 2008 വരെ ഇൻകം ടാക്സ് വകുപ്പിൽ ഒരു വരുമാനവും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും കോടതി കണ്ടെത്തിയിരുന്നു.അതേസമയം, ലിവിംഗ് റൂമിന്റെ ഫ്ളോർ വെന്റിലേഷൻ പൈപ്പിൽ ഒളിപ്പിച്ചിരുന്ന 15,000 ഡോളർ അദ്ദേഹം വ്യക്തിപരമായി സൂക്ഷിച്ച പണമാണെന്ന് കോടതി കണ്ടെത്തി. അതിനാൽ അത് തിരികെ നൽകണമെന്ന് ഉത്തരവിട്ടു.

# സൗദിക്ക് അമേരിക്കയുടെ വക എഫ്–35 യുദ്ധ വിമാനങ്ങൾ

വാഷിംഗ്ടൺ ഡി.സി: യുഎസ്സൗദി ബന്ധത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്ന കരാറുകൾക്കാണ് സൗദി ഭരണാധികാരി മുഹമ്മദ് ബിൻ സൽമാന്റെ അമേരിക്കൻ സന്ദർശനം വഴിയൊരുക്കിയത്. സൗദിക്ക് അത്യാധുനിക എഫ്–35 യുദ്ധവിമാനങ്ങൾ നൽകാൻ അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് തീരുമാനിച്ചത് മുഹമ്മദ് ബിൻ സൽമാനുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷമാണ്. പശ്ചിമേഷ്യയിലെ സൈനികശക്തിയിൽ ഇസ്രയേൽ പുലർത്തുന്ന മേൽക്കോയ്മയ്ക്കു വെല്ലുവിളി ഉയർത്തുന്ന തീരുമാനമാണിത്. നിലവിൽ മേഖലയിൽ ഇസ്രയേലിനു മാത്രമാണ് എഫ്–35 ഉള്ളത്.

സൗദിയിൽ ആണവോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനു ചർച്ചകൾ ത്വരിതപ്പെടുത്താനും തീരുമാനമായി. മേയിൽ ട്രംപിന്റെ സൗദി സന്ദർശനവേളയിൽ യു.എസിൽ നിക്ഷേപിക്കാമെന്നു വാഗ്ദാനം ചെയ്ത 60,000 കോടി ഡോളർ ഒരു ലക്ഷം കോടി ഡോളറായി ഉയർത്തുമെന്ന് മുഹമ്മദ് ബിൻ സൽമാൻ അറിയിച്ചു.



കേരളം വാചകം

# ശബരിമല സ്പോട്ട് ബുക്കിംഗ് 5000 ആയി ചുരുക്കി ഹൈക്കോടതി

കൊച്ചി: ശബരിമലയിൽ ഭക്തജനത്തിരക്ക് അനിയന്ത്രിതമായ സാഹചര്യത്തിൽ സ്പോട്ട് ബുക്കിംഗ് ക്വാട്ട തിങ്കളാഴ്ച വരെ 5,000 ആയി കുറച്ച് ഹൈക്കോടതി. 20,000 പേരെ അനുവദിച്ചിരുന്ന സ്ഥാനത്താണിത്. തിരക്ക് സംബന്ധിച്ച് സ്പെഷ്യൽ കമ്മിഷണർ നൽകിയ റിപ്പോർട്ടിൽ സ്വമേധയാ എടുത്ത ഹർജിയിലാണ് ജസ്റ്റിസ് വി. രാജ, വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വംബെഞ്ചിന്റെ ഇടക്കാല ഉത്തരവ്.

### ഏകോപനം പാളിയെന്ന് കോടതി കുറ്റപ്പെടുത്തി

വെർചൽ ക്യൂ ബുക്കിംഗ് ക്വാട്ട തത്കാലം 70,000 ആയി തുടരും. അടുത്ത ഏതാനും ദിവസത്തെ ബുക്കിംഗ് പൂർത്തിയായ സാഹചര്യത്തിലാണിത്. വെർചൽ ക്യൂ ബുക്ക് ചെയ്ത ദിവസത്തെ ടിക്കറ്റുമായി വരുന്നവരെ മാത്രമേ പമ്പയിൽ നിന്ന് കടത്തിവിടാവൂ. ടിക്കറ്റിൽ പറയുന്ന സമയത്തിന് ആറ് മണിക്കൂർ മുമ്പ് മുതൽ പമ്പയിൽ നിന്ന് കടത്തിവിടാം. ടോക്കണിൽ പറയുന്ന സമയത്തിന് 18 മണിക്കൂറിനു ശേഷമാണ് എത്തുന്നതെങ്കിൽ കടത്തിവിടരുത്.

### മിനിട്ടിൽ 80 പേർ പതിനെട്ടാം പടി കയറണം

പോലീസ് തിടുക്കത്തിൽ പിടിച്ചു പൊക്കുന്നത് ഇഷ്ടപ്പെടാത്തവരുമുണ്ട്. ഇതെല്ലാം ഭക്തരുടെ മനസുമടുപ്പിക്കും. കാര്യക്ഷമമായ നടപടി വേണം. കാനന പാതയിലൂടെ എത്തുന്ന തീർത്ഥാടകർക്കും വനംവകുപ്പിന്റെ നിയന്ത്രണം വേണം. ഹർജി നാളെ വീണ്ടും പരിഗണിക്കും. തിരക്ക് നിയന്ത്രിക്കാൻ ശാസ്ത്രീയ സമീപനമാണ് വേണ്ടതെന്ന് ഹൈക്കോടതി പറഞ്ഞു. നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശം മേഖലകളായിതിരിച്ച് വിസ്തീർണവും ആളുകളെ ഉൾക്കൊള്ളിക്കാനുള്ള ശേഷിയും വിലയിരുത്തണം. തുടർന്ന് ചുമതലപ്പെട്ട വകുപ്പുകൾ കൂട്ടായി പരിഹാരമുണ്ടാക്കണം. വിശദാംശങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉടൻ കോടതിയെ അറിയിക്കണം.



### പറഞ്ഞതൊന്നും പാലിച്ചില്ല; ദുരന്തത്തിനിടയാക്കും

ആൾക്കൂട്ട നിയന്ത്രണവുമായി ബന്ധപ്പെട്ട് അധികൃതർ പലതും പറഞ്ഞതല്ലാതെ ഒന്നും നടന്നില്ലെന്ന് കോടതി വാക്കാൽ വിമർശിച്ചു. സാധാരണ ഉത്സവക്കമ്മിറ്റിക്കാരെ പോലെയല്ല കാര്യങ്ങൾ നടത്തേണ്ടത്. തീർത്ഥാടകരെ തിക്കിത്തിരക്കി കയറ്റുന്നതെന്തിനാണ്? ഇത് മറ്റൊരു ദുരന്തത്തിന് വഴി വയ്ക്കും. ഏകോപനം പാളിയിരിക്കുകയാണ്. ഒരുക്കങ്ങൾ ആറുമാസം മുമ്പേ തുടങ്ങേണ്ടതായിരുന്നു.

കുട്ടികളടക്കം തിരക്കിൽ വീർപ്പുമുട്ടിയാണ് ദർശനത്തിന് കാത്തുനിൽക്കുന്നത്. അരുതാത്തതൊന്നും സംഭവിക്കരുതെന്നും കോടതി ഓർമ്മിപ്പിച്ചു. പ്രാഥമിക ആവശ്യങ്ങൾക്ക് വൃത്തിയുള്ള ടോയ്‌ലെറ്റുകളുമില്ല.

രാസ കുങ്കമത്തിന്റെ വിൽപ്പന തടഞ്ഞ സാഹചര്യത്തിൽ ശുചീകരണത്തിന് കുത്തകപ്പാട്ടമെടുക്കാൻ ആളില്ല. മണിക്കൂറുകൾ വരി നിൽക്കുന്നവർക്ക് ആത്മനിയന്ത്രണം നഷ്ടപ്പെട്ടാൽ ചുറ്റിനും കാടല്ലേ, എവിടേയും പോയെന്നു വരാം.

# വൈഷ്ണയ്ക്ക് മത്സരിക്കാം, പേരുവെട്ടിയത് നിയമവിരുദ്ധം: ഇല. കമ്മിഷൻ



തിരുവനന്തപുരം: ഹൈക്കോടതി തുണയായി. തിരുവനന്തപുരം നഗരസഭ മുട്ടട വാർഡിൽ കോൺഗ്രസ് യുവതാരം വൈഷ്ണക്ക് മത്സരിക്കാം. കോടതി നിർദേശത്തെ തുടർന്ന് ഹീയറിംഗ് നടത്തിയ ഇലക്ഷൻ കമ്മിഷൻ വൈഷ്ണയുടെ പേര് വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്തത് നിയമവിരുദ്ധമെന്ന് പ്രഖ്യാപിച്ചു.

അതേസമയം, കോഴിക്കോട് കോർപ്പറേഷനിൽ മേയർ സ്ഥാനാർത്ഥിയായി യു.ഡി.എഫ് പ്രഖ്യാപിച്ച സംവിധായകൻ വി.എം.വിനുവിന്റെ ഹർജി ഹൈക്കോടതി തള്ളിയത് കോൺഗ്രസിന് ക്ഷീണമായി. കരട് പട്ടികയിൽ പേരില്ലാത്തതും, പേരു ചേർക്കാനുള്ള അവസരങ്ങൾ ഉപയോഗിക്കാതിരുന്നതുമാണ് വിനുവിന് തിരിച്ചടിയായത്. ഇക്കാര്യം ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ ചൂണ്ടിക്കാട്ടി.

വൈഷ്ണയുടെ പേര് തിരഞ്ഞെടുപ്പ് കമ്മിഷന്റെ മാർഗനിർദ്ദേശങ്ങളുടെ അന്തസത്ത ഉൾക്കൊള്ളാതെ നഗരസഭാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നീക്കം ചെയ്തതിന് യാതൊരു നീതീകരണവുമില്ലെന്ന് കമ്മിഷൻ ഉത്തരവിൽ വ്യക്തമാക്കി. വൈഷ്ണ ഹാജരാക്കിയ രേഖകൾ പരിഗണിച്ചില്ല. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതുമില്ല. അതുകൊണ്ടു തന്നെ വോട്ടർ പട്ടികയിൽ നിന്നു നീക്കം ചെയ്തത് നിയമപരമായി നിലനിൽക്കില്ല.

അതേസമയം, ഹീയറിംഗിലെ തീരുമാനം ഇലക്ഷൻ കമ്മിഷൻ ഹർജിക്കാരിയെ അറിയിക്കാതിരുന്നത് വീണ്ടും ഹൈക്കോടതി ഇടപെടലിന് ഇടയാക്കി. നാളെയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. വൈഷ്ണയുടെ അഭിഭാഷകൻ വിഷയം ഇന്നലെ ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. തീരുമാനം ഉടനടി അറിയിക്കാൻ നിർദേശിച്ചു. വിഷയം ഹൈക്കോടതിയെ അറിയിക്കാനുള്ളതുകൊണ്ടാണ് തീരുമാനം പുറത്തുവിടാതിരുന്നതെന്ന് കമ്മിഷൻ ബോധിപ്പിച്ചു. അത്തരമൊരു നിർദ്ദേശം ഉത്തരവിൽ ഇല്ലെന്ന് ഹൈക്കോടതി പറഞ്ഞതോടെ വൈഷ്ണയെ അറിയിച്ചു.













# എസ്.ഐ.ആർ ബി.എൽ.ഒമാരുടെ പരാതി പരിഹരിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് എസ്.ഐ.ആർ കൃത്യസമയത്ത് പൂർത്തിയാക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ യു.ഖേൽക്കർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഒരു ബി.എൽ.ഒയ്ക്ക് എതിരെയും ഇതുവരെ നടപടിയെടുത്തിട്ടില്ല. പൂർണ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്. അവരുടെ വിഷമങ്ങളിൽ കമ്മിഷൻ കൂടെ നിൽക്കും. പരാതികളുണ്ടെങ്കിൽ പരിഹരിക്കും. പരാതികൾ ബൂത്തുതല സൂപ്പർവൈസർക്കും കളക്ടർക്കും നൽകാം.

ഫോം പൂരിപ്പിച്ച് തിരിച്ചുവാങ്ങാനുള്ള നടപടികൾ പൂർത്തിയാക്കാൻ ഐ.ടി ഹബ്ബുകളൊരുക്കും. ഇവിടങ്ങളിൽ വോളന്റിയർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ സഹായികളായി നിയോഗിക്കും. കൂടുതൽ ബി.എൽ.എമാരെ നിയോഗിച്ച് രാഷ്ട്രീയപാർട്ടികളുടെ പരാതികൾ പരിഹരിക്കും.

സംസ്ഥാനത്ത് ഇതിനകം 97 ശതമാനം ഫോം വിതരണം പൂർത്തിയായി. ഇനി എട്ടുലക്ഷത്തോളം വോട്ടർമാർക്ക് മാത്രമാണ് ഫോം വിതരണം ചെയ്യാനുള്ളത്. ഫോം പൂരിപ്പിച്ച് വാങ്ങുന്നതിന് ഡിസംബർ നാലുവരെ സമയമുണ്ട്. അതിന് നാലോ അഞ്ചോ ദിവസം മുമ്പ് പൂരിപ്പിച്ച് വാങ്ങൽ നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ കണ്ടെത്താനും പരിഹരിക്കാനും വേണ്ടിയുള്ള മുൻകരുതലാണിത്.



ഇതുവരെ 55000 വോട്ടർമാർക്ക് ഫോം നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് റിപ്പോർട്ട് കിട്ടി. ഇവരിൽ 29000പേർ മരിച്ചപോയവരാണ്. 20000 പേർ സ്ഥലം മാറിപ്പോയി. 3800 പേർ ഇരട്ടിപ്പായിരുന്നു. ഈ വിവരം ബൂത്ത് ലെവൽ ഏജന്റുമാരുടെ യോഗം വിളിച്ച് അറിയിക്കും. ലിസ്റ്റ് കൈമാറി അഭിപ്രായങ്ങൾ ഒപ്പിട്ട് വാങ്ങി ഇലക്ഷൻ കമ്മിഷന് സമർപ്പിക്കും.

### ബി.എൽ.ഒമാർക്ക് വിമർശനം, കളക്ടറുടെ ശബ്ദസന്ദേശം പുറത്ത്

ആലപ്പുഴ: എസ്.ഐ.ആർ നടപടികളിൽ ബി.എൽ.ഒമാരെ ശാസിക്കുന്ന ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെ ശബ്ദസന്ദേശം പുറത്ത്. ബി.എൽ.ഒമാരും മറ്റ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പിലാണ് ശബ്ദസന്ദേശം. കണ്ണൂരിൽ ബി.എൽ.ഒ അനീഷ് ജോർജ് ആത്മഹത്യചെയ്യും മുമ്പുള്ളതാണിത്.

"പലരും ചടങ്ങിനുവേണ്ടി അഞ്ചോ ആറോ വീടുകളിൽ കയറി നടപടി പൂർത്തിയാക്കുന്നു. പലർക്കും യാതൊരു സീരിയസ്നെസുമില്ല. എ.ഇ.ആർ.ഒമാരും ഇ.ആർ.ഒമാരും നിർബന്ധമായും സൈറ്റുകളിൽ നേരിട്ടെത്തി പരിശോധിക്കണം. പലരും ഫീൽഡിൽ പോകുന്നില്ല. ഒരു സൂപ്പർവൈസർക്കും യാതൊരു താത്പര്യവുമില്ല. ആർക്കോ വേണ്ടി പ്രവർത്തിക്കുന്നതു പോലെയാണ്. ആലപ്പുഴ ജില്ല ഏറ്റവും മോശമായി പോകുന്നു". തുടങ്ങിയ വിമർശനങ്ങളാണ് ശബ്ദസന്ദേശത്തിൽ.

കായംകുളം, ഹരിപ്പാട് മേഖലകളിൽ പത്തോളം ബി.എൽ.ഒമാരുടെ സൈറ്റിൽ മിന്നൽ പരിശോധന നടത്തിയ ശേഷമാണ് കളക്ടറുടെ ശാസന. അതേസമയം, പ്രചരിക്കുന്ന വാട്സാപ്പ് സന്ദേശം എസ്.ഐ.ആർ നടപടികളുടെ തുടക്കസമയമായ നവംബർ 10ന് നൽകിയതാണെന്നാണ് ഔദ്യോഗിക വിശദീകരണം.

### ബംഗാളിലും ബി.എൽ.ഒയുടെ ആത്മഹത്യ

ന്യൂഡൽഹി: പശ്ചിമ ബംഗാളിലെ ജൽപാഗുഡി മാൾ ബ്ലോക്കിലെ വനിതാ ബൂത്ത് ലെവൽ ഓഫീസർ ശാന്തിമുനി ഒറാവോ (48) ആത്മഹത്യ ചെയ്തു. ശാന്തിമുനിയെ ഇന്നലെ രാവിലെയാണ് വീടിനടുത്തുള്ള ഒരു മരത്തിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്.

എസ്.ഐ.ആർ ജോലിയുടെ പേരിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ മനുഷ്യത്വരഹിതമായ സമ്മർദ്ദം ചെലുത്തിയതിനാലാണ് ആത്മഹത്യയെന്ന് പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ആരോപിച്ചു.

എസ്.ഐ.ആർ നടപടികൾ ഉടൻ നിർത്തിവയ്ക്കാനും മമത തിരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു. മമത ബാനർജിയുടെ അവകാശവാദം തള്ളിയ ബി.ജെ.പി ഭരണകക്ഷിയായ തൃണമൂൽ ഗുണ്ടകളുടെ ഭീഷണിയും സമ്മർദ്ദവും മൂലമാണ് ബി.എൽ.ഒ മരിച്ചതെന്ന് ആരോപിച്ചു.

### കേരളത്തിലെ എസ്.ഐ.ആർ: ഹർജികൾ വെള്ളിയാഴ്ചത്തേക്ക്

ന്യൂഡൽഹി: കേരളത്തിലെ തീവ്രവോട്ടർപട്ടികപുതുക്കൽ(എസ്.ഐ.ആർ) അടിയന്തരമായി നിറുത്തിവയ്ക്കണമെന്ന ഹർജികൾ സുപ്രീംകോടതി വെള്ളിയാഴ്ച പരിഗണിക്കും. സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, കെ.പി.സി.സി അദ്ധ്യക്ഷൻ സണ്ണി ജോസഫ്, മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവരും സംസ്ഥാന സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി ഡോ.എ. ജയതിലകുമാണ് ഹർജികൾ സമർപ്പിച്ചത്.

അടിയന്തരമായി പരിഗണിക്കണമെന്ന് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിക്ക് മുന്നിൽ സർക്കാരിന്റെയും ലീഗിന്റെയും അഭിഭാഷകർ ആവശ്യപ്പെട്ടപ്പോൾ വെള്ളിയാഴ്ച ലിസ്റ്റ് ചെയ്യാമെന്ന് അദ്ദേഹം ഉറപ്പു നൽകി.

തദ്ദേശ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ എസ്.ഐ.ആർ മാറ്റിവയ്ക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം. തദ്ദേശ തിരഞ്ഞെടുപ്പും എസ്.ഐ.ആർ നടപടികളും ഒരേ സമയം നടത്തുന്നത് ഭരണസ്തംഭനമുണ്ടാക്കുമെന്നും ചൂണ്ടിക്കാട്ടി. സുപ്രീം കോടതി സ്വീകരിക്കുന്ന നിലപാട് നിർണായകമാകും.













# വാർഡ് കൺവെൻഷന് തൊട്ടുമുമ്പ് തിരുവനന്തപുരം നഗരസഭയിലെ ഇടതു മുന്നണി സ്ഥാനാർത്ഥി പിന്മാറി

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം നഗരസഭയിലെ ഇടതു മുന്നണി സ്ഥാനാർത്ഥി പിന്മാറി. വാർഡ് കൺവൻഷൻ നടക്കുന്നതിന് തൊട്ടുമുമ്പ് ആയിരുന്നു പിന്മാറ്റം.

കുറവൻകോണം വാർഡിലെ എൽ.ഡി.എഫ് സ്ഥാനാർഥി അഡ്വ. സൗമ്യയാണ് പിന്മാറിയത്. ആർ.ജെ.ഡിക്ക് അനുവദിച്ച സീറ്റായിരുന്നു കുറവൻകോണം.

നിലവിൽ ആർ.ജെ.ഡി സ്ഥാനാർത്ഥി പിന്മാറിയതിനാൽ സീറ്റ് ഏറ്റെടുക്കാനിരിക്കുകയാണ് സി.പി.ഐ.എം. ഇന്ന് പുതിയ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചേക്കും.

# വനിതാ സംവരണസീറ്റിൽ ട്രാൻസ്ജെൻഡർ സ്ഥാനാർഥിയ്ക്ക് മത്സരിക്കാമോ?

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിൽ പല സർപ്രൈസ് സ്ഥാനാർത്ഥികളെയും വിവിധ മുന്നണികൾ മത്സര രംഗത്ത് ഇറക്കിയിട്ടുണ്ട്. അതുപോലെ തന്നെ ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥികളും മത്സരരംഗത്തുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പോത്തൻകോട് ഡിവിഷനിൽ കോൺഗ്രസ് പ്രഖ്യാപിച്ചിരുന്ന ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥി അമേയ പ്രസാദ് മത്സരിക്കുന്നതിൽ ഇപ്പോൾ ആശയക്കുഴപ്പമുണ്ടായിട്ടുണ്ട്. വനിതാ സംവരണ സീറ്റിലാണ് അമേയയെ



സ്ഥാനാർത്ഥിയാക്കിയിരിക്കുന്നത്.

ട്രാൻസ്ജെൻഡറിനു വനിതാ സംവരണ സീറ്റിൽ മത്സരിക്കാൻ കഴിയില്ലെന്നും ഏതെങ്കിലും ജനറൽ സീറ്റിലാണു മത്സരിക്കാൻ കഴിയുകയെന്നുമാണു തിരഞ്ഞെടുപ്പു കമ്മിഷൻ വ്യക്തമാക്കുന്നത്.

എന്നാൽ താൻ ട്രാൻസ്‌വുമൺ ആയതിനാൽ വനിതാ സംവരണ സീറ്റിൽ മത്സരിക്കാൻ കഴിയുമെന്നാണ് അമേയ പറയുന്നത്. നിയമപ്രശ്നം മുൻകൂട്ടി കണ്ട് ഡമ്മി സ്ഥാനാർഥിയെന്ന നിലയിൽ പ്രധാനപ്പെട്ട ഒരു വനിതാ നേതാവിന്റെ കൂടി പത്രിക നൽകാൻ തീരുമാനിച്ചതായി ഡിസിസി പ്രസിഡന്റ് എൻ.ശക്തൻ പറഞ്ഞു.

















# കടക്കെണി മുറിക്കാൻ വായ്ത്താരി പോരാ



ബാബു കദളിക്കാട്



'പണം പുല്ലേടേയ്, എനിക്കില്ലെടേയ്...' എന്ന പഴയ നാടക ഡയലോഗിനെ ഓർമ്മിപ്പിച്ച്, ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും കിട്ടാവുന്നിടത്തു നിന്നെല്ലാം കടമെടുപ്പു തുടരവേ, ഈ പട്ടികയിൽ സജീവ സ്ഥാനമുറപ്പിച്ചിട്ടുണ്ട് കേരളവും. ഇതു സംബന്ധിച്ച് പ്രത്യാഘാതങ്ങളെപ്പറ്റിയുള്ള മുന്നറിയിപ്പുകൾക്കു പുല്ലുവില മാത്രം. പക്ഷേ, കടമെടുപ്പിനെ വസ്തുനിഷ്ഠമായി വിമർശിക്കാനാവില്ല രാഷ്ട്രീയക്കാർക്കെന്നതിനാൽ, തൊട്ടടുത്തെത്തിയ തദ്ദേശ തെരഞ്ഞെടുപ്പിലും പിന്നാലെ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും ഇതൊരു ചൂടുള്ള വിഷയമാകില്ല.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കടപ്പട്ടികയിൽ കുതിച്ചുയരുകയാണ്. ആന്ധ്രാപ്രദേശ്, തെലങ്കാന, കേരളം, തമിഴ്നാട്, കർണാടക എന്നിവയൊക്കെ തമ്മിൽ മൽസരിക്കുന്നു മുന്നിലെത്താൻ. വികസിത സംസ്ഥാനങ്ങളിലും കടത്തിന്റെ കയറ്റം കുറയുന്നില്ലെന്നത് സാമ്പത്തിക നിരീക്ഷകരെ ആശങ്കപ്പെടുത്തുന്നു. പൊതുകടം രാഷ്ട്രീയ നേട്ടത്തിന് ഉപയോഗിക്കപ്പെടുന്നു. മുൻഗണനാ പദ്ധതികൾ, സൗജന്യ സേവനങ്ങൾ, പെൻഷൻ വർധന എന്നിവയെല്ലാം വായ്പയിലൂടെ നടപ്പാക്കുന്നു. അതേസമയം, വായ്പ തിരിച്ചടവിനുള്ള രാഷ്ട്രീയ ഉത്തരവാദിത്തം ആരും ഏറ്റെടുക്കുന്നില്ല. സംസ്ഥാനത്തിന്റെ പൊതുകടം കഴിഞ്ഞ ഒമ്പതുവർഷങ്ങളിലായി ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്.

വായ്പയിൽ നിന്നുള്ള വളർച്ച, വരുമാനത്തിൽ നിന്നുള്ള വളർച്ചയായി മാറുന്ന ദിവസമാണ് യഥാർത്ഥ വികസനം ആരംഭിക്കുന്നതെന്നു വിദഗ്ധർ പറയുന്നു. പക്ഷേ, അതിനു നേരെ കണ്ണടച്ചുകൊണ്ടാണ്, വായ്പയില്ലാതെ മുന്നോട്ടു പോകാൻ കഴിയില്ല എന്ന ഭാവം വീടുകളിൽ നിന്ന് സർക്കാരുകളിലേക്കും കടന്നുകൂടിയത്. കടം ഇപ്പോൾ ഒരു വ്യക്തിഗതപ്രശ്നമല്ല;സാമൂഹികമനോഭാവത്തിന്റെയും സാമ്പത്തിക സംസ്കാരത്തിന്റെയും ഭാഗമായിരിക്കുന്നു. കേരളത്തിലെ കിഫ്ബി പോലെ ചിലപ്പോൾ വികസനത്തിന്റെ മുഖാവരണമായി മാറുന്നു വായ്പ്പാ ചാനലുകൾ. ഇതോടൊപ്പം കേരള കുടുംബങ്ങളിൽ 29.9 % കടബാധ്യതയിലാണെന്ന് ദേശീയ സാമ്പത്തിക പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതിൽ വീടുവായ്പകൾ 45%, വിദ്യാഭ്യാസ വായ്പകൾ 18%, വ്യക്തിഗത വായ്പകൾ 27% എന്നിങ്ങനെയാണ് വിഭജനം.

ഒരു വ്യക്തി തന്റെ ആവശ്യങ്ങൾക്ക് വായ്പ എടുക്കുമ്പോൾ അതിന്റെ ബാധ്യതയും ഉത്തരവാദിത്വവും അയാളിൽ തന്നെയാണ്. എന്നാൽ ഒരു സംസ്ഥാനം അല്ലെങ്കിൽ രാജ്യം വായ്പ എടുക്കുമ്പോൾ അതിന്റെ ഉത്തരവാദിത്തം അവിടത്തെ ജനങ്ങൾക്കാണ്. പൊതുകടം എടുക്കുന്നത് സർക്കാർ ആണെങ്കിലും, തിരിച്ചടയ്ക്കേണ്ടത് ജനങ്ങളുടെ നികുതിയിലൂടെയാണ്. അതിനാൽ പൊതുകടം ഒരു സാമ്പത്തിക കരാറിൽ നിന്നുളവാകുന്ന സാമൂഹ്യ ഉത്തരവാദിത്തമായി ഫലത്തിൽ പരിണമിക്കുന്നു. അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ തുടങ്ങിയ മേഖലകളിലെ നിക്ഷേപമായി മാറ്റാനായാൽ ഇത്തരം കടം വികസനത്തിനു കരുത്തേകും. എന്നാൽ സ്ഥിര ചെലവുകൾക്കും തിരിച്ചടവില്ലാത്ത ഉപഭോഗത്തിനുമാണ് ഉപയോഗിക്കപ്പെടുന്നതെങ്കിൽ, അതൊരു സാമ്പത്തിക കുരുക്കാകും. കേരളമുൾപ്പെടെ മിക്ക സംസ്ഥാനങ്ങളിലും സംഭവിക്കുന്നത് ഇതാണെന്നതിലെ ആധി പങ്കുവയ്ക്കുന്നു സാമ്പത്തിക വിദഗ്ധർ.

വായ്പയെ 'സാധാരണ ജീവിതത്തിന്റെ ഭാഗം' എന്ന നിലയിൽ കാണുന്ന പുതിയ മാനസിക സംസ്കാരമാണ് ക്രമേണ സമൂഹത്തിൽ നിന്നു ഭരണ നേതൃത്വങ്ങളിലേക്കും സംക്രമിച്ചത്. അതിനൊപ്പം, കടം തിരിച്ചടയ്ക്കാനാവുമോയെന്ന ഭയം മായുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസും റിസർവ് ബാങ്കും ചേർന്ന കണക്കുകൾ പ്രകാരം, ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പൊതുകടം കഴിഞ്ഞ ആറു വർഷത്തിനിടെ ഏകദേശം 75% വർദ്ധിച്ചു. തമിഴ്നാട് 8.3 ലക്ഷം കോടി, ഉത്തർപ്രദേശ് 7.7 ലക്ഷം കോടി, മഹാരാഷ്ട്ര 7.2 ലക്ഷം കോടി, പശ്ചിമ ബംഗാൾ 6.6 ലക്ഷം കോടി, കർണാടക 6.0 ലക്ഷം കോടി, രാജസ്ഥാൻ 5.6 ലക്ഷം കോടി, ആന്ധ്രാ പ്രദേശ് 4.9 ലക്ഷം കോടി, ഗുജറാത്ത് 4.7 ലക്ഷം കോടി, കേരളം 4.82 ലക്ഷം കോടി, മധ്യപ്രദേശ് 4.2 ലക്ഷം കോടി എന്നിങ്ങനെയാണ് സംസ്ഥാനങ്ങളുടെ നിലവിലെ മൊത്തം കടം.

## ഭാവിയിലെ കെണി

ഭാവി തലമുറയുടെ ബാധ്യതയെപ്പറ്റിയുള്ള ആകുലത രാഷ്ട്രീയ പാർട്ടികൾക്കില്ല. ഇന്നത്തെ വായ്പ നാളെ തിരിച്ചടക്കേണ്ടിവരുന്നതിന്റെ ക്ലേശം കുട്ടികൾ വീതിച്ചെടുക്കട്ടെയെന്ന നിസ്സംഗ ഭാവം ബാക്കി. സംസ്ഥാനങ്ങൾ കൂടുതൽ വായ്പയെടുക്കുമ്പോൾ കേന്ദ്രസർക്കാരിനോടുള്ള ധനാശ്രിതത്വം വർധിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. ജനങ്ങൾക്കുള്ള നികുതി ഭാരമേറുന്നു. പൊതുകടം തിരിച്ചടയ്ക്കാൻ സംസ്ഥാനങ്ങൾക്കു നികുതി വർധിപ്പിക്കുക മാത്രമാകും വഴി. പൊതുസേവനങ്ങൾ വെട്ടിക്കുറയ്ക്കേണ്ടിവരും. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ക്ഷേമപദ്ധതികൾ എന്നിവയിലെ വകയിരുത്തൽ കുറയുക സ്വാഭാവികം.

കടം വർധിക്കുന്നതിനൊപ്പം നികുതി വരുമാനത്തിലെ കുറവും റവന്യൂ ചെലവുകളിലെ വർധനയും കേരളത്തിന്റെ സാമ്പത്തിക ഞെരുക്കം വർധിപ്പിക്കുന്നു. 2023–24 സാമ്പത്തിക വർഷത്തെ സി.എ.ജി റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും മൂലധന ചെലവിലെ കുറവും ധനപരമായ കാര്യക്ഷമതയില്ലായ്മയും എടുത്തുകാണിക്കുന്നുണ്ട്. കടത്തിന്റെ 97.88 ശതമാനവും പഴയ കടങ്ങൾ തിരിച്ചടയ്ക്കാൻ ഉപയോഗിച്ചു. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാർ പുതിയ നികുതികളും ലെവികളും ഏർപ്പെടുത്തുന്നുണ്ടെങ്കിലും വായ്പാപരിധി സംബന്ധിച്ച കേന്ദ്ര സംസ്ഥാന തർക്കം വലിയ വെല്ലുവിളിയായി. ക്ഷേമപദ്ധതികൾ,വികസനപ്രവർത്തനങ്ങൾ, ശമ്പളം, പെൻഷൻ തുടങ്ങിയവയ്ക്കായുള്ള ചെലവുകൾ വർധിക്കുമ്പോൾ വരുമാനം കുറയുന്നത് സാമ്പത്തിക സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്നു.

കോവിഡും പ്രളയങ്ങളും സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോട്ടടിച്ചു. ക്ഷേമപ്രവർത്തനങ്ങൾക്കും പുനർനിർമാണ പ്രവർത്തനങ്ങൾക്കുമായി അധികതുക ചെലവഴിക്കേണ്ടിവന്നതിനാൽ കടംകൂടി എന്ന കാരണം പറയുന്നുണ്ട്. എന്നാൽ ഇവയൊന്നും കടക്കെണിക്ക് യഥാർഥ ന്യായീകരണമല്ല. ഇടതു സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പാളിച്ചകൾ, റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള വലിയ വ്യത്യാസം എന്നിവയാണ് ഈ കടക്കെണിയുടെ അടിസ്ഥാന കാരണം. ഈ സർക്കാരിന്റെ കാലത്ത് നിരവധി അനവസരത്തിലുള്ള ചെലവുകളായ വിദേശയാത്രകൾ, ആഡംബര ചെലവുകൾ എന്നിവയുണ്ടായി. നികുതി കുടിശ്ശിക ഉൾപ്പെടെയുള്ള വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടു.

## ആളോഹരി 1,40,000

കേരളത്തിന്റെ മൊത്തം കടബാധ്യത ഏകദേശം 4.82 ലക്ഷം കോടി രൂപയെന്ന 2025 ജൂലൈയിലെ ഡാറ്റ പ്രകാരം, സംസ്ഥാനത്തെ മൊത്തം ജനസംഖ്യ കണക്കിലെടുക്കുമ്പോൾ, ഇത് ഏകദേശം 1,40,000 രൂപയ്ക്ക് മുകളിൽ ആളോഹരി കടമായി വരും. കണക്കുകൾ സൂചിപ്പിക്കുന്നത് 2025–26 സാമ്പത്തിക വർഷത്തിൽ കേരളം 45,000 കോടി രൂപയുടെ പുതിയ കടമെടുപ്പ് നടത്തുന്നതിനാൽ സർക്കാരിന്റെ കാലാവസാനത്തോടെ മൊത്തം കടം 6 ലക്ഷം കോടി കവിയാൻ സാധ്യതയുണ്ടെന്നാണ്. അതായത് 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം, സംസ്ഥാനത്തിന്റെ കടവും ജി.എസ്.ഡി.പിയുമായുള്ള അനുപാതം 33.8% ആയിരിക്കും. കടം വർധിക്കുന്നത് പലിശ തിരിച്ചടവിനായി വലിയൊരു തുക നീക്കിവയ്ക്കാൻ സർക്കാരിനെ നിർബന്ധിതമാക്കുന്നു. ഇത് വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ലഭ്യതയെ ബാധിക്കുന്നു. 2023ൽ എടുത്ത കടത്തിന്റെ 97.88% വും പഴയ കടങ്ങളും പലിശയും തിരിച്ചടയ്ക്കാനാണ് ഉപയോഗിച്ചതെന്ന് സി.എ.ജി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

കേരളത്തിന്റെ പൊതുകടം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമായി വർധിച്ചെന്ന കണക്ക് നിർണ്ണായകം. 2016-17 കാലയളവിൽ ഏകദേശം 30% ആയിരുന്ന വായ്പാ, ജി.എസ്.ഡി.പി അനുപാതം കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം 2020–21ൽ 39.96% എന്ന ഏറ്റവും ഉയർന്ന നിലയിലായി. അതിനുശേഷമുള്ള വർഷങ്ങളിൽ അനുപാതം കുറഞ്ഞുവന്നു. 2024-25 ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് ഇത് 33.9% ആണ്. കേരളത്തിന്റെ വായ്പാ, ജി.എസ്.ഡി.പി അനുപാതം ഇപ്പോഴും പല വലിയ സംസ്ഥാനങ്ങളുടെ ശരാശരിയേക്കാൾ കൂടുതലാണ്. കിഫ്ബി പോലുള്ള ഓഫ് ബജറ്റ് വായ്പകൾ മൊത്തം ബാധ്യതകളിൽ ഉൾപ്പെടുത്തുന്നതിനെച്ചൊല്ലി കേന്ദ്രവും സംസ്ഥാനവും തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നുമുണ്ട്.

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കേരളം പരാജയമാകാൻ പല കാരണങ്ങളുണ്ട്. ഭരണപരമായ വീഴ്ചകളും സംവിധാനത്തിലെ പോരായ്മകളും ചൂണ്ടിക്കാണിക്കപ്പെടുന്നു. അതുകൂടാതെ മഹാമാരിപോലുള്ള വെല്ലുവിളികളും സാമ്പത്തിക പ്രതിസന്ധികളും. പൊതുകടം വർധിക്കുന്നതിന് എൽ.ഡി.എഫ് സർക്കാർ വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. നികുതിവിഹിതത്തിലും മറ്റ് ഗ്രാന്റുകളിലും കേന്ദ്രത്തിൽനിന്ന് കിട്ടേണ്ട പണം വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കി എന്നതാണ് പ്രധാനമായി പറയുന്നത്. മാത്രമല്ല, കടമെടുക്കാൻ സംസ്ഥാനങ്ങൾക്ക് അനുമതിയുള്ള പരിധി കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഇത് കടമെടുത്ത് ചെലവഴിക്കുന്നതിന് തടസമായി.

## ധൂർത്ത് വേണ്ട

സാമ്പത്തിക അച്ചടക്കം കർശനമായി നടപ്പാക്കുകയും വരുമാന സ്രോതസുകൾ കാര്യക്ഷമമായി ഉപയോഗിക്കുകയും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുകയും ചെയ്തില്ലെങ്കിൽ, സംസ്ഥാനത്തിന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാനാകാതെ വരും. ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തിക ഭദ്രത ഉറപ്പാക്കാനുള്ള നടപടികളാവശ്യം. കടബാധ്യത കുറയ്ക്കുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ക്രിയാത്മകമായ ചർച്ചകളും സഹകരണവും അനിവാര്യം. ഒപ്പം, സാമ്പത്തിക കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള നയപരമായ തീരുമാനങ്ങൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതുണ്ട്.

2024 ഒക്ടോബറിലെ കണക്കനുസരിച്ച് ഏകദേശം 27,902.45 കോടി രൂപയുടെ റവന്യൂ കുടിശ്ശിക ഉണ്ടായിരുന്നു. ഇതിൽ സംസ്ഥാന ജി.എസ്.ടി വിഭാഗത്തിൽ മാത്രം 13,559.58 കോടി. മോട്ടോർ വാഹന നികുതി, ഭൂമി നികുതി, ആഡംബര നികുതി തുടങ്ങിയവയിലും വലിയ തുക പിരിച്ചെടുക്കാനുണ്ട്. അതേസമയം തന്നെ, വരുമാനം കൂട്ടാൻ മറ്റ് മാർഗങ്ങൾ കണ്ടെത്താതെ വെള്ളം, വൈദ്യുതി, കെട്ടിട നികുതി ഉൾപ്പെടെ നിരവധി തവണ അധിക നികുതിഭാരം ഏർപ്പെടുത്തി. സർക്കാർ വാഹനങ്ങൾ വാങ്ങുന്നതിനുള്ള വില പരിധി നിശ്ചയിക്കുക, മന്ത്രിമാരുടെയും എം.എൽ.എമാരുടെയും ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തുക തുടങ്ങിയ നടപടികളിലൂടെ ധൂർത്ത് കുറയ്ക്കാമെന്ന നിർദ്ദേശം തള്ളപ്പെട്ടു. സമാന സ്വഭാവമുള്ള സംയോജിത സാമൂഹ്യക്ഷേമ പദ്ധതികൾ ഒരുമിപ്പിച്ച് ചെലവ് കുറയ്ക്കാമെന്നതാണ് മറ്റൊരു നിർദ്ദേശം.

കേരളത്തിന് വരുമാനം വർധിപ്പിക്കാനും കടബാധ്യത കുറയ്ക്കാനും വഴികളുണ്ടായിരുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കുകയാണ് ആദ്യമായി ചെയ്യേണ്ടിയിരുന്നത്.നികുതിവെട്ടിപ്പ് തടയാനും നികുതി പിരിവ് മെച്ചപ്പെടുത്താനും സാങ്കേതികവിദ്യ ഉപയോഗിക്കണം. തമിഴ്നാട്ടിലെയും കർണാടകയിലെയും പോലെ ഇ-സ്റ്റാമ്പിങ് സംവിധാനം കാര്യക്ഷമമാക്കുന്നതിലൂടെ ഭൂമി രജിസ്ട്രേഷനിലെ ക്രമക്കേടുകൾ തടയാനാകും. നികുതിയിതര വരുമാന മാർഗങ്ങളായ യൂസർ ചാർജുകൾ, ഫീസുകൾ, റോയൽറ്റി നിരക്കുകൾ എന്നിവ കാലാകാലങ്ങളിൽ പരിഷ്കരിക്കണം. മണൽ ഖനനംപോലുള്ള പ്രകൃതിവിഭവ ലേലം കൂടുതൽ വരുമാനമുണ്ടാക്കും. അടിസ്ഥാന സൗകര്യങ്ങൾ നന്നാക്കിയും വിദേശികൾക്ക് കൂടുതൽ സൗകര്യപ്രദമായ അന്തരീക്ഷം സൃഷ്ടിച്ചും വിനോദ സഞ്ചാര മേഖലയിൽനിന്ന് കൂടുതൽ വരുമാനം നേടാനാകും.

ധൂർത്ത് നിയന്ത്രിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. ശമ്പള, പെൻഷൻ ചെലവ് കുറയ്ക്കുന്നതിന്, വിരമിക്കൽ പ്രായമുയർത്താം. പല സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഇത് 60 വയസാണ്. ചില സർക്കാർ സേവനങ്ങളിൽ പുറംകരാർ ഏർപ്പെടുത്തി ചെലവ് കുറയ്ക്കാം. വാച്ച് ആൻഡ് വാർഡ്, ക്ലീനിങ് ജോലികൾ ഉദാഹരണം. മൂലധന ചെലവുകൾക്ക് മാത്രമാകട്ടെ വായ്പയെടുക്കൽ. റവന്യൂ കമ്മി നികത്താൻ കടമെടുക്കരുത്. തിരിച്ചടവുറപ്പാക്കാനാകുന്ന പദ്ധതികളിൽ മാത്രം ഓഫ്ബജറ്റ് കടമെടുപ്പ് ആകാം.



# ഇത് ജയിക്കാനുള്ള യുദ്ധം, ഏവർക്കും !

തെരഞ്ഞെടുപ്പിൽ ജയിക്കുക എന്നതിനേക്കാൾ സ്വന്തം പാളയത്തിലെ വിമതശല്യം എങ്ങനെ കൈകാര്യം ചെയ്യാം എന്നതാണ് ഇത്തവണത്തെ തദ്ദേശ തെരഞ്ഞെടുപ്പിൽ പാർട്ടികളും മുന്നണികളും നേരിടുന്ന വലിയ ചോദ്യം. അതിനൊപ്പം വോട്ട് വീഴ്ത്താനുള്ള കുതന്ത്രങ്ങളുടെ പൈങ്കിളി കഥകൾ വേറെയും!

തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾക്ക് വേണ്ടി ഉദ്യോഗസ്ഥരും സ്ഥാനാർത്ഥികളും ഇത്രയേറെ വലഞ്ഞ മറ്റൊരു തെരഞ്ഞെടുപ്പ് കേരളത്തിൽ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. പലയിടത്തും യുദ്ധസമാനമാണ് കാര്യങ്ങൾ.

വോട്ടർമാരെ സ്വാധീനിക്കുക എന്നതിനപ്പുറം,പിണറായി വിജയന്റെ ഭാഷയിൽ പറഞ്ഞാൽ, ഏതുവിധേനയും നാല് വോട്ട് കൂടുതൽ വരുതിയിലാക്കുക എന്നതാണ് പലരുടെയും ലൈൻ ! ദേശീയതലത്തിൽ ബീഹാർ തെരഞ്ഞെടുപ്പിന്റെ ഓളം കെട്ടടങ്ങുമ്പോൾ, വോട്ട് ചോരി എന്ന മഹാപാതകം ആരോപിക്കപ്പെട്ടെങ്കിലും, ജയിച്ചവർ ജയിക്കുകയും തോറ്റവർ തോൽക്കുകയും ചെയ്യുന്ന ലൗകിക യാഥാർത്ഥ്യം മാത്രം ബാക്കിയായി. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ കാറ്റുവീശി തുടങ്ങും മുമ്പേ,വോട്ടിന്റെ കള്ളക്കളികൾ ഒന്നൊന്നായി പുറത്തു വരുമ്പോൾ,പണ്ട് പാത്തും പതുങ്ങിയും ചെയ്തിരുന്ന കാര്യങ്ങൾ പുതുകാലത്ത് ഏവർക്കും അറിയാവുന്ന യുദ്ധതന്ത്രങ്ങളായി സമൂഹമാധ്യമങ്ങളിൽ നിറയുന്നു.



### തെരഞ്ഞെടുപ്പ് എന്ന യുദ്ധം

ജനപ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് ഏത് രാജ്യത്തും ഏതുകാലത്തും സൃഷ്ടിക്കുന്നത് യുദ്ധസമാനമായ അന്തരീക്ഷമാണ്. അത് യഥാർത്ഥ യുദ്ധം നടക്കുന്ന നേരത്താണെങ്കിലും തെരഞ്ഞെടുപ്പ് എന്ന പോരാട്ടത്തിന് ഇളവ് കൊടുക്കാറില്ല രാജ്യങ്ങൾ; ചരിത്രം അതാണ് പറയുന്നത്. യുദ്ധം ഒന്നടങ്ങാൻ കാത്തുനിൽക്കും. നമ്മുടെ കൊച്ചു കേരളത്തിലെ തിരഞ്ഞെടുപ്പ് കാലം മിക്കപ്പോഴും അക്രമരഹിതവും ഊർജ്ജസ്വലവും ആയിരുന്നു. വിമതന്മാരും വിമത ശല്യവും ഇല്ലാത്ത ഒരു തിരഞ്ഞെടുപ്പ് ഉണ്ടായിട്ടില്ല. എന്നാൽ, ഇന്നോളം കേട്ടിട്ടില്ലാത്ത വിമതഭീഷണിയാണ് ഇടതുപക്ഷ പാർട്ടികൾ പോലും ഇത്തവണ നേരിടുന്നത്.

പലയിടത്തും സ്ഥാനാർത്ഥി നിർണയം പോലും പൂർത്തിയാക്കാൻ കക്ഷികൾ കഷ്ടപ്പെട്ടു. സ്ഥാനമോഹികളല്ല, ഉറച്ച പാർട്ടി പ്രവർത്തകരാണ് പലയിടത്തും സീറ്റുനിഷേധത്തെ തുടർന്ന് സ്വന്തം പാർട്ടിക്കെതിരെ തിരിഞ്ഞുനിന്നത്. ചിലയിടത്ത് അത് കയ്യാങ്കളിയിൽ വരെ എത്തി. മൂന്നുടേം വ്യവസ്ഥ കർശനമാക്കിയതാണ് മുസ്ലിം ലീഗിൽ ഉണ്ടായ സംഘർഷങ്ങൾക്ക് കാരണമായത്. അവരുടെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം മുതൽ ശാഖാ ഭാരവാഹികൾ വരെ രാജിക്കൊരുങ്ങി. പാണക്കാട്ട് നിന്ന് പറഞ്ഞിട്ടും പലരും പിണങ്ങി നിന്നു.

നിലമ്പൂർ നഗരസഭ നഷ്ടപ്പെടും വിധമാണ് ലീഗിൽ പ്രതിഷേധവും വിമത പ്രവർത്തനവും ശക്തമായത്.

മലപ്പുറം വണ്ടൂരിൽ മുസ്‌ലിംലീഗ് നേതാക്കളെ പൂട്ടിയിട്ട സംഭവം പോലും ഉണ്ടായി. കോഴിക്കോട് നല്ലളം വാർഡിലെ സ്ഥാനാർത്ഥി നിർണയത്തെ ചൊല്ലിയും പൊട്ടിത്തെറിയുണ്ടായി. 2015ലെ തദ്ദേശ തെരഞ്ഞെടുപ്പിൽ മലപ്പുറത്ത് വിവിധയിനം പ്രാദേശിക താല്പര്യ മുന്നണികൾ രൂപം കൊണ്ടതും ചരിത്രത്തിലുണ്ട്. കോൺഗ്രസും സി.പി.എമ്മും ചേർന്നുണ്ടാക്കിയ ഈ മുന്നണി സംവിധാനങ്ങൾ ലീഗിനെ ഒതുക്കാൻ ലക്ഷ്യമിട്ടതായിരുന്നു. ലീഗ് ആവട്ടെ അവയെ സാമ്പാർ മുന്നണി എന്ന് പരിഹസിച്ചു.

ഇത്തവണ കോൺഗ്രസിൽ പതിവുപോലെ കെ.പി.സി.സിക്ക് വരെ ഇടപെടേണ്ട വിധത്തിൽ സീറ്റ് നിർണയ തർക്കങ്ങൾ നീണ്ടു. എറണാകുളത്ത് ഡി.സി.സി പ്രസിഡന്റിനെതിരെ പോലും പരാതി ഉയർന്നു. എ വിഭാഗത്തെ പൂർണ്ണമായി തഴഞ്ഞ സ്ഥാനാർത്ഥി ലിസ്റ്റ് തിരുത്താമെന്ന് കെ.പി.സി.സി പ്രസിഡന്റിന് പറയേണ്ടിവന്നു. ജില്ലാ പഞ്ചായത്തിനു കീഴിലെ കീഴ്മാട് ഡിവിഷനിലെ സ്ഥാനാർത്ഥി പ്രഖ്യാപനവുമായി ബന്ധപ്പെട്ടാണ് തർക്കം. ഡി.സി.സി അധ്യക്ഷൻ മുഹമ്മദ് ഷിയാസിനെതിരെ വാഴക്കുളം പഞ്ചായത്തിലെ 24 സ്ഥാനാർത്ഥികൾ കെ.പി.സി.സി നേതൃത്വത്തിന് കത്തയച്ചു.

കീഴ്മാട് ഡിവിഷനിലേക്ക് വ്യവസായിയും വെങ്ങോല പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റുമായ പി.എ.മുക്താറിനെ പ്രഖ്യാപിച്ചതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. കോർ കമ്മിറ്റി ചേർന്ന് പരിഗണിക്കപ്പെടേണ്ടവരുടെ പട്ടിക തയ്യാറാക്കിയ ശേഷം ഡി.സി.സി അധ്യക്ഷൻ ഇതിലില്ലാത്ത മുക്താറിനെ സ്ഥാനാർത്ഥിയാക്കി പ്രഖ്യാപിക്കുകയായിരുന്നു എന്നാണ് ആരോപണം.

ഇടതുമുന്നണിയിൽ സി.പി.എമ്മും സി.പി.ഐയും തമ്മിലുള്ള തർക്കം കുട്ടനാട്ടിൽ തദ്ദേശതിരഞ്ഞെടുപ്പ് സീറ്റുവിഭജനത്തിൽ കീറാമുട്ടിയായി. പരസ്പരം പോരടിക്കുന്ന സമീപനമാണ് കുട്ടനാട്ടിലെമ്പാടും. രാമങ്കരി തന്നെയാണ് ശ്രദ്ധകേന്ദ്രം.

ഇവിടെ സി.പി.എമ്മും സി.പി.ഐയും തമ്മിൽ മത്സരിക്കുമെന്ന് ഉറപ്പായി. പഞ്ചായത്ത് ഭരണംപിടിക്കുക എന്ന ലക്ഷ്യത്തോടെ എട്ടു സീറ്റിലാണ് സി.പി.ഐ മത്സരിക്കുക. ഒരുതരത്തിലും ഒന്നിച്ചുപോകാനാവില്ലെന്ന് ഇരുപാർട്ടികളും തറപ്പിച്ചു പറയുന്നു

സി.പി.ഐ വിരോധംകാരണം സി.പി.എം കോൺഗ്രസിന് കൈകൊടുത്ത സ്ഥലമാണ് രാമങ്കരി. വിഭാഗീയത മൂത്ത് സി.പി.എമ്മിന്റെ ടിക്കറ്റിൽ ജയിച്ച് പഞ്ചായത്ത് പ്രസിഡന്റായ രാജേന്ദ്രകുമാറിനെ താഴെയിറക്കാൻ അവർതന്നെ അവിശ്വാസം കൊണ്ടുവന്നിരുന്നു. അവിശ്വാസം ചർച്ചയ്ക്കെടുക്കുംമുൻപ് രാജേന്ദ്രകുമാർ രാജിവെച്ചൊഴിഞ്ഞു. പിന്നീട് സി.പി.എം പിന്തുണയോടെ കോൺഗ്രസിന് പ്രസിഡന്റ് സ്ഥാനം ലഭിക്കുകയും ചെയ്തു.

തിരുവനന്തപുരം പൂവാറിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് ആഴ്ചകൾ ബാക്കി നിൽക്കെ കരുംകുളം പഞ്ചായത്തിൽ സീറ്റ് വീതംവച്ചതിൽ സി.പി.എം സി.പി.ഐ തർക്കത്തെ തുടർന്ന് സി.പി.ഐ ലോക്കൽ കമ്മിറ്റി സെക്രട്ടറി പാർട്ടി വിട്ട് കോൺഗ്രസിൽ ചേർന്നു. പഞ്ചായത്തിലെ എസ്.സി സംവരണ വാർഡായ കരുംകുളം വാർഡിൽ സ്ഥാനാർത്ഥിയായി മത്സരരംഗത്ത് കളംപിടിച്ചു. നിലവിലെ സി.പി.ഐ ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ആനന്ദനാണ് എൽ.ഡി.എഫിനെ ഞെട്ടിച്ച് കോൺഗ്രസ് പാളയത്തിൽ ചേക്കേറിയത്.

ബി.ജെ.പിയിലെ കാര്യവും വ്യത്യസ്തമല്ല. പാലക്കാട് നഗരസഭാ സ്ഥാനാർത്ഥി പ്രഖ്യാപനത്തിനു പിന്നാലെ ബി.ജെ.പിയിൽ പൊട്ടിത്തെറിയുണ്ടായി. സ്ഥാനാർത്ഥിപ്പട്ടിക തയ്യാറാക്കിയത് ഏകപക്ഷീയമായാണെന്നും പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് സി. കൃഷ്ണകുമാർപക്ഷം ഇടപെടൽ നടത്തിയെന്നും ആരോപിച്ച് നഗരസഭാധ്യക്ഷ പ്രമീളാ ശശിധരൻ രംഗത്തെത്തി. വിഷയം സംസ്ഥാന നേതൃത്വത്തെ അറിയിച്ചു.

സ്വന്തം വാർഡിലെ സ്ഥാനാർത്ഥി നിർണയം പോലും തന്നെ അറിയിക്കാത്തത് മാനസികവിഷമം ഉണ്ടാക്കിയെന്ന് പ്രമീളാ ശശിധരൻ പറഞ്ഞു. ചെയർപേഴ്സണായിരിക്കെ ഒരുവിഭാഗം ക്രൂശിച്ചെന്നും അവർ ആരോപിച്ചു. മത്സരിക്കാനില്ലെന്ന് താൻതന്നെ സംസ്ഥാന നേതൃത്വത്തെ അറിയിച്ചിരുന്നതാണ്. എന്നാൽ, സ്ഥാനാർത്ഥിനിർണയമോ കൺവെൻഷനോ താൻ അറിഞ്ഞിരുന്നില്ല.

കഴിഞ്ഞ രണ്ടുവട്ടവും അധികാരത്തിലെത്തിയ പാലക്കാട് നഗരസഭയിൽ, ഏറെ തർക്കങ്ങൾക്കും ചർച്ചകൾക്കുമൊടുവിലാണ് ബി.ജെ.പി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്. കഴിഞ്ഞ ഭരണസമിതിയിലെ വൈസ് ചെയർമാൻ ഇ. കൃഷ്ണദാസ്, ആരോഗ്യകാര്യ സ്ഥിരംസമിതി അധ്യക്ഷൻ പി. സ്മിതേഷ് തുടങ്ങിയവർ പട്ടികയിൽ ഇടംപിടിച്ചെങ്കിലും പ്രമീളാ ശശിധരനെ ഒഴിവാക്കി. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയ്ക്കൊപ്പം വേദിപങ്കിട്ട പ്രമീളയെ മത്സരിപ്പിക്കരുതെന്ന് പാർട്ടിക്കുള്ളിൽ നേരത്തേത്തന്നെ ഒരുവിഭാഗം ആവശ്യപ്പെട്ടിരുന്നു. ആ സമയത്തും പാർട്ടി തീരുമാനത്തിനനുസരിച്ച് പ്രവർത്തിക്കുമെന്നായിരുന്നു പ്രമീളയുടെ നിലപാട്.

### കൊച്ചു കൊച്ചു ഭൂകമ്പങ്ങൾ

വോട്ടർമാരുടെ പേര് വോട്ടർ പട്ടികയിൽ ഇല്ലാതെ പോകുന്ന സംഭവങ്ങൾ അതിസാധാരണമായി മാറിയ കാഴ്ചയും ഇത്തവണ നമ്മൾ കണ്ടു. നമ്മുടെ മേൽവിലാസത്തിൽ കയറി മറ്റു പലരും വോട്ട് ചെയ്യുന്നുവെന്ന ഞെട്ടിക്കുന്ന സത്യവും പലരും തിരിച്ചറിഞ്ഞു.

സ്ഥാനാർത്ഥികൾക്ക് പോലും സ്വന്തം വാർഡിൽ വോട്ട് ഉണ്ടെന്ന് ഉറപ്പിക്കേണ്ട അവസ്ഥ. കോഴിക്കോട് യു.ഡി.എഫ് മേയർ സ്ഥാനാർത്ഥി വി.എം വിനു കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് പോലും ചെയ്തില്ല എന്നിടംവരെ എത്തി കാര്യങ്ങൾ. വോട്ടർപട്ടികയിലെ ക്രമക്കേടുകളുടെ ചർച്ചകളും നിയമ പോരാട്ടങ്ങളും.

അതിനിടയാണ്, സമൂഹമാധ്യമങ്ങൾ വഴി നടത്തുന്ന കുപ്രചരണങ്ങളുടെ ഒഴുക്ക് തടയാനാവാതെ വ്യക്തികളും പാർട്ടികളും കുഴഞ്ഞത്. ഓഡിയോകളും വീഡിയോ ദൃശ്യങ്ങളും എഐ സങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രചരണങ്ങളും നിരീക്ഷിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന് പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടിവന്നു.

ജനാധിപത്യ പ്രക്രിയ ശക്തിപ്പെടുകയാണ്. സാമൂഹിക ഇടപെടലുകൾ സജീവമാവുകയാണ്. ഓരോ പൗരനും വോട്ടിന് അപ്പുറം സ്വന്തം നിലപാടുകൾ, നിരീക്ഷണങ്ങൾ, വിമർശനങ്ങൾ എല്ലാം പങ്കുവയ്ക്കാൻ സാമൂഹിക മാധ്യമം എന്ന അതിവിശാല പ്ലാറ്റ്ഫോം തുറന്നു കിടക്കുന്നു.

അതിനാൽ വോട്ടെടുപ്പ് എന്ന കേവല യജ്ഞത്തിന് മുമ്പ് ജനത്തിന്റെ മനസ്സ് ഏതെല്ലാം വഴികളിൽ സഞ്ചരിക്കുന്നു എന്ന് തിരിച്ചറിയാൻ മുൻകാലങ്ങളിലെക്കാൾ സമയവും സൗകര്യവും ലഭിക്കുന്നു.

◗ *പ്രജിത്ത് രാജ്*



# അധ്യായം 7

# പുതിയൊരു അന്വേഷണത്തിന്റെ ആരംഭം

കെനിയയുടെ തലസ്ഥാനമായ നെയ്റോബി. എരിഞ്ഞടങ്ങുന്ന പകൽ. വിമാനത്താവളത്തിൽ നിന്നും റോബിൻസ് എട്ടുകിലോമീറ്റർ പിന്നിട്ടു കഴിഞ്ഞു. കൂടെ അയാളെ സ്വീകരിക്കാൻ വേൾഡ് ടൈംസിന്റെ നെയ്റോബി ബ്യൂറോയിൽ നിന്നും എത്തിയ കെവിൻ ഒട്ടീനോ എന്ന ചെറുപ്പക്കാരനുമുണ്ട്.

ഇനിയുമുണ്ട് ആറ് കിലോമീറ്റർ. ചൂടൻ കാറ്റ് ഗ്ലോബൽ പ്രസ്സ് ബ്യൂറോയുടെ മുന്നിലെ ഫ്ളാഗ്പോൾ ചുറ്റി മെല്ലെ വീശി മടങ്ങുന്നു. കെനിയാട്ട നാഷണൽ ഹോസ്പിറ്റലിന് അടുത്താണ് ദി വേൾഡ് ടൈംസിന്റെ നെയ്റോബി ബ്യൂറോ. റോബിൻസ് സഞ്ചരിച്ച ടൊയോട്ട കൊറോള കാർ അപ്പർ ഹിൽ ടോപ്പ് റോഡിലേക്ക് കയറി. നഗരത്തിന്റെ ബഹളങ്ങൾ കുറഞ്ഞു കുറഞ്ഞു വരുന്നു. ഒടുവിൽ കാർ ഹിൽടോപ്പ് റീജൻസിയിലേക്കു കടന്നു നിന്നു.

ഡ്രൈവർ ഭവ്യതയോടെ ഡോർ തുറന്നു കൊടുത്തു. അപ്പോഴേക്കും റോബിൻസിനെ സഹായിക്കാൻ നിയോഗിച്ച കെവിൻ, റോബിൻസിന്റെ സൂട്ട് കെയിസ് എടുക്കാൻ എത്തിയ ഹോട്ടൽ ബോയിയുടെ സഹായത്തിനെത്തി.

എല്ലാം മുൻകൂട്ടി ബ്യൂറോയിൽ നിന്നും ഏർപ്പാടാക്കിയിരുന്നതിനാൽ റിസപ്ഷനിൽ ഇരുന്ന ചുറുചുറുക്കുള്ള യുവതി ഔപചാരികമായി പുഞ്ചിരിച്ചകൊണ്ട് പറഞ്ഞു:

'ഹിൽടോപ്പ് റീജൻസിയിലേക്ക് സ്വാഗതം, മിസ്റ്റർ റോബിൻസ്. നിങ്ങളുടെ റൂം തയ്യാറാണ്. നമ്പർ 402.'

റോബിൻസ് അവരോട് നന്ദി പറഞ്ഞു.

അപ്പോൾ അവിടെ കാത്തു നിന്ന റൂം ബോയിയെ ആ യുവതി വിളിച്ച് എന്തൊക്കെയോ നിർദ്ദേശങ്ങൾ നൽകി. അവർ നൽകിയ താക്കോലും വാങ്ങി റോബിൻസിന്റെ സൂട്ട് കെയിസുമെടുത്ത് അവൻ ലിഫ്റ്റിനടുത്തേക്കു നീങ്ങി.

റോബിൻസിനോട് യാത്രപറഞ്ഞ് കെവിൻ പത്രം ഓഫീസിലേക്ക് പോയി. റൂം ബോയിയുടെ പിന്നാലെ പോയി മുറിയുടെ സൗകര്യങ്ങളൊന്നും പരിശോധിക്കാൻ ഒരുമ്പെട്ടില്ല റോബിൻസ്. കൗണ്ടറിൽ നിന്നുകൊണ്ടുതന്നെ അയാൾ ആ അന്തരീക്ഷം ഒന്നുവിലയിരുത്തി.

ആ മുറിയിലെ തറയാകെ മാർബിൾ വിരിച്ച് മനോഹരമാക്കിയിട്ടുണ്ട്. ചുവരിൽ കൊത്തുപണികൾ നടത്തിയ പൈൻ പലകയും പതിച്ചിരിക്കുന്നു. കൗണ്ടറിനു മുന്നിലുള്ള ചത്വരത്തിൽ കുഷ്യനിട്ട ഇരിപ്പിടങ്ങളും. അതിൽ ഒന്നിൽ റോബിൻസ് ഇരുന്നു. അന്നത്തെ പ്രധാന പത്രങ്ങൾ ശ്രദ്ധയോടെ വായിക്കാൻ തുടങ്ങി. അതിൽ ലിബിയായിലെ ഒരു സംഘടനയുടെ പരസ്യം ക്ലാസിഫൈഡ് കോളത്തിൽ കണ്ടു.

'അംഗരക്ഷകരെ ആവശ്യമുണ്ട്, കറുത്ത വംശജരായവർക്ക് മൻഗണന. 35ന് താഴെ പ്രായവും നല്ല ആരോഗ്യം ഉണ്ടായിരിക്കണം. മികച്ച ശമ്പളം, ശോഭനമായ ഭാവി, വിദ്യാഭ്യാസം പ്രശ്നമല്ല, നിലവിൽ എന്തു ചെയ്യുന്നു എന്ന് വിശദമായി എഴുതി അറിയിക്കുക. ബോക്സ് 1174.'

കറുത്ത വംശജനല്ലെങ്കിലും ഒരു തമാശയ്ക്കായി ആ ജോലിക്ക് അപേക്ഷിക്കാൻ റോബിൻസ് തീരുമാനിച്ചു.

### കഥ ഇതുവരെ


കെന്നഡി ജൂനിയർ പറത്തിയ വിമാനം തകർന്ന് വീണു. അതിനെ ചുറ്റിപ്പറ്റി ന്യൂയോർക്കിലെ ദി വേൾഡ് ടൈംസ് ന്യൂസ് പേപ്പറിന്റെ ഓഫീസിൽ നടക്കുന്ന കാര്യങ്ങൾ. അതിനിടെ ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിന് മലയാളിയായ റിപ്പോർട്ടർ റോബിൻസ് നിയോഗിക്കപ്പെടുന്നു. തെളിവില്ലാതെ കിടന്ന ഒരു കൊലപാതക കേസിൽ പ്രതിയെ കണ്ടെത്തുന്നു. കൂടുതൽ അന്വേഷണങ്ങൾക്കായി അവൻ കെനിയായിലേക്ക് പോകുന്നു.

തുടർന്നു വായിക്കുക

ഏതുവഴിയാണ് വാർത്ത വരുന്നതെന്നറിയില്ലല്ലോ..!

അപരിചിതങ്ങളായ പ്രദേശത്ത് വാർത്താ റിപ്പോർട്ടിങ്ങിനായി നിയോഗിക്കപ്പെടുമ്പോൾ ആ പ്രദേശത്തെക്കുറിച്ച് കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കണം. എന്നാൽ മാത്രമേ ഒരു പ്രാദേശികത്വം വാർത്തകൾക്ക് അന്തർധാരയായി നൽകാൻ കഴിയൂ. അക്കാര്യത്തിൽ നിർബന്ധം പിടിക്കുന്ന ആളാണ് വേൾഡ് ടൈംസിന്റെ എക്യസിക്യൂട്ടീവ് എഡിറ്റർ. അത് അക്ഷരം പ്രതി പാലിക്കാൻ താൽപ്പര്യപ്പെടുന്നവനാണ് റോബിൻസ്.

ഇതിനോടകം ആഫ്രിക്കയെക്കുറിച്ചും, പ്രത്യേകിച്ച് കെനിയയെക്കുറിച്ചും സാമാന്യമായ അറിവുണ്ടാക്കാൻ




റോബിൻസ് കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. എങ്കിലെ ഇവിടത്തെ സംഭവങ്ങൾ റിപ്പോർട്ടു ചെയ്യുമ്പോൾ തീവ്രത പകരാൻ കഴിയു. ഹാൻഡ്ബാഗിൽ സൂക്ഷിച്ചിരുന്ന ഡയറിയെടുത്ത് അയാൾ ഒരു വട്ടം കൂടി പരിശോധിച്ചു. ലൈബ്രറിയിൽ നിന്നും കെനിയയെക്കുറിച്ച് ശേഖരിച്ച കുറിപ്പുകൾ അതിലുണ്ട്. ചരിത്രം, ഭൂമിശാസ്ത്രം, ജനങ്ങൾ, സംസാരം, ജീവിതരീതി. ഇനി കെനിയയുടെ ഒരു മാപ്പ് കൂടി സംഘടിപ്പിക്കണം.

അയാൾ പുറത്തേക്കിറങ്ങാൻ തുടങ്ങുമ്പോൾ റസപ്ഷനിസ്റ്റ് പറഞ്ഞു:

'രാത്രി എട്ടരയ്ക്കു മുൻപ് മടങ്ങി വരണേ, അതുകഴിഞ്ഞാൽ റസ്റ്റോറന്റ് അടയ്ക്കും. ങാ..പിന്നെ ഒറ്റയ്ക്കു നടക്കുമ്പോൾ ശ്രദ്ധിക്കണം. പോക്കറ്റടിയും തട്ടിപ്പറിക്കലുമൊക്കെ ഇവിടെ പതിവാ..!'

റോബിൻസ് തല കുലുക്കിയതല്ലാതെ മറ്റൊന്നും പറഞ്ഞില്ല.

എന്തായാലും മുറിയിൽ കയറാതെ അയാൾ നഗരം കാണാനിറങ്ങി. പറഞ്ഞു കേട്ടിട്ടുള്ളതും പിന്നെ, പുസ്തകങ്ങളിലൂടെ വായിച്ചറിഞ്ഞിട്ടുള്ളതുമായ കെനിയ..! അതിന്റെ യഥാർത്ഥ മുഖം അടുത്തുകണ്ടപ്പോൾ റോബിൻസിന് അത്ഭുതം തോന്നി. പരിഷ്കൃത രാജ്യങ്ങളിലേതുപോലുള്ള കെട്ടിടങ്ങൾ. നഗരത്തിലെ ഏറ്റവും ജനസാന്ദ്രമായ തെരുവിലേക്കു തിരിഞ്ഞു. ഇരുവശവും നിറയെ കടകൾ. മുന്നിൽ വിൽക്കുന്നവരുടേയും വാങ്ങുന്നവരുടേയും വർത്തമാനങ്ങൾ. വിലപേശലുകൾ.

അതിനിടയിൽ ഗ്ലോബുകളും ഭൂപടങ്ങളുമൊക്കെ വിൽക്കുന്ന ഒരു സ്റ്റോർ കണ്ടു. ഉടനെ റോബിൻസ് അങ്ങോട്ടു കയറി. അവിടെ സെയിൽസിൽ നിന്ന സ്ത്രീയോടാണ് ചോദിച്ചത്.

'കെനിയായുടെ ഒരു ഭൂപടം വേണം.'

അയാൾ പറഞ്ഞത് അവർക്ക് മനസ്സിലായില്ലെന്നു തോന്നുന്നു.!

അവർ ചിരിച്ചുകൊണ്ട് കൗണ്ടറിന് അല്പം അകലെയായി ഇരിക്കുന്ന ഒരു മനുഷ്യനെ ചൂണ്ടിക്കാണിച്ചു. അദ്ദേഹം തടിച്ച ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയാണ്. റോബിൻസ് അദ്ദേഹത്തിന്റെ സമീപത്തെത്തി അഭിവാദ്യം ചെയ്തുകൊണ്ടു പറഞ്ഞു.

'ഗുഡ് ഈവനിംഗ് സാർ'

അപരിചിതനെ കണ്ട് അയാൾ വായന നിർത്തി എഴുന്നേറ്റു.

'വെരി വെരി ഗുഡ് ഈവനിംഗ്'

'എന്താണ് താങ്കൾക്കു വേണ്ടത്'

അദ്ദേഹം ചോദിച്ചു.

'എനിക്ക് കെനിയായുടെ ഒരു ഭൂപടം വേണമായിരുന്നു.'

'തരാമല്ലോ, എന്താവശ്യത്തിലേക്കാണെന്നു പറഞ്ഞാൽ അതരുസരിച്ചുള്ളത് തരാമായിരുന്നു.'

'ഓ... നല്ലത്. ഞാനൊരു പത്രപ്രവർത്തകനാണ്. റോബിൻസ് എന്നാണ് എന്റെ പേര്. കെനിയായിലെ സാമൂഹീക സാമ്പത്തിക അന്തരീക്ഷം പഠിക്കാൻ ന്യൂയോർക്കിൽ നിന്നും വരികയാണ്.'

'വെൽഡൺ... പത്രം ഏതാണെന്നാണ് പറഞ്ഞത്.'

'വേൾഡ് ടൈംസ്.'

'അതുശരി..., നിങ്ങളുടെ സൂസൻ ക്ലാർക്കിന്റെ നയങ്ങളോട് ഏറെ ബഹുമാനമുള്ള ഒരാളാണ് ഞാൻ. മർഡോക്ക് ഇപ്പോൾ പത്രലോകത്ത് അശ്വമേധം നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയല്ലേ? പലവമ്പന്മാർ കടപുഴകിവീണപ്പോഴും അതിനെ ചെറുത്തു നിൽക്കാൻ അവർ കാണിക്കുന്ന ധൈര്യം ചെറുതല്ല.

1971 വാഷിംഗ്ടൺ പോസ്റ്റിന്റെ ഉടമ കാതറിൻ ഗ്രഹാം ലോകത്തെ ഇളക്കി മറിച്ച പെന്റഗൺ പേപ്പേഴ്സ് റിപ്പോർട്ടായിരുന്നു മറ്റൊരു ചങ്കൂറ്റം.'

ഒന്നു പുഞ്ചിരിച്ചുകൊണ്ട് റോബിൻസ് ചോദിച്ചു:

'താങ്കൾ സർവ്വീസിൽ...?'

'ഞാനൊരു റിട്ടേർഡ് പ്രൊഫസർ ആണ്. ചരിത്രം ആണ് എന്റെ വിഷയം.' പേര് സൈമൺ ഗിച്ചാരു. കെനിയാട്ട യൂണിവേഴിസിറ്റിയിലായിരുന്നു. ഇതെന്റെ മകന്റെ ഷോപ്പാണ്.'

'ഓ...താങ്കളുമായി പരിചയപ്പെട്ടതിൽ സന്തോഷം. അപ്പോൾ എന്നെ സഹായിക്കാൻ താങ്കൾക്കു കഴിയുമായിരിക്കും.'

എന്റെ സുഹൃത്ത് സിയാറഞ്ചി ചെസൈനക്ക് ആയിരിക്കും എന്നേക്കാൾ അധികം നിങ്ങളെ സഹായിക്കാൻ കഴിയുക. 1991ൽ നെയ്രോബി സർവകലാശാലയിലെ ഫാക്കൽറ്റിയിൽ അവരുണ്ടായിരുന്നു. അക്കാലം മുതൽ എനിക്കവരെ പരിചയമുണ്ട്. അവർ സാഹിത്യം, പ്രത്യേകിച്ച് ആഫ്രിക്കൻ സാഹിത്യം, സ്ത്രീ സാഹിത്യം, വാമൊഴി സാഹിത്യം എന്നിവയാണ് പഠിപ്പിച്ചിരുന്നത്. ആഫ്രിക്കൻ രാജ്യങ്ങളിലെ ദാരിദ്രത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള പഠനത്തിനായി ഒട്ടേറെ സമയം ചെലവഴിച്ച സ്ത്രീകൂടിയാണ്.

ഞാൻ അവരെ നിങ്ങൾക്കു പരിചയപ്പെടുത്തിത്തരാം.'

'ഓ...താങ്ക് യൂ..!'

റോബിൻസ് തലയാട്ടി സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു.

'ദക്ഷിണാഫ്രിക്കയിലേക്കുള്ള കെനിയയുടെ ഓഫീസ് ഹൈക്കമ്മീഷണർ പദവി അവർക്കു ഉടനെ ലഭിച്ചേക്കുമെന്നു കേൾക്കുന്നുണ്ട്.'

'തീർച്ചയായിട്ടും എനിക്കവരെ പരിചയപ്പെടണം. അങ്ങയുടെ ഫോൺനമ്പർ എനിക്കു തരു.'

റോബിൻസ് ഉടൻ സൈമൺ ഗിച്ചാരുവിന് സ്വന്തം നമ്പർ കൊടുക്കുകയും അദ്ദേഹത്തിന്റെ നമ്പർ വാങ്ങുകയും ചെയ്തു.

ഇതിനിടെ മികച്ച ഒരു ഭൂപടവും കെനിയായുടെ ചരിത്രം അടങ്ങുന്ന ഒരു കൈപ്പുസ്തകവും പാക്ക് ചെയ്ത് എടുക്കാൻ അദ്ദേഹം ഒരുവന് നിർദ്ദേശം നൽകി.

കൗണ്ടറിൽ നിന്നും അത് വാങ്ങിക്കോളാൻ പറഞ്ഞുകൊണ്ട് അദ്ദേഹത്തിന് ഹസ്തദാനം നൽകി.

റോബിൻസ് കൗണ്ടറിൽ പണം അടച്ച് പാക്കറ്റും വാങ്ങി അവിടെ നിന്നും ഇറങ്ങി.

അയാൾ നിരത്തിലെത്തിയപ്പോൾ സന്ധ്യയായി. നീയോൺ ലൈറ്റുകൾ തെളിഞ്ഞു. വണ്ടികളിൽനിന്നും ഉയരുന്ന ഹോൺ ശബ്ദം. അതിനിടയിലാണ് സിഡി വില്പനക്കാരുടെ സ്പീക്കറിൽ നിന്നുമുള്ള ഇടിമുഴക്കം പോലുള്ള ശബ്ദം. എല്ലാം കൂടി പ്രകമ്പനം കൊള്ളിക്കുമ്പോൾ തന്നെ ആ തെരുവിലേക്ക് ചൂടൻ കാറ്റു വീശിയടിച്ചുകൊണ്ടിരുന്നു.

തെരുവുകളിൽ ചെറുകിട വ്യാപാരികൾ ചായ, ചപ്പാത്തി, സമോസ എന്നിവയുടെ വില്പനകളിൽ മുഴുകിയിരിക്കുകയാണ്. അപ്പോഴാണ് പെട്ടെന്നൊരു ബഹളം. ഒരു ഇലക്ട്രോണിക് കടയുടെ മുന്നിൽനിന്നാണ് ശബ്ദം ഉയരുന്നത്.

ഒരു കെനിയൻ കൗമാരക്കാരൻ. പിടിവലിയിൽ അവന്റെ ഷർട്ട് കീറിയിരുന്നു. കാലിൽ പഴയ റബ്ബർ ഷൂ അവൻ തല താഴ്ത്തി പാഞ്ഞോടി വരുന്നു. അവന്റെ കൈയിൽ ഒരു ടേപ്പ് റെക്കോർഡർ ഉണ്ട്. അതവൻ മാറത്തടക്കിപ്പിടിച്ചിരിക്കുകയാണ്. ഒരു ഇടവഴിയിൽ നിന്നും നേരെ വന്നു നിന്നത് റോബിൻസിന്റെ മുന്നിൽ.

കാര്യം എന്തെന്നു മനസിലാകും മുമ്പ് അവൻ ഇടം വലം നോക്കിയ ശേഷം റോബിൻസിന്റെ വാച്ച് കൈയ്യിൽനിന്നും ബലമായി വലിച്ചുപറിച്ചെടുത്തു. പിന്നെ നിരത്തിലേക്ക് റോബിൻസിനെ ശക്തിയോടെ തള്ളി. വീഴാൻ ഭാവിച്ച റോബിൻസൻസ് ഇടതു കൈ നിലത്തുകുത്തി. അതുകൊണ്ട് രക്ഷപെട്ടു.

അയാൾ റോഡിൽ നിന്ന് എഴുന്നേറ്റപ്പോഴേക്കും അക്രമി സ്ഥലം വിട്ടിരുന്നു. ഇതിനകം ആ തെമ്മാടിയുടെ പിന്നാലെ ഒരു സംഘം ആളുകൾ വടിയും മറ്റുമായി പാഞ്ഞു പോയി. അവരിലൊരുത്തൻ എന്താണ് പറ്റിയതെന്നു റോബിൻസിനോടു ചോദിച്ചു.

അയാൾ അതിനുത്തരം പറയുംമുമ്പ് മൊബൈൽ ഫോൺ ശബ്ദിച്ചു.

മറുതലയ്ക്കൽ അപ്പോൾ കടയിൽ കണ്ട പ്രൊഫ. സൈമൺ ഗിച്ചാരു ആയിരുന്നു.

'ഹലോ... റോബിൻസ് എന്താണ് സംഭവിച്ചത്..? ഞാനങ്ങോട്ടു വരാം പോലീസിൽ അറിയിക്കണം..

(തുടരും)

# വ്യോമയാന വ്യവസായം: നഷ്ടം കുറയ്ക്കാൻ ചൈനീസ് കുറുക്കുവഴി

നടപ്പുസാമ്പത്തിക വർഷത്തിൽ ഇന്ത്യൻവ്യോമയാനവ്യവസായംഇരട്ടിനഷ്ടം നേരിടേണ്ടി വരുമെന്ന റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തുവരുന്നത്. അടുത്ത വർഷം മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ പ്രാദേശിക വ്യോമയാന മേഖലയുടെ നഷ്ടം 9,500 മുതൽ 10,500 കോടി രൂപ വരെ ആകുമെന്നാണ് റേറ്റിംഗ് ഏജൻസിയായ ഐ.സി.ആർ.എയുടെ റിപ്പോർട്ട്.




യാത്രക്കാരുടെ എണ്ണത്തിൽ കാര്യമായ വളർച്ചയുണ്ടാകാത്തതും പുതിയ വിമാനങ്ങൾ വാങ്ങിയതുമാണ് കമ്പനികളുടെ നഷ്ടം ഉയർത്തിയതെന്നാണ് വിലയിരുത്തൽ. തദ്ദേശീയ യാത്രക്കാരുടെ എണ്ണത്തിൽ 46 ശതമാനം വരെ വളർച്ചയുണ്ടാകുമെങ്കിലും കാര്യമായ സാമ്പത്തിക നേട്ടമുണ്ടാക്കാൻ കഴിയില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2024-25) 5,500 കോടി രൂപയുടെ നഷ്ടമാണ് വിപണിക്ക് ഉണ്ടായത്. ഇക്കുറി ഇരട്ടിയാകും. എന്നാൽ 2021-22, 2022-23 കാലഘട്ടത്തിൽ നേരിട്ട നഷ്ടത്തേക്കാൾ കുറവായിരിക്കും ഇത്. ഈ വർഷങ്ങളിൽ യഥാക്രമം 21,600 കോടി രൂപയും 17,900 കോടി രൂപയും നഷ്ടമുണ്ടായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ യാത്രക്കാരുടെ എണ്ണത്തിൽ 7.6 ശതമാനം വളർച്ച രേഖപ്പെടുത്തി. യാത്രക്കാരുടെ എണ്ണം 16.53 കോടി രൂപയായി വർധിക്കുകയും ചെയ്തു. എന്നാൽ ഇക്കുറി യാത്രക്കാരുടെ എണ്ണത്തിലും കാര്യമായ നേട്ടമുണ്ടാകില്ല. അതിർത്തിയിലെ സംഘർഷം, ആഗോള പ്രതിസന്ധി, അഹമ്മദാബാദ് വിമാന ദുരന്തം എന്നിവ തിരിച്ചടിയായി.

ഇക്കൊല്ലം ഒക്ടോബറിൽ പ്രാദേശിക യാത്രക്കാരുടെ എണ്ണം 1.43 കോടി രൂപയായി വർധിച്ചുവെന്നാണ് കണക്കുകൾ പറയുന്നത്. മുൻ വർഷത്തേക്കാൾ 4.5 ശതമാനവും സെപ്തംബറിനേക്കാൾ 12.9 ശതമാനവും വളർച്ചയാണിത്. വിമാനങ്ങളുടെയും സർവീസുകളുടെയും എണ്ണം വർധിപ്പിച്ചതാണ് ഇതിനുള്ള കാരണം. ഒക്ടോബറിൽ ഏതാണ്ട് 99,816 സർവീസുകളാണ് ഓപ്പറേറ്റ് ചെയ്തതെന്നാണ് കണക്കുകൾ പറയുന്നത്.

### എന്താണ് ചൈനീസ് കുറുക്കുവഴി ?

സാമ്പത്തിക പ്രതിസന്ധി കുറക്കുന്നതിന്റെ ഭാഗമായി ചൈനീസ് വ്യോമപാത ഉപയോഗിക്കാനുള്ള അനുമതിക്കായി എയർ ഇന്ത്യ ശ്രമങ്ങൾ തുടങ്ങിയതായും റിപ്പോർട്ടുണ്ട്. സിൻജിയാംഗിലെ ചൈനയുടെ നിർണായക സൈനിക കേന്ദ്രങ്ങൾക്ക് സമീപമുള്ള വ്യോമപാത ഉപയോഗിക്കാനാണ് എയർ ഇന്ത്യ ശ്രമിക്കുന്നത്. യു.എസ്, യൂറോപ്പ്, കാനഡ തുടങ്ങിയ സ്ഥലങ്ങളിലേക്ക് എളുപ്പത്തിൽ എത്താൻ ഇതിലൂടെ സാധിക്കും. എന്നാൽ ഉയർന്ന മലനിരകളുള്ള ഈ പ്രദേശം സുരക്ഷാ പ്രശ്നങ്ങൾ കണക്കിലെടുത്ത് അന്താരാഷ്ട്ര വിമാനക്കമ്പനികൾ ഒഴിവാക്കുകയാണ് പതിവ്. കൂടാതെ ചൈനീസ് സൈന്യത്തിന്റെ നിർണായക കേന്ദ്രമായ വെസ്റ്റേൺ തിയേറ്റർ കമാന്റ് സ്ഥിതി ചെയ്യുന്ന പ്രദേശം കൂടിയാണിത്. ഇന്ത്യയുമായി തർക്കമുണ്ടായാൽ ചൈനീസ് സൈനിക നടപടികൾ ഏകോപിപ്പിക്കാൻ കഴിയുമെന്ന് അമേരിക്കൻ പ്രതിരോധ വിഭാഗം കണ്ടെത്തിയ സ്ഥലം കൂടിയാണിത്. റഷ്യ-ഉക്രെയിൻ യുദ്ധം തുടങ്ങിയതോടെ യു.എസ് വിമാനകമ്പനികൾക്ക് റഷ്യൻ വ്യോമപാത ഉപയോഗിക്കാൻ വിലക്കേർപ്പെടുത്തി. ഇന്ത്യയിലേക്കുള്ള യു.എസ് വിമാന സർവീസുകളെയും ഇത് ബാധിച്ചു. ഇതോടെ റൂട്ടിൽ എയർ ഇന്ത്യയുടെ മേധാവിത്തമായിരുന്നു.

എന്നാൽ പാക്ക് വ്യോമപാത അടച്ചതോടെ എയർ ഇന്ത്യയുടെ ഡൽഹി വാഷിംഗ്ടൺ സർവീസ് ഓഗസ്റ്റിൽ നിറുത്തി. മൂന്ന് മണിക്കൂറോളം അധികം പറക്കേണ്ടതിനാൽ ഈ റൂട്ടുകളിലേക്കുള്ള മറ്റ് സർവീസുകളും ലാഭകരമല്ലെന്നാണ് എയർ ഇന്ത്യ പറയുന്നത്. എന്നാൽ ചൈനയിലെ ഹോട്ടൻ വ്യോമപാതയിലൂടെ പറക്കാൻ അനുമതി ലഭിച്ചാൽ ഓരോ ആഴ്ചയും 1.13 മില്യൻ ഡോളർ വീതം ലാഭിക്കാനാകുമെന്നാണ് എയർ ഇന്ത്യയുടെ കണക്കുകൂട്ടൽ.












# ബംഗ്ളൂരുവിൽ എ.ടി.എമ്മിൽ നിറയ്ക്കാൻ കൊണ്ടുപോയ 7 കോടി രൂപ കവർന്നു

ബംഗ്ളൂരു: അതിനാടകീയം. ആസൂത്രിതം. ബംഗ്ളൂരു നഗരത്തെ ഞെട്ടിച്ചുകൊണ്ട് ഇന്നലെ പട്ടാപ്പകൽ നടന്നത് വൻകൊള്ള. എ.ടി.എമ്മുകളിൽ നിറയ്ക്കാനായി കൊണ്ടുപോയ ഏഴു കോടിയോളം രൂപയാണ് അതിവിദഗ്ദ്ധമായി കൊള്ളയടിച്ചത്. എച്ച്.ഡി.എഫ്.സി ബാങ്കിന്റെ എ.ടി.എമ്മുകളിൽ നിറയ്ക്കാനായി 7.11 കോടി രൂപയുമായി വാഹനം പുറപ്പെട്ടു.

വാഹനത്തിൽ രണ്ട് ഡ്രൈവർമാരും രണ്ട് സുരക്ഷാഉദ്യോഗസ്ഥരും. രാവിലെ പത്തോടെ ജയനഗറിലെ അശോക് പില്ലറിന് സമീപം വാഹനമെത്തിയപ്പോൾ ഗ്രേ നിറത്തിലുള്ള ഇന്നോവ കാർ കുറുകെ സിനിമാസ്റ്റൈലിൽനിറുത്തി.കാറിൽഗവ.ഓഫ്ഇന്ത്യ എന്നെഴുതിയ സ്റ്റിക്കർ ഒട്ടിച്ചിരുന്നു. ഒരു സംഘംഇറങ്ങിവന്ന്ആദായനികുതിവകുപ്പ് ഉദ്യോഗസ്ഥരാണെന്ന് അറിയിച്ചു.

ഐ.ഡി കാർഡുകളും കാണിച്ചു. തുടർന്ന് രേഖകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. ഇത് വിശ്വസിച്ച ജീവനക്കാരുടെ മുമ്പിൽ വച്ച് പണം ഇന്നോവ കാറിലേക്ക് മാറ്റി. വിശ്വാസം ഉറപ്പിക്കുന്നതിനായിജീവനക്കാരിൽ നിന്ന് പല പേപ്പറുകളും സംഘം ഒപ്പിട്ട് വാങ്ങി. തുടർന്ന് ജീവനക്കാരെ കാറിൽ കയറ്റി പോയി. കുറച്ചുദൂരം പിന്നിട്ട ശേഷം ഇറക്കിവിട്ടു. തുടർന്ന്കൊള്ളസംഘം ബെന്നാർഘട്ട റോഡിലൂടെ അതിവേഗം പോയി. കൃത്യമായ ആസൂത്രണത്തോടു കൂടിയുള്ള കവർച്ചയാണെന്ന് അധികൃതർ അറിയിച്ചു. സുരക്ഷാ സംവിധാനങ്ങളിലെ പോരായ്മയാണിതെന്ന വിമർശനവുമുയർന്നു പ്രത്യേക സംഘത്തിന്റെ നേതൃത്വത്തിലാണ് അന്വേഷണം. സി.സി.ടിവി ക്യാമറകളുൾപ്പെടെ പരിശോധിച്ചുവരികയാണ്. വിരലടയാള വിദഗ്ദ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി. ഗ്രേ നിറത്തിലുള്ള ഇന്നോവ കാറിലാണ് പ്രതികളെത്തിയത്. ഇവരുടെ വണ്ടിയിലുണ്ടായിരുന്നത് വ്യാജ നമ്പർ പ്ലേറ്റാണെന്ന് കണ്ടെത്തി. കോറമംഗല, ഡോംലൂർ, മാറത്തഹള്ളി, വൈറ്റ്ഫീൽഡ് വഴി സഞ്ചരിച്ച് സംഘം ഹൊസക്കോട്ടെയിലേക്ക് രക്ഷപ്പെട്ടതായാണ് പ്രാഥമിക വിവരം.

# നിതീഷ് സർക്കാർ നവംബർ 20ന് അധികാരമേൽക്കും

ന്യൂഡൽഹി: ബീഹാറിൽ നിതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാർ ഇന്ന് (നവംബർ 20) സത്യപ്രതിജ്ഞചെയ്ത്അധികാരമേൽക്കും. മുഖ്യമന്ത്രി പദത്തിൽ നിതീഷിനിത് പത്താമൂഴം. രാവിലെ 11.30ന് പാട്ന ഗാന്ധി മൈതാനിയിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ, എൻ.ഡി.എ മുഖ്യമന്ത്രിമാരുൾപ്പെടെ പങ്കെടുക്കും. ഇന്നലെ നിയമസഭാ സെൻട്രൽ ഹാളിൽ നടന്ന എൻ.ഡി.എ നിയമസഭാ പാർട്ടി യോഗം, യോഗം നേതാവായി നിതീഷിനെ തിരഞ്ഞെടുത്തു.

പിന്നാലെ നിതീഷ് രാജ്ഭവനിലെത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ കണ്ട് സർക്കാർ രൂപീകരണത്തിന് അവകാശവാദമുന്നയിച്ചു. എൻ.ഡി.എ സഖ്യകക്ഷികളുടെ പിന്തുണാ കത്തുകളും സമർപ്പിച്ചു. 2020ൽ കൊവിഡ് നിയന്ത്രണങ്ങൾ കാരണം ലളിതമായ സത്യപ്രതിജ്ഞാ ചടങ്ങായിരുന്നു. ഇക്കുറി



വൻവിജയത്തോടെ അധികാരത്തുടർച്ച നേടിയതിനാൽ ചടങ്ങ് ഗംഭീരമാക്കാനുള്ള ഒരുക്കത്തിലാണ്. സത്യപ്രതിജ്ഞയ്ക്ക് ഒരുങ്ങുമ്പോഴും ഉപമുഖ്യമന്ത്രി, സ്പീക്കർ പദവികളെയും വകുപ്പുകളെയും സംബന്ധിച്ച് ചർച്ച തുടരുകയാണ്. ഏറ്റവും വലിയകക്ഷിയായ ബി.ജെ.പി രണ്ട് ഉപമുഖ്യമന്ത്രി, സ്പീക്കർപദവികൾക്ക്പുറമെആഭ്യന്തരം,വിദ്യാഭ്യാസം അടക്കം പ്രധാന വകുപ്പുകളും ആവശ്യപ്പെടുന്നു. ബി.ജെ.പിയുടെ സാമ്രാട്ട് ചൗധരിയും വിജയ് സിൻഹയും ഉപമുഖ്യമന്ത്രിമാരായി തുടർന്നേക്കും. കഴിഞ്ഞ സർക്കാരിൽ ബി.ജെ.പി വഹിച്ച സ്പീക്കർ സ്ഥാനത്തിന് ഇക്കുറി ജെ.ഡി.യു അവകാശവാദം ഉന്നയിക്കുന്നുണ്ട്. ബി.ജെ.പി സ്പീക്കർ സ്ഥാനം ഏറ്റെടുത്താൽ രണ്ട് ഉപമുഖ്യമന്ത്രിമാരെ അനുവദിക്കാനാകില്ലെന്നും ജെ.ഡി.യു പറയുന്നു. കഴിഞ്ഞ നിയമസഭയിൽ, ബി.ജെ.പിയുടെ നന്ദ് കിഷോർ യാദവ് സ്പീക്കറും ജെ.ഡി.യുവിന്റെ നരേന്ദ്ര നാരായൺ യാദവ് ഡെപ്യൂട്ടി സ്പീക്കറുമായിരുന്നു. കഴിഞ്ഞ തവണ നിതീഷ് കൈവശം വച്ച ആഭ്യന്തര വകുപ്പ് വിട്ടുകൊടുക്കാനും ജെ.ഡി.യു തയ്യാറല്ല. അതേസമയം ജെ.ഡി.യു നിലവിലുള്ള മിക്ക മന്ത്രിമാരെയും നിലനിറുത്തിയേക്കും. ബി.ജെ.പിയിൽ വനിതകളടക്കം പുതുമുഖങ്ങൾക്ക് സാദ്ധ്യതയുണ്ട്. എൽ.ജെ.പിക്ക് മൂന്നും എച്ച്.എ.എം, ആർ.എൽ.എം പാർട്ടികൾക്ക് ഓരോ മന്ത്രിസ്ഥാനവും ലഭിച്ചേക്കും.

# കൊടും കുറ്റവാളി അൻമോൽ ബിഷ്ണോയ് എൻ.ഐ.എ കസ്റ്റഡിയിൽ

ന്യൂഡൽഹി: കൊടും കുറ്റവാളി ലോറൻസ് ബിഷ്ണോയ് നേതൃത്വം നൽകുന്ന രാജ്യാന്തര ക്രൈം സിൻഡിക്കേറ്റിലെ റിമോട്ട് കമാൻഡർ അൻമോൽ ബിഷ്ണോയ് 11 ദിവസത്തെ എൻ.ഐ.എ കസ്റ്റഡിയിൽ. അഹമ്മദാബാദിലെ സബർമതി സെൻട്രൽ ജയിലിൽ പാർപ്പിച്ചിരിക്കുന്ന ലോറൻസ് ബിഷ്ണോയിയുടെ സഹോദരനാണ്.

ലോറൻസ് ഏറ്റെടുക്കുന്ന ക്വട്ടേഷനുകൾ വിദേശരാജ്യങ്ങളിലിരുന്ന് പ്ലാൻ തയ്യാറാക്കി നടപ്പാക്കിയിരുന്നത് അൻമോലാണ്. അതിനാൽ റിമോട്ട് കമാൻഡർ എന്ന് വിളിപ്പേര്. മഹാരാഷ്ട്ര മുൻ മന്ത്രി ബാബാ സിദ്ദിഖിയെ വെടിവച്ചു കൊന്നതും ബോളിവുഡ് നടൻ സൽമാൻ ഖാനെതിരെ വധഭീഷണി മുഴക്കിയതും അടക്കം രാജ്യം തേടിയ കൊടും കുറ്റവാളിയാണ്. ഭീകരൻ ഗോൾഡി ബ്രാറുമായും ബന്ധമുണ്ടെന്ന് ഏജൻസികൾ കണ്ടെത്തിയിരുന്നു.

യു.എസിൽ നിന്ന് ഇന്ത്യയിലേക്ക് കയറ്റി അയച്ച അൻമോൽ ഉൾപ്പെടെ 200 ഇന്ത്യൻ പൗരന്മാരുമായുള്ള പ്രത്യേക വിമാനം ഇന്നലെ രാവിലെ 10ന് ഡൽഹി ഇന്ദിരാ ഗാന്ധി രാജ്യാന്തര വിമാനത്താവളത്തിൽ എത്തി. പിന്നാലെ എൻ.ഐ.എ അറസ്റ്റ് രേഖപ്പെടുത്തി. വൈകിട്ടോടെ പട്യാല ഹൗസ് കോടതിയിൽ ഹാജരാക്കി കസ്റ്റഡി ആവശ്യപ്പെടുകയായിരുന്നു. സാമ്പത്തിക സ്രോതസുകൾ, രാജ്യാന്തര ശൃംഖലയുടെ പ്രവർത്തനം തുടങ്ങിയവ അന്വേഷിക്കണമെന്ന് കോടതിയെ എൻ.ഐ.എ അറിയിച്ചു.










# വിലകൂടിയ വിദേശ ക്രീമുകളല്ല, സൗന്ദര്യ രഹസ്യം ഈ ഭക്ഷണങ്ങൾ

സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത 'മനസ്സിനക്കരെ' എന്ന ചിത്രത്തിലൂടെയാണ് നയൻതാര വെള്ളിത്തരയിലെത്തുന്നത്. അവിടെ നിന്ന് തെന്നിന്ത്യയിലെ താരറാണിയായി നയൻസ് ഉയർന്നതിന് പിന്നിൽ കഠിനാധ്വാനവും പരിശ്രമവും ധാരാളമുണ്ട്.ആരാധകരും പ്രേക്ഷകരും ലേഡി സൂപ്പർസ്റ്റാർ എന്ന് വിളിക്കുന്ന നയൻതാര, കാലാതീതമായ സൗന്ദര്യവും ആകർഷണീയതയും കൊണ്ട് ഇപ്പോഴും അത്ഭുതപ്പെടുത്തുന്നു. ആരോഗ്യമുള്ള മുടിയും തിളങ്ങുന്ന ചർമ്മവുമാണ് നയൻസിന്റെ തിളക്കമുള്ള രൂപത്തിന് കാരണമാകുന്ന ചില പ്രധാന ഘടകങ്ങൾ.അവരുടെ സ്കിൻകെയർ ബ്രാൻഡായ 9Skin പങ്കിട്ട ഒരു വീഡിയോയിൽ, തന്റെ ചർമ്മത്തെയും മുടിയെയും ആരോഗ്യത്തോടെ നിലനിർത്താൻ സ്വീകരിക്കുന്ന ഒരു ശീലം എന്താണെന്ന് നയൻതാര വെളിപ്പെടുത്തി.വീട്ടിലുണ്ടാക്കുന്ന നാടൻ ഭക്ഷണങ്ങളും സീസണൽ പഴങ്ങളും ഉൾപ്പെടുത്തിയുള്ള ഭക്ഷണക്രമമാണ് ആരോഗ്യത്തിന് എപ്പോഴും നല്ലത്. താൻ അതാണ് ഇപ്പോൾ പിന്തുടരുന്നതെന്നും താരം പങ്കുവെച്ച ഒരു വിഡിയോയിൽ പറയുന്നു. ഇത് നമ്മുടെ ചർമത്തിനും മുടിയുടെ ആരോഗ്യത്തിനും ഏറ്റവും നല്ലതെന്നും താരം കൂട്ടിച്ചേർത്തു. ഭക്ഷണശീലത്തിന് പുറമെ, ശരീരത്തിൽ ജലാംശം നിലനിർത്തേണ്ടതിന്റെ ആവശ്യവും താരം ചൂണ്ടിക്കാണിക്കുന്നു. സമീകൃതാഹാരമാണ് സന്തോഷകരവും ആരോഗ്യകരവുമായ ജീവിതത്തിന് താക്കോൽ എന്ന് നടി പങ്കുവെച്ചു. 'പോഷകാഹാരപ്രദവും രുചികരവുമായ വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണം എനിക്ക് ഇഷ്ടമാണ്. ഞാൻ സന്തോഷത്തോടെയും കുറ്റബോധമില്ലാതെയും കഴിക്കുന്നു, ജങ്ക് ഫുഡിനോടുള്ള ആസക്തിയില്ല. നമ്മൾ എന്താണോ കഴിക്കുന്നത് അത് നമ്മുടെ മൊത്തത്തിലുള്ള സൗഖ്യത്തിനെ ബാധിക്കുമെന്നും താൻ വിശ്വസിക്കുന്നുവെന്നും നയൻതാര പറയുന്നു.



## 'ഞാനതിന് തയ്യാറായിരുന്നില്ല, ദുൽഖറിന്റെ മുഖത്ത് അടിക്കേണ്ടി വന്നു'; കാന്ത നായിക

തിയേറ്ററുകളിൽ വിജയകരമായി പ്രദർശനം തുടരുകയാണ് ദുൽഖർ സൽമാനെ നായകനാക്കി സെൽവമണി സെൽവരാജ് സംവിധാനം ചെയ്ത കാന്ത. ചിത്രത്തിലെ നായികയായ ഭാഗ്യശ്രീ ബോർസേയും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ചിത്രത്തിലെ ഒരു രംഗത്തിനായി ദുൽഖർ സൽമാനെ ശരിക്കും തല്ലേണ്ടിവന്നുവെന്ന് തുറന്നുപറഞ്ഞിരിക്കുകയാണ് ഇപ്പോൾ ഭാഗ്യശ്രീ. ആ രംഗം ചെയ്യാൻ തനിക്ക് മടിയായിരുന്നെന്നും അവർ വ്യക്തമാക്കി. 1950-കളിലെ ഒരു പ്രമുഖ സംവിധായകനും സിനിമാ സൂപ്പർതാരവും തമ്മിലുള്ള ഈഗോയെ ചുറ്റിപ്പറ്റിയുള്ളതാണ് സിനിമയുടെ ഇതിവൃത്തം.ഭാഗ്യശ്രീ ബോർസെയുടെ കുമാരി എന്ന കഥാപാത്രം ദുൽഖർ സൽമാന്റെ കഥാപാത്രത്തെ തല്ലുന്ന ഒരു രംഗം സിനിമയിലുണ്ട്. ഈ രംഗത്തിൽ തനിക്ക് ദുൽഖറിനെ ഒന്നല്ല, പലതവണ ശക്തിയായി അടിക്കേണ്ടി വന്നുവെന്ന് അവർ പറഞ്ഞു. മടിച്ചുനിന്ന തനിക്ക് പ്രോത്സാഹനം നൽകി ആ രംഗം മികച്ചതാക്കാൻ ഒപ്പംനിന്നത് ദുൽഖർ തന്നെയായിരുന്നെന്നും നടി വിശദീകരിച്ചു. വാർത്താ ഏജൻസിയായ ഐഎഎൻഎസിനോടായിരുന്നു ഭാഗ്യശ്രീയുടെ പ്രതികരണം.'എനിക്കതിന് ഒരുപാട് സമയമെടുത്തു. ഞാനതിന് തയ്യാറായിരുന്നില്ല, കാരണം ദുൽഖറിനെ തല്ലുന്നതുപോലെ അഭിനയിച്ചാൽ മതിയോ എന്ന് ഞാൻ ചോദിച്ചു. കാരണം എനിക്ക് ഇതുവരെയും ആരെയും അടിക്കേണ്ടി വന്നിട്ടില്ല. പക്ഷേ കഥാപാത്രത്തിന്റെ പൂർണതയ്ക്കുവേണ്ടി ഞാൻ അങ്ങനെതന്നെ ചെയ്യണമെന്ന് ദുൽഖർ സൽമാൻ ശരിക്കും ആഗ്രഹിച്ചിരുന്നുവെന്ന് ഞാൻ കരുതുന്നു. കഥാപാത്രത്തിന്റെ യഥാർത്ഥ ഭാവം പുറത്തുവരാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അതിനാൽ ദുൽഖർ എന്നോട് ചെയ്യാൻ ആവശ്യപ്പെട്ടത് എനിക്ക് ചെയ്യേണ്ടി വന്നു.' ഭാഗ്യശ്രീ പറഞ്ഞു.



## ട്രാവൽ വ്ളോഗുമായി ജിമിനും ജങ്കൂക്കും!

ബിടിഎസിന്റെ പുതിയ ആൽബത്തിനും ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്കുള്ള ലോക പര്യടനത്തിനും വേണ്ടി മാത്രമല്ല ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുന്നത്, പക്ഷേ ആ പട്ടികയിൽ മറ്റൊന്ന് കൂടിയുണ്ട്. ജിമിനും ജങ്കൂക്കും അവതരിപ്പിക്കുന്ന ആർ യു ഷുവർ എന്ന ഷോ. ബിടിഎസ് ആർമി അതിന്റെ രണ്ടാം സീസണിനായി കാത്തിരിക്കുകയാണ്. മറ്റ് അഞ്ച് അംഗങ്ങൾക്ക് പുറമേ ജിമിനും ജങ്കൂക്കും ഹോസ്റ്റ് ചെയ്യുന്ന ഒരു ട്രാവൽ വ്ലോഗാണ് ആർ യു ഷുവർ?. അതിന്റെ ആദ്യ സീസൺ വലിയ ഹിറ്റായിരുന്നു. അതിനുശേഷം, രണ്ടാം സീസൺ ഇപ്പോൾ എത്തി. ആർ യു ഷുവർ - സീസൺ 2 സൈനിക സേവനത്തിൽ നിന്ന് മടങ്ങിയെത്തിയ ശേഷം വിയറ്റ്നാമിലേക്കും സ്വിറ്റ്സർലൻഡിലേക്കുള്ള യാത്രയെ അവതരിപ്പിക്കും.

## 'ആരോഗ്യം ഭീഷണിയിൽ': വിചിത്രമായി സംസാരിക്കുന്ന ബ്രിട്ട്നി സ്പിയേഴ്സിന്റെ വീഡിയോ ആരാധകരെ ആശങ്കയിലാഴ്ത്തി!

പോപ്പ് രാജ്ഞി ബ്രിട്ട്നി സ്പിയേഴ്സിന്റെ പുതിയ ഇൻസ്റ്റാഗ്രാം വീഡിയോ ആരാധകരെ വീണ്ടും ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. വിചിത്രമായ ആക്സന്റിൽ സംസാരിച്ചുകൊണ്ടുള്ള വീഡിയോയാണ് സാമൂഹ്യ മാധ്യമങ്ങളിൽ ഇപ്പോൾ ചർച്ചാവിഷയം. സ്വന്തമായി സമയം ചെലവഴിക്കുകയും സ്വയം പരിചരണം നടത്തുകയും ചെയ്യുന്നതിന്റെ (Self-care) ദൃശ്യങ്ങളാണ് താരം അടുത്തിടെ പങ്കുവെച്ചത്. കൈ ഹോട്ട് വാക്സിൽ മുക്കുന്നതും, സോക്സ് ധരിച്ച് കസേരയിൽ വിശ്രമിക്കുന്നതുമെല്ലാം വീഡിയോയിലുണ്ട്.

എന്നാൽ, വിചിത്രമായ ശൈലിയിലുള്ള സംസാരം ആരാധകരെ ആശയക്കുഴപ്പത്തിലാക്കി. ബ്രിട്ടീഷ്, ഓസ്ട്രേലിയൻ ആക്സന്റുകളുടെ ഒരു സമ്മിശ്രണമാണ് താരത്തിന്റെ സംസാരത്തിൽ അനുഭവപ്പെട്ടത്. അവർ പറഞ്ഞ കാര്യങ്ങൾ വ്യക്തമല്ലാത്തതും ആശങ്ക വർദ്ധിപ്പിച്ചു.43 വയസ്സുകാരിയായ ബ്രിട്ട്നിയുടെ ഈ വീഡിയോ, അവരുടെ മാനസി



കാരോഗ്യത്തെക്കുറിച്ചുള്ള ആശങ്കകൾക്കിടയിലാണ് പുറത്തുവന്നത്. 2008 മുതൽ 2021 വരെ നീണ്ട കൺസർവേറ്റർഷിപ്പിൽ (Conservatorship) നിന്ന് മോചിതയായതിന് ശേഷം താരം പലപ്പോഴും വിചിത്രമായ വീഡിയോകൾ പങ്കുവെക്കാറുണ്ട്. കഴിഞ്ഞ ഓഗസ്റ്റിലും സമാനമായ ഒരു സംഭവം ഉണ്ടായിരുന്നു. അന്ന്, ബ്രിട്ടീഷ് ആക്സന്റിൽ സംസാരിക്കുകയും അലങ്കോലമായ മുറിയിൽ നൃത്തം ചെയ്യുകയും ചെയ്യുന്ന ഒരു വീഡിയോ താരം പങ്കുവെച്ചിരുന്നു.

ഈ വീഡിയോകളിലെല്ലാം താരത്തിന്റെ പെരുമാറ്റം ആരാധകർക്ക് ആശങ്കയുണ്ടാക്കിയിരുന്നു.ബ്രിട്ട്നിയുടെ പെരുമാറ്റം മുൻ ഭർത്താവായ കെവിൻ ഫെഡർലൈനിനെയും (Kevin Federline) അസ്വസ്ഥനാക്കുന്നുണ്ട്. 'ഞാൻ ശരിക്കും ആശങ്കയിലാണ്. ഒരു അച്ഛൻ എന്ന നിലയിൽ, ഒരു ദിവസം എഴുന്നേൽക്കുമ്പോൾ എന്റെ മക്കൾക്ക് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യങ്ങൾ നേരിടേണ്ടിവരുമോ എന്ന് ഞാൻ ഭയപ്പെടുന്നു,' കെവിൻ ഒക്ടോബറിൽ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. തങ്ങളുടെ രണ്ട് ആൺമക്കളുടെ ഭാവിയെ ഓർത്ത് ബ്രിട്ട്നിക്ക് വിദഗ്ദ്ധ സഹായം ലഭിക്കാൻ താൻ ആഗ്രഹിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കാറ്റി പെറി–ജസ്റ്റിൻ ട്രൂഡോ പ്രണയം; മനസ്സ് തുറന്ന് ട്രൂഡോയുടെ മുൻ ഭാര്യ സോഫി ഗ്രെഗോയർ

അമേരിക്കൻ ഗായിക കാറ്റി പെറിയുമായുള്ള മുൻ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ പ്രണയത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങളെക്കുറിച്ച് ഒടുവിൽ മനസ്സ് തുറന്ന് മുൻ ഭാര്യ സോഫി ഗ്രിഗോയർ.‘ആർലീൻ ഈസ് എലോൺ‘ എന്ന പോഡ്കാസ്റ്റിൽ സംസാരിക്കവെ ഈ അഭ്യൂഹങ്ങൾ എല്ലാം ഞാൻ ‘കൂൾ‘ ആയി ഏറ്റെടുക്കുന്നുവെന്ന് സോഫി പറഞ്ഞു.

‘നമ്മൾ മനുഷ്യരാണ്, നമ്മളെയെല്ലാം ബാധിക്കുന്ന കാര്യങ്ങളാണിവ, സാധാരണം,‘ ഗ്രിഗോയർ പറഞ്ഞു. എന്തെങ്കിലുമൊക്കെ കാര്യങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നത് നിങ്ങളുടെ തീരുമാനമാണ്. അുകൊണ്ട്, ശബ്ദത്തിന് പകരം സംഗീതം കേൾക്കാൻ ഞാൻ തീരുമാനിച്ചു.പൊതുജനങ്ങൾക്ക് ഇതുപോലുള്ള പല കാര്യങ്ങളും അസ്വസ്ഥത ഉണ്ടാക്കിയേക്കാമെന്നത് തനിക്ക് നന്നായി അറിയാം. ഞാൻ അതിൽ എന്തു ചെയ്യുന്നു





എന്നത് എന്റെ തീരുമാനമാണ്,‘ ഗ്രെഗോയർ കൂട്ടിച്ചേർത്തു.ജൂലൈയിൽ മോൺട്രിയലിൽ നടന്ന ഒരു അത്താഴ വിരുന്നിനിടെയാണ് ഗായിക കാറ്റി പെറിയും ജസ്റ്റിൻ ട്രൂഡോയും ആദ്യമായി ഒരുമിച്ച് കണ്ടത്.

പിന്നീട് കാനഡയിൽ കാറ്റി പെറിയുടെ വിറ്റുതീർന്ന ലൈഫ് ടൈംസ് ടൂർ സ്റ്റോപ്പിലും ട്രൂഡോ പങ്കെടുത്തിരുന്നു. ഇതോടെയാണ് ഇരുവരും പ്രണയത്തിലാണെന്ന അഭ്യൂഹങ്ങൾ പരക്കാൻ തുടങ്ങിയത്.ഏഴ് വർഷത്തെ ദാമ്പത്യ ജീവിതത്തിന് ശേഷം, 2025 ജൂണിൽ പെറി നടൻ ഒർലാൻഡോ ബ്ലൂമുമായുള്ള ബന്ധം അവസാനിപ്പിച്ചിരുന്നു. 18 വർഷത്തെ ദാമ്പത്യ ജീവിതത്തിനുശേഷം 2023 ഓഗസ്റ്റിൽ ട്രൂഡോ ഭാര്യ സോഫി ഗ്രിഗോയറിൽ നിന്ന് വേർപിരിയുന്നതായി പ്രഖ്യാപിച്ചു. അവർക്ക് മൂന്ന് കുട്ടികളുണ്ട് - സേവ്യർ, 17, എല്ല-ഗ്രേസ്, 16, ഹാഡ്രിയൻ, 11.

# കത്രീന–വിക്കി ദമ്പതികളുടെ കുഞ്ഞിന്റെ എഐ ചിത്രങ്ങൾ വൈറലാകുന്നു

അടുത്തിടെയാണ് ബോളിവുഡിലെ താരദമ്പതികളായ കത്രീന കൈഫിനും വിക്കി കൗശലിനും കുഞ്ഞ് പിറന്നത്. നാല് വർഷം മുമ്പായിരുന്നു ഇരുവരുടേയും വിവാഹം. തങ്ങളുടെ കുഞ്ഞിന്റെ എല്ലാ വിവരങ്ങളും രഹസ്യമായി സൂക്ഷിക്കാൻ ഇരുവരും ജാഗ്രത പുലർത്താറുണ്ട്. ഇപ്പോഴിതാ ഇരുവരും തങ്ങളുടെ നവജാതശിശുവിനെ എടുത്തുകൊണ്ട് നിൽക്കുന്ന എഐ ചിത്രങ്ങൾ ഓൺലൈനിൽ വ്യാപകമായി പ്രചരിക്കാൻ തുടങ്ങിയിരിക്കുകയാണ്.സോഷ്യൽ മീഡിയയിൽ വ്യാപകമായി പങ്കിട്ട ഒരു ഫോട്ടോയിൽ വിക്കി കൗശൽ കുഞ്ഞിനെ കൈകളിൽ പിടിച്ചിരിക്കുന്നതും കത്രീന മനോഹരമായ മഞ്ഞ വസ്ത്രത്തിൽ അരികിൽ ഇരിക്കുന്നതും കാണാം. മറ്റൊരു ചിത്രത്തിൽ കത്രീന തന്റെ അമ്മായിയമ്മയോടൊപ്പം പോസ് ചെയ്യുന്നതും കാണാം.മറ്റൊരു ചിത്രത്തിൽ, വിക്കി കൗശലിന്റെ അമ്മ കുഞ്ഞിനെ കൈകളിൽ പിടിച്ചിരിക്കുന്നതും ദമ്പതികൾ അവളുടെ അരികിൽ പുഞ്ചിരിയോടെ നിൽക്കുന്നതും കാണാം. ആരാണ് ചിത്രങ്ങൾ ഉണ്ടാക്കിയെന്നതിനെക്കുറിച്ച് വിവരങ്ങളില്ല. 2021 ലായിരുന്നു കത്രീന-വിക്കി വിവാഹം. കത്രീന ഗർഭിണിയാണെന്ന് നേരത്തേ മുതൽ വാർത്തകൾ പ്രചരിച്ചിരുന്നു. കഴിഞ്ഞ സെപ്റ്റംബറിൽ മാത്രമാണ് ഇക്കാര്യം താരങ്ങൾ ഔദ്യോഗികമായി സ്ഥിരീകരിച്ചത്.



# തന്റെ പേരിൽ വ്യാജമായി സന്ദേശമയക്കുന്നയാൾക്കെതിരെ രോഷാകുലയായി നടി ശ്രിയ ശരൺ

തെന്നിന്ത്യൻ സിനിമയിലെ പ്രിയതാരമായ ശ്രിയ ശരൺ തന്റെ പേരും ഫോൺ നമ്പറും ഉപയോഗിച്ച് ആളുകളെ കബളിപ്പിക്കാൻ ശ്രമിക്കുന്ന വ്യാജ വ്യക്തിക്കെതിരെ ശക്തമായ താക്കീതുമായി രംഗത്ത്. ഇൻസ്റ്റാഗ്രാമിലൂടെയാണ് താരം മുന്നറിയിപ്പ് നൽകിയത്. ഒരു വ്യക്തി തന്റെ ചിത്രം ഡിസ്‌പ്ലേ പിക്ചറാക്കി ഉപയോഗിച്ച് പലർക്കും സന്ദേശങ്ങൾ അയക്കുകയും സമയം പാഴാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് താരത്തിന്റെ പ്രതികരണം.ഇതുമായി ബന്ധപ്പെട്ട ഫോൺ നമ്പറിന്റെ സ്ക്രീൻഷോട്ട് പങ്കുവെച്ചുകൊണ്ട് ശ്രിയ തന്റെ രോഷം പ്രകടിപ്പിച്ചു. ‘ഈ വിഡ്ഢി ആരായാലും ആളുകൾക്ക് സന്ദേശങ്ങൾ അയക്കുന്നത് നിർത്തുക, അവരുടെ സമയം കളയരുത്,‘ എന്നായിരുന്നു താരത്തിന്റെ കുറിപ്പ്. ആളുകളുടെ സമയം പാഴാക്കുന്നതിൽ തനിക്ക് വിഷമമുണ്ടെന്നും ശ്രിയ കൂട്ടിച്ചേർത്തു.ഈ വ്യാജ വ്യക്തി തന്നെ ഏറെ ഇഷ്ടമുള്ള, ഒപ്പം പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന പലർക്കും സന്ദേശമയച്ചതിനെക്കുറിച്ചും ശ്രിയ പരാമർശിച്ചു. ‘ഇതൊന്നും ഞാനല്ല! എന്റെ നമ്പറുമല്ല! തമാശയായി തോന്നിയ ഒരു കാര്യം, ഈ മോശം വ്യക്തി ബന്ധപ്പെടാൻ ശ്രമിക്കുന്നത് ഞാൻ ആരാധിക്കുകയും ഒപ്പം പ്രവർത്തിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തികളെയാണ് എന്നതാണ്! വളരെ വിചിത്രം! എന്തിനാണ് നിങ്ങൾ നിങ്ങളുടെ സമയം ഇങ്ങനെ പാഴാക്കുന്നത്? പോയി സ്വന്തമായി ഒരു ജീവിതം കണ്ടെത്തുക, മറ്റൊരാളുടെ പേരിൽ ജീവിക്കാതെ,‘ എന്നും താരം കുറിച്ചു. സൈബർ തട്ടിപ്പിൽ നിന്ന് എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ഇൻസ്റ്റാഗ്രാം സ്റ്റോറിയിലൂടെ താരം ആവർത്തിച്ചു. ‘സ്കാം അലേർട്ട്... വ്യാജൻ... ആരോ എന്നെ അനുകരിക്കാൻ ശ്രമിക്കുന്നതായി സുഹൃത്തുക്കളുടെ വിളികൾ വരുന്നു. ദയവായി ഈ വ്യാജ നമ്പറുമായി ബന്ധപ്പെട്ട ആശയവിനിമയങ്ങളിൽ നിന്നും വർക്ക് ബുക്കിംഗുകളിൽ നിന്നും കണിശമായി അകന്നു നിൽക്കുക, ഒരു പണമിടപാടും നടത്തരുത്,‘ എന്നും ശ്രിയ മുന്നറിയിപ്പ് നൽകി.

# ‘എഫ്1’ സീക്വൽ പ്രതീക്ഷിക്കാമോ? സംവിധായകൻ പറയുന്നത്



ബ്രാഡ് പിറ്റ് ഫോർമുല വൺ റേസിങ് ഡ്രൈവർ സോണി ഹെയ്സ് ആയി അഭിനയിച്ച 2025 ലെ അമേരിക്കൻ സ്പോർട്സ് ഡ്രാമ ചിത്രമാണ് ‘എഫ് 1 ദ മൂവി’. ബോക്സ് ഓഫിസ് സർക്യൂട്ടിൽ അതിവേഗമാണ് ഈ ചിത്രം മുന്നേറിയത്. ഫോർമുല വൺ കാറോട്ട മത്സരങ്ങളുടെ ത്രസിപ്പിക്കുന്ന കഥ പറഞ്ഞ ‘എഫ് 1: ദ് മൂവി’ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ സ്പോർട്സ് സിനിമയെന്ന റെക്കോർഡും സ്വന്തമാക്കി. ഇപ്പോഴിതാ ചിത്രത്തിന്റെ സ്വീക്വലിനെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്ക് സംവിധായകൻ ജോസഫ് കോസിൻസ്കി ഒടുവിൽ മറുപടി നൽകിയിരിക്കുകയാണ്. ‘സോണി ഹെയ്സിന്റെയും അപെക്സ് ജിപിയുടെയും അടുത്ത അധ്യായം എന്തായിരിക്കുമെന്ന് ഞങ്ങൾ സ്വപ്നം കാണുന്ന ഒരു ഘട്ടത്തിലാണ് ഇപ്പോൾ. പക്ഷേ, ലോകമെമ്പാടുമുള്ള ഈ സിനിമയോടുള്ള പ്രതികരണത്തെ അടിസ്ഥാനമാക്കി, ആളുകൾ കാണാൻ ആഗ്രഹിക്കുന്ന ഒന്നാണിത്, ഇത് നിർമ്മിക്കുന്നതിൽ ഞങ്ങൾക്ക് വളരെയധികം സന്തോഷം ലഭിച്ചതിനാൽ ഞങ്ങൾഅത് ചെയ്യും‘ ചിത്രത്തിന്റെ സംവിധായകൻ വെറൈറ്റിയോട് സംസാരിക്കവെ പറഞ്ഞു. ‘തീർച്ചയായും ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ഇത്. ഞങ്ങൾക്ക് ഇതൊരു വലിയ വേനൽക്കാല ബ്ലോക്ക്ബസ്റ്ററായിരുന്നു, ബ്രാഡ് അതിൽ അഭിനയിച്ചത് വളരെ മികച്ച പ്രകടനമാണ്. ഞങ്ങൾക്ക് അതിൽ അഭിമാനമുണ്ട്, അത് പുറത്തുകൊണ്ടുവരാൻ ഞങ്ങൾക്ക് കാത്തിരിക്കാനാവില്ല- അദ്ദേഹം കൂട്ടിച്ചേർത്തു.ജൂൺ 25ന് റിലീസ് ചെയ്ത ചിത്രം, ആഗോള ബോക്സ് ഓഫിസിൽ ഇതുവരെ 57 കോടി ഡോളർ (ഏകദേശം 4995 കോടി രൂപ) നേടി. ഡിസ്നി പുറത്തിറക്കിയ ‘കാർസ് 2’ ന്റെ റെക്കോർഡാണ് ഇതോടെ പഴങ്കഥയാകുന്നത്. ഇപ്പോഴിതാ ബ്രാഡ് പിറ്റിന്റെ ’എഫ് 1’ ഒ.ടി.ടിയിലേക്ക് എത്തുകയാണ്. ഡിസംബർ 12ന് ആപ്പിൾ ടിവിയിലും ആമസോൺ പ്രൈം വിഡിയോയിലും ചിത്രം സ്ട്രീമിങ് ആരംഭിക്കും



# റെക്കോർഡ് ഭേദിച്ച് പ്രിയങ്ക ! വാരണാസിയിൽ വാങ്ങുന്നത് വൻ പ്രതിഫലം

ഗ്ലോബൽ സെൻസേഷനായ പ്രിയങ്ക ചോപ്ര ഇന്ത്യൻ സിനിമയിലേക്ക് തിരിച്ചുവരവ് നടത്താൻ ഒരുങ്ങുകയാണ്. ഇതിന്റെ ഭാഗമായി ടോളിവുഡ് സൂപ്പർസ്റ്റാർ മഹേഷ് ബാബുവിനെ നായകനാക്കി സംവിധായകൻ രാജമൗലി ഒരുക്കുന്ന പാൻ-ഇന്ത്യ ചിത്രമായ ’വാരണാസി’യിൽ മന്ദാകിനി എന്ന പ്രധാന വേഷത്തിൽ താരം എത്തുന്നു. ചെയ്യുന്നു. പ്രിയങ്ക ചോപ്രയുടെ കഥാപാത്രം ശക്തവും വേറിട്ടതുമായ ഒന്നാണെന്ന് റിപ്പോർട്ടുകൾ പറയുന്നു.രാജമൗലിയുടെ ’വാരണാസി’ ഏകദേശം 1,000 കോടി ബജറ്റിൽ ആണ് പുറത്തിറങ്ങുന്നത്. പ്രിയങ്ക ചോപ്രയുടെ പ്രതിഫലമാകട്ടെ 30 കോടിയും. ഒരു ഇന്ത്യൻ നടിക്ക് ലഭിക്കുന്ന ഏറ്റവും ഉയർന്ന പ്രതിഫലങ്ങളിലൊന്നാണിത്. നയൻതാര, ദീപിക തുടങ്ങിയ മുൻനിര നടിമാർ ഒരു സിനിമയ്ക്ക് ഏകദേശം 5-10 കോടി രൂപ വാങ്ങുമ്പോൾ, പ്രിയങ്ക ചോപ്രയുടെ ‘വാരണാസി’യിലെ 30 കോടി രൂപ പ്രതിഫലം മൂന്ന് മുൻനിര നായികമാരുടെയും ആകെ പ്രതിഫലത്തിന് തുല്യമാണ്. 2002 ൽ തമിഴൻ എന്ന ചിത്രത്തിലൂടെയാണ് പ്രിയങ്ക ചോപ്ര അരങ്ങേറ്റം കുറിച്ചത്, വെറും 5 ലക്ഷം മാത്രമായിരുന്നു അന്നത്തെ പ്രതിഫലം. രണ്ട് പതിറ്റാണ്ടുകൾക്കുശേഷം, വാരണാസിയിലൂടെ തെലുങ്ക് സിനിമയിലേക്ക് തിരിച്ചെത്തിയ പ്രിയങ്കയ്ക്ക് ഇപ്പോഴാകട്ടെ പ്രതിഫലം 30 കോടിയും. സൂപ്പർസ്റ്റാർ മഹേഷ് ബാബു നായകനാകുന്ന ചിത്രത്തിൽ മലയാളത്തിന്റെ സ്വന്തം പൃഥ്വിരാജ് സുകുമാരനും പ്രധാന വേഷങ്ങളിലെത്തുന്നുണ്ട്. ടീസർ നൽകുന്ന സൂചനകൾ പ്രകാരം, ‘വാരണാസി’ വി.എഫ്.എക്സ് മികവിൽ സമ്പന്നമായ ഒരു ചിത്രമായിരിക്കും.



# നിവിൻ–നയൻചിത്രം ‘ഡിയർ സ്റ്റുഡൻസ്’ പ്രേക്ഷകരിലേക്ക്

നിവിൻ പോളി - നയൻതാര കൂട്ടുകെട്ട് ഒന്നിക്കുന്ന ‘ഡിയർ സ്റ്റുഡൻസിന്റെ’ പുതിയ പോസ്റ്റർ പുറത്ത്. വിദ്യ രുദ്രൻ എന്നാണ് ചിത്രത്തിൽ നയൻതാര അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ പേര്. ജോർജ് ഫിലിപ്പ് റോയ്, സന്ദീപ് കുമാർ എന്നിവർ ചേർന്നാണ് ചിത്രം രചിച്ചു സംവിധാനം ചെയ്തിരിക്കുന്നത്.വിനീത് ജയിൻ നേതൃത്വം നൽകുന്ന മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് പോളി ജൂനിയർ പിക്ചേഴ്സിന്റെ ബാനറിൽ നിവിൻ പോളി തന്നെയാണ് ചിത്രം നിർമ്മിക്കുന്നത്. ചിത്രം വൈകാതെ തന്നെ പ്രേക്ഷകരിലേക്ക് എത്തുമെന്നാണ് സൂചന. പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഡിയർ സ്റ്റുഡന്റ്സിന്റെ ആദ്യ ടീസർ മാസങ്ങൾക്ക് മുൻപ് പുറത്തു വന്നിരുന്നു. മികച്ച പ്രേക്ഷക പ്രതികരണമാണ് ടീസർ നേടിയത്. ഒരു കംപ്ലീറ്റ് എന്റർറ്റൈനെർ ആയൊരുക്കിയ ചിത്രം സ്കൂൾ പശ്ചാത്തലത്തിൽ സ്കൂൾ കുട്ടികളുടെ ജീവിതത്തിലൂടെ കഥ പറയുന്ന രീതിയിലാണ് സഞ്ചരിക്കുന്നതെന്ന സൂചനയാണ് ടീസറിൽ നിന്ന് ലഭിച്ചത്. കോമഡി, ഫൺ, ആക്ഷൻ, ത്രിൽ എന്നിവ കോർത്തിണക്കി ഒരു സമ്പൂർണ്ണ ഫൺ ഫിലിം ആയാണ് ചിത്രം ഒരുക്കിയിരിക്കുന്നതെന്ന സൂചനയും ടീസർ നൽകിയിരുന്നു. പ്രേക്ഷകർക്ക് ഏറെ പ്രിയങ്കരമായ ഫൺ അവതാരത്തിലുള്ള നിവിൻ പോളിയെ ആണ് ചിത്രത്തിലൂടെ അവതരിപ്പിക്കുന്നതെന്നും ടീസർ ദൃശ്യങ്ങൾ വ്യക്തമാക്കിയതോടെ ആരാധകരും ആവേശത്തിലാണ്. ഹരി എന്ന് പേരുള്ള കഥാപാത്രമായി നിവിൻ വേഷമിടുന്ന ചിത്രത്തിൽ ഒരു പോലീസ് ഓഫീസർ ആയാണ് നയൻതാര അഭിനയിച്ചിരിക്കുന്നത്. 6 വർഷത്തെ ഇടവേളക്ക് ശേഷമാണ് നിവിൻ പോളി - നയൻതാര ടീം ഒരു ചിത്രത്തിൽ ഒരുമിച്ചെത്തുന്നത്.

# ഗ്ലാമർ ലുക്കിൽ സംയുക്ത, കിടിലൻ ഡാൻസ് നമ്പർ




സാമൂഹികമാധ്യമങ്ങളിൽ തരംഗമായി നന്ദമൂരി ബാലകൃഷ്ണ (ബാലയ്യ) നായകനാകുന്ന ‘അഖണ്ഡ 2: താണ്ഡം’ എന്ന ചിത്രത്തിലെ ഡാൻസ് നമ്പർ. ഒരു മില്യണിലേറെ ആളുകളാണ് ഇതുവരെ പാട്ട് യൂട്യൂബിൽ കണ്ടത്. ചിത്രത്തിലെ നായികയായ മലയാളി താരം സംയുക്തയ്ക്കൊപ്പമുള്ള ഡാൻസ് നമ്പറാണ് കഴിഞ്ഞദിവസം അണിയറപ്രവർത്തകർ പുറത്തുവിട്ടത്.’ദ താണ്ഡവം’ എന്ന പാട്ടിന്റെ ലിറിക്കൽ വീഡിയോ ഇതുവരെ 11 മില്യണിലേറെപ്പേർ കണ്ടുകഴിഞ്ഞു. 'ജജികയ ജജികയ’ എന്ന പാട്ടിന്റെ ലിറിക്കൽ വീഡിയോയാണ് കഴിഞ്ഞദിവസം പുറത്തുവന്നത്.ഗ്ലാമറസ് ലുക്കിലാണ് സംയുക്ത, ബാലയ്യയ്ക്കൊപ്പം വീഡിയോയിലുള്ളത്. ഇരുവരുടേയും തകർപ്പൻ ചുവടുകളുടെ കുറച്ചുഭാഗം മാത്രമാണ് ലിറിക്കൽ വീഡിയോയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതേസമയം, പതിവുപോലെ വിമർശനവുമായി ഒരുവിഭാഗം ആരാധകരെത്തി. നായികയും നായകനും തമ്മിലെ പ്രായവ്യത്യാസം ചൂണ്ടിക്കാട്ടിയാണ് പതിവ് വിമർശനം. 65-കാരനായ ബാലയ്യ, 30-കാരിയായ സംയുക്തയ്ക്കൊപ്പം നൃത്തംചെയ്യുന്നുവെന്നാണ് വിമർശനം. നേരത്തേ, ടോളിവുഡിൽ നിന്ന് തന്നെ ചിരഞ്ജീവി, വെങ്കടേഷ്, രവി തേജ എന്നിവർക്കും സമാനവിമർശനം ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്.

# വിലായത്ത് ബുദ്ധയ്ക്ക് യുഎ സർട്ടിഫിക്കറ്റ്



പൃഥ്വിരാജ് സുകുമാരൻ ചന്ദന മോഷ്ടാവായ ഡബിൾ മോഹനൻ എന്ന കഥാപാത്രമായി എത്തുന്ന 'വിലായത്ത് ബുദ്ധ'യ്ക്ക് യുഎ സർട്ടിഫിക്കറ്റ്. യുഎ സെൻസർ സർട്ടിഫിക്കറ്റോടെയുള്ള പോസ്റ്റർ പൃഥ്വിരാജ് സുകുമാരൻ തന്നെയാണ് സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിരിക്കുന്നത്.കാടും നാടും വിറപ്പിച്ച ഡബിൾ മോഹനന്റെ കഥ ഒരു ഗംഭീര ദൃശ്യ വിസ്മയം തന്നെയാകുമെന്ന് ട്രെയിലർ സൂചന നൽകിയിട്ടുണ്ട്. ചിത്രം നവംബർ 21നാണ് വേൾഡ് വൈഡ് റിലീസ്. ഉർവ്വശി തിയേറ്റേഴ്സിന്റെ ബാനറിൽ സന്ദീപ് സേനൻ നിർമ്മിച്ച് ജയൻ നമ്പ്യാർ സംവിധാനം ചെയ്യുന്നതാണ് ചിത്രം.ശ്വാസമടക്കിപ്പിടിച്ചിരുന്ന കണ്ടുപോകുന്ന ഒട്ടേറെ രംഗങ്ങളും ആക്ഷൻ സീനുകളും അഭിനയമുഹൂർത്തങ്ങളുമൊക്കെയായാണ് ചിത്രമെത്തുന്നതെന്നാണ് ട്രെയിലർ കാണുമ്പോൾ മനസ്സിലാക്കാനാകുന്നത്. ഡബിൾ മോഹനനായി ഇതുവരെ കാണാത്ത രീതിയിലുള്ള മേക്കോവറിലാണ് പൃഥ്വിരാജ് ചിത്രത്തിൽ എത്തുന്നത്. ശ്രദ്ധേയ കഥാപാത്രമായി ഷമ്മി തിലകനും ചിത്രത്തിലെത്തുന്നുണ്ട്. പൊന്നുകായ്ക്കുന്ന മരമെന്നു വിശേഷിപ്പിക്കാവുന്ന ചന്ദന മരങ്ങളുടെ കേന്ദ്രമായ മറയൂരിലെ ചന്ദനക്കാടുകളുടെ പശ്ചാത്തലത്തിലൂടെയാണ് ചിത്രം കഥ പറയുന്നത്.ജി. ആർ ഇന്ദുഗോപന്റെ പ്രശസ്ത നോവലായ 'വിലായത്ത് ബുദ്ധ' അതേ പേരിൽ തന്നെയാണ് ജയൻ നമ്പ്യാരുടെ സംവിധാനത്തിൽ സിനിമയായി പ്രേക്ഷകരിലേക്ക് എത്തുന്നത്.സിനിമയുടേതായി മുമ്പ് പുറത്തിറങ്ങിയിരുന്ന പോസ്റ്ററുകളും ടീസറും 'കാട്ടുരാസ' എന്ന ഗാനവും ഇതിനകം സോഷ്യൽ മീഡിയയിൽ ഏവരും ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. സിനിമയുടെ പ്രൊമോ സോങ് ലൊക്കേഷൻ സ്റ്റിൽ കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നത് ഏറെ ശ്രദ്ധേയമായിരുന്നു.

# ജോർജ് ക്ലൂണി ചിത്രം 'ജെ കെല്ലി' പ്രശംസ നേടുന്നു



വിഖ്യാത സംവിധായകൻ നോഹ ബാംബാക്കിന്റെ (Noah Baumbach) പുതിയ ചിത്രമായ 'ജെ കെല്ലി' (Jay Kelly) ഹോളിവുഡ് താരങ്ങളുടെ ലോകത്തേക്കും പ്രശസ്തിയുടെ പൊള്ളത്തരങ്ങളിലേക്കും വെളിച്ചം വീശുന്നു. പ്രമുഖ നടൻ ജോർജ് ക്ലൂണി (George Clooney) മുഖ്യകഥാപാത്രമായെത്തുന്ന ഈ ചിത്രം, ഒരു നടന്റെ ആത്മപരിശോധനയുടെയും സ്വയം കണ്ടെത്തലിന്റെയും കഥ പറയുന്നു. സിനിമ ഇതിനോടകം തന്നെ നിരൂപക പ്രശംസ നേടി മുന്നേറുകയാണ്.അറുപതുകളിലെത്തി നിൽക്കുന്ന, ലോകമെമ്പാടും ആരാധകരുള്ള സൂപ്പർതാരം ജെ കെല്ലി (ജോർജ് ക്ലൂണി) ഒരു പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുന്നതാണ് ചിത്രത്തിന്റെ പ്രമേയം. സിനിമയിലെ കഥാപാത്രങ്ങളായി ജീവിക്കുമ്പോൾ താൻ യഥാർത്ഥത്തിൽ ആരാണെന്ന് അയാൾക്ക് കണ്ടെത്താൻ സാധിക്കുന്നില്ല. താൻ ജീവിക്കുന്നത് യഥാർത്ഥ ജീവിതമല്ല, അഭിനയിച്ച സിനിമകളുടെ ഓർമ്മകൾ മാത്രമാണ് തന്റെ ജീവിതത്തിലുള്ളതെന്നും കെല്ലി തിരിച്ചറിയുന്നു. ജെ കെല്ലിയുടെ വിശ്വസ്തനായ മാനേജർ റോൺ (ആദം സാൻഡ്ലർ) ഒരു പ്രധാന കഥാപാത്രമായി ചിത്രത്തിലുണ്ട്. കെല്ലിയുടെ താൽപ്പര്യങ്ങൾക്കായി സ്വന്തം ജീവിതം പോലും വേണ്ടെന്ന് വെച്ച റോണിന്റെ വിഷമങ്ങൾ സിനിമയിൽ ആഴത്തിൽ പറയുന്നു. പ്രശസ്തിയുടെ ലോകത്തും സൗഹൃദബന്ധങ്ങൾ ഒരു കച്ചവടമായി മാറുന്നതിന്റെ ദുരന്തം റോണിലൂടെ ബാംബാക്ക് പ്രേക്ഷകരിലേക്ക് എത്തിക്കുന്നു.തന്റെ വ്യക്തിജീവിതത്തിൽ സംഭവച്ച നഷ്ടങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് കെല്ലിക്ക് ഒരു പരിധി വരെ ആശ്വാസം നൽകുന്നുണ്ടെങ്കിലും, പൂർണ്ണമായ ഒരു വീണ്ടെടുപ്പല്ല ചിത്രം നൽകുന്നത്. ജോർജ് ക്ലൂണി തന്റെ താരപരിവേഷം മാറ്റിവെച്ച് വളരെ മികച്ച പ്രകടനമാണ് കാഴ്ചവെച്ചിരിക്കുന്നതെന്നാണ് നിരൂപക പക്ഷം. ഒപ്പം, മാനേജരായി എത്തിയ ആദം സാൻഡ്ലറുടെ പ്രകടനവും പ്രേക്ഷകരുടെ കണ്ണുനനയിക്കുന്നതാണ്. പ്രശസ്തിയുടെയും ബന്ധങ്ങളുടെയും സങ്കീർണ്ണതകൾ ചർച്ച ചെയ്യുന്ന 'ജെ കെല്ലി' ഈ വർഷത്തെ മികച്ച ചിത്രങ്ങളിൽ ഒന്നാണ്.



# ജെയിംസ് ബോണ്ട് ചിത്രത്തിൽ സിഡ്നി സ്വീനി ഭാഗമാകുമോ?

അടുത്ത ജെയിംസ് ബോണ്ട് ചിത്രത്തിൽ ഹോളിവുഡ് താരം സിഡ്നി സ്വീനി അഭിനയിക്കുമോ? 007 ചലച്ചിത്ര പരമ്പരയിലെ വരാനിരിക്കുന്ന ഒരു ചിത്രത്തെക്കുറിച്ച് കുറച്ചു കാലമായി ചർച്ചകൾ നടക്കുന്നുണ്ട്, ചിത്രത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഫ്രാഞ്ചൈസി ഉടമകൾ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ലെങ്കിലും, സ്വീനി പ്രോജക്റ്റിൽ പ്രധാന വേഷത്തിൽ ഭാഗമാകുമെന്ന അഭ്യൂഹങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. ഇതിൽ മറുപടിയുമായി എത്തിയിരിക്കുകയാണ് സിഡ്നി സ്വീനി.'എനിക്ക് (പറയാൻ) കഴിയില്ല. എനിക്കറിയില്ല,' വെറൈറ്റിക്ക് നൽകിയ അഭിമുഖത്തിൽ സ്വീനി പറഞ്ഞു. സത്യം പറഞ്ഞാൽ, ബോണ്ട് കിംവദന്തികളെല്ലാം എനിക്കറിയില്ല, പക്ഷേ ഞാൻ എപ്പോഴും ഫ്രാഞ്ചൈസിയുടെ വലിയ ഫാനാണ്, അടുത്ത പ്രൊജക്റ്റ് കാണാൻ എനിക്ക് ആവേശവും ജിജ്ഞാസയുമുണ്ട്. ജെയിംസ് ബോണ്ട് സിനിമയിൽ അഭിനയിക്കാൻ കരാർ ഒപ്പിടുന്നത് സ്ക്രിപ്റ്റിനെ ആശ്രയിച്ചിരിക്കും എന്നും സ്വീനി പറയുന്നു.വർക്ക് ഫ്രണ്ടിൽ സിഡ്നി സ്വീനിയുടെ പുതിയ ചിത്രം 'ക്രിസ്റ്റി' ആണ് . വിരമിച്ച പ്രൊഫഷണൽ ബോക്സർ ക്രിസ്റ്റി സാൽട്ടേഴ്സ് മാർട്ടിന്റെ വേഷത്തിലാണ് അവർ അഭിനയിക്കുന്നത്. ഡേവിഡ് മിഷോഡ് സംവിധാനം ചെയ്ത ഈ ചിത്രം നവംബർ 7 ന് റിലീസ് ചെയ്ത് മിതമായ ബോക്സ് ഓഫീസ് കളക്ഷനും സമ്മിശ്ര പ്രതികരണവും നേടി. ഡിസംബർ 19 ന് റിലീസ് ചെയ്യാൻ പോകുന്ന പോൾ ഫീഗിന്റെ സൈക്കോളജിക്കൽ ത്രില്ലർ 'ദി ഹൗസ്മെയ്ഡ്' ആണ് അടുത്തത്. 'ദി ഡെവിൾ വെയേഴ്സ് പ്രാഡ 2' എന്ന ചിത്രത്തിലും സ്വീനി ഒരു അതിഥി വേഷത്തിൽ എത്തും.

# വാർഡ് മാറ്റലും വോട്ട് വെട്ടലും - സംസ്ഥാന സർക്കാർ വക, മൊത്തം വോട്ടർമാരെ തന്നെ 'ശൂന്യ്, ശൂന്യ്' ആക്കി ഇലക്ഷൻ കമ്മീഷനും!










ആന്റണി ചടയംമുറി

**സോ**ഷ്യൽ മീഡിയ നിറയെ എസ്.ഐ.ആർ. ഫ്രീ ട്യൂട്ടോറിയലുകളാണ്. എങ്ങനെ ഫോം പൂരിപ്പിക്കാമെന്നും, എന്തെല്ലാമാണ് അതിനുള്ള സ്റ്റെപ്പുകളെന്നുമെല്ലാം വോട്ടർമാർക്ക് പലരും ക്ലാസുകളെടുക്കുന്നുണ്ട്. 23 വർഷം മുമ്പ് നടന്ന ഒരു വോട്ടർ പട്ടിക പുതുക്കലിന്റെ പുതിയ പതിപ്പുണ്ടാക്കൽ 7ദിവസംകൊണ്ട് പൂർത്തിയാക്കുകയെന്ന ജോലിയാണ് ഇപ്പോൾ ബൂത്ത്‌ലെവൽ ഓഫീസർമാരെന്ന ബി.എൽ.ഒ.മാർക്കുള്ളത്. തൊഴിൽ സമ്മർദ്ദം താങ്ങാതെ ഒരു ബി.എൽ.ഓ. ആത്മഹത്യ ചെയ്തതു കഴിഞ്ഞയാഴ്ചയാണ്. എന്നിട്ടും തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കെ ഇലക്ഷൻ കമ്മീഷനെന്തിന് 'വായുഗുളിക വാങ്ങാനെന്ന' മട്ടിൽ ഇത്തരമൊരു റിവിഷന് സന്നദ്ധരായെന്നതിന് മറുപടിയൊന്നുമില്ല. എസ്.ഐ.ആറിനെ ചോദ്യം ചെയ്തുള്ള ഹർജികൾ സുപ്രീംകോടതി വെള്ളിയാഴ്ച പരിഗണിക്കാമെന്ന് ഇന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**വാർഡ് വെട്ടിമുറിക്കലും, വോട്ട് വെട്ടി നിരത്തലും**

സംസ്ഥാന സർക്കാർ പഞ്ചായത്ത് തെരഞ്ഞെടുപ്പിനായി നടത്തിയത് പ്രധാനമായും വാർഡ് പുനർവിഭജനമാണ്. വോട്ടർമാരുടെ എണ്ണം കൂടിയതുകൊണ്ടും, വോട്ട് ചെയ്യാനുള്ള ബൂത്തുകൾ വോട്ടർമാർക്ക് കഴിയുന്നത്ര 'സമീപസ്ഥ'മാക്കാനുമുള്ള സംസ്ഥാന സർക്കാരിന്റെ പുതിയ നടപടിയാണ് വാർഡ് വിഭജനമെന്ന് മന്ത്രി എം.ബി. രാജേഷ് വിശദീകരിച്ചിരുന്നു. എന്നാൽ, രാഷ്ട്രീയമായ നേട്ടമുണ്ടാക്കാൻ പരമ്പരാഗതമായുള്ള വാർഡുകളുടെ പുനർവിഭജനത്തിന് സർക്കാർ ഒരുമ്പെട്ടിറങ്ങിയെന്നാണ് പ്രതിപക്ഷം പറയുന്നത്. മാത്രമല്ല, പ്രതിപക്ഷത്തിന്റെ മേയർ സ്ഥാനാർത്ഥിമാരുടെ വോട്ടുകൾ കൃത്യമായി ചുണ്ണാമ്പു തൊട്ട് വെട്ടിനിരത്താനും ഇടതുചായ്‌വുള്ള ചില ഉദ്യോഗസ്ഥർ ജാഗ്രത കാണിച്ചുവെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ കോൺഗ്രസിന്റെ മേയർ സ്ഥാനാർത്ഥി വൈഷ്ണവിയുടെ വോട്ട് എങ്ങനെ പട്ടികയിൽ നിന്ന് നീക്കം ചെയ്തുവെന്നത് ദുരൂഹമാണ്. 'ബാലേട്ടൻ' പോലെയുള്ള സിനിമകൾ സംവിധാനം ചെയ്ത വി.എം.വിനുവാണ് കോഴിക്കോട്ട് യു.ഡി.എഫിന്റെ മേയർ സ്ഥാനാർത്ഥി. കഴിഞ്ഞ 45 വർഷമായി എല്ലാ ഇലക്ഷനിലും വോട്ട് ചെയ്തുകൊണ്ടിരിക്കുന്ന വിനുവിന്റെ പേരും പുതിയ പട്ടികയിലില്ല. ഇതെങ്ങനെ സംഭവിച്ചുവെന്ന ചോദ്യത്തിന് ഏഷ്യാനെറ്റ് ന്യൂസ് ചാനൽ നൽകിയ വിശദീകരണമാണ് ഏറെ ജോറായത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വിനു വോട്ട് ചെയ്തിരുന്നില്ലെന്ന വാർത്ത നൽകിക്കൊണ്ട് ചാനൽ പറഞ്ഞത് വിനുവിന്റെ പേര് പട്ടികയിൽ നിന്നു വെട്ടിയെന്ന ആരോപണം പൊളിഞ്ഞുവെന്നാണ്! കോടതിയാകട്ടെ, വിനുവിനെ ചെറുതായൊന്ന് കുടഞ്ഞിട്ടുണ്ട്. മൽസരിക്കാൻ ഒരുങ്ങുന്നവർ വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് നോക്കിയില്ലേ എന്നാണ് കോടതിയുടെ വക കമന്റ്!

വാർഡ് വിഭജനത്തിൽ സർക്കാർ നടത്തിയ തരികിടകൾ തലസ്ഥാനത്തു നിന്നു തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടെ കൊച്ചാർ റോഡ് റസിഡന്റ് അസോസിയേഷൻ എന്ന സംഘടനയുടെ പരാതി അവരുടെ പാർപ്പിടങ്ങൾ രണ്ടോ മൂന്നോ വാർഡുകളിലേക്ക് വെട്ടിമാറ്റിയിരിക്കുകയാണെന്നാണ്. ശാസ്തമംഗലം ബൂത്തിൽ സ്ഥിരമായി വോട്ട് ചെയ്തിരുന്നവർക്ക് ഒന്നര കിലോമീറ്റർ ദുരത്തിൽ ബൂത്തുണ്ടായിരുന്നു ഇപ്പോൾ ഈ വാർഡിൽ ശാസ്തമംഗലം മാത്രമല്ല, ജഗതിയിൽ നിന്നും ഇടപ്പഴഞ്ഞിയിൽ നിന്നുമുള്ള വോട്ടർമാരെ വരെ തിരുക്കിക്കയറ്റിയാണ് വാർഡ് പുനർവിഭജിച്ചത്. ഭൂമി ശാസ്ത്രപരമായ ഒരു 'ലാൻഡ്മാർക്കും' ഇല്ലാതെയായിരുന്നു ഈ കൃത്യം. റസിഡന്റ്സ് അസോസിയേഷനിൽ 217 കുടുംബങ്ങളുണ്ട്. വർഷങ്ങളായുള്ള അവരുടെ വാർഡ് നമ്പറും വീട്ടു നമ്പറുമെല്ലാം ഇനി അവർക്കു തന്നെ പിടികിട്ടാത്ത പരുവത്തിലാണിപ്പോൾ. വാർഡുകളുടെ അതിർത്തി നിശ്ചയിച്ചതിന് യാതൊരു ശാസ്ത്രീയ പിൻബലവുമില്ലാതെയായത് നാട്ടുകാരെ വല്ലാതെ വലച്ചിരിക്കുകയാണ്. നിലവിലുള്ള വാർഡ് മെമ്പർമാർക്കു പോലും, അവർ ഏത് പ്രദേശത്തെ പ്രതിനിധീകരിക്കുന്നുവെന്ന് അറിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്.

**പ്രളയം, കോവിഡ്....കാരണങ്ങൾ പലത്**

2002ലെ വോട്ടർ തിരിച്ചറിയൽ രേഖയുടെ അനുബന്ധമായി പൂരിപ്പിക്കേണ്ട പലതും, ഇന്ന് ജീവിച്ചിരിക്കുന്ന പല വോട്ടർമാർക്കും അറിയില്ല. ബി.എൽ.ഒ.മാർക്കാകട്ടെ, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഇതു സംബന്ധിച്ച് ഒരു പരിശീലനവും നൽകിയിട്ടുമില്ല. പ്രളയവും കോവിഡും മൂലം പലരും വീടുകൾ മാറുകയോ താമസം മാറ്റുകയോ ചെയ്തിട്ടുണ്ടാകാം. ചിലർ മരിച്ചു പോയിട്ടുണ്ടാകാം. ഇത്തരമൊരു മാറ്റം ജനവാസ തലത്തിൽ ഉണ്ടായിരിക്കെ, 7 ദിവസം കൊണ്ട് ഈ 'റിവിഷൻ' നടത്തണമെന്ന തത്രപ്പാട് വോട്ടർമാരെ കഴിയുന്നത്ര വെട്ടിക്കുറയ്ക്കാനല്ലേ എന്ന ചോദ്യമുയരുന്നുണ്ട്. ബീഹാറിൽ ഭരണപക്ഷത്തിനെതിരെ വോട്ട് ചെയ്യാൻ സാധ്യതയുള്ളവരുടെ പേരുകൾ മന:പ്പൂർവം വെട്ടി നീക്കിയെന്ന പരാതിയുണ്ട്. ഇത്തരം പരാതികൾ കോടതി കയറുമെന്ന കാര്യവും തീർച്ചയായിട്ടുണ്ട്. ഇതോടെ ബീഹാറിൽ നിന്ന് കേരളം, കേരളത്തിൽ നിന്ന് ബംഗാൾ എന്ന മട്ടിൽ വോട്ടർമാരെ വ്യാപകമായി നീക്കം ചെയ്തു ആർക്കോവേണ്ടി 'രാഷ്ട്രീയ വിടുപണി' ചെയ്യാൻ ഇലക്ഷൻ കമ്മീഷൻ ഒരുങ്ങുകയാണത്രെ. ഇന്ത്യയുടെ ജനാധിപത്യം വലിയൊരു പരീക്ഷണഘട്ടത്തെ അഭിമുഖീകരിക്കുകയാണെന്ന് സമീപകാല സംഭവങ്ങൾ തന്നെ സൂചന നൽകുന്നുമുണ്ട്.

**ഗിഫ്റ്റ് പൊളിറ്റിക്സിന്റെ ദുർഗന്ധം**

ആദർശാധിഷ്ഠിത രാഷ്ട്രീയം, മതേതരരാഷ്ട്രീയം, ജാതിരാഷ്ട്രീയം, വികസനരാഷ്ട്രീയം എന്നിവയുടെ കാലം കഴിഞ്ഞുവെന്നുള്ള ഒരു നിരീക്ഷണം സോഷ്യൽ മീഡിയയിൽ കേട്ടു. ഇനി ഗിഫ്റ്റ് പൊളിറ്റിക്സിന്റെ കാലമാണത്രെ. ഇലക്ഷൻ പടിവാതിൽക്കലെത്തുമ്പോൾ വോട്ടർമാർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ സർക്കാർ നേരിട്ട് പണമെത്തിച്ചു കൊടുക്കുന്ന ഗിഫ്റ്റ് പൊളിറ്റിക്സ് കേരളത്തിലും അരങ്ങേറിക്കഴിഞ്ഞു. സി.പി.എം. സംഘടിത തൊഴിലാളികളോട് ചേർന്നുനിൽക്കുന്ന പാർട്ടിയായിട്ടും, എട്ട് ഡി.എ. വരെ കുടിശ്ശികയായത് നിലനിർത്തിക്കൊണ്ട് ക്ഷേമപെൻഷൻ 200 രൂപ കൂട്ടാൻ സർക്കാർ തയ്യാറായത് കേരളം കണ്ട ഗിഫ്റ്റ് പൊളിറ്റിക്സിന്റെ പുതിയ മുഖമാണ്!

ബീഹാറിൽ ഭരണപക്ഷം നിയമപരമായി വോട്ടർമാർക്ക് കൈക്കൂലി നൽകിയെന്ന് പലരും കുറ്റപ്പെടുത്തുന്നുണ്ട്. പക്ഷെ ഇലക്ഷൻ പ്രഖ്യാപിക്കുന്നതിന് 10 ദിവസം മുമ്പു മാത്രം സി.എം. സമ്മാൻ പദ്ധതിയനുസരിച്ച് എല്ലാ സ്ത്രീകളുടെയും അക്കൗണ്ടിലേക്ക് ബീഹാർ മുഖ്യമന്ത്രി 10,000 രൂപ വീതം നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി പൂർണ്ണമായും നടപ്പായത് ഇലക്ഷൻ തൊട്ടുമുമ്പുള്ള നാളുകളിലായിരുന്നു. ഇതുപോലെതന്നെയാണ് കേരളത്തിൽ ക്ഷേമപെൻഷൻ തുക 200 രൂപ കൂട്ടിയതും ഗ്രേഡ് കുറഞ്ഞ കൈക്കൂലിയായി കരുതണം. എല്ലാ ക്ഷേമപദ്ധതികളും കുടിശ്ശികയാക്കിക്കൊണ്ട് ഇലക്ഷനു മുമ്പായി നേരിയ വർദ്ധന വരുത്തി വിതരണം ചെയ്താൽ രാഷ്ട്രീയ നേട്ടം കൊയ്യാമെന്നുള്ള 'അതിബുദ്ധി' കേരളത്തിൽ വിലപ്പോകുമോ എന്ന് പ്രവചിക്കാനാവില്ല.

**ദേശീയപാതകൾ ദേശീയ ദ്രോഹമാകുമ്പോൾ**

അരൂർ ഇടപ്പള്ളി ഉയരപ്പാത നിർമ്മാണത്തിനിടെ ഗർഡർ വീണ് ഒരാൾ മരിച്ചത് കഴിഞ്ഞയാഴ്ചയിലാണ്. തൃശ്ശൂർ-ആലുവ റൂട്ടിൽ മുരിങ്ങൂർ ഭാഗത്തെ ഗതാഗതക്കുരുക്ക് പലവട്ടം മാധ്യമങ്ങളിൽ വലിയ വാർത്തയാകുകയും ചെയ്തിരുന്നു. ദേശീയപാത നിർമ്മാണവും വികസന ജോലികളും കരാർ കമ്പനികൾ ഏറ്റവും ചെലവ് കുറച്ചാണ് നടപ്പാക്കുന്നത്. ഉദാഹരണം പറയാം: പല വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിലും സംഭവിക്കുന്ന അപകടങ്ങൾ മുഖ്യധാരാ മാധ്യമങ്ങൾ മനഃപൂർവം വിഴുങ്ങുന്ന രീതിയാണ് ഇന്നുള്ളത്. കാക്കനാട് മെട്രോ, നിർമ്മാണ വേളയിൽ ഉണ്ടായ റോഡപകടങ്ങളും മരണങ്ങളും 'എഡിഷൻ തിരിച്ച്' മുക്കിക്കളയുന്ന രീതി പല അച്ചടി മാധ്യമങ്ങളും പിന്തുടരുന്നുണ്ട്. മാത്രമല്ല, മെട്രോ നിർമ്മാണത്തിനു മുമ്പ് നടത്തേണ്ട അനുബന്ധ റോഡുകളുടെ വികസനമെല്ലാം കടലാസിൽ ഒതുങ്ങുകയാണ് പതിവ്. ഈ നിർമ്മാണ ജോലികളിൽ വിദഗ്ധരുടെ സാന്നിധ്യമോ, ഉത്തരവാദപ്പെട്ടവരുടെ മേൽനോട്ടമോ ഉണ്ടാകാറില്ല. ഗർഡർ സ്ഥാപിക്കുന്ന അതിസങ്കീർണ്ണമായ ജോലി നടക്കുമ്പോൾ എട്ടും പൊട്ടും തിരിയാത്ത കുറെ അന്യസംസ്ഥാനത്തൊഴിലാളികൾ എല്ലാം ഭദ്രമായി നടത്തിക്കൊള്ളുമെന്നു കരുതി വീട്ടിൽ പോയി മൂടിപ്പുതച്ചുറങ്ങിയ അധികൃതർ ശിക്ഷിക്കപ്പെടേണ്ടതല്ലേ? മരിച്ചവന് നഷ്ടപരിഹാരം നൽകാൻ എത്തിയ കരാർ കമ്പനിയുടെ ഉദ്യോഗസ്ഥൻ ഒരു മനുഷ്യജീവന് 5 ലക്ഷം രൂപ മുതൽ ലേലം വിളിച്ച് കുറച്ചാണ് 25 ലക്ഷം രൂപയിൽ നിർത്തിയത്. എന്തൊരു ക്രൂരത അല്ലേ?

**ദുർഖറിന്റെ 'കാന്ത'യും മമ്മൂട്ടിയുടെ കളങ്കാവലും**

ദുൽഖർസൽമാൻ 6 വർഷംകൊണ്ട് ആസൂത്രണം ചെയ്തു നിർമ്മിച്ച പിരിയഡ് സിനിമയാണ് കാന്ത. തമിഴിലും തെലുങ്കിലുമാണ് 'കാന്ത' റിലീസ് ചെയ്തിട്ടുള്ളത്. ബോക്സ് ഓഫീസിൽ നിന്ന് നല്ല റിപ്പോർട്ടുകളാണ് കാന്തയ്ക്കുള്ളത്. മലയാളത്താന്മാരായ നടീനടന്മാരും നിർമ്മാതാക്കളുമെല്ലാം പാൻ ഇന്ത്യ ലെവലിലേക്ക് ഉയരുന്നത് സന്തോഷകരമാണ്. പുതിയ പ്രൊജക്റ്റുകളിൽ എഐ ഉപയോഗിച്ച് ചെലവ് കുറയ്ക്കാനും നമ്മുടെ പുതുതലമുറ പഠിച്ചുകഴിഞ്ഞിരിക്കുന്നു. ദുൽഖറിന്റെ കാന്തയിലെ ബ്ലാക്ക് ആന്റ് വൈറ്റ് ദൃശ്യങ്ങളിൽ എഐ വ്യാപകമായി ഉപയോഗിച്ചിട്ടുണ്ട്. ഫാന്റസി, പിരിയഡ് സിനിമകളിൽ ഇനി ആർട്ടിഫിഷ്യൻ ഇന്റലിജെൻസ് എന്ന എഐ ഉപയോഗിച്ചാൽ ചിത്രങ്ങളുടെ നിർമ്മാണച്ചെലവ് സാരമായി കുറയ്ക്കാൻ കഴിയും. ലോകയാണ് ഇതിന് മറ്റൊരുദാഹരണം. മമ്മൂട്ടി വില്ലനായി വരുന്ന കളങ്കാവലിനെപ്പറ്റിയുള്ള മീഡിയ ഹൈപ്പ് വളരെ വലുതാണ്. വിനായകനെന്ന വില്ലൻ നായകനായി മാറി മമ്മൂട്ടിയെന്ന മെഗാസ്റ്റാറിന്റെ വില്ലൻ കഥാപാത്രത്തെ 'പെരുമാറുന്ന' സീനുകൾക്കായി കാത്തിരിക്കുകയാണ് കേരളത്തിലെ പ്രേക്ഷകർ. സിനിമയ്ക്കു വേണ്ടി എന്തു ത്യാഗത്തിനും തയ്യാറാകുന്ന നമ്മുടെ ഹീറോമാരും ഹീറോയിനുകളും ലോകം ആദരിക്കുന്ന നാളുകൾക്കായി കാത്തിരിക്കാം. ആഗോളതലത്തിൽ രാഷ്ട്രീയക്കാർ നടത്തിവരുന്ന ഉഡായിപ്പുകൾക്ക് നടുവിൽ ഇത്തരം 'റിയൽ ഇവന്റുകൾ' സംഭവിക്കട്ടെ. നമുക്ക് കാത്തിരിക്കാം.



# ഷെയ്ഖ് ഹസീനയുടെ വധശിക്ഷ നടപ്പാക്കാൻ കഴിയുമോ..?

ഡൽഹി ഡെർബാർ



ബംഗ്ലാദേശ് വിധിച്ച ഷെയ്ഖ് ഹസീനയുടെ വധശിക്ഷ നടപ്പിൽ വരുത്തുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. രാഷ്ട്രീയാഭയം തേടിയ ഷെയ്ഖ് ഹസീന ഇന്ത്യയിൽ തുടരുന്നതാണ് പ്രധാനകാരണം. നിയമപരവും നയതന്ത്രപരവുമായ നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ അവരെ വിട്ടുകൊടുക്കേണ്ടതുള്ളു.

ബംഗ്ലാദേശിൽ ആഭ്യന്തര കലാപത്തെ തുടർന്ന് ഷെയ്ഖ് ഹസീനയുടെ സർക്കാർ നിലംപതിച്ചതിനും അവർക്ക് വധശിക്ഷ വിധിച്ചതിനും പിന്നാലെ, ഈ വിഷത്തിൽ ഇന്ത്യബംഗ്ലാദേശ് നയതന്ത്ര ബന്ധം ഒരു നിർണ്ണായക വഴിത്തിരിവായി മാറിയിരിക്കുകയാണ്.

ഷെയ്ഖ് ഹസീനയെ കൈമാറിയാൽ ബംഗ്ലാദേശുമായുള്ള നയതന്ത്രബന്ധം മെച്ചപ്പെടുത്താൻ ഇന്ത്യയ്ക്ക് സാധിക്കും.കൈമാറിയില്ലെങ്കിൽബന്ധംവഷളാകുമെന്നുംതീർച്ച.സമീപകാലത്ത് ഇരുരാജ്യങ്ങൾക്കുമിടയിലുള്ള ബന്ധത്തിൽ അസ്വാരസ്യങ്ങൾ രൂപപ്പെട്ടിരുന്നു. എന്തായാലും ഹസീനയെ കൈമാറുന്ന വിഷയം അതീവ സൂക്ഷ്മതയോടെയാകും ഇന്ത്യ കൈകാര്യം ചെയ്യേണ്ടോരു വിഷയം തന്നെ..! ഇന്ത്യ ഷെയ്ഖ് ഹസീനയെ കൈമാറാൻ തീരുമാനിച്ചാൽ മാത്രമേ അവരുടെ വധശിക്ഷ നടപ്പിലാകൂ. അതുവരെ ഒരു 'വിധി' മാത്രമായി വധശിക്ഷ തുടരും.

ഇപ്പോൾ തന്നെ, ഹസീനയ്ക്ക് ജീവിക്കാനും നീതിയുക്തമായ വിചാരണ നേരിടാനുമുള്ള അവകാശം സംരക്ഷിക്കാൻ അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിച്ച് യുഎൻ മനുഷ്യാവകാശ കൗൺസിലിനെ സമീപിക്കാൻ ഇന്റർനാഷനൽ കൗൺസിൽ ഓഫ് ജൂറിസ്റ്റ് (എ.സി.ജെ) നടപടികൾ ആരംഭിച്ചു കഴിഞ്ഞെന്നാണ് പുതിയ റിപ്പോർട്ട്. വ്യാപകമായി പിഴവുകളുള്ളതും രാജ്യാന്തര മനുഷ്യാവകാശ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതുമായ വിചാരണയാണ് ഹസീന നേരിട്ടതെന്ന് എ.സി.ജെ പ്രസിഡന്റ് ആദിഷ് സി. അഗർവാൾ പറയുന്നു.

> **ബംഗ്ലാദേശിൽ ആഭ്യന്തര കലാപത്തെ തുടർന്ന് ഷെയ്ഖ് ഹസീനയുടെ സർക്കാർ നിലംപതിച്ചതിനും അവർക്ക് വധശിക്ഷ വിധിച്ചതിനും പിന്നാലെ, ഈ വിഷത്തിൽ ഇന്ത്യ–ബംഗ്ലാദേശ് നയതന്ത്ര ബന്ധം ഒരു നിർണ്ണായക വഴിത്തിരിവായി മാറിയിരിക്കുകയാണ്.**

ബംഗ്ലാദേശിനെ ഏറ്റവും കൂടുതൽ കാലം ഭരിച്ച പ്രധാനമന്ത്രിക്ക് ഒടുവിൽ ആ രാജ്യം വിട്ടോടി ഒളിക്കേണ്ടി വന്നു. 2024ൽ ഹസീന ഭരണകൂടത്തെ താഴെയിറക്കിയ വിദ്യാർത്ഥി പ്രതിഷേധത്തിനിടെ മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾ ചെയ്തതിന് പുറത്താക്കപ്പെട്ട പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, മുൻ ആഭ്യന്തര മന്ത്രി അസദുസ്സമാൻ ഖാൻ കമാൽ, മുൻ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ചൗധരി അബ്ദുള്ള അൽമാമുൻ എന്നിവരെയാണ് ബംഗ്ലാദേശിലെ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയത്. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധാക്കയിൽ കനത്ത സുരക്ഷ ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിലാണ് വിധി വരുന്നത്. മനുഷ്യത്വത്തിനെതിരായകുറ്റകൃത്യങ്ങൾചെയ്തതിന് ഹസീനയ്ക്കും മുൻ ആഭ്യന്തരമന്ത്രി അസദുസ്സമാൻ ഖാൻ കമാലിനുമാണ് കോടതി വധശിക്ഷ പ്രഖ്യാപിച്ചത്.

ഹസീനയുടെഭരണകാലത്തെ'ഷൂട്ട് അറ്റ്സൈറ്റ്' നിർദ്ദേശവുംതുടർന്നുണ്ടായ 1400 പേരുടെ മരണവും ന്യായീകരിക്കാനാവില്ലെന്നും, അതേസമയം വിചാരണയുടെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടേണ്ടത് ആണെന്നുമുള്ള മറ്റൊരഭിപ്രായവും ഉയർന്നുവരുന്നുണ്ട്.

ബംഗ്ലാദേശിന്റെ സാമൂഹിക അന്തരീക്ഷം തന്നെ മാറ്റിമറിയ്ക്കുകയായിരുന്നു ഹസീന ആഹ്വാനം ചെയ്ത ആഭ്യന്തര കലാപം. ഹസീനയുടെ സർക്കാർ നിലംപതിച്ചിട്ടും കലാപം കെട്ടടങ്ങിയിരുന്നില്ല. ഹസീന തിരി കൊളുത്തിയ കലാപം പിന്നീട് നയിച്ചത് അവാമി ലീഗായിരുന്നു.

ബംഗ്ലാദേശിലെ സെക്യൂരിറ്റി ഫോഴ്സിനോട് ഹസീനയാണ് ഷൂട്ട് ചെയ്യാനായി ആവശ്യപ്പെട്ടത്. ഒരു ആഭ്യന്തര കലാപത്തിന് ആഹ്വാനം ചെയ്യുന്ന തരത്തിൽ ഷൂട്ട് ചെയ്യാൻ ആവശ്യപ്പെടുന്ന ശബ്ദരേഖ പുറത്തുവന്നിട്ടുണ്ട്. ആഭ്യന്തര കലാപത്തിൽ 1400 പേർ കൊല്ലപ്പെട്ടെന്നാണ് ബംഗ്ലാദേശ് അവകാശപ്പെടുന്നത്. തന്റെ അധികാരം പിടിച്ചു നിർത്താൻ വേണ്ടി സെക്യൂരിറ്റി ഫോഴ്സിനോട് ഒരു അധികാര കേന്ദ്രം ഇങ്ങനെയൊരു ആവശ്യമുന്നയിച്ചത് തന്നെ തെറ്റാണെന്നാണ് പൊതുവേയുള്ള അഭിപ്രായം.

ആളുകളെ കൊന്നൊടുക്കി കൊണ്ട് അധികാരം കൈയാളാനുള്ള ശ്രമം എവിടെയാണെങ്കിലും അത് അപലപനീയമാണ്. പ്രതിഷേധത്തിലേർപ്പെട്ടിരുന്ന വിദ്യാർത്ഥികളുമായി സന്ധിചർച്ചയ്ക്കുള്ള സാധ്യത അവിടെ നിലനിൽക്കുന്നുണ്ടായിരുന്നു. എന്നാൽ അത്തരത്തിലൊരു ശ്രമം ഹസീനയുടെ ഭാഗത്ത് നിന്നുണ്ടായില്ല. അതുകൊണ്ട് തന്നെ ഹസീന ചെയ്തത് വളരെ ഗുരുതരമായ ഒരു തെറ്റാണ്. എന്നാൽ, അതേസമയം തന്നെ ഹസീനയ്ക്ക് വധശിക്ഷ വിധിച്ച ആ വിചാരണ ശരിയായിരുന്നുവെന്ന് തോന്നുന്നില്ല. ഹസീനയുടെ ഭാഗത്ത് നിന്ന് ഹാജരായത് ഇടക്കാല സർക്കാർ നിയമിച്ച അഭിഭാഷകനായിരുന്നു, ഹസീന നിയമിച്ച അഭിഭാഷകനായിരുന്നില്ല. കോടതിയുടെ അധികാരത്തെ തന്നെ ചോദ്യം ചെയ്യുന്ന നിലപാടായിരുന്നു പലപ്പോഴായി ഹസീന സ്വീകരിച്ചിരുന്നത് എന്നുമാണ് ഈ രംഗത്തെ വിദഗ്ദ്ധരുടെ അഭിപ്രായം.

ഹസീനയെ ഇന്ത്യയിൽ നിന്ന് വിട്ടുകിട്ടണം എന്നതാണ് ബംഗ്ലാദേശ് മുന്നോട്ട് വയ്ക്കുന്ന ആവശ്യം. എന്നാൽ, വധശിക്ഷയ്ക്ക് വിധിച്ച ഈ സാഹചര്യത്തിൽ ഇന്ത്യ അതിന് തയ്യാറാകുമെന്ന് കരുതുന്നില്ല. ഈ വിഷയത്തെ നയതന്ത്രപരമായി തന്നെയാണ് ഇന്ത്യയും ബംഗ്ലാദേശും കൈകാര്യം ചെയ്യേണ്ടത്. പരസ്യപ്രസ്താവനകൾ ഒഴിവാക്കുകയാണ് വേണ്ടതെന്ന് കരുതുന്നു. വിദഗ്ധരായ നയതന്ത്രഞ്ജരെ ഇരു വിഭാഗങ്ങളും നിയമിക്കുകയും ചർച്ച മുന്നോട്ട് കൊണ്ടുപോവുകയുമാണ് വേണ്ടത്. ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ പാകിസ്ഥാനുമായുള്ള ബന്ധം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വധശിക്ഷാ വിധി വന്നിട്ടും ഹസീന ഇന്ത്യയിൽ തുടരുന്നത് ആ ബന്ധത്തിന്റെ ആഴം വർദ്ധിപ്പിച്ചേക്കാം. ഇന്ത്യയ്ക്കും ബംഗ്ലാദേശിനും ഇടയിലുള്ള ബന്ധത്തെ എങ്ങനെ ഇത് ബാധിക്കുമെന്നുള്ളത് ഇരുരാജ്യങ്ങളുടെ പെരുമാറ്റവും നിലപാടും അനുസരിച്ചേ പറയാൻ സാധിക്കൂ.

എന്തായാലും ഇടക്കാല സർക്കാർ പാകിസ്ഥാനുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്ന സാഹചര്യത്തിൽ, ഹസീനയ്ക്ക് ഇന്ത്യ അഭയം നൽകുന്നത് ബംഗ്ലാദേശിലെ പുതിയ ഭരണകൂടത്തെ ഇന്ത്യയിൽ നിന്ന് അകറ്റാൻ കാരണമായേക്കുമെന്നുറപ്പാണ്. പാകിസ്ഥാൻചൈന അച്ചുതണ്ടിലേക്ക് ബംഗ്ലാദേശ് കൂടുതൽ അടുക്കുന്നത്, ഇന്ത്യയുടെ കിഴക്കൻ അതിർത്തിയിലെ സുരക്ഷാ താൽപ്പര്യങ്ങൾക്കും പ്രാദേശിക സ്വാധീനത്തിനും കനത്ത വെല്ലുവിളിയാകും. വധശിക്ഷാ വിധി വന്നിട്ടും ഷെയ്ഖ് ഹസീന ഇന്ത്യയിൽ തുടരുന്നത് ആ ബന്ധത്തിന്റെ ആഴം വർദ്ധിപ്പിച്ചേക്കാം.

ജനാധിപത്യമാണ് ബംഗ്ലാദേശ് ആവശ്യപ്പെടുന്നതെങ്കിൽ രാജ്യത്ത് അവാമി ലീഗെന്ന പാർട്ടിയെ നിരോധിക്കുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നില്ല. ഒരു ജനാധിപത്യ രാജ്യത്ത് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും മത്സരിക്കാനുള്ള അവകാശമുണ്ട്. ഇതൊരു രാഷ്ട്രീയ വിഷയമായത് കൊണ്ട് തന്നെ ഇത്തരം കാര്യങ്ങളെ നിയമപരമായി ഒരു പരിധി വരെ മാത്രമേ ചർച്ച ചെയ്യാൻ സാധിക്കൂ. വധശിക്ഷയ്ക്കു വിധിച്ചതിനു ശേഷം എന്തുതന്നെ പറഞ്ഞാലും ഹസീന ഒരു രാഷ്ട്രീയ നേതാവല്ല. ലോകത്തിന്റെ മുന്നിൽ ഒരു കുറ്റവാളിയാണ്.

ഒരു പ്രധാന രാഷ്ട്രീയ പാർട്ടിയെ നിരോധിക്കുന്നത്, വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന്റെ ഉൾക്കൊള്ളൽ സ്വഭാവവും ഇല്ലാതാക്കും. ഇത് ബംഗ്ലാദേശിൽ രാഷ്ട്രീയ അസ്ഥിരത വർദ്ധിപ്പിക്കാനും ജനാധിപത്യ പ്രക്രിയയെ തന്നെ ചോദ്യം ചെയ്യാനും സാധ്യതയുണ്ട്.

ഹസീനയുമായി ബന്ധമുള്ള രണ്ടു വ്യക്തികളുടെ ഉടമസ്ഥതയിൽ ലണ്ടനിലുള്ള 90 മില്യൺ പൗണ്ട് (1,013.15 കോടി) വില വരുന്ന വസ്തുവകകൾ ഇതിനോടകം മരവിപ്പിച്ചു. ഗുരുതരവും സംഘടിതവുമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന യുകെയുടെ നാഷണൽ ക്രൈം ഏജൻസിയാണ് (എൻസിഎ) നടപടി സ്വീകരിച്ചിരിക്കുന്നത്. മുൻ സർക്കാരുമായി ബന്ധപ്പെട്ട സ്വത്തുവകകൾ കണ്ടെത്താൻ ബംഗ്ലാദേശിലെ നിലവിലെ ഭരണകൂടത്തെ സഹായിക്കണമെന്ന് യുകെയിൽ സമ്മർദ്ദം വർദ്ധിച്ചിരുന്നു. അതിനെ തുടർന്ന് ബംഗ്ലാദേശിൽ നിന്നും സ്ഥാനഭ്രഷ്ടയാക്കപ്പെട്ട ഷെയ്ഖ് ഹസീനയുമായി ബന്ധപ്പെട്ട ഒമ്പത് സ്വത്ത് വകകൾ മരവിപ്പിക്കാൻ നാഷണൽ ക്രൈം ഏജൻസി (എൻ.സി.എ) ഉത്തരവുകൾ നേടിയെന്നാണ് ഔദ്യോഗിക രേഖകൾ പ്രകാരം ദി ഗാർഡിയൻ റിപ്പോർട്ട് ചെയ്തിരുന്നു.

എൻ.സി.എ നടപടി മൂലം ലണ്ടനിലെ ഗ്രോസെയ്നർ സ്ക്വയറിലെ അപ്പാർട്ടുമെന്റുകൾ ഉൾപ്പെടെയുള്ള സ്വത്തുക്കൾ വിൽക്കുന്നതിൽ നിന്ന് അഹമ്മദ് ഷയാൻ റഹ്മാനെയും അദ്ദേഹത്തിന്റെ ബന്ധു അഹമ്മദ് ഷഹരിയാർ റഹ്മാനെയും വിലക്കുകയും ചെയ്തിരുന്നു. എൻ.സി.എ മരവിപ്പിച്ച സ്വത്തുക്കളിൽ വടക്കൻ ലണ്ടനിലെ ഗ്രെഷാം ഗാർഡൻസിലുള്ളതും ഉൾപ്പെടുന്നു. ബ്രിട്ടീഷ് വിർജിൻ ഐലൻഡ്സ്, ഐൽ ഓഫ് മാൻ, ജേഴ്സി എന്നിവിടങ്ങളിലായി രജിസ്റ്റർ ചെയ്തിരിക്കുന്ന ഓഫ് ഷോർ കമ്പനികൾ വഴിയാണ് പല സ്വത്ത് വകകളും ഹസീന സ്വന്തമാക്കിയിരിക്കുന്നത്. കമ്പനീസ് ഹൗസ് രേഖകൾ പ്രകാരം 1.2 മില്യൺ പൗണ്ട് മുതൽ 35.5 മില്യൺ പൗണ്ട് വരെയുള്ള തുകകൾക്കാണ് പലതും വാങ്ങിയിരിക്കുന്നത്.

ഹസീനയുമായി ബന്ധമുള്ളവരുടെ ഉടമസ്ഥതയിൽ യുകെയിലുള്ള സ്വത്തുക്കളെക്കുറിച്ച് ഗാർഡിയൻ നേരത്തെ തന്നെ ഒരു അന്വേഷണം നടത്തിയിരുന്നു. ആ അന്വേഷണത്തിൽ അഹമ്മദ് ഷയാന്റെയും അഹമ്മദ് ഷഹരിയാറിന്റെയും പേരുകൾ ഉൾപ്പെട്ടിരുന്നുവെന്നാണ് പത്രം റിപ്പോർട്ട് ചെയ്തത്. ബംഗ്ലാദേശിലെ ഒരു മുൻനിര ബിസിനസുകാരനായിരുന്ന സൽമാൻ എഫ് റഹ്മാന്റെ മകനും അനന്തരവനുമാണ് അവർ. കഴിഞ്ഞ വർഷം ഷെയ്ഖ് ഹസീനയെ അട്ടിമറിച്ച വിദ്യാർത്ഥി പ്രക്ഷോഭത്തിനിടയിൽ രാജ്യത്ത് നിന്നും പലായനം ചെയ്യാൻ ശ്രമം നടത്തിയെങ്കിലും സൽമാൻ പിടിയിലായി. ഹസീനയുടെ സ്വകാര്യ വ്യവസായ, നിക്ഷേപ വിഷയങ്ങളിലെ ഉപദേഷ്ടാവായിരുന്നു സൽമാൻ എഫ് റഹ്മാൻ. ഹസീന അധികാരത്തിൽ ഇരുന്നപ്പോൾ ബംഗ്ലാദേശ് ഭരണകൂടത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിയായിരുന്നു സൽമാൻ. ഗാർഡിയനും ട്രാൻസ്പരൻസി ഇന്റർനാഷണലും ചേർന്ന് നടത്തിയ അന്വേഷണത്തിൽ റഹ്മാൻ സഹോദരന്മാരുടെ ഉൾപ്പെടെ ഏകദേശം 400 മില്യൺ പൗണ്ട് വില വരുന്ന സ്വത്തുവകകൾ ഷെയ്ഖ് ഹസീനയുമായി ബന്ധപ്പെട്ട് യുകെയിൽ ഉണ്ടെന്ന് കണ്ടെത്തിയിരുന്നുവെന്നാണ് ഗാർഡിയൻ റിപ്പോർട്ട് ചെയ്തത്.

മരവിപ്പിച്ച സ്വത്ത് വകകളിൽ ഒന്നിൽ ഷെയ്ഖ് ഹസീനയുടെ സഹോദരിയും, കിയർ സ്റ്റാർമർ മന്ത്രിസഭയിലെ മുൻ അംഗം തുലിപ് സിദ്ദിഖിന്റെ അമ്മയുമായ ഷെയ്ഖ് റഹാന താമസിച്ചിരുന്നിടമാണെന്ന് ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. അതുൾപ്പെടെ 7.7 മില്യൺ പൗണ്ടിന് വാങ്ങിയ രണ്ട് വസ്തുവകകൾ മരവിപ്പിച്ചതായി ഇതിനു മുമ്പ് തന്നെ ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ, ഷെയ്ഖ് ഹസീന ഭരണകൂടത്തെക്കുറിച്ച് നടത്തിയ അന്വേഷണത്തിൽ തുലിപ് സിദ്ദിഖിനെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉയർത്തിയിട്ടുണ്ട്. ഈ ആരോപണങ്ങളാണ് യുകെയുടെ നഗരമന്ത്രി സ്ഥാനത്ത് നിന്ന് അവർക്ക് രാജിവച്ചൊഴിയേണ്ടി വന്നത്.


എന്നാൽ, ഈ വിധി രാഷ്ട്രീയ പ്രേരിതമാണെന്നാണ് ഹസീനയുടെ പ്രതികരണം. ട്രിബ്യൂണൽ 'കൃത്രിമമായി തയ്യാറാക്കിയതാണെന്നും' ഇടക്കാല സർക്കാർ അവാമി ലീഗിനെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണെന്നും അവർ ആരോപിച്ചു. ഒരു നിഷ്പക്ഷമായ നീതിന്യായ കോടതിക്ക് മുന്നിൽ ഹാജരാകാൻ താൻ തയ്യാറാണെന്നും കേസ് ഹേഗിലെ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലേക്ക് മാറ്റണമെന്നും ഹസീന ആവശ്യപ്പെട്ടു.

*എമ എൽസ എൽവിൻ*

# ഐസിസി റാങ്കിംഗിൽ അട്ടിമറി



# രോഹിതിനെ ഒതുക്കി ഡാരിൽ മിച്ചൽ!



ഐസിസി ഏകദിന ബാറ്റർമാരുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനം നഷ്ടമായി മുൻ ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ. ഓസ്ട്രേലിയക്കെതിരെ സിഡ്നി ഏകദിനത്തിൽ സെഞ്ചുറി നേടി ആഴ്ചകൾക്കകമാണ് രോഹിത്തിന് പടിയിറങ്ങേണ്ടി വന്നത്. ന്യൂസിലൻഡിന്റെ ഡാരിൽ മിച്ചലാണ് ഒന്നാം സ്ഥാനത്തിന് പുതിയ അവകാശി. വെസ്റ്റ് ഇൻഡീസിനെതിരെ ആദ്യ ഏകദിനത്തിൽ നേടിയ സെഞ്ചുറിയാണ് മിച്ചലിനെ ഒന്നാമതെത്തിച്ചത്. രോഹിത് രണ്ടാമതായി. ഒരു റേറ്റിംഗ് പോയിന്റിന്റെ പിൻബലത്തിലാണ് മിച്ചൽ (782) ഒന്നാമതായത്. രോഹിതിന് 781 റേറ്റിംഗ് പോയിന്റാണുള്ളത്. അഫ്ഗാനിസ്ഥാന്റെ ഇബ്രാഹിം സദ്രാനാണ് മൂന്നാം സ്ഥാനത്ത്.തന്റെ കരിയറിലെ ഏഴാമത്തെ സെഞ്ചുറിയാണ് മിച്ചൽ വിൻഡീസിനെതിരെ നേടിയത്. ആദ്യമായിട്ടാണ് താരം ഒന്നാം സ്ഥാനത്തെത്തുന്നത്. ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തുന്ന രണ്ടാമത്തെ കിവീസ് താരമായി മിച്ചൽ മാറി. 1979ൽ ഒന്നാം സ്ഥാനം വഹിച്ചിരുന്ന ഗ്ലെൻ ടർണർ മാത്രമാണ് ഈ നേട്ടം കൈവരിച്ച മറ്റൊരു ന്യൂസിലൻഡ് താരം.മാർട്ടിൻ ക്രോ, ആൻഡ്രൂ ജോൺസ്, റോജർ ടൗസ്, നഥാൻ ആസ്റ്റൽ, കെയ്ൻ വില്യംസൺ, മാർട്ടിൻ ഗുപ്റ്റിൽ, റോസ് ടെയ്‌ലർ എന്നിവരുൾപ്പെടെ നിരവധി ന്യൂസിലൻഡ് ബാറ്റ്സ്മാൻമാർ മുമ്പ് ആദ്യ അഞ്ച് സ്ഥാനങ്ങളിൽ ഇടം നേടിയിരുന്നു. എന്നാൽ ഒന്നാം സ്ഥാനത്തെത്താൻ ആർക്കും കഴിഞ്ഞിരുന്നില്ല.ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ നാലും മുൻ ക്യാപ്റ്റൻ വിരാട് കോലി അഞ്ചാമതുമാണ്.

ശ്രീലങ്കയ്ക്കെതിരെ സെഞ്ചുറി നേടിയ പാകിസ്ഥാൻ താരം ബാബർ അസം ഒരു സ്ഥാനം മെച്ചപ്പെടുത്തി ആറാമതെത്തി. അയർലൻഡിന്റെ ഹാരി ടെക്റ്റർ ഏഴാമത്.ശ്രേയസ് അയ്യർ എട്ടാം സ്ഥാനത്തുണ്ട്. ശ്രീലങ്കയുടെ ചരിത് അസലങ്ക ഒമ്പതാമതും വിൻഡീസിന്റെ ഷായ് ഹോപ്പ് പത്താം സ്ഥാനത്തുമാണ്. ശ്രീലങ്കയ്ക്കെതിരായ ഏകദിന പരമ്പര 3-0 ന് തൂത്തുവാരിയതിന് ശേഷം പാകിസ്ഥാൻ താരങ്ങളും ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തി.

## രണ്ടാം ടെസ്റ്റിൽ ശുഭ്മാൻ ഗിൽ കളിച്ചേക്കും



ദക്ഷിണാഫ്രിക്കക്കെതിരായ രണ്ടാം ടെസ്റ്റിൽ ഇന്ത്യൻ നായകൻ ശുഭ്മാൻ ഗിൽ കളിച്ചേക്കും. രണ്ടാം? ടെസ്റ്റിനായി ശുഭ്മാൻ ഗിൽ കൊൽക്കത്തയിൽ നിന്ന് ഗുവാഹത്തിയിലേക്ക് യാത്ര തിരിച്ചു. കൊൽക്കത്തയിൽ നടന്ന ഒന്നാം ടെസ്റ്റിനിടെ കഴുത്തിന് പരിക്കേറ്റ ഗിൽ ചികിത്സയിൽ തുടരുകയായിരുന്നു. ഗിൽ ചികിത്സയോട് നല്ല രീതിയിൽ പ്രതികരിക്കുന്നുണ്ടെന്ന് ബി.സി.സി.ഐ അറിയിച്ചു.രണ്ടാം ടെസ്റ്റിൽ ഗിൽ കളിക്കാനുള്ള സാധ്യത ബി.സി.സി.ഐയും തള്ളിക്കളയുന്നില്ല. അതേസമയം, കഴുത്തിൽ പ്രത്യേക ബാൻഡ് ധരിച്ചാണ് ഗിൽ കൊൽക്കത്ത വിമാനത്താവളത്തിൽ എത്തിയത്.രണ്ടാം ടെസ്റ്റിനിടെ കഴുത്തിന് പരിക്കേറ്റ ശുഭ്മാൻ ഗില്ലിനെ ഒരു ദിവസം ആശുപത്രിയിൽ പ്രവേശിപ്പിച്ചതിന് ശേഷം ഡിസ്ചാർജ് ചെയ്തുവെന്ന് ബി.സി.സി.ഐ അറിയിച്ചു.

## കയ്യിലുള്ളത് വെറും 2.75 കോടി! മുംബൈയ്ക്ക് ഈ കളിക്കാരെ ലക്ഷ്യമിടാം



അഞ്ച് തവണ ചാമ്പ്യന്മാരായ മുംബൈ ഇന്ത്യൻസാണ് ഐപിഎൽ മിനി-ലേലത്തിന് മുമ്പ് ഏറ്റവും കുറഞ്ഞ തുക ശേഷിക്കുന്ന ടീം. നിലവിൽ അവരുടെ കൈവശം 2.75 കോടി രൂപ മാത്രമേ ശേഷിക്കുന്നുള്ളൂ. ലേലത്തിൽ ഈ തുകയ്ക്കുള്ളിൽ മാത്രമേ മുംബൈയ്ക്ക് കളിക്കാരെ വാങ്ങാൻ കഴിയൂ.നിലവിൽ 20 താരങ്ങളാണ് മുംബൈയുടെ സ്ക്വാഡിലുള്ളത്. പരമാവധി അഞ്ചു താരങ്ങളെ മാത്രമേ മുംബൈയ്ക്കു ഇനി സ്ക്വാഡിലേക്കു ചേർക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ വിദേശ താരം ഒന്നു മാത്രവുമാണ്. അടുത്ത ലേലത്തിൽ മുംബൈയ്ക്കു ലക്ഷ്യമിടാവുന്ന അഞ്ചു താരങ്ങൾ ആരൊക്കെയാണെന്നു നമുക്കു നോക്കാം.ട്രെന്റ് ബോൾട്ടാണ് നിലവിൽ അവരുടെ ആദ്യ ചോയ്സ് വിദേശ പേസർ. മുംബൈയ്ക്ക് ഇപ്പോൾ മിഡിൽ ഓവറുകളിൽ പന്തെറിയാൻ കഴിയുന്ന ഒരാളെ ആവശ്യമാണ്. ജെറാൾഡ് കോറ്റ്സി, ആൻട്രിച്ച് നോർഷ്യ, ജോഷ് ടോങ്, മാറ്റ് ഹെൻറി, സ്പെൻസർ ജോൺ എന്നിവരിൽ ഒരാളെ ലേലത്തിൽ വാങ്ങാൻ ശ്രമിക്കാം.രോഹിത് ശർമ്മയ്ക്കൊപ്പം ദക്ഷിണാഫ്രിക്കയുടെ റയാൻ റിക്കൽട്ടണും നിലവിൽ മുംബൈയുടെ ആദ്യ ചോയ്സ് ഓപ്പണറാണ്. കഴിഞ്ഞ സീസണിൽ ഈ ജോഡി മികച്ച പ്രകടനം കാഴ്ചവച്ചു. എന്നാൽ അടുത്ത തവണ റിക്കൽട്ടൺ തന്റെ ബാറ്റിംഗിൽ പ്രതീക്ഷകൾക്കൊത്ത് ഉയരുന്നില്ലെങ്കിൽ, മുംബൈയ്ക്ക് ബാക്കപ്പ് ഓപ്പണറായി ഒരാളെ ആവശ്യമായി വരും.ഇന്ത്യയുടെ യുവ ഓപ്പണറും സ്ഫോടനാത്മക ബാറ്റ്സ്മാനുമായ പൃഥ്വി ഷാ ഈ റോളിന് തികച്ചും അനുയോജ്യനാണ്. കഴിഞ്ഞ മെഗാ ലേലത്തിൽ അദ്ദേഹം വിൽക്കപ്പെടാതെ പോയെങ്കിലും, നിലവിൽ ആഭ്യന്തര ക്രിക്കറ്റിൽ അദ്ദേഹം മികച്ച ഫോമിലാണ്. അതിനാൽ പൃഥ്വിയെ തീർച്ചയായും മുംബൈ പരിഗണിക്കാം. ചെന്നൈ സൂപ്പർ കിംഗ്സിൽ നിന്ന് പുറത്തിറങ്ങിയ ഷെയ്ഖ് റാഷിദാണ് അവർക്ക് മറ്റൊരു ഓപ്ഷൻ. റോബിൻ മിൻസാണ് ഇപ്പോൾ മുംബൈയിലുള്ള ഇന്ത്യൻ വിക്കറ്റ് കീപ്പർ.

# ജഡേജ റോയൽസിലെത്തി, കൂടെ സാം കറണും! രാജസ്ഥാൻ കസറുമോ?

സഞ്ജുവിന്റെ താരപ്പകിട്ട് ഇനി രാജസ്ഥാൻ റോയൽസിനില്ല, ചെന്നൈ സൂപ്പർ കിങ്സിനായി 11-ാം നമ്പർ ജഴ്സിയിൽ സഞ്ജു കളത്തിലേക്ക് എത്തും. പകരം രവീന്ദ്ര ജഡേജയും സാം കറണും റോയൽസിലെത്തി സഞ്ജുവിന്റെ പടിയിറക്കം രാജസ്ഥാനെ എങ്ങനെ ബാധിക്കുമെന്ന് കളി കണ്ട് തന്നെ അറിയണം.റോയൽസിന് ഇപ്പോഴുള്ളത് യശസ്വി ജയ്സ്വാൾ, വൈഭവ് സൂര്യവംശി, റിയാൻ പരാഗ് എന്നിവരടങ്ങുന്ന മുൻനിര. മധ്യനിരയിൽ ദ്രുവ് ജൂറൽ, ഷിമ്രോൺ ഹെറ്റ്മെയർ, ഡൊനോവൻ ഫെരെയ്ര. ഓൾ റൗണ്ടർമാരായി സാം കറണും രവീന്ദ്ര ജഡേജയും. ബൗളിങ് നിരയിൽ ജോഫ്ര ആർച്ചർ, സന്ദീപ് ശർമ, യുദ്ധ്വീർ സിങ് എന്നിങ്ങനെ. നന്ദ്രെ ബർഗർ, തുഷാർ ദേശ്പാണ്ഡെ, ശുഭം ദുബെ, ഡ്രെ പ്രിട്ടോറിയസ്, ക്വേന മപാക്ക തുടങ്ങിയവരും സംഘത്തിലുണ്ട്. നിലനിർത്തിയ 16 പേർ. അവശേഷിക്കുന്നത് 16.05 കോടി രൂപയാണ്, ഒൻപത് താരങ്ങളെ ഇനിയും ആവശ്യമുണ്ട്, അതിലൊരാൾ വിദേശിയുമായിരിക്കണം.മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി ക്യാപ്റ്റനെ കണ്ടെത്തുക എന്നതാണ്. യശസ്വി ജയ്സ്വാളും ധ്രുവ് ജുറലും മുന്നിലാണെങ്കിലും, കഴിഞ്ഞ സീസണിൽ സഞ്ജുവിന്റെ അഭാവത്തിൽ ടീമിനെ നയിച്ച പരാഗ് ആയിരിക്കും മുൻഗണന നൽകുന്നത്. അതോ രവീന്ദ്ര ജഡേജയുടെ അനുഭവപരിചയത്തിൽ മാനേജ്മെന്റ് വിശ്വസിക്കുമോ? ജഡേജയ്ക്ക് ക്യാപ്റ്റനെന്ന നിലയിൽ മികച്ച റെക്കോർഡ് ഇല്ലെന്ന വസ്തുതയും മാനേജ്മെന്റ് പരിഗണിച്ചേക്കാം.കഴിഞ്ഞ സീസണിൽ രാജസ്ഥാന്റെ ഏറ്റവും വലിയ ദൗർബല്യം ഫിനിഷിംഗിന്റെ അഭാവമായിരുന്നു. അവസാന ഓവറുകളിൽ അഞ്ച്





മത്സരങ്ങളിൽ 10 റൺസിൽ താഴെ വ്യത്യാസത്തിൽ അവർ തോറ്റു. ഇവിടെയാണ് രവീന്ദ്ര ജഡേജയും ഫെരേരയും വരുന്നത്. നിരവധി സീസണുകളിൽ ചെന്നൈയ്ക്കായി ഫിനിഷിംഗ് നടത്തുന്നതിൽ ജഡേജ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്, അവസാന ഓവറുകളിൽ പേസർമാരോടുള്ള അദ്ദേഹത്തിന്റെ സ്ട്രൈക്ക് റേറ്റ് പോലും 150 ന് മുകളിലാണ്. 2023 ലെ ഐപിഎൽ ഫൈനൽ ഒരു ഉദാഹരണമാണ്.

# പരിക്ക് ഭേദമായി, പാണ്ഡ്യ തിരിച്ചെത്തും




ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന, ടി20 പരമ്പരകൾക്കുള്ള ഇന്ത്യൻ ടീമിനെ ഉടൻ പ്രഖ്യാപിക്കും. മൂന്ന് മൽസരങ്ങളുടെ ഏകദിന പരമ്പരയ്ക്ക് നവംബർ 30നും അഞ്ച് മൽസരങ്ങളുടെ ടി20 പരമ്പരയ്ക്ക് ഡിസംബർ ഒമ്പതിനുമാണ് തുടക്കം കുറിക്കുക.ഏഷ്യ കപ്പ് ഫൈനലിന് തൊട്ടുമുമ്പ് പരിക്കേറ്റ് പിന്മാറിയ സൂപ്പർ ഓൾറൗണ്ടർ ഹാർദിക് പാണ്ഡ്യ ദേശീയ ടീമിൽ തിരിച്ചെത്തിയേക്കും.പരിക്ക് കാരണം ഏഷ്യ കപ്പ് 2025 ഫൈനലും തുടർന്ന് ഇന്ത്യൻ ടീമിന്റെ ഓസ്ട്രേലിയൻ പര്യടനവും അദ്ദേഹത്തിന് നഷ്ടമായിരുന്നു. സുഖംപ്രാപിച്ച ഹാർദിക് പരിശീലനം നടത്തുന്നതിന്റെയും മകന്റെ കൂടെയും ഫാഷൻ മോഡൽ മഹിക ശർമയ്ക്കൊപ്പവും സമയം ചെലവിടുന്നതിന്റെയും നിരവധി വീഡിയോകളും ചിത്രങ്ങൾ ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചു.നെറ്റ്സിലും പുറത്തും ബൗൾ ചെയ്യുന്നതും ബാറ്റ് ചെയ്യുന്നതുമായ വീഡിയോകളും അദ്ദേഹം ഉൾപ്പെടുത്തി. ഫിറ്റാണെന്നും വീണ്ടും കളിക്കാൻ തയ്യാറാണെന്നും ഇത് സൂചിപ്പിക്കുന്നു. അഗ്നിക്ക് മുന്നിൽ താനും മഹികയും പ്രാർത്ഥിക്കുന്നതിന്റെ വീഡിയോകളുമുണ്ട്.2025 ഏഷ്യാ കപ്പിൽ ശ്രീലങ്കയ്ക്കെതിരായ ഗ്രൂപ്പ് ഘട്ട മത്സരത്തിലാണ് ഹാർദികിന് പരിക്കേറ്റത്. തുടർന്ന് പാകിസ്താനെതിരായ ഫൈനലിൽ നിന്ന് അദ്ദേഹം പുറത്തായി. ഇന്ത്യയിൽ വച്ച് നടക്കുന്ന വൈറ്റ് ബോൾ പരമ്പരയിൽ കിടിലൻ ഓൾറൗണ്ട് പ്രകടനത്തിലൂടെ ഹാർദിക് തിരിച്ചുവരുമെന്നാണ് പ്രതീക്ഷ.

# ഐപിഎൽ 2026: സഞ്ജു വന്നെങ്കിലും ഗെയ്ക്വാദിനെ സിഎസ്കെ ഓപ്പണർ ആക്കണമെന്ന് കുംബ്ലെ



വരാനിരിക്കുന്ന ഇന്ത്യൻ പ്രീമിയർ ലീഗ് (ഐപിഎൽ) 2026 സീസണിൽ ചെന്നൈ സൂപ്പർ കിംഗ്സ് (സിഎസ്കെ) ക്യാപ്റ്റൻ റുതുരാജ് ഗെയ്ക്വാദ് ഇന്നിംഗ്സ് ഓപ്പണറായി ഇറങ്ങുമെന്ന് മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം അനിൽ കുംബ്ലെ . അഞ്ച് തവണ ഐപിഎൽ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിംഗ്സിന് വേണ്ടി ഗെയ്ക്വാദ് കൂടുതൽ സ്ഥിരത കൊണ്ടുവരുമെന്ന് ഇതിഹാസ ക്രിക്കറ്റ് താരം വിശ്വസിക്കുന്നു.2025 ലെ ഐപിഎൽ പതിപ്പിൽ, ഗെയ്ക്വാദ് പരിക്കേൽക്കുന്നതിന് മുമ്പ് മൂന്നാം സ്ഥാനത്ത് ആണ് ബാറ്റ് ചെയ്തത്. ഡെവൺ കോൺവേയും റാച്ചിൻ രവീന്ദ്രയുമാണ് സിഎസ്കെയ്ക്കായി ഇന്നിംഗ്സ് തുറന്നത്. ഇത്തവണ മുൻ രാജസ്ഥാൻ റോയൽസ് (ആർആർ) ക്യാപ്റ്റൻ സഞ്ജു സാംസണെ 18 കോടി രൂപയ്ക്ക് സിഎസ്കെ കൂടാരത്തിൽ എത്തിച്ചിട്ടുണ്ട്. ടാറ്റ ഐപിഎൽ റിട്ടൻഷൻ ഷോയിൽ സംസാരിച്ച അനിൽ കുംബ്ലെ, സിഎസ്കെയിൽ സാംസണും മ്ഹാത്രെയും ഉണ്ടെങ്കിലും ഗെയ്ക്വാദ് ഓപ്പണറാകണമെന്ന് പറഞ്ഞു. 'കഴിഞ്ഞ സീസണിൽ പരിക്കേറ്റതിന് ശേഷം ചെന്നൈ സൂപ്പർ കിംഗ്സിന്റെ ക്യാപ്റ്റനായി റുതുരാജ് ഗെയ്ക്വാദ് തിരിച്ചെത്തുന്നത് കാണുന്നത് വളരെ സന്തോഷകരമാണ്. അദ്ദേഹത്തിന് എന്റെ വ്യക്തമായ ഉപദേശം ബാറ്റിംഗ് ഓപ്പണർ ആയി തന്നെ ഇറങ്ങുക എന്നതാണ്. സഞ്ജു സാംസണും ആയുഷ് മ്ഹാത്രെയും ടീമിലുണ്ടെങ്കിലും, റുതുരാജ് സിഎസ്കെയ്ക്ക് ഓപ്പണറായി ഏറ്റവും അനുയോജ്യനാണ്. അദ്ദേഹത്തിന്റെ നേതൃത്വവും ബാറ്റിംഗും ടീമിന് ആവശ്യമായ സ്ഥിരത നൽകും,' കുംബ്ലെ പറഞ്ഞു.

# ഗംഭീറിന്റെ കസേര ത്രിശങ്കുവിൽ! പരിശീലക സ്ഥാനം ഒഴിയേണ്ടിവരുമോ?



പുരുഷ ടീമിന്റെ മുഖ്യ പരിശീലകനായ ഗൗതം ഗംഭീറിന് കീഴിൽ ഇന്ത്യ ടെസ്റ്റ് ക്രിക്കറ്റിൽ തുടർച്ചയായ തിരിച്ചടികൾ നേരിടുന്ന സാഹചര്യത്തിൽ, മുൻ ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി ഈ വിഷയത്തിൽ തന്റെ നിലപാട് വ്യക്തമാക്കി.ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഹോം പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇന്ത്യ 30 റൺസിന് തോറ്റതിന് ശേഷമാണ് ഗാംഗുലിയുടെ നിർണായക പരാമർശം. ഗംഭീറിനെ പരിശീലകനായി മാറ്റുന്നതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ലെങ്കിലും, പിച്ചിന്റെ സ്വഭാവത്തെ മാത്രം ആശ്രയിക്കുന്നതിനുപകരം ടെസ്റ്റ് മത്സരങ്ങൾ ജയിക്കാൻ 'ഒരുമിച്ച് പ്രവർത്തിക്കാൻ' ഗാംഗുലി ടീമിനോട് ആവശ്യപ്പെട്ടു. ഗംഭീറിന് കീഴിൽ ഇന്ത്യയുടെ ഒമ്പതാമത്തെ ടെസ്റ്റ് തോൽവിയാണിത്. പരിശീലകനായി ചുമതലയേറ്റതിനുശേഷം ഗൗതം ഗംഭീറിന് ഇന്ത്യയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ല.ദക്ഷിണാഫ്രിക്കയോടുള്ള ഈ തോൽവി ഗംഭീറിന് കീഴിൽ ഇന്ത്യയുടെ ഒമ്പതാമത്തെ ടെസ്റ്റ് തോൽവിയാണ്. സ്വന്തം നാട്ടിൽ ഇന്ത്യയുടെ നാലാമത്തെ തോൽവിയാണിത്.കഴിഞ്ഞ വർഷം ന്യൂസിലൻഡ് ഇന്ത്യയെ 3-0 ന് തോൽപ്പിച്ചപ്പോൾ, സ്പിന്നിനെ മാത്രം ആശ്രയിച്ച പിച്ചുകൾ ഒരുക്കിയതിന്റെ പേരിൽ ഗംഭീർ വിമർശിക്കപ്പെട്ടിരുന്നു.

### വീടിനുള്ളിലെ 'നിശബ്ദ കൊലയാളി';

# അകത്തെ വായു ശുദ്ധി അവഗണിച്ചാൽ ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ

നമ്മുടെ വീട്ടിലെ അന്തരീക്ഷം സുരക്ഷിതമാണോ? പുറത്തെ തിരക്കുകളിൽ നിന്നും മലിനീകരണത്തിൽ നിന്നും രക്ഷ നേടാൻ നാം ആശ്രയിക്കുന്ന വീടുകളിലും ഓഫീസുകളിലുമുള്ള വായുവിന്റെ ഗുണനിലവാരം (Indoor Air Qualtiy - IAQ) ഇന്ന് ഒരു വലിയ ആരോഗ്യ വെല്ലുവിളിയായി മാറുകയാണ്. ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ 90 ശതമാനം സമയവും കെട്ടിടങ്ങൾക്കുള്ളിലാണ് ചെലവഴിക്കുന്നത് എന്ന കണ്ടെത്തലാണ് അകത്തെ വായു ശുദ്ധിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്. പലപ്പോഴും പുറത്തുള്ളതിനേക്കാൾ 2 മുതൽ 5 ഇരട്ടി വരെ മലിനമായേക്കാം വീടിനകത്തെ വായു.



### എന്തുകൊണ്ട് ഈ ഭീഷണി?

പുതിയ കെട്ടിട നിർമ്മാണ രീതികളും ഊർജ്ജക്ഷമത വർദ്ധിപ്പിക്കാനായി ജനലുകളും വാതിലുകളും പൂർണ്ണമായി അടച്ചുപൂട്ടുന്നതും വീടിനകത്തെ വായുസഞ്ചാരം കുറയ്ക്കുന്നു. ഇത് മലിനീകാരികളെ പുറത്തേക്ക് പോകാൻ അനുവദിക്കാതെ അകത്ത് തന്നെ കുടുക്കുന്നു. അടുക്കളയിലെ പാചകം, മെഴുകുതിരികൾ, സിഗരറ്റ് പുക, പഴയ ഫർണിച്ചറുകളിൽ നിന്നും പെയിന്റുകളിൽ നിന്നും പുറത്തുവരുന്ന വോളിറ്റൈൽ ഓർഗാനിക് സംയുക്തങ്ങൾ (VOCs), ഈർപ്പം കാരണം വളരുന്ന പൂപ്പൽ (Mold), വളർത്തുമൃഗങ്ങളുടെ രോമം, വൃത്തിയാക്കാനുള്ള രാസവസ്തുക്കൾ എന്നിവയെല്ലാം അകത്തെ വായുവിനെ വിഷലിപ്തമാക്കുന്നു. കാർബൺ മോണോക്സൈഡ് പോലുള്ള മാരകമായ വാതകങ്ങൾ ഉപകരണങ്ങളുടെ തകരാറുമൂലം വീടിനുള്ളിൽ നിറയാനുള്ള സാധ്യതയുമുണ്ട്.

### ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു?

അകത്തെ മോശം വായു ഗുണനിലവാരം, പെട്ടെന്നുള്ളതും ദീർഘകാലത്തേക്കുള്ളതുമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാം.

**അടിയന്തിരലക്ഷണങ്ങൾ:** കണ്ണ്, മൂക്ക്, തൊണ്ട എന്നിവിടങ്ങളിലെ അസ്വസ്ഥത, തലവേദന, തലകറക്കം, തുടർച്ചയായ ക്ഷീണം, അലർജികൾ വർധിക്കുക എന്നിവയാണ് പെട്ടെന്ന് കണ്ടുപിടിക്കാവുന്ന ലക്ഷണങ്ങൾ. ചുമ, ശ്വാസംമുട്ടൽ എന്നിവക്ക് കാരണമാകുന്ന ആസ്ത്മ പോലുള്ള രോഗങ്ങളെ ഇത് കൂടുതൽ വഷളാക്കും.

**ദീർഘകാല പ്രശ്നങ്ങൾ:** ദീർഘകാലമായി മോശം വായു ശ്വസിക്കുന്നത് ശ്വാസകോശ രോഗങ്ങൾ (സി.ഒ.പി.ഡി, ശ്വാസകോശ അർബുദം), ഹൃദയസംബന്ധമായ രോഗങ്ങൾ (ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക്) എന്നിവയ്ക്ക് സാധ്യത വർദ്ധിപ്പിക്കുന്നു. കൂടാതെ, കുട്ടികളിലും മുതിർന്നവരിലും ഇത് ശ്രദ്ധക്കുറവ്, ഓർമ്മക്കുറവ്, കാര്യങ്ങൾ തീരുമാനമെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുമെന്നും പഠനങ്ങൾ പറയുന്നു. ഗർഭിണികൾ, കുട്ടികൾ, പ്രായമായവർ, മറ്റ് രോഗങ്ങളുള്ളവർ എന്നിവരാണ് ഈ ഭീഷണിയിൽ ഏറ്റവും മുന്നിൽ.

### വായു ശുദ്ധിയാക്കാൻ എന്തുചെയ്യണം?

അകത്തെ വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലളിതമായ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി.

**വായു സഞ്ചാരം ഉറപ്പാക്കുക:** ദിവസവും കുറഞ്ഞത് 15 മിനിറ്റെങ്കിലും ജനലുകളും വാതിലുകളും തുറന്നിട്ട് ശുദ്ധവായു അകത്തേക്ക് കടത്തിവിടുക. പാചകം ചെയ്യുമ്പോഴും വൃത്തിയാക്കുമ്പോഴും എക്സ്ഹോസ്റ്റ് ഫാനുകൾ ഉപയോഗിക്കുക.

**മലിനീകരണ സ്രോതസ്സുകൾ നിയന്ത്രിക്കുക:** പുകവലി പൂർണ്ണമായും ഒഴിവാക്കുക, വിഷാംശമില്ലാത്ത ക്ലീനിംഗ് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുക. ഈർപ്പം തങ്ങിനിൽക്കുന്ന ഇടങ്ങൾ വൃത്തിയാക്കി പൂപ്പൽ വളർച്ച തടയുക.

**എയർ പ്യൂരിഫയറുകൾ ഉപയോഗിക്കുക:** ഹെപ്പ (HEPA) ഫിൽട്ടറുകളുള്ള എയർ പ്യൂരിഫയറുകൾ ഉപയോഗിച്ച് അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ നീക്കം ചെയ്യാം.

**ചെടികൾ വളർത്തുക:** സ്നേക്ക് പ്ലാന്റ്, പീസ് ലില്ലി, അരേക പാം തുടങ്ങിയ ചെടികൾ വീട്ടിൽ വെച്ച് വായു ശുദ്ധീകരിക്കാനും സഹായിക്കും.

## ജലദോഷത്തെയും പനിയെയും തുരത്താൻ പോഷകാഹാര വിദഗ്ധരുടെ നിർദ്ദേശങ്ങൾ!




കാലാവസ്ഥാ മാറ്റങ്ങൾക്കനുസരിച്ച് ജലദോഷം, പനി, ചുമ തുടങ്ങിയ രോഗങ്ങൾ നമ്മെ എളുപ്പത്തിൽ പിടികൂടാൻ സാധ്യതയുണ്ട്. എന്നാൽ ശക്തമായ ഒരു പ്രതിരോധ സംവിധാനം ഉണ്ടെങ്കിൽ ഈ രോഗങ്ങളെ വേഗത്തിൽ അകറ്റി നിർത്താൻ സാധിക്കും. ഇതിന് ഏറ്റവും നല്ല വഴി നമ്മുടെ ദൈനംദിന ഭക്ഷണക്രമത്തിൽ വരുത്തുന്ന ലളിതമായ മാറ്റങ്ങളാണ്. പ്രതിരോധശേഷി വർദ്ധിപ്പിക്കാനും രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾ തന്നെ അവയെ തടയാനും സഹായിക്കുന്ന ചില സുപ്രധാന പോഷകാഹാര രഹസ്യങ്ങൾ ആരോഗ്യ വിദഗ്ധർ പങ്കുവെക്കുകയാണ്.

പ്രതിരോധ സംവിധാനത്തിന് ഏറ്റവും അത്യാവശ്യമായ പോഷകമാണ് വൈറ്റമിൻ സി. ഇത് ശരീരത്തിലെ വെളുത്ത രക്താണുക്കളുടെ ഉത്പാദനത്തെയും പ്രവർത്തനത്തെയും വർദ്ധിപ്പിച്ച് അണുബാധകളെ ചെറുക്കാൻ സഹായിക്കുന്നു. ഓറഞ്ച്, നാരങ്ങ, നെല്ലിക്ക, പേരക്ക, മുന്തിരി, കുടംപുളി തുടങ്ങിയ സിട്രസ് പഴങ്ങളും കാപ്സിക്കവും ദിവസേനയുള്ള ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ഈ പോരാളികൾക്ക് കരുത്തേകും. വൈറ്റമിൻ സി സംഭരിച്ചു വെക്കാൻ ശരീരത്തിന് കഴിയില്ല എന്നതിനാൽ ഇത് ദിവസവും കഴിക്കേണ്ടത് അത്യാവശ്യമാണ്.

ശരീരത്തിന്റെ പ്രതിരോധശേഷിയുടെ വലിയൊരു ഭാഗം കുടലിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ കുടൽ ആരോഗ്യം ഉറപ്പാക്കാൻ പ്രോബയോട്ടിക്കുകൾ അടങ്ങിയ ഭക്ഷണം ശീലമാക്കണം. തൈര്, മോര്, ഇഡ്ഡലി, ദോശമാവ് പോലുള്ള പുളിപ്പിച്ച ഭക്ഷണങ്ങൾ കഴിക്കുന്നത് കുടലിലെ നല്ല ബാക്ടീരിയകളുടെ അളവ് വർദ്ധിപ്പിക്കുന്നു. ഇത് ദഹനവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനൊപ്പം രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടുത്തുന്നു.

കൂടാതെ, വെളുത്തുള്ളി, ഇഞ്ചി തുടങ്ങിയ പ്രകൃതിദത്ത ഘടകങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ വിദഗ്ധർ പ്രത്യേകം നിർദ്ദേശിക്കുന്നു. വെളുത്തുള്ളിയിൽ അടങ്ങിയ അല്ലിസിൻ എന്ന സംയുക്തത്തിന് ശക്തമായ ആന്റിവൈറൽ, ആന്റിബാക്ടീരിയൽ ഗുണങ്ങളുണ്ട്. ഇഞ്ചിക്ക് വീക്കം കുറയ്ക്കാനുള്ള കഴിവുണ്ട്. ഇത് തൊണ്ട വേദന, നീർക്കെട്ട് പോലുള്ള ലക്ഷണങ്ങളെ ശമിപ്പിക്കാൻ സഹായിക്കും.

പ്രതിരോധ കോശങ്ങളുടെ രൂപീകരണത്തിനും കേടുപാടുകൾ പരിഹരിക്കുന്നതിനും സിങ്ക്, വൈറ്റമിൻ എ, വൈറ്റമിൻ ഇ തുടങ്ങിയ മറ്റ് പോഷകങ്ങളും അത്യന്താപേക്ഷിതമാണ്. ബദാം, കപ്പലണ്ടി, മറ്റ് പരിപ്പ് വർഗ്ഗങ്ങൾ എന്നിവ വൈറ്റമിൻ ഇയുടെയും സിങ്കിന്റെയും മികച്ച ഉറവിടങ്ങളാണ്. കാരറ്റ്, മധുരക്കിഴങ്ങ്, ഇലക്കറികൾ തുടങ്ങിയവയിൽ ധാരാളമായി അടങ്ങിയിട്ടുള്ള ബീറ്റാ കരോട്ടിൻ ശരീരത്തിൽ വൈറ്റമിൻ എ ആയി മാറുകയും രോഗാണുക്കളിൽ നിന്ന് സംരക്ഷണം നൽകുന്ന ചർമ്മത്തെയും മ്യൂക്കസ് പാളികളെയും ബലപ്പെടുത്തുകയും ചെയ്യുന്നു.

ഭക്ഷണക്രമത്തോടൊപ്പം ജീവിതശൈലിയിലും ശ്രദ്ധ വേണം. ദിവസവും 7-8 മണിക്കൂർ ഉറങ്ങുക, മാനസിക സമ്മർദ്ദം കുറയ്ക്കുക, ആവശ്യത്തിന് വെള്ളം കുടിച്ച് ശരീരത്തെ നിർജ്ജലീകരണം ഇല്ലാതെ കാക്കുക എന്നിവയും പ്രതിരോധശേഷി കൂട്ടാനുള്ള പ്രധാന മാർഗ്ഗങ്ങളാണ്. ഈ ലളിതമായ ശീലങ്ങൾ വഴി രോഗങ്ങൾ വരുന്നത് തടയാനും വന്നാൽ വേഗം ഭേദമാക്കാനും സാധിക്കുമെന്നാണ് ആരോഗ്യ വിദഗ്ധർ ഓർമ്മിപ്പിക്കുന്നത്.

### നിസ്സാരമെന്ന് തള്ളരുത്!

## ആറ് മാസം കൂടുമ്പോൾ അടിവസ്ത്രം മാറ്റിയില്ലെങ്കിൽ അപകടം



നമ്മൾ പലപ്പോഴും നിസ്സാരമായി കാണുന്ന ഒരു ശീലമാണ് ആരോഗ്യത്തിന് വലിയ ഭീഷണിയാകുന്നതെന്ന് ഡോക്ടർമാർ മുന്നറിയിപ്പ് നൽകുന്നു. അടിവസ്ത്രങ്ങൾ ആറ് മാസത്തിൽ ഒരിക്കലെങ്കിലും മാറ്റിയില്ലെങ്കിൽ അണുബാധകൾ, ഫംഗസ്, വൈറസുകൾ എന്നിവയ്ക്ക് നമ്മുടെ ശരീരം എളുപ്പത്തിൽ ഇരയാകാൻ സാധ്യതയുണ്ട്. അടിവസ്ത്രം കാഴ്ചയിൽ വൃത്തിയുള്ളതാണെങ്കിൽ പോലും ഈ നിയമം പാലിക്കേണ്ടത് അത്യാവശ്യമാണ്.

**ഇതിന്റെ കാരണം ഇതാണ്:** കാലക്രമേണ, അടിവസ്ത്രങ്ങളുടെ തുണിയിൽ ബാക്ടീരിയകൾ, ഈർപ്പം, മൃതചർമ്മ കോശങ്ങൾ എന്നിവ അടിഞ്ഞുകൂടുകയും അവ ദോഷകരമായ സൂക്ഷ്മാണുക്കൾക്ക് പെരുകാൻ അനുയോജ്യമായ സാഹചര്യമൊരുക്കുകയും ചെയ്യുന്നു. പതിവായി കഴുകിയാൽ പോലും ചില രോഗാണുക്കൾ തുണിയിൽ പറ്റിപ്പിടിച്ച് കിടക്കാൻ സാധ്യതയുണ്ട്. പ്രത്യേകിച്ചും, ശരീരത്തോട് ചേർന്ന് ചൂടും ഈർപ്പവുമുള്ള അടിവസ്ത്ര ഭാഗങ്ങളിൽ.

ഈ ബാക്ടീരിയകളുടെ ശേഖരണം മൂത്രാശയ അണുബാധകൾ (UTI), ചർമ്മത്തിലെ തിണർപ്പുകൾ, ഫംഗസ് വളർച്ച, കൂടാതെ സ്വകാര്യ ഭാഗങ്ങളിൽ വൈറസ് പകർച്ച എന്നിവയ്ക്ക് വരെ കാരണമാകാം. സിന്തറ്റിക് തുണിത്തരങ്ങൾ ഉപയോഗിക്കുന്നവരിൽ ഈ അപകട സാധ്യത കൂടുതലാണ്. കാരണം, അവ വായു സഞ്ചാരം കുറഞ്ഞതും ചൂടും വിയർപ്പും പിടിച്ചുനിർത്തുന്നവയുമാണ്.

അതിനാൽ, ഓരോ ആറ് മാസത്തിലും അടിവസ്ത്രങ്ങൾ മാറ്റി ഉപയോഗിക്കുന്ന ഒരു ശുചിത്വ ദിനചര്യ മെഡിക്കൽ വിദഗ്ധർ ശുപാർശ ചെയ്യുന്നു. തുടർച്ചയായ അസ്വസ്ഥതകളോ ചർമ്മ സംവേദനക്ഷമതയോ അനുഭവപ്പെടുന്നെങ്കിൽ ഇതിലും നേരത്തെ മാറ്റുന്നത് നല്ലതാണ്. സ്ഥിരമായി വ്യായാമം ചെയ്യുന്നവരും ചൂടുള്ള കാലാവസ്ഥയിൽ താമസിക്കുന്നവരും ഈ നിർദ്ദേശത്തിന് കൂടുതൽ പ്രാധാന്യം നൽകണം.

ഈർപ്പം വലിച്ചെടുക്കാനും ചർമ്മത്തിന് മൃദുവായിരിക്കാനും കഴിവുള്ള തിനാൽ കോട്ടൺ അടിവസ്ത്രങ്ങളാണ് ആരോഗ്യത്തിന് ഏറ്റവും ഉചിതം. പതിവായ കഴുകൽ സഹായിക്കുമെങ്കിലും, കാലപ്പഴക്കം ചെന്ന അടിവസ്ത്രങ്ങളിൽ അടിഞ്ഞുകൂടുന്ന ബാക്ടീരിയകളെ പൂർണ്ണമായി ഇല്ലാതാക്കാൻ അതിന് കഴിയില്ല. ഇത് വെറും വൃത്തിയുടെ കാര്യമല്ല, ശരീരത്തിലെ ഏറ്റവും അതിലോലമായ ഭാഗത്തെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനുള്ള പ്രതിരോധ നടപടിയാണ്. ചെറിയൊരു ശീലത്തിലെ മാറ്റം പോലും വലിയ ആരോഗ്യപരമായ ഗുണങ്ങൾ നൽകും.

## നല്ല ഉറക്കം വേണോ? രാത്രിയിൽ ഈ ഭക്ഷണങ്ങൾ ഒഴിവാക്കണം; കാരണം അറിയാം



സ്ട്രെസ്സ്, മൊബൈൽ ഫോൺ, കഫീൻ എന്നിവയാണ് ഉറക്കം നഷ്ടപ്പെടുത്തുന്ന പ്രധാന വില്ലന്മാരെന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ, നിങ്ങളുടെ തീൻമേശയിലെ ചില വിഭവങ്ങളും ഉറക്കമില്ലാത്ത രാത്രികൾക്ക് കാരണമായേക്കാം. കൃത്യമായ സമയത്ത്, കൃത്യമായ ഭക്ഷണം കഴിക്കുന്നത് ഉറക്കത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുമെന്ന് ഉറക്ക വിദഗ്ധർ അഭിപ്രായപ്പെടുന്നു. ശരീരം വിശ്രമിക്കാൻ തയ്യാറെടുക്കുന്ന സമയത്ത്, ഹൃദയമിടിപ്പ് കൂട്ടാനോ ശരീര താപനില ഉയർത്താനോ ഹോർമോൺ സന്തുലിതാവസ്ഥ തെറ്റിക്കാനോ സാധ്യതയുള്ള ഭക്ഷണങ്ങൾ ഒഴിവാക്കുന്നതാണ് ഉചിതം.

### ഉറക്കം കെടുത്തുന്ന പ്രധാന ഭക്ഷണങ്ങൾ

**ഉപ്പും സോഡിയം കൂടുതലുള്ള ഭക്ഷണങ്ങൾ:** ചിപ്സ്, ഉപ്പിട്ട നട്സ് തുടങ്ങിയ സോഡിയം കൂടുതലുള്ള ഭക്ഷണങ്ങൾ രക്തസമ്മർദ്ദം വർദ്ധിപ്പിക്കുകയും ശരീരത്തിൽ ദ്രാവകം കെട്ടിനിർത്തുകയും ചെയ്യും. ഇത് ശരീരത്തെ പൂർണ്ണമായും വിശ്രമാവസ്ഥയിലേക്ക് പോകാൻ അനുവദിക്കില്ല. ഇത് ആഴത്തിലുള്ള ഉറക്കം (ഡീപ് സ്ലീപ്) തടസ്സപ്പെടുത്തുകയും രാത്രിയിൽ ഇടയ്ക്കിടെ മൂത്രമൊഴിക്കാൻ എഴുന്നേൽക്കുന്നതിന് കാരണമാവുകയും ചെയ്യും.

**മസാലയും എരിവുമുള്ള വിഭവങ്ങൾ:** രാത്രിവൈകി കഴിക്കുന്ന കറി പോലെയുള്ള എരിവുള്ള വിഭവങ്ങൾ ശരീരത്തിന്റെ താപനില വർദ്ധിപ്പിക്കും. ഉറക്കത്തിലേക്ക് കടക്കുന്നതിന് മുൻപ് ശരീരം തണുക്കുന്നത് സ്വാഭാവിക പ്രക്രിയയാണ്. മുളകിലെ 'കാപ്സെയ്സിൻ' എന്ന രാസവസ്തു താപനില ഉയർത്തുന്നത് ഈ പ്രക്രിയയെ തടസ്സപ്പെടുത്തുന്നു. കൂടാതെ, എരിവുള്ള ഭക്ഷണം സ്ട്രെസ് ഹോർമോണുകൾ പുറത്തുവിടാനും സാധ്യതയുണ്ട്.

**ആസിഡ്, ടൈറാമൈൻ അടങ്ങിയവ:** തക്കാളി, സോയ സോസ്, വൈൻ, ചിലതരം ചീസുകൾ എന്നിവയിൽ ടൈറാമൈൻ എന്ന സംയുക്തം അടങ്ങിയിട്ടുണ്ട്. ഇത് തലച്ചോറിനെ അമിതമായി ഉത്തേജിപ്പിക്കുകയും 'പോരാടുക അല്ലെങ്കിൽ ഓടിപ്പോകുക' എന്ന പ്രതികരണത്തിന് കാരണമാകുന്ന നോർഎപ്പിനെഫ്രിൻ ഹോർമോണിന്റെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യും. അസിഡിറ്റി കൂടുതലുള്ള ഭക്ഷണങ്ങൾ കഴിക്കുമ്പോൾ നെഞ്ചെരിച്ചിൽ, ആസിഡ് റിഫ്ലക്സ് തുടങ്ങിയ ബുദ്ധിമുട്ടുകൾ ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്.

**സമയക്രമം പ്രധാനം:** ദഹനത്തിന് സമയം നൽകാനായി ഉറങ്ങുന്നതിന് കുറഞ്ഞത് രണ്ടോ മൂന്നോ മണിക്കൂർ മുൻപ് അത്താഴം പൂർത്തിയാക്കുന്നത് ശീലമാക്കണം. നല്ല ഉറക്കത്തിന് സഹായിക്കുന്ന ഭക്ഷണങ്ങൾ ചില ഭക്ഷണങ്ങൾ ഉറക്കത്തെ സജീവമായി പിന്തുണയ്ക്കുന്നവയാണ്. സങ്കീർണ്ണമായ കാർബോഹൈഡ്രേറ്റ്സ്, കൊഴുപ്പ് കുറഞ്ഞ പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ എന്നിവ അടങ്ങിയ ഭക്ഷണം മെലടോണിൻ, സെറോടോണിൻ തുടങ്ങിയ ഹോർമോണുകളുടെ ഉത്പാദനത്തെ സഹായിക്കും.

**മഗ്നീഷ്യവും ട്രിപ്റ്റോഫനും:** പേശികളെയും നാഡീവ്യൂഹത്തെയും ശാന്തമാക്കാൻ സഹായിക്കുന്ന മഗ്നീഷ്യം ധാരാളമായി അടങ്ങിയ ഭക്ഷണങ്ങൾ (ഇലക്കറികൾ, നട്സ്, ധാന്യങ്ങൾ) ഉറക്കത്തിന് ഉത്തമമാണ്. സെറോടോണിൻ, മെലടോണിൻ എന്നിവയുടെ ഉത്പാദനത്തിന് ആവശ്യമായ ട്രിപ്റ്റോഫൻ, വിറ്റാമിൻ ബി6 എന്നിവയും പ്രധാനമാണ്.

**ഉറക്കം നൽകുന്ന വിഭവങ്ങൾ:** വാഴപ്പഴം, ബദാം, പാൽ, ചമോമൈൽ ചായ എന്നിവയിൽ മഗ്നീഷ്യം, കാൽസ്യം, ട്രിപ്റ്റോഫൻ തുടങ്ങിയ സംയുക്തങ്ങൾ അടങ്ങിയിട്ടുണ്ട്. ഇത് ശരീരത്തിന് വിശ്രമം നൽകാൻ സഹായിക്കുന്നു. രാത്രി വിശക്കുന്നുണ്ടെങ്കിൽ, ഗ്രീക്ക് യോഗർട്ട്, പഴങ്ങൾ, നട്സ് ചേർത്ത വെളിച്ചം കുറഞ്ഞ ലഘുഭക്ഷണം എന്നിവ തിരഞ്ഞെടുക്കാം. ഇത് ദഹനവ്യവസ്ഥയെ തളർത്താതെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിലനിർത്താൻ സഹായിക്കും.

# ഗൂഗിളിന്റെ ഏറ്റവും പുതിയ എഐ മോഡൽ 'ജെമിനി 3' എത്തി

ആഗോള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) രംഗത്തെ മത്സരത്തിന് ചൂടുപകർന്ന് ഗൂഗിൾ തങ്ങളുടെ ഏറ്റവും പുതിയതും ഏറ്റവും മികച്ചതുമായ എഐ മോഡൽ 'ജെമിനി 3' പുറത്തിറക്കി. കമ്പനിയുടെ ചരിത്രത്തിൽ ആദ്യമായി, അവരുടെ ഏറ്റവും പുതിയതും മുൻനിരയിലുള്ളതുമായ ഈ മോഡലിനെ പ്രഖ്യാപന ദിവസം തന്നെ പ്രമുഖ ഉൽപ്പന്നങ്ങളായ ഗൂഗിൾ സെർച്ചിലും ജെമിനി ആപ്പിലും ഉൾപ്പെടുത്തി എന്നതാണ് ഈ റിലീസിന്റെ പ്രധാന പ്രത്യേകത.

മുൻ പതിപ്പായ ജെമിനി 2.5 പുറത്തിറക്കി ഏകദേശം എട്ട് മാസത്തിനു ശേഷമാണ് കൂടുതൽ ശക്തിയേറിയ ജെമിനി 3 അവതരിപ്പിക്കുന്നത്. കോഡിംഗ്, കണക്ക്, സയൻസ് എന്നിവയിലെല്ലാം മികച്ച പ്രകടനം കാഴ്ചവെക്കാൻ ഈ പുതിയ മോഡലിന് സാധിക്കുമെന്ന് ഗൂഗിൾ അവകാശപ്പെടുന്നു. ഉപയോക്താക്കളുടെ ചോദ്യങ്ങളുടെ ആഴവും സൂക്ഷ്മതയും മനസ്സിലാക്കാനുള്ള കഴിവാണ് ജെമിനി 3യുടെ ഏറ്റവും വലിയ പ്രത്യേകത.

ഈ പുതിയ മോഡൽ ഗൂഗിൾ സെർച്ചിലെ 'എഐ മോഡി'ന് (എഐ മോഡ്) വിപ്ലവകരമായ മാറ്റങ്ങൾ വരുത്തും. ഇനിമുതൽ സെർച്ച് റിസൾട്ടുകൾ കേവലം എഴുതിയ വിവരങ്ങളായി ഒതുങ്ങില്ല. ചോദ്യത്തിനനുസരിച്ച് സംവേദനാത്മകമായ ടൂളുകൾ (Interactive tools), ഡൈനാമിക് വിഷ്വൽ ലേഔട്ടുകൾ, കസ്റ്റം സിമുലേഷനുകൾ എന്നിവയെല്ലാം തത്സമയം സൃഷ്ടിക്കാൻ ജെമിനി 3ക്ക് സാധിക്കും. ഉദാഹരണത്തിന്, ഒരു മോർട്ട്ഗേജ് ലോൺ അന്വേഷിക്കുകയാണെങ്കിൽ, താരതമ്യം ചെയ്യാനായി ഒരു ഇന്ററാക്ടീവ് ലോൺ കാൽക്കുലേറ്റർ സെർച്ച് റിസൾട്ടിൽ തന്നെ ലഭ്യമാകും.

ടെക്സ്റ്റ്, ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ, കോഡ് എന്നിവ ഉൾപ്പെടെ വിവിധതരം ഡാറ്റ ഒരേസമയം മനസ്സിലാക്കാനും പ്രതികരിക്കാനും ജെമിനി 3ക്ക് കഴിയും (Multimodal capabilities). 'ജെമിനി ഏജന്റ്' എന്ന പുതിയൊരു സവിശേഷതയും ഇതിലൂടെ അവതരിപ്പിച്ചു. ഇത് ഇമെയിൽ ഓർഗനൈസ് ചെയ്യുക, യാത്രാ




ക്രമീകരണങ്ങൾ ബുക്ക് ചെയ്യുക തുടങ്ങിയ നിരവധി ഘട്ടങ്ങളുള്ള സങ്കീർണ്ണമായ ജോലികൾ ഉപയോക്താക്കൾക്കായി പൂർത്തിയാക്കാൻ സഹായിക്കും.

നിലവിൽ, ഗൂഗിൾ എഐ പ്രോ, അൾട്രാ വരിക്കാർക്ക് അമേരിക്കയിൽ ജെമിനി 3 ഉപയോഗിച്ച് തുടങ്ങാം. ജെമിനി ആപ്പ് വഴിയും ഡെവലപ്പർ ടൂളുകളായ എഐ സ്റ്റുഡിയോ, വെർട്ടെക്സ് എഐ എന്നിവ വഴിയും ഈ മോഡൽ ആഗോളതലത്തിൽ ലഭ്യമാവുകയാണ്. ജെമിനി 3യുടെ വരവോടെ OpenAI, ആന്ത്രോപ്പിക് പോലുള്ള മറ്റ് എഐ ഭീമന്മാരുമായി ഗൂഗിൾ നടത്തുന്ന മത്സരം കൂടുതൽ ശക്തമാവുകയാണ്.

## വിൻഡോസ് 11ൽ ആദ്യത്തെ 'യഥാർത്ഥ' എ.ഐ. ഏജന്റ് വരുന്നു; 'ഏജന്റ് വർക്ക്സ്പേസ്' പരീക്ഷണം തുടങ്ങി




വിൻഡോസ് 11 നെ ഒരു 'എഐഫസ്റ്റ്' ഓപ്പറേറ്റിങ് സിസ്റ്റമാക്കി മാറ്റാനുള്ള സുപ്രധാന നീക്കവുമായി മൈക്രോസോഫ്റ്റ്. ഉപയോക്താവിന്റെ സഹായമില്ലാതെ തന്നെ പശ്ചാത്തലത്തിൽ പ്രവർത്തിക്കാൻ കഴിവുള്ള ഒരു പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഏജന്റിനായുള്ള 'ഏജന്റ് വർക്ക്സ്പേസ്' എന്ന സംവിധാനം മൈക്രോസോഫ്റ്റ് പരീക്ഷിച്ചു തുടങ്ങി. നിലവിൽ വിൻഡോസ് ഇൻസൈഡേഴ്സിന് മാത്രമാണ് ഈ പുതിയ ഫീച്ചർ ലഭ്യമാക്കിയിട്ടുള്ളത്.

ഈ പുതിയ എഐ ഏജന്റുകൾക്ക് ഉപയോക്താക്കൾ കമ്പ്യൂട്ടറിൽ മറ്റ് ജോലികൾ ചെയ്യുമ്പോൾ തന്നെ, ഫയലുകൾ സംഘടിപ്പിക്കുക, ഡോക്യുമെന്റുകൾ കൈകാര്യം ചെയ്യുക, ആപ്ലിക്കേഷനുകൾ തുറക്കുക തുടങ്ങിയ ജോലികൾ ഒറ്റയ്ക്ക് പൂർത്തിയാക്കാൻ കഴിയും. ഉദാഹരണത്തിന്, ഒരു എഐ ഏജന്റിന് ഡോക്യുമെന്റുകൾ തരംതിരിക്കാനോ മീഡിയ ലൈബ്രറികൾ അപ്ഡേറ്റ് ചെയ്യാനോ സാധിക്കും. ഈ എഐ ഏജന്റുകൾക്ക് 'ഡോക്യുമെന്റ്സ്, ഡെസ്ക്ടോപ്പ്, ഡൗൺലോഡ്സ്, പിക്ചേഴ്സ്, മ്യൂസിക്, വീഡിയോസ്' തുടങ്ങിയ പ്രധാന ഫോൾഡറുകളിലേക്ക് പ്രവേശനം ആവശ്യമാണ്. എന്നാൽ ഉപയോക്താവ് അനുവാദം നൽകിയാൽ മാത്രമേ ഇത് സാധ്യമാകൂ.

ഏജന്റ് വർക്ക്സ്പേസിന്റെ പ്രധാന പ്രത്യേകത, സുരക്ഷ ഉറപ്പാക്കാനുള്ള ഇതിന്റെ രൂപകൽപ്പനയാണ്. ഓരോ എഐ ഏജന്റും ഉപയോക്താവിന്റെ പ്രധാന അക്കൗണ്ടിൽ നിന്ന് തികച്ചും വേറിട്ട, നിയന്ത്രിത വിൻഡോസ് സെഷനിലാണ് പ്രവർത്തിക്കുന്നത്. ഇതിന് സ്വന്തമായി ഡെസ്ക്ടോപ്പും, അക്കൗണ്ടും, പ്രത്യേക അനുമതികളും ഉണ്ടാകും. അതിനാൽ ഒരു ഏജന്റ് ചെയ്യുന്ന കാര്യങ്ങൾ മറ്റൊന്നിനെയോ അല്ലെങ്കിൽ ഉപയോക്താവിന്റെ പ്രധാന പ്രവർത്തനങ്ങളെയോ ബാധിക്കില്ല. ഈ ഐസൊലേഷൻ കാരണം, മനുഷ്യന്റെ ഇടപെടൽ കൂടാതെ തന്നെ എഐക്ക് സമാന്തരമായി പ്രവർത്തിക്കാൻ സാധിക്കുന്നു.

എഐയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഓഡിറ്റ് ലോഗുകൾ ലഭ്യമാണ്. എങ്കിലും, സ്വകാര്യ ഫയലുകളിലേക്ക് എഐക്ക് പ്രവേശനം നൽകുന്നത് സുരക്ഷാ ആശങ്കകൾ ഉയർത്തുന്നുണ്ടെന്ന് മൈക്രോസോഫ്റ്റ് തന്നെ മുന്നറിയിപ്പ് നൽകുന്നുണ്ട്. 'ഹാലുസിനേഷൻസ്' പോലുള്ള പ്രശ്നങ്ങളിലൂടെ എഐ അപ്രതീക്ഷിതമായ ഫലങ്ങൾ നൽകാനും ഡാറ്റാ ചോർച്ചക്ക് സാധ്യതയുണ്ടെന്നും കമ്പനി വ്യക്തമാക്കുന്നു. ഉപയോക്താക്കളുടെ പ്രതികരണങ്ങൾ അനുസരിച്ച് കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ഈ സംവിധാനം വ്യാപകമായി പുറത്തിറക്കാനാണ് മൈക്രോസോഫ്റ്റ് ലക്ഷ്യമിടുന്നത്.

## വാട്ട്സ്ആപ്പിൽ ഇനി ഒരേ ഡിവൈസിൽ ഒന്നിലധികം അക്കൗണ്ടുകൾ ഉപയോഗിക്കാം; പരീക്ഷണം ആരംഭിച്ചു

വർഷങ്ങളായി ഐഫോൺ ഉപയോക്താക്കൾ ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഫീച്ചർ ഒടുവിൽ വാട്ട്സ്ആപ്പ് അവതരിപ്പിക്കാനൊരുങ്ങുന്നു. ഒരേ ഫോണിൽ ഒന്നിലധികം വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ ഉപയോഗിക്കാൻ കഴിയുന്ന മൾട്ടി അക്കൗണ്ട് സപ്പോർട്ട് ഫീച്ചറിന്റെ പരീക്ഷണം ഐഒഎസ് ബീറ്റ പതിപ്പിൽ ആരംഭിച്ചു. ആൻഡ്രോയിഡ് ഉപയോക്താക്കൾക്ക് ഈ സൗകര്യം ലഭിച്ച് ഒരു വർഷത്തിന് ശേഷമാണ് ഐഫോണിലേക്കും ഇത് എത്തുന്നത്.

വ്യക്തിപരമായ ആവശ്യങ്ങൾക്കും ജോലി സംബന്ധമായ ആവശ്യങ്ങൾക്കുമായി രണ്ട് വാട്ട്സ്ആപ്പ് നമ്പറുകൾ കൈകാര്യം ചെയ്യുന്നവർക്ക് ഈ ഫീച്ചർ വലിയ ആശ്വാസമാകും. നിലവിൽ, ഒരു ഐഫോണിൽ രണ്ട് അക്കൗണ്ടുകൾ ഉപയോഗിക്കാൻ ഉപയോക്താക്കൾ ഒന്നുകിൽ വാട്ട്സ്ആപ്പ് ബിസിനസ് ആപ്പിനെയോ മറ്റ് തന്ത്രങ്ങളെയോ ആശ്രയിക്കേണ്ടിയിരുന്നു.

പുതിയ ബീറ്റാ പതിപ്പിൽ, ആപ്പിന്റെ 'സെറ്റിങ്സ്' മെനുവിനുള്ളിൽ 'അക്കൗണ്ട് ലിസ്റ്റ്' എന്ന പുതിയ വിഭാഗം അല്ലെങ്കിൽ ക്യൂആർ കോഡിന് അടുത്തായി ഒരു പ്രത്യേക ബട്ടൺ എന്നിവ വഴിയാണ് രണ്ടാമത്തെ അക്കൗണ്ട് ചേർക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്.




പുതിയ നമ്പർ ഉപയോഗിച്ചോ, നിലവിലുള്ള മറ്റൊരു ഉപകരണത്തിലെ അക്കൗണ്ട് ക്യൂആർ കോഡ് സ്കാൻ ചെയ്തോ ഉപയോക്താക്കൾക്ക് രണ്ടാമത്തെ അക്കൗണ്ട് ലിങ്ക് ചെയ്യാം. നിലവിലെ പരീക്ഷണ ഘട്ടത്തിൽ രണ്ട് അക്കൗണ്ടുകൾ വരെയാണ് ഉപയോഗിക്കാൻ കഴിയുക.

ഈ മൾട്ടിഅക്കൗണ്ട് സംവിധാനത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത, ഓരോ അക്കൗണ്ടും തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കുന്നു എന്നതാണ്. അതായത്, ഒരു അക്കൗണ്ടിലെ ചാറ്റ് ഹിസ്റ്ററി, ബാക്കപ്പ് ക്രമീകരണങ്ങൾ, നോട്ടിഫിക്കേഷൻ സെറ്റിങ്സുകൾ എന്നിവ മറ്റൊരക്കൗണ്ടിനെ ഒരു തരത്തിലും ബാധിക്കില്ല.

കൂടാതെ, നിലവിൽ ഉപയോഗിക്കാത്ത അക്കൗണ്ടിലേക്ക് സന്ദേശം വന്നാൽ പോലും നോട്ടിഫിക്കേഷനുകൾ ലഭിക്കും, ഏത് അക്കൗണ്ടിലാണ് സന്ദേശം വന്നതെന്നും നോട്ടിഫിക്കേഷനിൽ വ്യക്തമാക്കും.

കൂടുതൽ സുരക്ഷയ്ക്കായി 'ആപ്പ് ലോക്ക്' സംവിധാനവുമായി ഈ ഫീച്ചറിനെ വാട്ട്സ്ആപ്പ് സംയോജിപ്പിച്ചിട്ടുണ്ട്. ലോക്ക് ചെയ്ത അക്കൗണ്ടിലേക്ക് മാറുമ്പോൾ ഫേസ് ഐഡി, ടച്ച് ഐഡി, അല്ലെങ്കിൽ പാസ്കോഡ് എന്നിവ ഉപയോഗിച്ച് ഐഡന്റിറ്റി ഉറപ്പാക്കേണ്ടതുണ്ട്. നിലവിൽ ബീറ്റാ ടെസ്റ്റർമാർക്ക് മാത്രമാണ് ഈ ഫീച്ചർ ലഭ്യമെങ്കിലും, ഉടൻ തന്നെ എല്ലാവർക്കുമായി ഇത് പുറത്തിറക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### ഇന്റർനെറ്റിലെ നിങ്ങളുടെ 'ഡിജിറ്റൽ കാൽപ്പാടുകൾ' മായ്ച്ചുകളയാം;

## ഹാക്കിംഗിൽ നിന്നും ഡാറ്റാ മോഷണത്തിൽ നിന്നും രക്ഷനേടാൻ ഈ 5 കാര്യങ്ങൾ ഉടൻ ചെയ്യുക!

നമ്മൾ ഇന്റർനെറ്റിൽ നടത്തുന്ന ഓരോ പ്രവർത്തനവും, ഒരു വെബ്സൈറ്റ് സന്ദർശിക്കുന്നത് മുതൽ ഒരു പോസ്റ്റ് ലൈക്ക് ചെയ്യുന്നത് വരെ, നമ്മുടെ പിന്നാലെ ഒരു 'ഡിജിറ്റൽ കാൽപ്പാട്' (Digital Footprint) അവശേഷിപ്പിക്കുന്നുണ്ട്. നമ്മൾ അറിഞ്ഞുകൊണ്ട് പങ്കുവെക്കുന്ന വിവരങ്ങൾ (Active Footprint), വെബ്സൈറ്റുകളും ആപ്പുകളും നമ്മെ ട്രാക്ക് ചെയ്യുന്നതിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ (Passive Footprint) എന്നിവയെല്ലാം ചേർന്നതാണ് ഈ കാൽപ്പാടുകൾ.

ഈ ഡാറ്റയാണ് ഹാക്കർമാർക്കും പരസ്യകമ്പനികൾക്കും എളുപ്പത്തിൽ നമ്മെ ലക്ഷ്യമിടാൻ അവസരം നൽകുന്നത്. സ്വകാര്യത സംരക്ഷിക്കാനും സൈബർ ആക്രമണങ്ങൾ, വ്യക്തിത്വ മോഷണം (Identtiy Theft) എന്നിവ ഒഴിവാക്കാനും ഈ ഡിജിറ്റൽ കാൽപ്പാടുകൾ കൃത്യമായ ഇടവേളകളിൽ മായ്ച്ചുകളയേണ്ടത് അത്യാവശ്യമാണ്. ഇതിനായുള്ള 5 പ്രധാന മാർഗ്ഗങ്ങൾ പരിചയപ്പെടാം.

**1. സ്വയം തിരയുക, പൊതുവിലുള്ള വിവരങ്ങൾ കണ്ടെത്തുക**



നിങ്ങളുടെ ഡിജിറ്റൽ സാന്നിധ്യം എത്രത്തോളമുണ്ടെന്ന് ആദ്യം സ്വയം കണ്ടെത്തുക എന്നതാണ് ആദ്യപടി. നിങ്ങളുടെ മുഴുവൻ പേര്, വിലാസം, ഇമെയിൽ ഐഡി തുടങ്ങിയ വിവരങ്ങൾ ഉപയോഗിച്ച് ഗൂഗിളിലും മറ്റ് സെർച്ച് എഞ്ചിനുകളിലും തിരയുക. ഇമേജ് സെർച്ച് ഉപയോഗിച്ച് നിങ്ങളുടെ ചിത്രങ്ങൾ എവിടെയൊക്കെ ലഭ്യമാണെന്നും പരിശോധിക്കാവുന്നതാണ്. ആവശ്യമില്ലാത്തതോ, വ്യക്തിപരമായി ദോഷം ചെയ്യുന്നതോ ആയ പഴയ വിവരങ്ങൾ ഉണ്ടെങ്കിൽ, അത് പ്രസിദ്ധീകരിച്ച വെബ്സൈറ്റിന്റെ അഡ്മിനുമായി ബന്ധപ്പെട്ട് നീക്കം ചെയ്യാൻ ആവശ്യപ്പെടുക.

**2. ഉപയോഗിക്കാത്ത എല്ലാ അക്കൗണ്ടുകളും ഇല്ലാതാക്കുക**

വർഷങ്ങൾക്ക് മുമ്പ് ഏതെങ്കിലും ചെറിയ ആവശ്യത്തിനായി തുറന്ന പഴയ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ, ഷോപ്പിംഗ് വെബ്സൈറ്റുകളിലെ പ്രൊഫൈലുകൾ, ഉപയോഗിക്കാത്ത ഇമെയിൽ ഐഡികൾ എന്നിവയെല്ലാം നിങ്ങളുടെ ഡാറ്റാ ചോർച്ചയ്ക്ക് കാരണമായേക്കാം. ഇത്തരം അക്കൗണ്ടുകൾ 'ഡീആക്ടിവേറ്റ്' ചെയ്യുന്നതിന് പകരം, 'പെർമനന്റ് ഡിലീറ്റ്' ഓപ്ഷൻ തിരഞ്ഞെടുത്ത് പൂർണ്ണമായും ഇല്ലാതാക്കുക. ഇത്തരം അക്കൗണ്ടുകൾ കണ്ടെത്താനും അവയുടെ പാസ്‌വേഡുകൾ ഓർത്തെടുക്കാനും പാസ്‌വേർഡ് മാനേജർമാർ ഉപയോഗിക്കുന്നത് ഈ പ്രക്രിയ എളുപ്പമാക്കും.

**3. ഗൂഗിൾ ആക്ടിവിറ്റി പൂർണ്ണമായി നീക്കം ചെയ്യുകയും ഓട്ടോഡിലീറ്റ് സജ്ജമാക്കുകയും ചെയ്യുക**

ഗൂഗിളിൽ നിങ്ങൾ തിരഞ്ഞതും, യൂട്യൂബിൽ കണ്ടതുമായ എല്ലാ വിവരങ്ങളും (Web & App Activtiy, Location History, YouTube History) ഗൂഗിൾ സൂക്ഷിക്കുന്നുണ്ട്. ഈ ഡാറ്റ മായ്ച്ചുകളയാൻ myactivtiy.google.com എന്ന വെബ്സൈറ്റ് സന്ദർശിച്ച് 'Delete activtiy by' എന്ന ഓപ്ഷൻ വഴി 'All Time' തിരഞ്ഞെടുത്ത് വിവരങ്ങൾ നീക്കം ചെയ്യുക. കൂടാതെ, പുതിയ ഡാറ്റ ശേഖരിക്കുന്നത് തടയാനായി 'Activtiy Controls'-ൽ പോയി ട്രാക്കിംഗ് ഓപ്ഷനുകൾ ഓഫ് ചെയ്യുക. ഏറ്റവും പ്രധാനമായി, ഡാറ്റ മൂന്നോ, പതിനെട്ടോ, മുപ്പത്തിയാറോ മാസങ്ങൾ കഴിയമ്പോൾ തനിയെ മായ്ച്ചുകളയുന്ന 'ഓട്ടോഡിലീറ്റ്' (Auto-Delete) ഫീച്ചർ സജ്ജമാക്കുന്നത് ദീർഘകാലത്തേക്ക് നിങ്ങളുടെ ഡിജിറ്റൽ കാൽപ്പാട് കുറയ്ക്കാൻ സഹായിക്കും.

**4. സ്വകാര്യത ക്രമീകരണങ്ങൾ (Privacy Settings) കർശനമാക്കുക**

എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലെയും മൊബൈൽ ആപ്പുകളിലെയും സ്വകാര്യത ക്രമീകരണങ്ങൾ (Privacy Settings) ഏറ്റവും കർശനമായ നിലയിലേക്ക് മാറ്റുക. പോസ്റ്റുകൾ പൊതുജനങ്ങൾ കാണുന്നത് (Public) എന്നതിൽ നിന്നും 'സുഹൃത്തുക്കൾക്ക് മാത്രം' (Friends Only) എന്നതിലേക്ക് മാറ്റുക.

ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യുമ്പോൾ ലൊക്കേഷൻ ട്രാക്കിംഗ്, കോൺടാക്റ്റ് ആക്സസ്, മൈക്രോഫോൺ അനുമതികൾ എന്നിവ ആവശ്യമില്ലാത്ത ആപ്പുകളിൽ നിന്ന് എടുത്തുമാറ്റുക. കൂടാതെ, നിങ്ങളുടെ ജനനത്തീയതി, വീട്ടു വിലാസം, ജോലി ചെയ്യുന്ന സ്ഥലം തുടങ്ങിയ വ്യക്തിഗത വിവരങ്ങൾ പൊതുവായി പങ്കുവെക്കുന്നത് പൂർണ്ണമായും ഒഴിവാക്കുക.

**5. ശക്തമായ പാസ്‌വേഡുകൾ, 2FA, VPN എന്നിവ ഉപയോഗിക്കുക**

ഇന്റർനെറ്റിലെ നിങ്ങളുടെ കണക്ഷൻ സുരക്ഷിതമാക്കുക എന്നതാണ് ഹാക്കിംഗിനെ പ്രതിരോധിക്കാനുള്ള അവസാനത്തെയും പ്രധാനപ്പെട്ടതുമായ മാർഗ്ഗം.

ഓരോ അക്കൗണ്ടിനും വ്യത്യസ്തവും, അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും ചേർന്നതുമായ സങ്കീർണ്ണമായ പാസ്‌വേഡുകൾ ഉപയോഗിക്കുക. പാസ്‌വേഡുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ ഒരു വിശ്വസ്തമായ പാസ്‌വേഡ് മാനേജർ ഉപയോഗിക്കുക.

സാധ്യമായ എല്ലാ അക്കൗണ്ടുകളിലും ടുഫാക്ടർ ഓതന്റിക്കേഷൻ (2FA) നിർബന്ധമായും നടപ്പിലാക്കുക. പൊതു സ്ഥലങ്ങളിലെ വൈഫൈ ഉപയോഗിക്കമ്പോൾ നിങ്ങളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ ട്രാക്ക് ചെയ്യപ്പെടാതിരിക്കാൻ ഢജച (Virtual Private Network) സേവനം പ്രയോജനപ്പെടുത്തുക.




◗ റോബിൻസ് ആന്റണി



## ചോരക്കൊതി മാറാതെ റഷ്യ; ഉക്രെയ്നിൽ വീണ്ടും ആക്രമണം, കുട്ടികൾ ഉൾപ്പടെ 26 മരണം

കീവ് : ഉക്രൈനിൽ വീണ്ടും റഷ്യൻ ആക്രമണം. പടിഞ്ഞാറൻ നഗരമായ ടെർനോപിലിൽ രണ്ട് ഫ്ലാറ്റുകൾക്ക് നേരെ ഉണ്ടായ റഷ്യൻ മിസൈൽ, ഡ്രോൺ ആക്രമണത്തിൽ മൂന്ന് കുട്ടികൾ ഉൾപ്പെടെ 26 പേർ കൊല്ലപ്പെട്ടതായി ഉക്രേനിയൻ ഉദ്യോഗസ്ഥർ പറയുന്നു.ആക്രമണത്തിൽ 18 പേർ കുട്ടികളുൾപ്പെടെ 93 പേർക്ക് പരിക്കേറ്റു. 2022 ഫെബ്രുവരിയിൽ മോസ്കോ പൂർണ്ണതോതിലുള്ള അധിനിവേശം ആരംഭിച്ചതിനുശേഷം മേഖലയിലെ ഏറ്റവും മാരകമായ ആക്രമണങ്ങളിൽ ഒന്നാണിത്.റഷ്യൻ എക്സ്-101 ക്രൂയിസ് മിസൈലുകൾ പാർപ്പിട സമുച്ചയത്തിലേക്ക് പതിച്ചതായി ഉക്രെയ്നിന്റെ വ്യോമസേന അറിയിച്ചു. രണ്ട് ബ്ലോക്കുകൾ തകർന്നതായാണ് റിപ്പോർട്ടുകൾ. നിരവധി പേർ കുടുങ്ങിക്കിടക്കുന്നതായും സംശയമുണ്ട്.ലിവ്, ഇവാനോഫ്രാൻകിവിസ്ക്, ഖർക്കീവ് നഗരങ്ങളിലും ആക്രമണം ഉണ്ടായി. 470 ഡ്രോണുകളും 47 മിസൈലുകളും റഷ്യ പ്രയോഗിച്ചതായും സെലൻസ്കി ആരോപിച്ചു. ഇവിടേക്കുള്ള വൈദ്യുതി ബന്ധവും വിവരവിനിമയ സൗകര്യങ്ങളും തകർന്നിട്ടുണ്ട്.അതേസമയം, യുഎസ് ഉന്നത സൈനികമേധാവികൾ സമാധാനശ്രമങ്ങളുടെ ഭാഗമായി വ്യാഴാഴ്ച കീവിൽ സെലൻസ്കിയുമായി ചർച്ച നടത്തും.




# ഇന്ത്യയുടെ ഏത് ആവശ്യങ്ങളും അംഗീകരിക്കും:റഷ്യ

ദുബായ്: അഞ്ചാം തലമുറ സ്റ്റെൽത്ത് യുദ്ധവിമാനമായ എസ്.യു 57 ന്റെ കാര്യത്തിൽ ഇന്ത്യയുടെ ഏത് ആവശ്യങ്ങളും അംഗീകരിക്കാൻ തയ്യാറാണെന്ന് റഷ്യ. യുദ്ധ വിമാനത്തിന്റെ സാങ്കേതികവിദ്യാ കൈമാറ്റവുമായി ബന്ധപ്പെട്ട് ഇന്ത്യ ഉന്നയിക്കുന്ന ഏത് ആവശ്യങ്ങളും പൂർണ്ണമായും സ്വീകാര്യമാണെന്നാണ് റഷ്യ വ്യക്തമാക്കിയിരിക്കുന്നത്. റഷ്യൻ സർക്കാർ ഉടമസ്ഥതയിലുള്ള പ്രതിരോധ കൂട്ടായ്മയായ റോസ്റ്റെക്കിന്റെ (ഞീലേര) സിഇഒ സെർജി ചെമെസോവ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്. ദുബായ് എയർ ഷോ 2025 ന്റെ ഭാഗമായി എത്തിയതായിരുന്നു അദ്ദേഹം. അടുത്ത മാസം റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ ഇന്ത്യ സന്ദർശിക്കാനിരിക്കെയാണ് നിർണായക പ്രതികരണം.


# അഫ്ഗാൻ വാണിജ്യ–വ്യവസായ മന്ത്രി ഇന്ത്യയിൽ, വ്യോമ ഇടനാഴി ചർച്ചയായേക്കും

ന്യൂഡൽഹി: അഞ്ച് ദിവസത്തെ സന്ദർശനത്തിനായി അഫ്ഗാൻ വാണിജ്യ-വ്യവസായ മന്ത്രി നൂറുദ്ദീൻ അസീസി ഇന്ത്യയിലെത്തി. ഇന്ത്യൻ വാണിജ്യ മന്ത്രിയുമായും മറ്റ് ഉദ്യോഗസ്ഥരുമായും വ്യവസായ പ്രമുഖരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. വ്യാപാരത്തിനായി ഒരു വ്യോമ ഇടനാഴി സ്ഥാപിക്കണമെന്ന് മന്ത്രി ഇന്ത്യൻ അധികൃതരോട് ആവശ്യപ്പെടാൻ സാധ്യതയുണ്ടെന്ന് ഉന്നത ഇന്റലിജൻസ് വൃത്തങ്ങളെ ഉദ്ധരിച്ച് വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. പാകിസ്ഥാനുമായുള്ള ട്രാൻസിറ്റ് വ്യാപാരം അവസാനിപ്പിച്ചതിന് പിന്നാലെ, അഫ്ഗാൻ താലിബാൻ ഭരണകൂടം ഇറാനിലേക്കും ഇന്ത്യയിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. നിലവിൽ 90 കോടി ഡോളറിലുള്ള ഇന്ത്യയുമായുള്ള വ്യാപാരം 200–300 കോടി ഡോളറായി ഉയർത്താനാണ് ലക്ഷ്യം. കൂടാതെ ഇറാനിലെ ചാബഹാർ തുറമുഖത്തിന്റെ പരമാവധി ഉപയോഗവും അഫ്ഗാൻ ലക്ഷ്യമിടുന്നുണ്ട്.ഏതാനും ആഴ്ചകൾക്ക് മുമ്പ് അഫ്ഗാൻ വിദേശകാര്യ മന്ത്രി അമീർ ഖാൻ മുത്തഖിയും ഇന്ത്യയിലെത്തുകയും ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. അതിർത്തി കടന്നുള്ള ഭീകരവാദം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ഇന്ത്യക്കും അഫ്ഗാനിസ്താനും പാകിസ്ഥാനുമായി പ്രശ്നങ്ങൾ തുടരുന്ന പശ്ചാത്തലത്തിലാണ് ഈ കൂടിക്കാഴ്ച.





# ഇന്ത്യയുമായി 'സമഗ്രമായ യുദ്ധം ഉണ്ടായേക്കാം'; ഖ്വാജ ആസിഫ്



ഇസ്ലാമബാദ്: ഇന്ത്യയുമായി ഒരു സമഗ്ര യുദ്ധത്തിനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്ന് പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ ആസിഫ് . ഓപ്പറേഷൻ സിന്ദൂരിനെത്തുടർന്ന് വർദ്ധിച്ചുവരുന്ന സംഘർഷങ്ങളും കിഴക്കൻ, പടിഞ്ഞാറൻ അതിർത്തികളിൽ സുരക്ഷാ വെല്ലുവിളികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇസ്ലാമാബാദ് പൂർണ്ണ ജാഗ്രത പാലിക്കണമെന്ന് അദ്ദേഹം പറഞ്ഞു.ഇന്ത്യയുമായി ബന്ധം വഷളായിക്കൊണ്ടിരിക്കുന്നതിനാൽ പാകിസ്ഥാൻ ഒരു സാധ്യതയും തള്ളിക്കളയുന്നില്ല എന്ന് സാമ ടിവിക്ക് നൽകിയ അഭിമുഖത്തിൽ ആസിഫ് പറഞ്ഞു. 'ഞങ്ങൾ ഇന്ത്യയെ അവഗണിക്കുകയോ ഒരു സാഹചര്യത്തിലും വിശ്വസിക്കുകയോ ചെയ്യുന്നില്ല. എന്റെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, അതിർത്തിയിലെ കടന്നുകയറ്റമോ ആക്രമണങ്ങളോ (ഒരുപക്ഷേ അഫ്ഗാൻ) ഉൾപ്പെടെ ഇന്ത്യയിൽ നിന്നുള്ള ഒരു സമ്പൂർണ്ണ യുദ്ധമോ ശത്രുതാപരമായ തന്ത്രമോ എനിക്ക് തള്ളിക്കളയാനാവില്ല. നമ്മൾ പൂർണ്ണമായും ജാഗ്രത പാലിക്കണം,' അദ്ദേഹം പറഞ്ഞു.പാകിസ്ഥാന്റെ താൽപ്പര്യങ്ങൾക്കെതിരെ ഇന്ത്യ അഫ്ഗാനിസ്ഥാനെ ഒരു പ്രോക്സിയായി ഉപയോഗിക്കുന്നുവെന്ന് അദ്ദേഹം ആരോപിച്ചു. കഴിഞ്ഞയാഴ്ച രാജ്യത്തിനകത്ത് രണ്ട് ചാവേർ ആക്രമണങ്ങൾ അഫ്ഗാൻ പൗരന്മാർ നടത്തിയതായി പാകിസ്ഥാൻ ആരോപിച്ചതിന് ദിവസങ്ങൾക്ക് ശേഷമാണ് ആസിഫിന്റെ പരാമർശം. ഇസ്ലാമാബാദിലെ കോടതി സമുച്ചയത്തിന് പുറത്ത് നടന്ന ആക്രമണത്തിൽ 12 പേർ കൊല്ലപ്പെട്ടിരുന്നു.പാകിസ്ഥാനിലെ ആക്രമണങ്ങൾക്ക് ഉത്തരവാദികളായ അഫ്ഗാനിസ്ഥാൻ ആസ്ഥാനമായുള്ള ഗ്രൂപ്പുകളെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്ന് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് ഉൾപ്പെടെയുള്ള പാകിസ്ഥാൻ നേതൃത്വം ആവർത്തിച്ച് ആരോപിച്ചിട്ടുണ്ട്.

## ഹസീനയെ വിട്ടുകിട്ടാൻ ഇന്റർപോളിനെ സമീപിക്കാൻ ബംഗ്ലാദേശ്

ന്യൂഡൽഹി: ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയെയും മുൻ ആഭ്യന്തരമന്ത്രി അസദുസ്സമാൻ ഖാൻ കമാലിനെയും ഇന്ത്യയിൽ നിന്ന് കൈമാറുന്നതിന് ഇന്റർപോളിനെ സമീപിക്കാൻ ഒരുങ്ങി ബംഗ്ലാദേശ്. ഹസീന സർക്കാരിനെതിരായ വിദ്യാർഥി പ്രക്ഷോഭം അടിച്ചമർത്തിയ പൊലീസ് നടപടികളുടെ പേരിൽ വധശിക്ഷയ്ക്കു വിധിച്ച ഇരുവരെയും കൈമാറണമെന്ന് ബംഗ്ലാദേശ് സർക്കാർ ഇന്ത്യയോട് ആവശ്യപ്പെട്ടിരുന്നു. രാജ്യം വിട്ട ഹസീന ഇന്ത്യയിലാണ് അഭയം തേടിയത്. രണ്ട് നേതാക്കളെയും കൈമാറണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യയ്ക്ക് ബംഗ്ലാദേശ് ഉടൻ കത്തെഴുതുമെന്നും ബംഗ്ലാദേശ് ആസ്ഥാനമായുള്ള ദി ഡെയ്‌ലി സ്റ്റാർ റിപ്പോർട്ട് ചെയ്തു.രാജ്യാന്തര കുറ്റവിചാരണ ട്രൈബ്യൂണൽ വധശിക്ഷയ്ക്കു വിധിച്ചെങ്കിലും ഹസീനയെ ഇന്ത്യ ഉടൻ കൈമാറാൻ സാധ്യതയില്ല. കുറ്റവാളികളെ കൈമാറാൻ ഇരു രാജ്യങ്ങളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഹസീനയെ കൈമാറണമെന്നാണ് ബംഗ്ലദേശിന്റെ ആവശ്യം. എന്നാൽ ഈ ആവശ്യം തള്ളിക്കളയാനുള്ള അധികാരം കരാറിലെ വ്യവസ്ഥകളിലുണ്ടെന്നു വിദഗ്ധർ പറയുന്നു.



## 'കേറ്റ് മിഡിൽടൺ' പരാമർശം: ബിബിസി ക്ഷമാപണം നടത്തി

ലണ്ടൻ: ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷനായ (ബിബിസി) ബിബിസി, വെയിൽസ് രാജകുമാരി കാതറിനെ 'കേറ്റ് മിഡിൽടൺ' എന്ന് ആവർത്തിച്ച് വിളിച്ച സംഭവത്തിൽ മാപ്പ് പറഞ്ഞു. അടുത്തിടെ നടന്ന ആർമിസ്റ്റിസ് ദിനത്തിലെ (Armistice Day) ചടങ്ങുകളുടെ റിപ്പോർട്ടിങ്ങിനിടെയാണ് ഈ പിഴവ് സംഭവിച്ചത്. രാജകുമാരിയെ, വിവാഹത്തിന് മുൻപുള്ള പേര് ഉപയോഗിച്ച് വീണ്ടും വീണ്ടും പരാമർശിച്ചത് പ്രേക്ഷകരുടെ ഭാഗത്തുനിന്ന് ബിബിസിക്ക് എതിരെ വ്യാപകമായ പരാതികൾക്ക് വഴിവെച്ചു. ഈ സാഹചര്യത്തിലാണ് ബിബിസി ഔദ്യോഗികമായി ക്ഷമാപണം നടത്തിയത്. ആർമിസ്റ്റിസ് ദിന സ്മരണാ ചടങ്ങുകളുടെ തത്സമയ സംപ്രേക്ഷണത്തിനിടെ വാർത്താ അവതാരകനും റിപ്പോർട്ടറുമായ രജനി വൈദ്യനാഥനാണ് രാജകുമാരിയെ അവരുടെ പഴയ പേരായ 'കേറ്റ് മിഡിൽടൺ' എന്ന് പലതവണ വിളിച്ചത്. ബിബിസി പുറത്തിറക്കിയ പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: 'ആർമിസ്റ്റിസ് ദിനത്തിന്റെ സ്മരണാർത്ഥമുള്ള ഞങ്ങളുടെ കവറേജിനിടെ, വെയിൽസ് രാജകുമാരിയായ കാതറിനെ അബദ്ധവശാൽ കേറ്റ് മിഡിൽടൺ എന്ന് പരാമർശിച്ചുപോയി. മണിക്കൂറുകൾ നീണ്ട തത്സമയ സംപ്രേക്ഷണത്തിനിടെ സംഭവിച്ച ഈ പിഴവിൽ ഞങ്ങൾ ഖേദിക്കുന്നു.' എങ്കിലും, തത്സമയ സംപ്രേക്ഷണത്തിന്റെ മറ്റ് സമയങ്ങളിൽ കാതറിനെ ശരിയായ സ്ഥാനപ്പേരിലാണ് അഭിസംബോധന ചെയ്തതെന്നും അവർ കൂട്ടിച്ചേർത്തു. ഒന്നാം ലോകമഹായുദ്ധത്തിന്റെ അന്ത്യം അനുസ്മരിക്കുന്ന ദിവസമാണ് ആർമിസ്റ്റിസ് ദിനം. കഴിഞ്ഞ നവംബർ 11-ന് നടന്ന അനുസ്മരണ ചടങ്ങിൽ, വെയിൽസ് രാജകുമാരിയായി കാതറിൻ ആദ്യമായി പങ്കെടുത്തു. രാജ്യത്തിനായി രണ്ട് മിനിറ്റ് മൗനമാചരിച്ച ശേഷം, രാജകുടുംബത്തിന് വേണ്ടി അവർ പുഷ്പചക്രം അർപ്പിക്കുകയും ചെയ്തു.

# ബ്രിട്ടീഷ് കടൽത്തീരത്ത് റഷ്യൻ ചാരക്കപ്പൽ; കടന്നുകയറ്റത്തെ ചെറുക്കുമെന്ന് പ്രതിരോധ സെക്രട്ടറി

ലണ്ടൻ: സ്കോട്ട്ലൻഡിന് വടക്ക് ബ്രിട്ടീഷ് സമുദ്രാതിർത്തിയിൽ യാന്തർ എന്ന റഷ്യൻ ചാരക്കപ്പൽ കണ്ടെത്തിയതിനെത്തുടർന്ന് തങ്ങളുടെ പ്രദേശത്തേക്കുള്ള ഏത് കടന്നുകയറ്റത്തെയും നേരിടാൻ തയ്യാറാണെന്ന് റഷ്യയ്ക്ക് മുന്നറിയിപ്പ് നൽകി ബ്രിട്ടൻ.'ബ്രിട്ടീഷ് ആർഎഎഫിനെതിരെ യാന്തറിൽ നിന്ന് ഇത്തരമൊരു നടപടി സ്വീകരിക്കുന്നത് ഇതാദ്യമാണ്. ഞങ്ങൾ ഇത് വളരെ ഗൗരവമായി കാണുന്നു,'- പ്രതിരോധ സെക്രട്ടറി ഹീലി പറഞ്ഞതായി റോയിട്ടേഴ്സ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.''ഞങ്ങൾ നിങ്ങളെ കാണുന്നുണ്ട് . നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് ഞങ്ങൾക്കറിയാം. ഈ ആഴ്ച യാന്തർ തെക്കോട്ട് സഞ്ചരിക്കുകയാണെങ്കിൽ, ഞങ്ങൾ തയ്യാറാണ്.യന്താറിന്റെ ഗതി മാറിയാൽ ഞങ്ങൾക്ക് സൈനിക ഓപ്ഷനുകൾ തയ്യാറാണ്,' ഹീലി റഷ്യയ്ക്ക് മുന്നറിയിപ്പ് നൽകി.'നമ്മുടെയും സഖ്യകക്ഷികളുടെയും കടലിനടിയിലെ അടിസ്ഥാന സൗകര്യങ്ങൾ അപകടത്തിലാക്കാൻ രൂപകൽപ്പന ചെയ്ത ഒരു റഷ്യൻ കപ്പലിന്റെ ഭാഗമാണിത്,' ഈ വർഷം ആദ്യം ബാൾട്ടിക് കടലിനു കീഴിലുള്ള പൈപ്പ്ലൈനുകൾക്കും കേബിളുകൾക്കും നേരെയുണ്ടായ ആക്രമണങ്ങളെ പരാമർശിച്ചുകൊണ്ട് ഹീലി പറഞ്ഞു.അതോടൊപ്പം നിരീക്ഷണ വിമാനങ്ങളുടെ പൈലറ്റുമാർക്ക് നേരെ റഷ്യൻ കപ്പൽ ലേസർ വികിരണം നടത്തിയതായി പ്രതിരോധ സെക്രട്ടറി ജോൺ ഹീലി പറഞ്ഞു.



# PLAN & CONTROL YOUR FUTURE OR SOMEONE ELSE WILL

## A Legal Strategy Seminar By:



Attorney Jeff Kulinsky, Esq. J.D.
Cooley Law School, Michigan



Attorney Vimal Kottukapally, Esq. J.D.
Loyola University of Chicago School of Law

## Sunday, Nov. 23, 2025 at 9:15 am

## Syro-Malabar Cathedral Hall

**5000 St. Charles Rd. Bellwood, Illinois.**

### Organized By

## FOMAA CENTRAL REGION

### SEMINAR TOPICS

**Estate Planning:** including Wills, Trusts, Transfers Upon Death, Powers of Attorney, Living Wills, Guardianship, Probate/Estate Administration

Other Areas of PRACTICE (not included in the seminar, available for private consultation), Corporate & Business Law, Orders of Protection, Civil No Contact Orders Various Areas of Civil Litigation (Plaintiff/Defendant), Contract Litigation, Trust Litigation, Replevin, Conversion Real Estate Closings, Leases, Landlord/Tenant Matters, Evictions, and Eviction Defense, Prenuptial Agreements & Postnuptial Agreements/Adjustments and Negotiations. Family Law: Divorce, Allocation/Custody, Paternity.

**As attorneys, we uphold your legal rights & protect your interests Ph: 847-459-4448**

*Please attend & take advantage of this opportunity*

**Johnson Kannookaden, George Joseph Kottukappally, Shabu Mathew, Luke (Kochumon) Chiriyil, Achenkunju Mathew, Anto Kavalakkal, Moni Thomas**



ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ജോൺസൺ കണ്ണൂക്കാടൻ, ആന്റോ കവലയ്ക്കൽ, അച്ചൻകുഞ്ഞ് മാത്യു, ജോർജ് മാത്യു, ജോസി കുരിശിങ്കൽ, വർഗീസ് തോമസ്, കൊച്ചുമോൻ ചിറയിൽ, ഷാബു മാത്യു

## ഫോമ സെൻട്രൽ റീജിയൻ, ഫോമ സെൻട്രൽ റീജിയൻ സീനിയർ ഗ്രൂപ്പ്

# നിയമ സെമിനാർ നവം.23ന്

ഫോമ സെൻട്രൽ റീജിയൻ, ഫോമ സെൻട്രൽ റീജിയൻ സീനിയർ ഗ്രൂപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 'Plan & Cotnrol Your Future - Or Someone Else Will' എന്ന ശീർഷകത്തിൽ ഒരു നിയമ സെമിനാർ സംഘടിപ്പിക്കുന്നു. ഈ ലീഗൽ സ്ട്രാറ്റജി സെമിനാർ നയിക്കുന്നത് അറ്റോർണി ജെഫ് കുലിൻസ്കി, എസ്ക്യു., ജെ.ഡി. (കൂളി ലോ സ്കൂൾ, മിഷിഗൺ), അറ്റോർണി വിമൽ കൊട്ടുകാപ്പള്ളി എസ്ക്യു., ജെ.ഡി. (ലയോള യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ സ്കൂൾ ഓഫ് ലോ) എന്നിവർ ആയിരിക്കും. സെമിനാർ 2025 നവംബർ 23, ഞായറാഴ്ച രാവിലെ 9:15 ന് സിറോ മലബാർ കത്തീഡ്രൽ ഹാളിൽ നടക്കും.

ഈ സെമിനാറിൽ എസ്റ്റേറ്റ് പ്ലാനിംഗ് എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് പ്രഭാഷണങ്ങൾ നടക്കുക. ഇതിൽ വിൽ, ട്രസ്റ്റുകൾ, മരണാനന്തര ആസ്തി കൈമാറ്റം, പവർ ഓഫ് അറ്റോർണി, ലിവിംഗ് വിൽ, ഗാർഡിയൻഷിപ്പ്, പ്രൊബേറ്റ്/എസ്റ്റേറ്റ് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു.

വ്യക്തിഗത നിയമപരിരക്ഷണത്തിനാവശ്യമായ സിവിൽ, കോർപ്പറേറ്റ് തുടങ്ങിയ മറ്റ് നിയമ മേഖലകളിൽ ഇവർക്ക് പ്രാവീണ്യമുണ്ട്. അതിൽ കോർപ്പറേറ്റ് ആൻഡ് ബിസിനസ് ലോ, ഓർഡേഴ്സ് ഓഫ് പ്രൊട്ടക്ഷൻ, സിവിൽ നോ കോണ്ടാക്റ്റ് ഓർഡേഴ്സ്, വിവിധ സിവിൽ ലിറ്റിഗേഷൻ, കരാർ വിഷയങ്ങൾ, ട്രസ്റ്റ് ലിറ്റിഗേഷൻ, റിവിൻ, കൺവേഴ്ഷൻ, റിയൽ എസ്റ്റേറ്റ് ക്ലോസിംഗ്, ലീസ്, ലാൻഡ്‌ഡാർഡ്/നന്റ് വിഷയങ്ങൾ, എവിക്ഷൻ, എവിക്ഷൻ ഡിഫൻസ്, പ്രീനപ്ഷ്യൽ & പോസ്റ്റ് നപ്ഷ്യൽ കരാറുകൾ, കൂടാതെ കുടുംബനിയമ വിഷയങ്ങൾ, വിവാഹമോചനം, കുട്ടികളുടെ സംരക്ഷണവും വകമാറ്റവും, പിതൃത്വം തുടങ്ങിയവയും ഉൾപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് ജോൺസൺ കണ്ണൂക്കാടൻ (847-477-0564), ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി (847-636-0931), ലൂക്ക് (കൊച്ചുമോൻ) ചിറയിൽ, ഷാബു മാത്യു കൂടാതെ ഫോമ സെൻട്രൽ റീജിയൻ ഓഫീഷൽസ് അച്ചൻകുഞ്ഞ് മാത്യു, ആന്റോ കവലക്കൽ, മോനി (വർഗീസ് തോമസ്) എന്നിവരുമായി ബന്ധപ്പെടുക.